KOTTAYAM PUBLIC LIBRARY

Call No. MF9 Acc. No. 73010

RAM·J

Author രാമൻനായർ സി. ജെ

Title ജയിച്ചു; പക്ഷേ തോറ്റു

K. M. KURIAN
General Secretary
All Kerala Balajana Sakhyam
Manorama, Kottayam.

123/A

THYAGA SEVANA SAMAJAM & READING ROOM * ANTHINAD *
MANGANAM.

# ജയിച്ചു; പക്ഷേ തോററു

ജയിച്ചു

(Malayalam)

# JAYICHU; PAKSHE THOTTU

(Collection of Short Stories)

Translated by
Prof: C. I. Raman Nair

First Published 1957

Second Edition December 1964

Printed at K. P. Press, Kottayam

Published by
Manorama Publishing House,
P. B. No. 26, Kottayam, Kerala.

Copies 1000

Price Rs. 1 .25

All rights reserved

# ജയിച്ചു; പക്ഷെ തോററു

(ചെറുകഥാസമാഹാരം)

73010

വിവർത്തകൻ:

**പ്രൊഫ: സി. ഐ. രാമൻനായർ**

പ്രസാധകന്മാർ:

**മനോരമ പബ്ലിഷിംഗ് ഹൗസ്**

**പി. ബി. 26 — കോട്ടയം**

വില രൂപാ 1.25

## ഉള്ളടക്കം


| | | | |
|---|---|---|---|
| | | | പേജ് |
| 1. | ജയിച്ചു; പക്ഷേ തോററു | ....സോമർസെററ് മോം | 5 |
| 2. | സ്കൂൾമാസ്റ്റർ മോർഗൻ | ....മോപ്പസാങ്ങ് | 63 |
| 3. | കിളവനായ ജൂഡാസ് | .... ,, | 75 |
| 4. | ഇല്ലാത്ത അക്രമിയുടെ വല്ലാത്ത കൂത്താട്ടം | ....അനട്ടോൾഫ്രാൻസ് | 83 |
| 5. | ഒരു ജർമ്മൻഭടൻെറ സൈന്യസേവനം | ....മോപ്പസാങ്ങ് | 111 |
| 6. | തൂവെണ്ണിലാവ് | .... ,, | 125 |

# ജയിച്ചു; പക്ഷെ തോററു

ഭത്താവിനെ ഭാര്യയുടെ കൺമുമ്പിൽവച്ച് ആ ജമ്മൻ പട്ടാളക്കാരൻ ഒററ ഇടിക്കു താഴെ വീഴ്ത്തി. കൈത്തോക്കുള്ള തൻെറ കൂട്ടുകാരനെ ആ അടുക്കളയിൽത്തന്നെ ഇരുത്തിയിട്ട് ആ പട്ടാളക്കാരൻ അടുത്ത മുറിയിലേയ്ക്കു പോയി. പേടിച്ചു വിറങ്ങലിച്ച ഭാര്യ, ഈ കൂട്ടുകാരനെത്തന്നെ കണ്ണുമിഴിച്ചു നോക്കിനിന്നു. കുറച്ചു കഴിഞ്ഞപ്പോഠം, മുറിയിൽനിന്നും ആ ഭടൻ തിരിച്ചുവന്നു. അയാളെ കണ്ടപ്പോഠം ആ സ്ത്രീ വാവിട്ടുകരഞ്ഞു. അയാളാകട്ടെ, വന്നപാടേ മേശയ്ക്കരികേ ചെന്നു് ഒരുഗ്ലാസ് മദ്യം പകന്നു് ഒററ മോന്തിനകത്താക്കി. ഇടിച്ചു താഴെ വീഴ്ത്തപ്പെട്ടവൻ അപ്പോഴും അവിടെ കിടപ്പുണ്ടായിരുന്നു.

''എന്തായി, കൊച്ചുമിടുക്കാ! മുറിയിൽ പോയിട്ട്? കാര്യം കുറേ വിഷമത്തിലായിരുന്നു, അല്ലേ?'' അടുക്കളയിൽത്തന്നെ ഇരുന്നിരുന്ന കൂട്ടുകാരൻ 'വില്ലി' മുറിയിൽനിന്നു വന്ന 'ഹാൻസി'ൻെറ മുഖത്തു് ഉററുനോക്കി, ഒന്നമത്തിച്ചിരിച്ചുകൊണ്ടു് ചോദിച്ചു.

ഹാൻസിൻെറ ഇടത്തേ കവിളിൽ നഖം ഏററുണ്ടായ പോറലുകഠം വില്ലി വ്യക്തമായി കണ്ടു. ആ പാട്

കളിൽനിന്നും ചോര പൊടിഞ്ഞുവരുന്നുണ്ടു്. ഹാൻസ് അപ്പോഴും കവിൾത്തടം തടവുന്നുമുണ്ടായിരുന്നു.

''ചെകുത്താത്തി! പിശാചു്! അവൾ എൻെറ കണ്ണു കൂടി തുരന്നു് എടുത്തേനേ! കുറച്ചു് 'അയോഡിൻ' പുരട്ടണം. എന്നാൽ ഞാൻ അവളെ ശരിപ്പെടുത്തി. ഇനി നിൻെറ മുറ; നീ മുറിയിലേയ്ക്കു് പോ.''

''വേണ്ടാ! വേണ്ടാ! എനിക്കാഗ്രഹമില്ല; നേരം അധികമായി; പോകാം.''

''ച്ഛീ മടയാ! മണ്ടത്തരം പറയാതെ. നീ ഒരാണല്ലേ? അല്ലെന്നുണ്ടോ? നേരം കുറേ താമസിച്ചാലെന്തു്? ഏതെങ്കിലും നമുക്കു് വഴിതെററിപ്പോയി.''

സൂര്യൻ അസ്തമിക്കാൻ ഭാവിക്കുന്നു. എരിഞ്ഞടങ്ങുന്ന കിരണങ്ങൾ ആ കൊച്ചു കർഷകഭവനത്തിൻെറ പഴുതുകളിൽക്കൂടി ഉളിഞ്ഞുനോക്കുന്നുണ്ടു്.

വില്ലി മുറിയിലേയ്ക്കു പോകാൻ വീണ്ടും മടി കാണിച്ചു. അയാൾ ഒരു ചെറുപ്പക്കാരനാണു്. അല്പം ഇരുണ്ട നിറം, നീണ്ട മുഖം. യുദ്ധത്തിനു മുമ്പു് അയാൾ തയ്യൽപണിയിലായിരുന്നു. ഹാൻസിൻെറ ദൃഷ്ടിയിൽ താൻ ഒരു ചുണയില്ലാത്തവനാകുമല്ലോ എന്നു കരുതി പാവം വില്ലി എഴുന്നേററു് ആ മുറിയിലേയ്ക്കു കടക്കാൻ ഭാവിച്ചു. ഉടൻ അടുക്കളയിൽ നിന്നിരുന്ന സ്ത്രീ—അവരേ നമുക്കു് അമ്മ എന്നു് വിളിക്കാം—ചെവിക്കല്ലു പൊട്ടുമാറുള്ള ഒരു നിലവിളിയോടുകൂടി മുന്നോട്ടു കുതിച്ചുചാടി, ''അയ്യോ! അരുതു്, അരുതു്, അരുതു്'', എന്നു വിലക്കി.

ഹാൻസ് ഒററച്ചാട്ടത്തിനു് ആ അമ്മയുടെ മുമ്പിൽ എത്തി. തോളുകളിൽ പിടിച്ചു പൊക്കി ദൂരത്തേയ്ക്കു് വലിച്ചൊരേറു കൊടുത്തു. അവർ തെററിത്തെറിച്ചുകൊണ്ടു് അടുക്കളച്ചുമരിൽ ചെന്നു് തല്ലി. ഹാൻസ് കൈത്തോക്കു വലിച്ചെടുത്തുകൊണ്ടു്—

''തള്ളയും മോളും മിണ്ടിപ്പോയാൽ കഥകഴിക്കും. ഓർമ്മയിരിക്കട്ടെ'' എന്നു് ഭീഷണിപ്പെടുത്തി. അന

ന്തരം, വില്ലിയോടു് മുറിയിലേക്ക കയറാൻ ഹാൻസ് ആംഗ്യം കാണിച്ചു.

''നീ പോ, അകത്തേയ്ക്കു്. ഞാനല്ലേ പറഞ്ഞതു്; ഇവററയുടെ കാര്യം ഞാൻ ഏററു'' ഹാൻസ് വീരവാദം മുഴക്കി.

വില്ലി അകത്തുകയറി; ഉടൻതന്നെ പുറത്തേയ്ക്കും വന്നു.

''അവാംക്ക വെളിവില്ല'' വില്ലി പറഞ്ഞു.

''ശരി! അതുകൊണ്ടെന്തു്?''

''എനിക്ക വയ്യ! എന്നെക്കൊണ്ടാവില്ല.''

''എടാ! മരത്തലയാ, അല്ലെങ്കിലും നീ മരത്തലയനാണു്. ചക്കാത്തിനു് ഒരുത്തിയെ കിട്ടിയപ്പോറം വേണ്ടെന്നു വെയ്ക്കുേ്യാ!''

വില്ലിയുടെ മുഖം വല്ലാതായി. ''നമുക്ക നമ്മുടെ വഴിക്ക പോകാം'' വില്ലി അപേക്ഷാസ്വരത്തിൽ പറഞ്ഞു.

ഹാൻസ് ഒട്ടും പിടിക്കാത്ത മട്ടിൽ തോളുകറം ഞെട്ടിപ്പിച്ചുകൊണ്ടു്:

''അങ്ങനെയെങ്കിൽ, അങ്ങനെ. കുപ്പിയിൽ ബാക്കി ഉള്ളതുകൂടി അകത്താക്കിയിട്ടു് പൊയ്ക്കളയാം. അല്ലാതെന്തു ചെയ്യും?''

വളരെ മാസങ്ങളായി, ജോലി വിശേഷിച്ചൊന്നുമില്ലാതെ ഒരു മണിക്കൂർ ഹാൻസിനു കിട്ടിയിട്ടു്. അവിടെ ചുററിപ്പററി കുറേനേരം കൂടി കഴിച്ചുകൂട്ടുവാൻ ഹാൻസും അഭിലഷിച്ചു. അന്നു്, അവർ നേരം വെളുത്തപ്പോറം തുടങ്ങിയ യാത്രയാണു്. മോട്ടോർസൈക്കിളിലാണെങ്കിലും മണിക്കൂർ എട്ടുപത്തു് ഒരേ ഇരുപ്പു് ഇരുന്നു്, കുടുങ്ങിക്കുടുങ്ങി, കൈകാലുകറംക്ക വല്ലാത്ത വേദനയും കഴപ്പും. ചെന്നെത്തേണ്ട നഗരത്തിലേയ്ക്കു് ഇനിയും എട്ടു നാഴിക മാത്രമേ ഉള്ളു. അതിനിടയ്ക്കാണീ സംഭവം!

ഇവിടെ സംഭവിച്ചതെല്ലാം ആ പെണ്ണിൻെറ മടയത്തരംകൊണ്ടു് ഉണ്ടായതാണു്. ''സ്വയം കൃതാനത്ഥം''

എന്നു പറഞ്ഞാൽ മതി. ഈ സ്ഥലത്തെത്തിയപ്പോഠം ഇരുവക്കും വഴിതെററിപ്പോയി. വയലിൽ പണിചെയ്തിരുന്ന ഒരു കർഷകനോട്ട് അവർ നേരായ മാർഗ്ഗം ആരാഞ്ഞു. അയാഠം മനഃപൂർവ്വം തെററായ ഒരു വഴി ചൂണ്ടിക്കാണിച്ചുകൊടുത്തു. ആ വഴിയേ ചെന്നപ്പോഠം കൃഷിക്കാരുടെ ഈ ചെറിയ ഭവനത്തിലാണ് അവർ എത്തിച്ചേർന്നതു്. പടിക്കൽ ഒരു യുവതി നിൽക്കുന്നതു കണ്ടു് അവളോടു വഴി ചോദിച്ചു; വളരെ വിനയത്തോടും, മര്യാദയോടുംകൂടി. എന്തെന്നാൽ കീഴടക്കപ്പെട്ടവരാണെങ്കിലും, ഫ്രഞ്ചുകാർ കുഴപ്പക്കാരല്ലെങ്കിൽ, ജർമ്മൻ ഭടന്മാർ, അവരെ പെരുമാററംകൊണ്ടു വശീകരിക്കാൻ ശ്രമിക്കണമെന്നു മേലധികാരികഠം കർശനമായി ആജ്ഞാപിച്ചിരുന്നു. യുവതിയുടെ ഉത്തരം, അവഠംക്കു വഴി അറിഞ്ഞുകൂടെന്നായിരുന്നു. അവർ വീട്ടിനുള്ളിൽ പ്രവേശിച്ചു; നേരേ അടുക്കളയിലേയ്ക്കു്. കുറേ പ്രായമുള്ള ഒരു സ്ത്രീ—ഈ യുവതിയുടെ അമ്മ— വഴി പറഞ്ഞുകൊടുത്തു. ആ സമയത്തു് ആ സ്ത്രീയുടെ ഭർത്താവും അടുക്കളയിൽ ഉണ്ടായിരുന്നു. ഭാര്യയും ഭർത്താവും മകളും— മൂന്നംഗങ്ങഠം മാത്രമുള്ള ഒരു ചെറുകുടുംബം ആയിരുന്നു അതു്.

മടങ്ങിപ്പോകാൻ ഭാവിച്ചപ്പോഠം അടുക്കളയിലെ മേശപ്പുറത്തു് ഒരു കുപ്പി വൈൻ ഇരിക്കുന്നതു് ഹാൻസും കൂട്ടുകാരനും കണ്ടു. ദാഹംകൊണ്ടു് പൊരിഞ്ഞിരുന്ന അവക്കു് അതൊരു ദൈവാനുഗ്രഹമായിട്ടു തോന്നി. ഒരു തുള്ളി വെള്ളംപോലും കുടിക്കാൻ തരപ്പെടാതെയുള്ള യാത്രയായിരുന്നു അവരുടേതു്. ഹാൻസ് വീട്ടുകാരോടു പറഞ്ഞു 'ഒരു കുപ്പി വൈൻ വേണ'മെന്നു്. 'എന്തു വില വേണമെങ്കിലും കൊടുക്കാ'മെന്നു വില്ലിയും. വില്ലി ആളത്ര ചീത്തയൊന്നുമല്ല. ഒട്ടൊരു ഹൃദയമുള്ളവനാണു്—അങ്ങനെ ഒന്നുണ്ടെങ്കിൽ! ആരു് എന്തൊക്കെ പറഞ്ഞാലും ജർമ്മൻകാരായ അവരല്ലേ വിജയികഠം! ഫ്രഞ്ചുസൈന്യമെവിടെ? ഓട്ടം;

ന്നെട്ടോട്ടം. ഇംഗ്ലീഷുകാരോ? തോക്കു മാത്രമല്ല, ധരിച്ചിരുന്ന ഉടുപ്പുകരംപോലും വലിച്ചെറിഞ്ഞിട്ട് മുയലുകരം മാളങ്ങളിൽ ഒളിക്കുന്നതുപോലെ അവരുടെ ദ്വീപിലേയ്ക്കു വലിഞ്ഞു. വിജയികളായ ജർമ്മൻകാർ സകലതും കീഴടക്കി അഹങ്കരിച്ചു പുളയ്ക്കുകയാണ്. എന്നാൽ വില്ലി നല്ല കൂട്ടത്തിലാണ്. പാരീസിലെ തയ്യൽക്കാരുടെകൂടെ രണ്ടു വർഷം ജോലി നോക്കിയിട്ടുണ്ട്. അങ്ങനെ ഫ്രഞ്ചു ഭാഷ ഒരുമാതിരി വശമായി. എന്നാൽ വില്ലിയും ഫ്രഞ്ചു ജനതയെ ഉള്ളുകൊണ്ട് പുച്ഛിച്ചിരുന്നു. അടിക്കടി അധോഗതി പ്രാപിക്കുന്ന കൂട്ടർ! ഒരു ജർമ്മൻകാരൻ ഫ്രഞ്ചുകാരുടെ ഇടയിൽ പാക്കുന്നതുതന്നെ കുറച്ചിൽ, എന്നായിരുന്നു വില്ലിയുടെ മനസ്സിൽ.

വൈൻ ആവശ്യപ്പെട്ടതനുസരിച്ച് ആ അമ്മ രണ്ടു കുപ്പി മദ്യം മേശപ്പുറത്തുവച്ചു. വില്ലി പോക്കററിൽനിന്നും ഇരുപതു 'ഫ്രാങ്ക്' എടുത്ത്അവളുടെ കൈയിൽ വച്ചുകൊടുത്തു. അതിന് അവരം ഒരു വന്ദനംപോലും പറഞ്ഞില്ല.

ഹാൻസിന് 'വില്ലി'യുടെ അത്ര ഫ്രഞ്ചുഭാഷ വശമില്ലായിരുന്നു. എങ്കിലും വില്ലിയുമായുള്ള കൂട്ടുകെട്ടുകൊണ്ട് നിത്യാവശ്യത്തിനു പോരുന്ന വാക്കുകളും മുറിവാചകങ്ങളും അയാരം പഠിച്ചിരുന്നു. ഈ വിഷയത്തിൽ വില്ലി, ഹാൻസിൻെറ ഗുരുവായിരുന്നു. എന്നാൽ ഹാൻസിനെപ്പററി വില്ലിക്കു് മററു തരത്തിൽ വലിയ മതിപ്പാണ്. ഒത്തപൊക്കവും, വിരിഞ്ഞ മാറിടവും, ഉറച്ച ശരീരവും ഉള്ള ഒരു സുന്ദരനായിരുന്നു ഹാൻസ്. അയാളുടെ ചുരുണ്ട മുടിയും നീലക്കണ്ണും വിശേഷ വിധിയായി വില്ലിയെ ആകർഷിച്ചിരുന്നു. ഫ്രഞ്ചുഭാഷ സംസാരിക്കാൻ ഒരവസരം കിട്ടിയാൽ പാഴാക്കുന്ന കൂട്ടത്തിലല്ലായിരുന്നു ഹാൻസ്.

മദ്യംഅല്പാല്പമായി സേവിച്ചുകൊണ്ട് ഹാൻസ് ആ കുടുംബാംഗങ്ങളോട് ആവുംവിധം ഫ്രഞ്ചുഭാഷയിൽ സൈ്വരഭാഷണം ആരംഭിച്ചു. താനും ഒരു കൃഷിക്കാരൻെറ

മകനാണെന്നും യുദ്ധം തീൎന്നാലുടൻ വീട്ടിൽ തിരിച്ചുപോയി കൃഷിചെയ്തു് ഉപജീവനം കഴിക്കാനാണു് ഉദ്ദേശിക്കുന്നതെന്നും, അയാളെ ഒരു വ്യവസായിയാക്കാനാണു് അമ്മ ഉദ്ദേശിക്കുന്നതെന്നും, എന്നാൽ താൻ മട്രിക്കുലേഷൻ ജയിച്ച ഉടൻ ഒരു കാർഷികകോളേജിൽ ചേരുകയാണുണ്ടായതു് എന്നും മററും മററും, ഒരു വിധത്തിൽ പറഞ്ഞൊപ്പിച്ചു. ഈ ഫ്രഞ്ചുകുടുംബത്തിന്റെ സ്നേഹവും പരിചയവും സമ്പാദിക്കാൻ അയാൾ ഇഷ്ടപ്പെട്ടു. പെട്ടെന്നു് ഒരുശബ്ദം കേൾക്കായി.

''നിങ്ങൾ നഗരത്തിലേയ്ക്കുള്ള വഴി അറിയാനാണു് ഇവിടെ വന്നതു്. നിങ്ങളുടെ കുടുംബചരിത്രം ഞങ്ങൾക്കു കേൾക്കേണ്ട. വഴി, അച്ഛൻ പറഞ്ഞുതന്നു. വൈൻ കുടിച്ചിട്ടു വേഗം സ്ഥലം വിടാൻ നോക്കു.'' ഇങ്ങനെ പറഞ്ഞതു മകളായ ആ യുവതിയായിരുന്നു.

ഹാൻസു് ഇതുവരെ അവളെ നേരേ നോക്കിയിരുന്നില്ല. ഇപ്പോൾ അവളുടെ മുഖത്തേയ്ക്കു് ദൃഷ്ടി ഉറപ്പിച്ചു നോക്കി. അവൾ വലിയ സുന്ദരിയൊന്നുമല്ല. എന്നാൽ വലിയ കണ്ണുകളും കറുത്ത കൃഷ്ണമണിയും അവൾക്കുണ്ടു്. കടഞ്ഞെടുത്തതുപോലെ കൗതുകം തോന്നുന്ന ഒരു നാസികയും! അവളുടെ മുഖം വിളറിയിരുന്നു. വെറും സാധാരണ വസ്ത്രങ്ങളാണു് അവൾ ധരിച്ചിരുന്നതു്. എങ്കിലും എന്തോ ഒരു ആഭിജാത്യം അവൾക്കുണ്ടെന്നു് ഒററ നോട്ടത്തിൽ ഹാൻസിനു തോന്നി. ഹാൻസ് കുറച്ചുകൂടി മദ്യം അകത്താക്കി. ഈ യുവതി ഹാൻസിനെ ആകർഷിച്ചു.

യുദ്ധം തുടങ്ങിയ അന്നു മുതൽ ജർമ്മൻ പട്ടാളക്കാരുടെ ഇടയിൽ സൗകര്യം കിട്ടുമ്പോഴെല്ലാം ഒരു സംഭാഷണവിഷയമാണു ഫ്രഞ്ചു് യുവതികൾ! ജർമ്മൻ യുവതികൾക്കു് ഇല്ലാത്ത 'എന്തോ ഒന്നു്' അവൾക്കുണ്ടുപോലും. ഈ 'എന്തോ ഒന്നിനെ'പ്പററി ഹാൻസു് ഫ്രാൻസിൽ താമസിച്ചു പരിചയമുള്ള വില്ലിയോടു ചോദിച്ചിട്ടുണ്ടു്. എന്നാൽ അതു വിവരിക്കാൻ വില്ലിക്കും സാദ്ധ്യമായില്ല.

''അങ്ങനെ പറഞ്ഞാൽ മനസ്സിലാവില്ല; അനുഭവിച്ചുതന്നെ അറിയണം.'' ഇതായിരുന്നു വില്ലിയുടെമറുപടി. വേറേ ചില ജർമ്മൻ സ്നേഹിതന്മാർ മററുവിധത്തിൽ പറയുന്നതു് ഹാൻസ് കേട്ടിട്ടുണ്ടു്. ഫ്രഞ്ചു വനിതകൾ പണത്തിനുവേണ്ടി എന്തും ചെയ്യുന്നവരാണെന്നും, സ്നേഹമെന്നതു് തൊട്ടുതെച്ചിട്ടില്ലാത്ത വർഗ്ഗമാണെന്നും മററും. അന്നെല്ലാം ഹാൻസു് മനസ്സിൽ കുറിച്ചിരുന്നു. ''കൊള്ളാം, എട്ടുപത്തു ദിവസത്തിനകം തങ്ങൾ പാരീസിൽ എത്തും. ഇതിൻെറ സത്യാവസ്ഥ നേരിട്ടു് ഒന്നറിയണം.'' 'ജർമ്മൻ ഹൈക്കമൊാൻഡു്'' മുൻകൂട്ടി അതിനുള്ള ഏർപ്പാടുകൾ എല്ലാം പാരീസിൽ ചെയ്തുകഴിഞ്ഞതായി ഒരു വാർത്തയും പട്ടാളക്കാരുടെ ഇടയിൽ പരന്നിരുന്നു.

'ഹാൻസ്, വൈൻ കുടിച്ചുതീർക്കൂ, നമുക്കു പോകാം. വില്ലി വീണ്ടും അപേക്ഷിച്ചു.

പക്ഷേ, കുടിച്ചുകൊണ്ടിരുന്ന ഹാൻസിനു് അവിടെ കുറച്ചുനേരം കൂടിയിരിക്കാൻ ഒരു പ്രത്യേകമായ ആനന്ദം തോന്നി. കൂട്ടുകാരൻെറ ഈ തിടുക്കംകൂട്ടൽ അയാൾക്കു രസിച്ചില്ല.

''നിങ്ങളെക്കണ്ടിട്ടു് ഒരു കൃഷിക്കാരൻെറ മകളാണെന്നു് തോന്നുന്നില്ലല്ലോ'' ഹാൻസ് യുവതിയോടായി പറഞ്ഞു.

''അതിനിപ്പോൾ എന്തു വേണം?'' ഇതായിരുന്നു അവളുടെ മറുപടി.

"അവൾ ഒരു ടീച്ചർ ആണു്'' അമ്മ പട്ടാളക്കാരനെ ധരിപ്പിച്ചു.

''എന്നാൽ നിങ്ങൾ വിദ്യാഭ്യാസമുള്ളവരാണല്ലോ'' പട്ടാളക്കാരൻെറ ഈ അഭിപ്രായം മകൾ കേട്ടതായി ഭാവിച്ചില്ല. എന്നാൽ ഹാൻസ് ഉല്ലാസമട്ടിൽ മുക്കിയും മൂളിയും ഫ്രഞ്ചു ഭാഷയിൽ സംസാരം തുടങ്ങി:—

''നിങ്ങൾ ഒന്നു മനസ്സിലാക്കണം. ഫ്രഞ്ചുകാരുടെ മഹാഭാഗ്യത്തിനാണു ജർമ്മൻകാർ ജയിച്ചതു്. ഞങ്ങൾ നിങ്ങളോടു് യുദ്ധം പ്രഖ്യാപിച്ചില്ല. നിങ്ങളാണു് അതു

ചെയ്യത്തു്. ഇനി ഞങ്ങൾ ഫ്രാൻസിനെ ഒരു മാതൃകാരാജ്യമാക്കാൻ പോവുകയാണു്. സൽഭരണം, നീതി നടത്തൽ, ഇവയെല്ലാം. അനുസരണശീലവും ശിക്ഷണബോധവും ഞങ്ങൾ നിങ്ങളെ പാഠിപ്പിക്കും.

യുവതി ഇതുകേട്ട ഉടൻ കൈ ചുരുട്ടിക്കൊണ്ടു് ഹാൻസിനെ തുറിച്ചു നോക്കി. അവളുടെ കണ്ണുകളിൽ തീപ്പൊരി ചിതറി. എങ്കിലും അവൾ ഒരക്ഷരം മറുപടി പറഞ്ഞില്ല.

''ചങ്ങാതീ! നിൻെറ തലയ്ക്കു പിടിച്ചു. നമുക്കു് ഇവിടം വിടാം'' വില്ലി ഓർമ്മിപ്പിച്ചു.

''പോടാ, പോ! ഞാൻ ഒരു ജഡ്ജിയെപ്പോലെ സുബോധമുള്ളവനാണു്. ഞാൻ ഇവരോടു് വെറും ഒരു സത്യമാണു പറഞ്ഞതു്. അതു് ഇവക്കു് അനുഭവപ്പെട്ടാൻ ഇനി അധികനാൾ കഴിയുകയും വേണ്ട.''

ഇതുകേട്ടു യുവതി പറഞ്ഞു ''മറേറ മനുഷ്യൻ പറഞ്ഞതു് ശരിയാണു്. ഇയ്യാളുടെ തലയ്ക്കു വെളിവില്ല. ഇനി പോണം, പോണം! സ്ഥലം വിടണം, വിടണം'' അവൾ ജർമ്മൻ ഭാഷയിലാണു് ഇങ്ങനെ നിർബ്ബന്ധിച്ചതു്.

''ഓഹോ! നിങ്ങൾക്കു് ജർമ്മൻഭാഷയും അറിയാമോ? കൊള്ളാം! ശരി, ഞാൻ പൊയ്ക്കൊള്ളാം. സ്ഥലം വിട്ടുകൊള്ളാം. പക്ഷേ, നിങ്ങൾ എനിക്കാദ്യം ഒരു ഉമ്മ തരണം, ഒരുമ്മ.''

ഹാൻസു് എഴുന്നേററു. യുവതി രണ്ടടി പിന്നോട്ടു വച്ചു. അയാൾ അവളുടെ കൈയ്ക്കു കടന്നു പിടിച്ചു.

''അച്ഛാ! അച്ഛാ!'' ഉറക്കെ അവൾ വിളിച്ചു.

അച്ഛൻ സർവ്വശക്തിയുമുപയോഗിച്ചു് ഹാൻസിനെ പിടിച്ചു വലിച്ചു. ഹാൻസു് മുഷ്ടി ചുരുട്ടി പിതാവിൻെറ താടിക്കു കീഴേ ഊക്കോടെ ഇടിച്ചു. അയാൾ വീണുപോയി. യുവതി അവിടെ നിന്നും രക്ഷപ്പെടുന്നതിനു മുമ്പായി അയാൾ അവളെ തൻെറ കൈകളുള്ളിൽ അമർത്തി. അവൾ ആഞ്ഞാഞ്ഞു് ഹാൻസിൻെറ മുഖത്തു് ഇടിക്കുകയും കവി

K. M. KURIAN
General Secretary
All Kerala ... Manorama, Kottayam ... Sak...

ളിൽ മാന്ത്രുകയും ചെയ്തു. ഹാൻസ്സ് പല്ലുഞെരിച്ചുകൊണ്ടു്:

''ഒരു ജർമ്മൻ പട്ടാളക്കാരൻ ഒരു ചുംബനം ചോദിച്ചാൽ ഇതോ സമ്മാനം? ശരി, ഇതിന്നു മരുന്നുണ്ടു്.''

ഹാൻസ്സ് അവൻെറ ബലിഷ്ഠമായ കൈകൾകൊണ്ടു് അവളെ വലിച്ചിഴച്ചു് അടുത്ത മുറിയിലേയ്ക്കു് കൊണ്ടുപോയി. അവളുടെ അമ്മ ഒരു പെൺപുലിയെപ്പോലെ ചീറിയടുത്തു. അയാളുടെ കോട്ടും ട്രൗസറുമെല്ലാം രണ്ടുകൈകൊണ്ടും വലിതുടങ്ങി. ഇടതുകൈകൊണ്ടു യുവതിയെ ബലമായി പിടിച്ചു് വലതുകൈകൊണ്ടു് ശക്തിയായി തോളിൽ പിടിച്ചു് ഒന്നു തള്ളിയപ്പോൾ ആ തള്ള അടുക്കള മുറിയിലെ ചുമരിൽ ചെന്നലച്ചു വീണു.

''ഹാൻസേ! ഹാൻസേ!'' വില്ലി ഉറക്കെ വിളിച്ചു.

''മിണ്ടാതിരി! കട്ടുറുമ്പേ! നശിച്ചവനേ!''

ഹാൻസ്സ് പോക്കററിൽ നിന്നും ഉറുമാല എടുത്തു് യുവതിയുടെ വായ്ക്കകത്തു തള്ളിക്കേററി. ഇങ്ങനെയാണു് അതെല്ലാം സംഭവിച്ചതു്. ആ പെണ്ണു് ആവശ്യമില്ലാതെ വരുത്തിവെച്ച വിനകളാണു് ഇതൊക്കെ! ചോദിച്ച പോലെ ഒരുമ്മ കൊടുത്തിരുന്നെങ്കിൽ അയാൾ അയാളുടെ പാട്ടിന്നു പോകുമായിരുന്നു!

ഹാൻസ്സ്, അടുക്കളയിൽ അപ്പോഴും ചുരുണ്ടുകൂടിക്കിടന്നിരുന്ന ആ കുടുംബനാഥനെ നോക്കി. അടക്കിയിട്ടും അടങ്ങാത്ത ഒരു ചിരി! അടുത്തു ചുമരും ചാരി കിതച്ചുകൊണ്ടു് നിന്നിരുന്ന തള്ളയെ കണ്ടപ്പോഴും അയാളിൽ ഒരു മന്ദഹാസം ഊറി. ആ സ്ത്രീ പേടിച്ചു വിറച്ചു. ഇനി ഈ ദുഷ്ടൻ എന്താണാവോ ചെയ്യാൻ ഭാവം? പക്ഷേ, ഇനി ഒന്നും പേടിക്കേണ്ടിയിരുന്നില്ല.

ഹാൻസ്സ് പറഞ്ഞു, ''ദുഃഖിച്ചിട്ടോ, കരഞ്ഞിട്ടോ കാര്യമില്ല; അമ്മേ!ഇന്നല്ലെങ്കിൽ നാളെ ഇതു സംഭവിക്കുമായിരുന്നു. ഞാനല്ലെങ്കിൽ വേറൊരാൾ'' അനന്തരം കീശയിൽനിന്നും പേഴ്സ്സ് വലിച്ചെടുത്തു.

‚‚ഇതാ നോക്കു, നൂറു ഫ്രാങ്കിൻെറ ഒററനോട്ട്. കോരം ക്ക്, ഒരു പുതിയ ഡ്രസ്സിനുള്ള വകയാണ്. ധരിച്ചിരുന്ന തുണി കീറിപ്പറിഞ്ഞു് നാനാവിധമായി.''

അയാരം നോട്ട് മേശപ്പുറത്തേയ്ക്കെറിഞ്ഞിട്ട്, പട്ടാള ത്തൊപ്പി എടുത്തു തലയിൽ ധരിച്ചു. അനന്തരം വില്ലി യോടായി,

‚‚നമുക്കു പോകാം'' എന്നു പറഞ്ഞു യാത്രയായി.

അങ്ങനെ ഹാൻസും വില്ലിയും മോട്ടോർസൈക്കിളിൽ കയറി നഗരത്തിലേയ്ക്കു പോകയും ചെയ്തു. മാതാവു പുത്രി കിടന്നിരുന്ന മുറിയിലേയ്ക്കു കടന്നുചെന്നു. പുത്രിയുടെ ദയ നീയമായ ആ കിടപ്പുകണ്ടു് അവർ ഞെട്ടിപ്പോയി. വെറും നിലത്തു് ഏങ്ങിഏങ്ങികരഞ്ഞുകൊണ്ടു് കമഴ്ന്നടിച്ചുള്ള ആ കിടപ്പ്!

മാസങ്ങരം മൂന്നു കഴിഞ്ഞു. ഇതിനിടയ്ക്കു ജമ്മൻ സൈ ന്യത്തോടൊപ്പം പല ഫ്രഞ്ചുപ്രദേശങ്ങളും ഹാൻസ് സഞ്ച രിച്ചു. ഒടുവിൽ സൊയ്സൺസ് നഗരത്തിലേയ്ക്ക്—പ ണ്ടത്തെ ആ നഗരത്തിലേയ്ക്കുതന്നെ—ഒരു പ്രത്യേക ജോ ലിയിൽ ഹാൻസ് നിയുക്തനായി. അയാരം പോയേടത്തെ ങ്ങും ജമ്മൻകാക്ക് ഒരു യുദ്ധവും ചെയ്യേണ്ടിവന്നില്ല. പാരീസിൽ പോയി, ബോർഡ്യൂവിൽപോയി, എല്ലായിട ത്തും കഥഒന്നുതന്നെ. ഫ്രഞ്ചുഭടന്മാരെ ധാരാളം കണ്ടു. എല്ലാം തടവുകാരുടെ നിലയിൽ! യുദ്ധം എന്നു പറയുന്ന തു് ഇത്ര ലഘുവായ കാര്യമാണെന്നു് അയാരം സ്വപ്നേ പി വിചാരിച്ചിരുന്നില്ല. പാരീസ് നഗരത്തിൽ ഒരു മാസം അയാളും വില്ലിയും പാത്തു. പാരീസിൽനിന്നും ധാരാളം കൗതുക സാധനങ്ങരം വാങ്ങി, ഹാൻസ് ജമ്മനി യിൽ തൻെറ വീട്ടുകാർക്കു് അയച്ചുകൊടുത്തു. വില്ലി, ത നിക്കു പരിചയമുള്ള പാരീസ് നഗരത്തിൽ തന്നെ തങ്ങി. ഹാൻസും ഒരു ചെറുസംഘം ഭടന്മാരും ഹാൻസിനു പരി ചയപ്പെട്ടിരുന്ന സൊയ്സൺസ് പട്ടണത്തിലേയ്ക്കും മട

ങ്ങി. അതൊരു ചെറിയ പട്ടണമായിരുന്നെങ്കിലും അവിടെ സുഖസൌകര്യങ്ങൾ ധാരാളമാണു്. ഒന്നിനും ഒരു കുറവില്ല. തിന്നാനും കുടിക്കാനും വേണ്ടുവോളം. ഇങ്ങോട്ടാണു് പോരുന്നതെന്നറിഞ്ഞപ്പോൾ അയാൾക്കു് ഒരു മോഹം തോന്നി—താൻ മൂന്നുമാസം മുമ്പു പരാക്രമം കാണിച്ച ആ വീട്ടിൽ പോയി ആ 'ടീച്ചർപെണ്ണിനെ' ഒന്നു കാണണമെന്നു്! വെറും ഒരു നേരമ്പോക്കിനുവേണ്ടി. തനിക്കവളോടു വിരോധമില്ലെന്നു കാണിക്കാൻ, നല്ല ഇനം ഒരു ജോടി സ്റ്റോക്കിങ്ങ്സും അവൾക്കു സമ്മാനിക്കണമെന്നു്, അയാൾ നിശ്ചയിച്ചു. അവൾ പാർത്തിരുന്ന വീടു കണ്ടുപിടിക്കാനും വലിയ വിഷമമുണ്ടാകയില്ലെന്നു് അയാൾക്കു തോന്നി. അങ്ങനെ ഒരുദിവസം വിശേഷിച്ചു് ജോലി ഒന്നുമില്ലാതിരുന്ന തക്കം നോക്കി സ്റ്റോക്കിങ്ങ്സും പൊതിഞ്ഞു പോക്കററിൽ ഇട്ടുകൊണ്ടു ഹാൻസ് യാത്രയായി.

എല്ലാംകൊണ്ടും അന്നൊരു സുദിനമായിരുന്നു. തെളിഞ്ഞ ആകാശം, സാമാന്യംനല്ല റോഡു്. നല്ല കാററു്. ഉല്ലാസപ്രദമായ ഒരു സായാഹ്നം. എന്നാൽ ഒരിടത്തുവച്ചു് അല്പം വഴി തെററി. അതു സാരമായില്ല. അരമണിക്കൂർകൊണ്ടു് അയാൾ ആ കർഷകഭവനം കണ്ടുപിടിച്ചു. പടിക്കൽ എത്തിയപ്പോൾ ഒരു മുതുക്കൻപട്ടി കുരച്ചുകൊണ്ടു് അടുത്തെത്തി. അയാൾ അതു കൂട്ടാക്കാതെ, പടി കടന്നു് ധൈര്യത്തോടെ വാതിൽ തുറന്നു് അടുക്കളയിൽ കയറി. തൻെറ ആ 'ടീച്ചർപെണ്ണു്' മേശയ്ക്കരികേ ഇരുന്നു് ഉരുളക്കിഴങ്ങിൻെറ തൊലി ചുരണ്ടുന്നു. പട്ടാളവേഷത്തിൽ ഒരുത്തനെ കണ്ടപ്പോൾ അവൾ പേടിച്ചു ചാടിയെഴുന്നേററു.

"നിങ്ങൾക്കെന്തുവേണം?" അവൾ പെട്ടെന്നു ചോദിച്ചു. ആഗതൻെറ മുഖത്തേയ്ക്കു നോക്കിയപ്പോൾ ആളെ മനസ്സിലായി. അവൾ ചുമരിനടുത്തേയ്ക്കു നീങ്ങി. ഉരുളക്കിഴങ്ങു ചുരണ്ടിക്കൊണ്ടിരുന്ന കത്തിയും കൈയിൽ മുറുകെ പിടിച്ചിരുന്നു.

''നീയാണോ? ദുഷ്ടാ!'' അവരം അലറി.

ഹാൻസ്: ദ്വേഷ്യപ്പെടാതെ! ഞാൻ ഉപദ്രവിക്കാനല്ലാ, വന്നതു്. നോക്കൂ, ഞാൻ നിങ്ങരംക്കു് ഒരു ജോഡി പട്ടുസ്റ്റോക്കിംഗ്സ് കൊണ്ടുവന്നിട്ടുണ്ടു്.

യുവതി: താനും തൻെറ പട്ടുസ്റ്റോക്കിംഗ്സും! കടക്കൂ പുറത്തു്. കടക്കു് അതുംകൊണ്ടു്.

''മണ്ടത്തരം പറയാതെ. ആ കത്തി താഴെവയ്ക്കൂ്. പണ്ടത്തെ കഥ ഓമ്മയുണ്ടല്ലോ. എങ്കിലും, ഇപ്പോരം നീ എന്നെ ഭയപ്പെടേണ്ടാ.''

"എനിക്കു തന്നെ ഭയമില്ല.''

കത്തി അവളുടെ കൈയിൽനിന്നും വഴുതിവീണുപോയി. ഹാൻസ് തൊപ്പിയൂരി മേശപ്പുറത്തുവച്ചു. ഒരു കസേര വലിച്ചിട്ടു് അതിൽ ഇരുന്നു. സാവധാനത്തിൽ കാലു നീട്ടി ആ കത്തി അടുപ്പിച്ചിട്ടു്, അതുസ്വന്തം കൈയിൽ എടുത്തു.

''ഞാൻ നിങ്ങരംക്കുവേണ്ടി കുറേ കിഴങ്ങുകരം തോലികളഞ്ഞുതരാം'' ഹാൻസ് പറഞ്ഞു.

അവരം ഉത്തരം പറഞ്ഞില്ല. അയാരം കുട്ടയിൽ നിന്നും ഒരു കിഴങ്ങെടുത്തു തൊലി കളയുവാൻ തുടങ്ങി.

അവരം മുഖവും ചുവപ്പിച്ചു് അയാളെത്തന്നെ നോക്കിക്കൊണ്ടു നിന്ന നിലയ്ക്കു് അവിടെത്തന്നെനിന്നു. അയാളാകട്ടെ, അതൊന്നും കണ്ടില്ലെന്നനാട്യത്തിൽ അവളെ വശീകരിക്കത്തക്കവണ്ണം മന്ദഹസിച്ചുകൊണ്ടിരുന്നു. ഒടുവിൽ ഹാൻസ് നിസ്സങ്കോചം പറഞ്ഞു.

''ഇത്ര കോപിക്കുന്നതെന്തിനു്? ആരോടു്? ഞാൻ അത്ര കടുപ്പമൊന്നും നിങ്ങളോടു കാണിച്ചില്ലല്ലോ. അന്നു ഞങ്ങരം വിജയംകൊണ്ടു് ഉന്മത്തരായിരുന്നു. അജയ്യരായ ഫ്രഞ്ചുസൈന്യം! അലംഘ്യമായ മാജിനോ കോട്ട! എന്നും മററും കേട്ടിരുന്നല്ലോ.'' അയാരം ഒരു പരിഹാസച്ചിരി ചിരിച്ചു. ''പിന്നെ നിങ്ങരം ദയവായി അന്നു തന്ന ആ വൈൻ മത്തു പിടിപ്പിക്കയും ചെയ്തു. മററു വല്ല ജമ്മൻ

ഭടനമായിരുന്നെങ്കിൽ ഇത്രയൊന്നുമല്ല അന്നു സംഭവിക്കു ക. കണ്ടാൽ കാക്കിച്ചുതുപ്പാൻ തോന്നുന്നവനാണ് ഞാനെ ന്നു് ഇതുവരെ സ്ത്രീകളാരും പറഞ്ഞുകേട്ടിട്ടുമില്ല.'' ഹാൻ സ് വീണ്ടും ഉറക്കെ ചിരിച്ചു.

യുവതി അവൻെറ അടിതൊട്ടു മുടിവരെയും, മുടിതൊട്ട് അടിവരെയും ദഹിപ്പിക്കാനെന്നവണ്ണം വീണ്ടും വീണ്ടും നോക്കിയിട്ട് ''താനിവിടെനിന്നു പോകുന്നോ ഇല്ലയോ?'' എന്നു പാരുഷ്യത്തോടെ ചോദിച്ചു.

ഹാൻസ്: —ഞാൻ പോകും; എനിക്കു തോന്നുമ്പോഠം.

''പോകയാണ് നല്ലതു്. അല്ലെങ്കിൽ എൻെറഅച്ഛൻ സോയ്സൺസിൽ പോയി ജനറലിൻെറ അടുക്കൽ നി ങ്ങളെപ്പററി പരാതിപ്പെടും.''

''ഓഹോ! നിൻെറ അച്ഛൻ അങ്ങുചെല്ലാനും, ജനറ ലിനെ കാണാനും, പരാതി കേഠക്കാനും, ജനറൻ ഉടൻ എന്നെ തൂക്കുമരത്തിലേററാനും! എടീ പെണ്ണേ; നിനക്കൊ രു കാര്യമറിയാമോ? ഞങ്ങഠക്കുള്ള കല്പന എന്തെന്നറി യാമോ? ഫ്രഞ്ചുകാരുമായി ഉററ സമ്പക്കം പുലത്തണമെ ന്നാണ്. അതിൽ എല്ലാം ആയി. നിൻെറ പേരെന്താ?''

''എൻെറ പേരറിഞ്ഞിട്ടു തനിക്കു കാര്യമൊന്നുമില്ല.''

അവളുടെ കവിളുകളിലേക്കു രക്തം പ്രവഹിച്ചു. നയ നങ്ങഠ അഗ്നി വമിച്ചു.

പണ്ടത്തെക്കാഠ ഇവഠക്കു സൗന്ദര്യം വർദ്ധിച്ചിട്ടു ണ്ടെന്നു ഹാൻസിനു തോന്നി. എന്തൊക്കെ പറഞ്ഞാലും പണ്ടു താൻ ഇത്രമാത്രമേ അക്രമം കാണിച്ചുള്ളല്ലോ. ഇവ ളെ കണ്ടാൽ, ഒരു കർഷകകുടുംബത്തിലെ സ്ത്രീയാണെന്നു തോന്നുകയില്ല. ഒരു പരിഷ്കൃതയുവതിയാണെന്നേ തോ ന്നു. ഓ! ഇവഠ ഒരു ടീച്ചറല്ലേ? ലോകപരിചയം കാണും. ഇത്തരക്കാരെ ശല്യപ്പെടുത്തുന്നതിൽ ഒരു രസമുണ്ടു്. തനി ക്കാണെങ്കിൽ നല്ല താരുണ്യം; ഒന്നാംതരം ആരോഗ്യം. ഹാൻസ് കൈകൊണ്ടു മുടി തടവി ഒതുക്കി. അപ്പോഠ അയാഠ ഒത്തുപോയി.—മറേറതൊരു ഫ്രഞ്ചുയുവതിയും ഇത്തരം സന്ദർഭം പാഴാക്കുകയില്ലെന്നു്!

ഹാൻസ് വീണ്ടും ചോദിച്ചു.

''നിങ്ങളുടെ അച്ഛനും അമ്മയും എവിടെ?''

''കൃഷിസ്ഥലത്തു പണിയെടുക്കുന്നു.''

''എനിക്കു നല്ലവിശപ്പുണ്ട്. ഇത്തിരി റൊട്ടിയും വെണ്ണയും തരിക. ഒരു ഗ്ലാസ്സ് വൈനും. വെറുതേവേണ്ട. തക്ക പ്രതിഫലം തരാം.''

അവരം നിന്ദാഗർഭമായി ഒന്നു ചിരിച്ചിട്ടുപറഞ്ഞു: ''മൂന്നു മാസമായി ഞങ്ങരം വെണ്ണ കണ്ടിട്ട്. വെണ്ണമാത്ര മല്ല, നല്ല റൊട്ടിയും കിട്ടാറില്ല. ഞങ്ങളുടെ ഗവൺമെൻറു കുതിരകളെയെല്ലാം കൈവശപ്പെടുത്തി. ഇപ്പോഴിതാ കൊ ള്ളക്കാരായ ജർമ്മൻകാർ കാലികളെയും പന്നികളെയും കോഴികളെയും എല്ലാം തട്ടികൊണ്ടുപോയി.''

''കൊള്ളാം! കൊള്ളക്കാരോ? അവർ അതിന്നു നി ങ്ങരംക്കു നല്ല വില തന്നില്ലേ?''

''തന്നു, തന്നു, നല്ല വില!തന്നു! വിലയില്ലാത്ത കുറേ കടലാസുതുണ്ടുകരം.അതാക്കുവേണം; തിന്നാൻ കൊള്ളുമോ?

അവരം കരയാൻ തുടങ്ങി.

''എന്താ കരയുന്നതു്? നിങ്ങരംക്കു വിശക്കുന്നുണ്ടോ?'' ഹാൻസ് ചോദിച്ചു.

''ഇല്ലേ, ഇല്ലാ'' അവരം വെറുപ്പോടെ പറഞ്ഞു, ''ഞ ങ്ങരംക്കു ധാരാളം കിഴങ്ങുവർഗ്ഗവും ധാന്യങ്ങളും ഉണ്ടു്. അതു മതി. നാളെ അച്ഛൻ സോയ്സൺസിലേയ്ക്കു പോകു കയാണു്, കുറച്ചു കുതിരയിറച്ചി കിട്ടുമോ എന്നു നോ ക്കാൻ.''

ഹാൻസ്:—ഹേ! ടീച്ചർ ഞാൻ, പറയുന്നതു ശ്രദ്ധിക്കു. ഞാൻ ഒരു ചീത്ത മനുഷ്യനല്ല. ഞാൻ നിങ്ങരംക്കു കുറേ വെണ്ണയും ചീസും, സാധിക്കുമെങ്കിൽ കുറേ പന്നിമാം സവും കൊണ്ടെത്തരാം.

യുവതി —എനിക്കു നിങ്ങളുടെ സൗജന്യമൊന്നും വേണ്ട. നിങ്ങളെപ്പോലുള്ള കാട്ടുപന്നികളാണു് ഞങ്ങളുടേ തെല്ലാം കുത്തിക്കവെന്നതു്; പട്ടിണികിടന്നു് ചത്താലും ഞാൻ നിങ്ങരം കൊണ്ടുവരുന്ന ഒന്നും തൊട്ടുനോക്കുകയേ ഇല്ല.

''അങ്ങനെ പറയാതെ. ഈ ദേഷ്യമെല്ലാം അങ്ങു് നീങ്ങിപ്പോകും.'ഹാൻസ് പ്രതിവചിച്ചു.''

അനന്തരം ഹാൻസ് എഴുന്നേററു് അലക്ഷ്യമായി ഒരു വന്ദനവും നൽകി ഇറങ്ങി ഒരു നടയും കൊടുത്തു.

പത്തുദിവസം കഴിഞ്ഞാണു് ഹാൻസിനു് ഇവിടെ വരുവാൻ പിന്നീടു സൗകര്യം കിട്ടിയതു്. നല്ല ഒരു പരിചയക്കാരൻെറ മട്ടിൽ അയാഠം വീട്ടിനുള്ളിലേക്കു് കടന്നുചെന്നു. സമയം ഉച്ചയോടടുക്കുന്നു. ഭത്താവും ഭാര്യയുമുണ്ടു് അടുക്കളയിൽ. ഭാര്യ അടുപ്പിൽ ഒരു പാത്രത്തിൽ എന്തോ ഇളക്കിക്കൊണ്ടിരിക്കുന്നു. ഭത്താവു് മേശക്കരികേ ഒരു ബഞ്ചിൽ ഇരുന്നു് പുകവലിക്കുന്നു. അവർ ഹാൻസിനെ നോക്കി. ഒരുപരിഭ്രമവും കാണിച്ചില്ല. ഇയ്യാഠം വന്നിരുന്ന വിവരം മകഠം പറഞ്ഞു് അവർ അറിഞ്ഞിരുന്നു. അവർ ഒന്നും സംസാരിച്ചില്ല.

ഹാൻസ് നിത്യ പരിചയക്കാരോടു് പെരുമാറുന്ന വിധത്തിൽ: തുടങ്ങി:

''രണ്ടുപേക്കും വന്ദനം—ഞാൻ ഒരു സമ്മാനം കൊണ്ടുവന്നിട്ടുണ്ടു്'' അനന്തരം അയാഠം കയ്യിലുണ്ടായിരുന്ന കെട്ടു് അവർ കാൺകെ പതുക്കെ അഴിച്ചു. ഒരു വലിയ കഷണം ചീസ്, ഉണക്കിയ പന്നിമാംസം, മൂന്നു ടിൻ നിറയെ പാകപ്പെടുത്തിയ മത്തി, നാലു ടിൻ വെണ്ണ, അങ്ങനെ പലതും. അമ്മയുടെ ആത്തിയോടുകൂടിയ നോട്ടം കണ്ടപ്പോഠം ഹാൻസിനു ചിരിവന്നു. പക്ഷേ, അയാഠം ചിരി ഒതുക്കി. ഭത്താവു് ഒരു സംശയദൃഷ്ടിയോടെയാണു് ഈ പദാത്ഥങ്ങളിൽ നോക്കിയതു്. ഹാൻസ് ആ മനുഷ്യനെ നോക്കി ഒന്നു പുഞ്ചിരിച്ചിട്ടു പറഞ്ഞു:

''ഞാൻ ആദ്യമായി ഇവിടെ വന്നപ്പോഠം നാം തമ്മിൽ ഒരു തെററിദ്ധാരണയുണ്ടായി. ഞാൻ അതിൽ വാസ്തവത്തിൽ ഖേദിക്കുന്നു. പക്ഷേ, ഒരു കാര്യം. നിങ്ങഠം അതിൽ ഇടപെടേണ്ട ആവശ്യമില്ലായിരുന്നു.''

ഈ അവസരത്തിൽ മകഠം അടുക്കളയിലേയ്ക്കു് കയറിച്ചെന്നു.

''ഇവിടെ എന്താണ് നടക്കുന്നതു്?'' അവരം സഗൗരവം ഉച്ചത്തിൽ ചോദിച്ചു. മേശപ്പുറത്തു നിരത്തിവച്ചിരിക്കുന്ന പദാത്ഥങ്ങരം അവരം കണ്ടു. അവരം അതെല്ലാം കൈകൊണ്ടു തുത്തുവാരി അയാളുടെ നേരേ എറിഞ്ഞുകൊടുത്തു. ''എടുത്തുകൊണ്ടുപോ. എടുത്തുകൊണ്ടു വന്ന വഴിയേ വേഗം പോ.'' അവരം അലറി.

എന്നാൽ അമ്മ മുന്നോട്ടുവന്നു മകളേ തടുത്തു.

''ജാനററീ! നിനക്കു പിച്ചുപിടിച്ചോ?'' അമ്മചോദിച്ചു.

'' നമുക്ക്ഇയാളുടെ സമ്മാനങ്ങരം ഒന്നും വേണ്ടമ്മേ.''

''മകളേ! ഇതൊക്കെ നമ്മുടെ തന്നെ ആഹാരസാധനങ്ങരം അല്ലേ? നമ്മിൽനിന്നും ഇക്കൂട്ടർ തട്ടിപ്പറിച്ചതു്! നീ ആടിന്നുകരം നോക്കിയോ? നമ്മുടെ നാട്ടിൽ തയ്യാർ ചെയ്യുന്ന മത്തികളാണതിലൊക്കെ.'' ഇത്രയും പറഞ്ഞു് ആ മാതാവു് തകരപ്പാത്രങ്ങരം കയ്യിലെടുത്തു. ഹാൻസ് പുത്രിയുടെ നേരേ നോക്കി ഒരു കള്ളച്ചിരി ചിരിച്ചിട്ടു ചോദിച്ചു.''

''ജാനററി എന്നാണ് നിങ്ങളുടെ പേരു് അല്ലേ? കൊള്ളാം, നല്ല പേരു്! അമ്മയും അച്ഛനും കുറച്ചു നല്ല ആഹാരം കഴിക്കുന്നതിൽ മകരംക്ക് ഇത്ര വിരോധമെന്തു്? ചീസും വെണ്ണയും മററും കണ്ടു നാരം മറന്നു, എന്നു നിങ്ങളല്ലേ എന്നോടു പറഞ്ഞതു്. വേറെയും ചില ഇറച്ചിത്തരങ്ങരം കൊണ്ടു വരണമെന്നുണ്ടായിരുന്നു. പക്ഷേ, ഇക്കുറി ഇത്രയുമേ സാധിച്ചുള്ളു.''

ജാനററിയുടെ അമ്മ ആ ഇറച്ചിപ്പൊതി മാറോട്ട് ചേത്താശ്ലേഷിച്ചു. അവർ അതിനെ ഉമ്മവയ്ക്കുമോ എന്നു തോന്നിപ്പോയി. ഇതു കണ്ടപ്പോരം ജാനററിയുടെ കണ്ണുകളിൽ വെള്ളം നിറഞ്ഞു. “ലജ്ജാവഹം! അയ്യോ! ലജ്ജാവഹം!'' അവരം വിളിച്ചു പറഞ്ഞു.

''ഇത്തിരി ഇറച്ചിയും ചീസും സ്വീകരിക്കുന്നതിൽ അത്രയേറെ ലജ്ജിക്കാനൊന്നുമില്ല.'' അമ്മ മറുപടി പറഞ്ഞു

ഹാൻസ് മേശയ്ക്കരികേ ഇരുന്ന് ഒരു സിഗററു് കൊളുത്തി, ആ സിഗററുപെട്ടി ഗൃഹനാഥൻെറ നേരേ

നീട്ടി. അതു വാങ്ങി ഒരു സിഗററ്റ് എടുത്തിട്ട് പെട്ടി തിരികെ ഏല്പിച്ചു. ജാനററിയുടെ അച്ഛൻ സിഗററ്റ് വലിച്ചിട്ട് വളരെക്കാലം കഴിഞ്ഞിരുന്നു.

"ആ പെട്ടിയും സിഗററും നിങ്ങൾ എടുത്തുകൊള്ളുക" ഹാൻസ് പറഞ്ഞു. "ഞങ്ങൾക്ക് സിഗററ് എത്ര വേണമെങ്കിലും കിട്ടും" അയാൾ സംതൃപ്തിയോടെ പുകച്ചുരുളുകൾ വിട്ടുകൊണ്ട് തുടന്നു.

"നമുക്ക് സ്നേഹിതന്മാരെപ്പോലെ വത്തിക്കാം. വന്നുപററിയതെല്ലാം പററി. അതങ്ങു മറക്കു. യുദ്ധം, യുദ്ധം തന്നല്ലേ. ഞാൻ പറഞ്ഞതു് മനസ്സിലായല്ലോ. ജാനററി വിദ്യാഭ്യാസമുള്ള ഒരു യുവതിയാണ്. അവൾക്ക് എന്നെപ്പററി തെററിദ്ധാരണയുണ്ടാവരുതു്. ഞങ്ങൾ 'സോയ് സൺസ്' നഗരത്തിൽ കുറേ അധികം നാൾ പാർത്തേക്കും. പലപ്പോഴും നിങ്ങൾക്ക് അല്ലറചില്ലറ സഹായം ചെയ്യാൻ എന്നെക്കൊണ്ടു കഴിഞ്ഞേക്കും. സോയ്സൺസ് നഗരത്തിലുള്ള ഫ്രഞ്ചുകാർ മക്കടങ്ങളാണ്. അവരുമായി സ്നേഹത്തിൽ കഴിയാൻ ഞങ്ങൾ ആവതു ശ്രമിക്കുന്നുണ്ട്. പക്ഷേ, അവർ വഴിപ്പെടുന്ന കൂട്ടത്തിലല്ല. ഞങ്ങളുടെ നേരേ പല്ലിളിച്ചു കാണിക്കുന്നു. എന്തു ചെയ്യും? ഞങ്ങൾ തെരുവിൽക്കൂടി പോകുമ്പോൾ അവർ ഒന്നു നോക്കുക പോലും ചെയ്യില്ല. ഞങ്ങൾ ശത്രുക്കളല്ലേ? അവർ നോക്കുമോ? പണ്ടത്തെ സംഭവത്തിൽ ഞാൻ വളരെ ദുഃഖിക്കുന്നു. നിങ്ങൾ ക്ഷമിക്കണം. അന്ന് അങ്ങനെ സംഭവിച്ചു എന്നേയുള്ളു. നിങ്ങൾ ദയവുചെയ്ത് എന്നെ കേവലം ഒരുത്തനായി കരുതരുതു്. ഞാൻ ജാനററിയെ വളരെ ബഹുമാനിക്കുന്നു. എൻെറ സ്വന്തം സഹോദരിയെപ്പോലെ.

"ഇയ്യാൾ എന്തിന് ഇവിടെ വന്നു? ഞങ്ങളെ ഞങ്ങളുടെ പാട്ടിന് വിട്ടേച്ച് താൻ തൻെറ പാട്ടിന് പോകു. ഇതെന്തുശല്യമാണ്!" ജാനററി ആക്രോശിച്ചു.

ഹാൻസ് ചിന്തിച്ചു: ജാനററി പറഞ്ഞതു വാസ്തവമാണല്ലോ. താൻ അവിടെ ചെല്ലുന്നതെന്തിന്? അസാരം 'മനുഷ്യപ്പററി'നുവേണ്ടി താൻ ദാഹിക്കുന്നുണ്ട്, തീച്ച

തന്നെ. സോയ്സൺസ് നഗരത്തിൽ പാക്കററ, ഫ്റഞ്ചുകാക്കു് ജമ്മൻകാരോടുള്ള വെറുപ്പും നീരസവും അയാളുടെ ആത്മാവിനെ പീഡിപ്പിച്ചുകൊണ്ടിരുന്നു. ഇത്ര മനുഷ്യസ്നേഹമില്ലാത്ത ഫ്റഞ്ചുകാരെ തല്ലിത്താഴെയിടണമെന്നു് ചിലപ്പോരം അയാരം വിചാരിച്ചുപോകാറുണ്ടു്. വഴിയിൽക്കൂടി നടക്കുമ്പോരം ഒരുത്തനെങ്കിലും മുഖത്തേയ്ക്കു നോക്കുകയില്ല. അല്ലെങ്കിൽ ഒരു മനുഷ്യൻ അങ്ങിനെ നടന്നുപോകുന്നുണ്ടെന്നുള്ള ഭാവംപോലും ശത്രുക്കരം കാണിക്കുന്നില്ല. ചിലപ്പോരം ആരും കാണാതെ ഒന്നു കരഞ്ഞു തൻെറ മനസ്സിനെ ആശ്വസിപ്പിക്കുവാൻ അയാരം വാഞ്ഛിച്ചു. തന്നോടു സ്നേഹം വേണ്ട, നീരസം കാണിക്കാത്ത എവിടെയെങ്കിലും ഒന്നുപോയി ഒരു മണിക്കൂർ ചെലവിട്ടിരുന്നെങ്കിൽ! അതാണു് ഇടയ്ക്കിടയ്ക്കു ജാനററിയുടെ വീട്ടിൽ ചെല്ലുവാൻ അയാളെ പ്രേരിപ്പിച്ചതു്. മററുതരത്തിൽ ജാനററിയും അയാളുമായി ഒരു ചേച്ചയുമില്ല. ആകൃതിയിലും പ്രകൃതിയിലും അയാരംക്കിഷ്ടം, നല്ലപൊക്കവും, പൊക്കത്തിനടുത്ത വണ്ണവും, ചുരുണ്ടമുടിയും, ഉയന്ന 'മാറു'മുള്ള ഒരു തരുണിയെയാണു്. തനിക്കു തണ്ടും തരവുമൊത്തതായിരിക്കണമവരം. ജാനററിക്കാണെങ്കിൽദുഗ്രഹമായ ഒരാഭിജാത്യത്തിൻെറ തള്ളിച്ച; കൊത്തിവെച്ച നീണ്ട നാസിക; കറുത്ത കൃഷ്ണമണികരം. അയാരംക്കു നീലകൃഷ്ണമണികളാണിഷ്ടം. അടുക്കുന്നവരെ അകററുന്ന 'എന്തോ ഒന്നു്' ജാനററിക്കുണ്ടു്. പിന്നെപണ്ടു് അതു് എങ്ങനെ സംഭവിച്ചു? അതിനു കാരണങ്ങരം പലതാണു്. ഒന്നാമതു് വിജയോന്മാദം, രണ്ടാമതു് യാത്രാക്ഷീണം, മൂന്നാമതു് മദ്യത്തിൻെറ ലഹരി, നാലാമതു് തൻെറനിസ്സാരമായ അപേക്ഷയെ—ഒരു ചുംബനത്തെ—അവരം നിരസിച്ചതു്. അങ്ങനെ പലതുംകൂടിയപ്പോരം അതു സംഭവിച്ചു എന്നുമാത്രം. സാധാരണ സാഹചര്യത്തിൽ അവളെ അത്ഥഗർഭമായിഒന്നു നോക്കുവാൻപോലും അയാരം സന്നദ്ധനാകുന്നവനല്ല. ഇങ്ങനെ പല ചിന്തകളും ഹാൻസിൻെറ മനസ്സിൽ കടന്നുപൊയ്ക്കൊണ്ടിരുന്നു.

ഈ സന്ദർശനത്തിനുശേഷം, ഒരു രണ്ടാഴ്ചക്കാലത്തേക്കു് ഹാൻസിനു് തൻെറ ജോലിസ്ഥലം വിട്ടുവാൻ തരപ്പെട്ടില്ല. അന്നു താൻ കൊണ്ടുപോയ ഭക്ഷണസാധനങ്ങൾ എല്ലാം അടുക്കളയിലെ ആ മേശപ്പുറത്തു നിക്ഷേപിച്ചിട്ടാണു് താൻ പോന്നതു്. അവളുടെ അച്ഛനും അമ്മയും അവ വളരെ കൊതിയോടെ ഭക്ഷിച്ചിരിക്കുമെന്നു് അയാൾക്കുറപ്പുണ്ടു്. എന്നാൽ ജാനററി കഴിച്ചിരിക്കുമോ എന്തോ? താൻ അവിടം വിട്ടയുടൻ ജാനററിയും ഈ സാധനങ്ങൾ ഉപയോഗിച്ചെങ്കിൽ, താനതിൽ അത്ഭുതപ്പെടുകയില്ല. കയ്യിൽനിന്നു മുടക്കുകൂടാതെ നല്ല ഭക്ഷണപദാർത്ഥങ്ങൾ കിട്ടിയാൽ വേണ്ടെന്നുവയ്ക്കുന്ന കൂട്ടത്തിലല്ല ഈ ഫ്രഞ്ചുജനത. അവർ അശക്തരും അധോഗതിപ്രാപിച്ചവരുമായ ഒരു വർഗ്ഗമാണു്. പക്ഷേ, ജാനററി തന്നെ വെറുക്കുന്നു. ശരിയാണു്, ഭയങ്കരമായി വെറുക്കുന്നു. എന്നാൽ ഇറച്ചി ഇറച്ചിയും, ചീസ് ചീസുമാണു്. ഹാൻസ് ഇടയ്ക്കിടെ അവളെപ്പററി ഏറെനേരം വിചാരിച്ചുകൊണ്ടിരിക്കും. അവൾക്കവനോടു് ഇത്ര കൊടുംവെറുപ്പു് എങ്ങനെയുണ്ടായി? എത്രയോ അന്യസ്ത്രീകൾ തന്നെ ഇഷ്ടപ്പെടുന്നുണ്ടു് അങ്ങനെയിങ്ങനെ ഒരു സുപ്രഭാതത്തിൽ, ജാനററിക്കും തന്നോടു പ്രേമമുണ്ടെന്നു വന്നാൽ 'അത്ഭുതമത്ഭുതമത്ഭുതമേ' എന്നേ പറയേണ്ടു. ഒരു കാര്യം തീർച്ചപ്പെടുത്താം. താനായിരിക്കും അവളുടെ പ്രഥമകാമുകൻ— ഒരു പ്രത്യേകാർത്ഥത്തിൽ. ജർമ്മനിയിൽവച്ചു് തൻെറ സ്നേഹിതന്മാർ പറയാറുള്ളതു് ഹാൻസ് ഓർത്തുപോയി. ഒരു പെണ്ണു് അവളുടെ ആദ്യത്തെ കാമുകനെയാണു് യഥാർത്ഥത്തിൽ സ്നേഹിക്കുന്നതു്. പിന്നീടുണ്ടാകുന്നതെല്ലാം ആവശ്യത്തിനുള്ള 'വെറും സ്നേഹം' മാത്രം— അതെ; താനാണു് അവളുടെ ആദ്യത്തെയും അവസാനത്തെയും കാമുകൻ.

ഹാൻസ് അറിയാതെ തന്നെത്താൻ ചിരിച്ചുപോയി.

അങ്ങിനെയിരിക്കെ വീണ്ടും ജാനററിയുടെ വീട്ടിൽ പോകാൻ അയാൾക്കു് അവസരം ലഭിച്ചു. ഇത്തവണ

കരുതിക്കൂട്ടി ഒട്ടേറെ ആഹാരസാധനങ്ങരം ഹാൻസ് ശേഖ രിച്ചു. ചീസ്, വെണ്ണ, പഞ്ചസാര, കാപ്പിപ്പൊടി, പാകപ്പെടുത്തിയ പലതരം മത്സ്യങ്ങരം, ഇറച്ചി, എന്നു വേണ്ട ഒരു ചെറുകുടുംബത്തിനു് ഒരു മാസത്തേക്കു് സുഭി ക്ഷമായി കഴിക്കാനുള്ള വകയെല്ലാം അയാരം മുൻകൂട്ടി സജ്ജീകരിച്ചിരുന്നു. പതിവുപോലെ മോട്ടോർസൈക്കി ളിൽ വച്ചുകെട്ടി ഹാൻസ് ജാനററിയുടെ വീട്ടിൽ ഉച്ച തിരിഞ്ഞെത്തുകയുണ്ടായി. അപ്പോരം അവിടെ ജാനററി ഉണ്ടായിരുന്നില്ല—അവളും അവളുടെ അച്ഛനും കൃഷി സ്ഥലത്തു ജോലിയിൽ ഏർപ്പെട്ടിരിക്കയായിരുന്നു. അമ്മ വീട്ടുമുററത്തു ധാന്യം ഉണക്കിക്കൊണ്ടുനിൽക്കുകയായി രുന്നു. സൈക്കിളിൽ വച്ചുകെട്ടിയിരുന്ന ചമടു കണ്ടമാത്ര യിൽ അമ്മയുടെ മുഖം പ്രസന്നമായി. അവർതന്നെ ഹാൻ സിനെ അടുക്കളയിലേക്കു കൂട്ടിക്കൊണ്ടുപോയി. അയാരം കൊണ്ടുവന്ന കെട്ടു് ആ അമ്മതന്നെയാണു് അഴിച്ചതു്. പാവത്തിൻെറ കൈകരം തൽസമയം വല്ലാതെ വിറച്ചു കൊണ്ടിരുന്നു. ആ കെട്ടിനകത്തുണ്ടായിരുന്ന സാധനങ്ങരം കണ്ടപ്പോരം അവരുടെ കണ്ണുകളിൽ വെള്ളം പെരുകി. അവർ പറഞ്ഞു:

“നിങ്ങരംക്കു് നല്ലതു വരട്ടെ! ഈ കാര്യത്തിനു് ആയിരം നന്ദി''.

‚‚ഞാൻ ഇവിടെ ഇരുന്നുകൊള്ളട്ടെ?'' ഹാൻസ് അനു വാദം ചോദിച്ചു.

‚‚തീർച്ചയായും.''

അമ്മ ജനലിൽകൂടി പുറത്തേക്കു നോക്കി. ഹാൻ സിനു് കാര്യം മനസ്സിലായി. മകരം വരുന്നുണ്ടോഎന്നു് തെല്ലു് ഉൽക്കണ്ഠയോടെ അമ്മ നോക്കുകയായിരുന്നു. അന ന്തരം ഹാൻസിനോടായി:

‚‚കുറച്ചു വൈൻ തരട്ടേ''.

‚‚വളരെ സന്തോഷം''.

ഹാൻസ് വളരെ ആശ്വസിച്ചു, ഈ അമ്മ, ഇത്ര സ്നേഹത്തോടെ തന്നോടു പെരുമാറുന്നതിൽ. ഭക്ഷണപദാ ർത്ഥങ്ങളോടുള്ള സ്നേഹമാണു് തന്നിലേക്കും പ്രവഹിക്കു

ന്നതു് എന്നു്. ഹാൻസിനറിയാം. എങ്കിലും മനുഷ്യപ്പററി നവേണ്ടി ദാഹിച്ച അയാംക്കു് അമ്മയുടെ ഈ പെരുമാററം മഹാനുഗ്രഹമായിട്ടു തോന്നി. അവർ ഇരുവരും ഒരു പരസ്പരധാരണയിൽ എത്തിച്ചേർന്നതായ ഒരു തോന്നൽ, ഹാൻസിനു് രോമാഞ്ചമുണ്ടാക്കി. 'മകളെ' സംബന്ധിച്ചിടത്തോളം ഇരുവരും ഒരു ഗൂഢാലോചനയിലെ പങ്കാളികളായിത്തീന്നിരിക്കുന്നു.

73010

"കഴിഞ്ഞതവണ കൊണ്ടുവന്ന ഇറച്ചി എങ്ങനെയിരുന്നു?" ഹാൻസ് ചോദിച്ചു.

"അയ്യോ! ഞങ്ങാംക്കൊരു സദ്യതന്നെയായിരുന്നു".

"അടുത്ത തവണ ഒന്നാംതരം പന്നിമാംസം കൊണ്ടുവരാം. അന്നത്തെ ഇറച്ചി ജാനററി ഇഷ്ടപ്പെട്ടോ?"

"നിങ്ങാം ഇവിടെ വെച്ചേച്ചുപോയ ഒന്നുംതന്നെ അവാം തൊട്ടുനോക്കിയില്ല. അവാം പറഞ്ഞു, അവാം പട്ടിണികിടന്നു ചത്തോളാമെന്നു്".

"മാക്കത്തിപ്പെണ്ണു്"! ഹാൻസ് പ്രതിവചിച്ചു.

അമ്മ:—ഞാനും അതുതന്നെ അവളോടു പറഞ്ഞു. നല്ല ആഹാരം കൺമുമ്പിൽ ഇരിക്കുന്നു. അതു തിന്നാത്തതു് ഒരു മിടുക്കൊന്നുമല്ലെന്നും ഞാൻ പറഞ്ഞു.

അവർ ഇങ്ങനെ സൗഹാർദ്ദമായി സംഭാഷണത്തിൽ ഏർപ്പെട്ടു. ഹാൻസ് ഇടയ്ക്കിടെ വൈൻ അല്പാല്പമായി സേവിച്ചുകൊണ്ടുമിരുന്നു. ഈ സംഭാഷണവേളയിൽ അവരെ സംബന്ധിക്കുന്ന പല വിശേഷങ്ങളും കൂടുതലായിട്ടു് ഹാൻസ് ഗ്രഹിച്ചു. അവരുടെ പേരു്; അവൾക്കൊരു മകനുണ്ടായിരുന്നു. ഒരേ ഒരു മകൻ; യുദ്ധത്തിൽ ചേന്നു; മരിച്ചുപോയി; യുദ്ധത്തിൽ വെടികൊണ്ടു മരിച്ചതല്ല; പടക്കളത്തിൽവച്ചു് ന്യൂമോണിയാരോഗം പിടിപെട്ടു്; ആശുപത്രിയിൽവച്ചാണു മരിച്ചതു്; എന്നെല്ലാം.

ഹാൻസ്:—കഷ്ടം! നിങ്ങളുടെ മകൻ മരിച്ചുപോയി അല്ലേ? ഞാൻ വളരെ വ്യസനിക്കുന്നു.

അമ്മ:—ഒരുകണക്കിനു് അവൻ മരിച്ചതു് അവന്റെ ഭാഗ്യം. അവനും ജനററിയെപ്പോലെയാണു്, തോററിട്ടു

ജീവിച്ചിരിക്കാൻ ആഗ്രഹിക്കാത്ത കൂട്ടത്തിലാണ് അവനും.

അവരം ഒന്നു ദീർഘമായി നിശ്വസിച്ചു. എന്നിട്ട്, "അല്ലയോ എൻെറ യുവസ്നേഹിതാ! ഞങ്ങരം ഫ്രഞ്ചു കാർ വഞ്ചിക്കപ്പെട്ടു" എന്ന് സങ്കടത്തോടെ പറഞ്ഞു.

ഹാൻസ്:—നിങ്ങരം എന്തിന് പോളണ്ടുകാർക്കു വേണ്ടി യുദ്ധത്തിൽ എടുത്തുചാടി. പോളണ്ടുകാർ നിങ്ങ ളുടെ ആരാണ്?

അമ്മ:—അതു ശരിയാണ്. പോളണ്ടു തുലയുന്നെങ്കിൽ തുലയട്ടെ എന്നുവച്ചാൽ മതിയായിരുന്നു. ഞങ്ങരംക്കു സുഖമായി പാക്കാമായിരുന്നു.

ഹാൻസ് വീണ്ടും അടുത്തുതന്നെ വരാമെന്നു പറഞ്ഞു് യാത്രയായി. അപ്പോരം ആ അമ്മ വിളിച്ചുപറഞ്ഞു:

"ഇറച്ചിയുടെ കാര്യം മറക്കരുതേ".

ഒരുകണക്കിന് ഹാൻസ് ഒരു ഭാഗ്യവാനാണ്. അയാരംക്കു നിനച്ചിരിയാതെ ഒരു പുതിയ ഉദ്യോഗം കിട്ടി. ജാനററിയുടെ വീടിന് അപ്പുറമുള്ള ഒരു ടൗണിൽ ആഴ്ചയിൽ രണ്ടു പ്രാവശ്യം വീതം പോയ്‌വരേണ്ട ഒരു കൃത്യമായിരുന്നു അതു്. അങ്ങനെ കൂടെക്കൂടെ അവളുടെ വീട്ടിൽ ചെല്ലാൻ അയാരംക്കു സന്ദർഭം ലഭിച്ചു. ആ കുടും ബത്തിന് ആവശ്യമുള്ള ഭക്ഷണപദാത്ഥങ്ങരം ഈ യാത്രക ളിൽ കരുതാൻ അയാരം നിഷ്ക്കർഷിച്ചിരുന്നു. ഇതൊ ക്കെയായിട്ടും ജനററിയുമായി കൂടുതൽ അടുക്കാനോ പരി ചയപ്പെടുവാനോ അയാരംക്കു സാധിച്ചില്ല. തന്നേ, അവ ളിൽ അടിച്ചേല്പിക്കുവാൻ ഹാൻസ് ചില സൂത്രപ്പണിക ളെല്ലാം ചെയ്തുനോക്കി. അതിനതിന് അവരം കൂടുതൽ വെറുപ്പാണ് അയാളോടു പ്രദർശിപ്പിച്ചതു്. എന്തെങ്കിലും മലിനവസ്തു കാണുമ്പോഴുള്ള അറപ്പും വെറുപ്പുമാണ് ഹാൻ സിനെ നേരിട്ടു കാണുമ്പോഴെല്ലാം അവരം വെളിപ്പെടു ത്തിയതു്. ഒന്നുരണ്ടു പ്രാവശ്യം അയാളുടെ പൗരുഷത്തെ അവഹേളിക്കുംവിധത്തിൽ ജാനററി പെരുമാറി. അവളുടെ പിടലിക്കിട്ടൊരു വീക്കുകൊടുക്കുവാൻ ഹാൻസിന് പല പ്പോഴും തോന്നിയിട്ടുണ്ടു്.

അങ്ങനെയിരിക്കെ, ഒരുദിവസം ഹാൻസ് അവളുടെ വീട്ടിൽ ചെന്നപ്പോൾ അവൾ ഓററയ്ക്കേ ഉണ്ടായിരുന്നുള്ളു. ഹാൻസിനെ കണ്ടമാത്രയിൽ, അവൾ എഴുന്നേററ് അവളുടെ മുറിയിലേക്കു നടന്നു. ഹാൻസ് മുന്നിൽ കയറിനിന്ന് അവളുടെ പോക്കു തടസ്സപ്പെടുത്തി. ഹാൻസ് പറഞ്ഞു:

"എങ്ങോട്ടാ ഇത്ര തിടുക്കത്തിൽ പോകുന്നേ? അവിടെ നില്ല്. എനിക്കു നിന്നോടു ചിലതു പറയാനുണ്ട്".

അവൾ:—പറഞ്ഞോ, ഇഷ്ടംപോലെ പറഞ്ഞോ. ഞാൻ ഒരു പെണ്ണല്ലേ; അബലയുമാണല്ലോ. പക്ഷേ, പറഞ്ഞിട്ടു വേഗം സ്ഥലംവിട്ടേക്കണം.

ഹാൻസ്:—എനിക്ക് അത്രയേറെ പറയാനൊന്നുമില്ല. ഇത്രമാത്രം. ഇപ്പോഴത്തെ നിലയ്ക്ക് ഞങ്ങൾ ജർമ്മൻകാർ കുറേ അധികംനാൾ ഇവിടെ പാർത്തേക്കും. നിങ്ങൾ ഫ്രഞ്ചുകാരുടെ സ്ഥിതി അടിക്കടി വഷളായിത്തീർന്നുകൊണ്ടിരിക്കുകയാണ്. നിങ്ങൾക്കു പട്ടിണിയും കഷ്ടപ്പാടും കൂടുതൽ ഉണ്ടാകാൻ പോകുന്നതേയുള്ളു. എനിക്ക് നിങ്ങൾക്കുവേണ്ടി ചിലതെല്ലാം ചെയ്യാൻ കഴിയും. വിശേഷിച്ച് ഭക്ഷണകാര്യത്തിൽ. അമ്മയേയും അച്ഛനേയുംപോലെ ഇത്തിരി വീണ്ടുവിചാരത്തോടെ പ്രവർത്തിച്ചാലെന്ത്?

ഹാൻസ് പറഞ്ഞതു നേരായിരുന്നു. അച്ഛനും ഈയിടെയായി ഹാൻസിനോടു ലോഹ്യത്തിലാണു വർത്തിച്ചുപോന്നത്. ഒരിക്കൽ ഹാൻസ് യാത്രയായപ്പോൾ, പൈപ്പിന് കുറേ അരിഞ്ഞ പുകയില കൊണ്ടുവരണമെന്ന് അച്ഛൻ ആവശ്യപ്പെട്ടതും അവൾ കേട്ടിരുന്നു. ഹാൻസ് കൊണ്ടുകൊടുത്തിരുന്ന വൃത്താന്തപത്രങ്ങൾ വളരെ താല്പര്യത്തോടെ അച്ഛൻ വായിക്കുന്നതും അവൾ കണ്ടിട്ടുണ്ട്. കൃഷിസംബന്ധമായി ഇരുവരും പലതും പറയുകയും പതിവായിരുന്നു. ജാനററിയുടെ അച്ഛന്റെ കൃഷിസ്ഥലങ്ങൾ അത്ര വലുതോ എന്നാൽ അത്ര ചെറുതോ അല്ലായിരുന്നു. സാമാന്യം ആഴവും വീതിയുമുള്ള തോട്

വീടിനു തൊട്ടായി ഈ പാടശേഖരത്തിൽക്കൂടി ഒഴുകിയിരുന്നു. ആ തോടിന്റെ രണ്ടുവശവും ധാരാളം ഫലവൃക്ഷങ്ങൾ തഴച്ചുനിന്നിരുന്നു. ഫ്രഞ്ചുകൃഷിക്കാർ നേരിടേണ്ടിയിരുന്ന കഷ്ടതകൾ അച്ഛൻ വിവരിച്ചതു് ഹാൻസ് അനുകമ്പാപൂർവ്വം കേൾക്കയുണ്ടായി. ''ജോലിക്കു് ആളെ കിട്ടുന്നില്ല. വളങ്ങൾ വിലകൊടുത്താലും ഒരിടത്തുമില്ല. കുതിരകളും കന്നുകാലികളും നഷ്ടപ്പെട്ടു. എല്ലാം മുടിഞ്ഞു മുദ്രകുത്താറായി'' ഈ കഷ്ടതകൾ ഹാൻസിനെ വല്ലാതെ സ്പർശിച്ചു. അങ്ങനെ പണ്ടു വീഴ്ത്തപ്പെട്ടവനും വീഴ്ത്തിയവനും തമ്മിൽ ലോഹ്യമായെന്നേ പറയേണ്ടു.

ഹാൻസ് ആവർത്തിച്ചു: ''അച്ഛനേയും അമ്മയേയും പോലെ അല്പം വീണ്ടുവിചാരത്തോടുകൂടി പ്രവർത്തിച്ചാലെന്തു്?''

ജാനററി:—നിങ്ങൾ വീണ്ടും എന്നോടു ചോദിക്കുന്നു, അല്ലേ? ഈ എന്നോടു്, അച്ഛനേയും അമ്മയേയുംപോലെ വീണ്ടുവിചാരത്തോടുകൂടി പെരുമാറാത്തതു് എന്തു്എന്നു്!

ഇത്രയും പറഞ്ഞിട്ടു് അവൾ താൻ ധരിച്ചിരുന്ന 'ഫ്രോക്കി'ന്റെ മദ്ധ്യഭാഗം ഇരുകൈകൾകൊണ്ടും പുറകോട്ടു വലിച്ചുപിടിച്ചു് നേരേ നിന്നുകൊടുത്തു. ഹാൻസ് ഒന്നു ഞെട്ടി. വീണ്ടും ഞെട്ടി.

''എന്തു്! നിനക്കു ഗർഭമുണ്ടോ?''

ജാനററി തൽക്ഷണംഅടുത്തുണ്ടായിരുന്ന ഒരു കസേരയിലേക്കു വീഴുകതന്നെ ചെയ്തു. മുഖം കൈപ്പത്തിയിൽ അമർത്തിക്കൊണ്ടു് ഹൃദയം തകരുമാറു് ഏങ്ങലടിച്ചു കരഞ്ഞും തുടങ്ങി.

''ഓ! ലജ്ജാവഹം, ലജ്ജാവഹം'' അവൾ ആവർത്തിച്ചുകൊണ്ടിരുന്നു.

ഹാൻസ് അവളെ കോരിയെടുക്കുവാനായി കൈകൾ നീട്ടി മുന്നോട്ടു നീങ്ങി.

''എന്റെ ഓമനേ!'' ഹാൻസ് വിളിച്ചു,

ജാനററി ചാടിയെഴുന്നേററു്അവനെതട്ടിനീക്കിയിട്ടു് ''എന്നെ തൊടരുതു്! തൊട്ടുപോകരുതു്. ദൂരെപ്പോ,

ദ്ദൂരെപ്പോ. എനിക്കു വേണ്ടതെല്ലാം സമ്മാനിച്ച ദുഷ്ടാ! ദ്ദൂരെപ്പോ'' എന്നു വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു.

അവ⟨ം മുറിക്കുള്ളിൽനിന്നും പുറത്തേയ്ക്കൊരു ചാട്ടം കൊടുത്തു, ഭ്രാന്തിയെപ്പോലെ. ഹാൻസ്, ആ മുറിയിൽ ഏറെനേരം ചിന്താകുലനായി നിന്നുപോയി. അയാ⟨ം പരിഭ്രാന്തനായി. തലച്ചോറിൽതീച്ചൂളയുമായി ഹാൻസ്, സാവധാനത്തിൽ ജോലിസ്ഥലമായ സോയ്സൺസിലേയ്ക്കു പോയി. രാത്രി ഉറങ്ങാൻ കിടന്നിട്ട് ഉറക്കം വരുന്നില്ല. ജാനററിയും അവളുടെ വീർത്ത വയറും കൺമുമ്പിൽ നൃത്തംവയ്ക്കുന്നു. അവ⟨ം കസേരയിലേയ്ക്കു വീണതും, മുഖവുംപൊത്തിക്കരഞ്ഞതും ഹാൻസ് വീണ്ടും കാണുകയായി. 'തൻെറ കുഞ്ഞാണ് അവളുടെ വയററിൽ കിടന്നു പിടയ്ക്കുന്നത്?' ഇങ്ങനെ ചിന്തിച്ചു ചിന്തിച്ച് അയാ⟨ം ഒന്ന് ഉറക്കംതൂങ്ങിയോ എന്നു സംശയം. പെട്ടെന്ന് ഹാൻസ് ഞെട്ടിയുണർന്നു. അയാ⟨ംക്കൊരു ഭൂതോദയം ഉണ്ടായി. അയാ⟨ം ജനററിയെ സ്നേഹിക്കുന്നു; പ്രേമിക്കുന്നു.

അതൊരു പുതിയ അനുഭവമായിരുന്നു. ഒരു പുതിയ കണ്ടുപിടിത്തം എന്നുതന്നെ പറഞ്ഞുകൊള്ളുക. അയാ⟨ം അവളെപ്പററി ഇതിനുമുമ്പു പലപ്പോഴും പലതും വിചാരിച്ചിട്ടുണ്ട്. പക്ഷേ, അതൊന്നും ഈ രാത്രിയിൽ ഉണ്ടായപോലെ ഒരു വിചാരമായിരുന്നില്ല. അവ⟨ം തന്നേ പ്രേമിക്കുവാൻ ഇടവന്നാൽ അതൊരു തമാശയായിരിക്കുമെന്നുപോലും ചിന്തിച്ച് അയാ⟨ം പണ്ടു രസിച്ചിട്ടുണ്ട്. താൻ ബലപ്രയോഗത്താൽ നേടിയത് സ്വമനസ്സാലേ അവ⟨ം തനിക്കു കാഴ്ചവച്ചാൽ എന്തൊരു വിചിത്രമായ വിജയമായിരിക്കും തൻേറതു് എന്നോർത്ത് അയാ⟨ം മുമ്പൊക്കെ ചിരിച്ചിട്ടുണ്ട്. എന്നാൽ ഇപ്പോ⟨ം കാര്യങ്ങളെല്ലാം തകിടംമറിഞ്ഞിരിക്കുന്നു. തന്നേ സംബന്ധിച്ചിടത്തോളം തന്നോട് ഇഴകിപ്പററിച്ചേർന്ന ഒരു യുവതിയാണ് ഇന്നു മുതൽ തൻെറ പ്രാണപ്രിയയായ ജാനററി.

ഹാൻസ് ചിന്ത തുടർന്നുകൊണ്ടിരുന്നു. തൻേറയും അവളുടേയും പ്രകൃതങ്ങ⟨ംക്കു് വ്യത്യാസമുണ്ട്; അതു ശരി

തന്നെ. അവരം വലിയ സുന്ദരിയാണെന്നു് പറഞ്ഞു കൂടാ. എന്നിരിക്കെ, ഇതിനുമുമ്പു് ഒരിക്കലും ഉണ്ടാകാത്ത വിധത്തിൽ അവളെ ഓർത്തു് തൻെറ ഹൃദയം പിടസ്സുന്ന തെന്തു്? ഈ വിചാരം സുഖത്തെ അല്ല, വേദനയെ ആണു് ജനിപ്പിക്കുന്നതു്. എങ്കിലും ഈ വേദന സഹ്യ മാണു്; സ്നേഹത്തിൽനിന്നും ഉയിരെടുത്തതാണു്. ജീവി തത്തിൽ ഒരു പുതിയ അനുഭവം. അവളെ രണ്ടു കൈ കൊണ്ടും കോരിയെടുത്തു് മാറോടണയ്ക്കുവാൻ അയാരം കൊതിച്ചു. അവളുടെ ഉദരപ്രദേശം തടവി ആശ്വസിപ്പി ക്കുന്നതിനു്; കണ്ണീർ വീഴുന്ന കപോലങ്ങളിൽ തെരുതെരെ ഉമ്മവയ്ക്കുന്നതിനു്; ഇതിനെല്ലാം അയാരം തീവ്രമായി കാംക്ഷിച്ചു. അയാരംക്കു് അവളോടുണ്ടായിരുന്ന ആ മൃഗീയകാമം പാടേ അസ്തമിച്ചു. അവളെ ആശ്വസിപ്പി ക്കണം, അവരം തൻെറ മുഖത്തുനോക്കി പുഞ്ചിരിക്കണം. അത്ഭുതം! ഹാൻസ് ഇതുവരെ ജാനററി ചിരിക്കുന്നതു കണ്ടിട്ടേയില്ല. അവളുടെ ആ കറുത്ത കൃഷ്ണമണികരം തന്നേ സ്നേഹത്തോടെ ഒന്നു നോക്കിയിരുന്നെങ്കിൽ! അതി നിടവരും. അയാരം ആശ്വസിച്ചു.

അടുത്ത മൂന്നുദിവസത്തേയ്ക്കു് സോയ്സൺസിൽനി ന്നും മറെറങ്ങും പോകുവാൻ ഹാൻസിനു തരപ്പെട്ടില്ല. ആ മൂന്നുദിവസം—മൂന്നുപകലും മൂന്നു രാത്രിയും—അയാരം ജാനററി യേയും വയററിൽ കിടക്കുന്ന തൻെറ കുട്ടിയേയും പററി ഓത്തോർത്തു് നാഴികകരം കഴിച്ചുകൂട്ടി.

വീണ്ടും ഹാൻസിനു് ജാനററിയുടെ വീട്ടിൽ പോകാൻ അവസരം കിട്ടി. അവളുടെ അമ്മയെ ഒററയ്ക്കു കാണണ മെന്നു് ആഗ്രഹിച്ചുകൊണ്ടാണു് ഹാൻസ് യാത്രയായതു്. തേടിയ വള്ളി കാലിൽ ചുററുംപോലെ വീട്ടിൽനിന്നു കുറച്ചകലെ റോഡിൽവച്ചുതന്നെ ഹാൻസ് അമ്മയെ കണ്ടു. അവർ ഒരുകെട്ടു വിറകും ചുമ്മിക്കൊണ്ടു് അവ രുടെ വീട്ടിലേയ്ക്കു് സാവധാനത്തിൽ പോകയായിരുന്നു. ഹാൻസ് തൻെറ സൈക്കിരം പൊടുന്നനവേ ബ്രേക്കിട്ടു.

ഹാൻസ്:—എനിക്കമ്മയോട്ട് ഒരു കാര്യം പറയാനുണ്ട്. ആ വിറകിറ കെട്ടു് താഴെവക്കുക.

അവർ അപ്രകാരം ചെയ്തു.

ഹാൻസ്:—ഞാൻ മനസ്സിലാക്കി, ജാനററിയുടെ സ്ഥിതി.

ആ അമ്മ അമ്പരപ്പോടെ ഹാൻസിനെ നോക്കി

അമ്മ:—നിങ്ങരം എങ്ങനെ മനസ്സിലാക്കി? നിങ്ങരം അറിയരുതെന്നു് അവരംക്കു വലിയ നിർബന്ധമായിരുന്നല്ലൊ.

ഹാൻസ്:—അവരം എന്നോടു പറഞ്ഞു.

അമ്മ:—എങ്കിലും അന്നത്തെ പ്രവൃത്തി കുറേ കടന്നുപോയി.

ഹാൻസ്:—എന്തുചെയ്യാം? എനിക്കു ബോധമുണ്ടായിരുന്നില്ലല്ലോ. അമ്മ ഇതേപ്പററി എന്നോടു നേരത്തേ ഒന്നും പറയാഞ്ഞതു് എന്തേ?

അമ്മ ഓരോന്നു പറഞ്ഞുതുടങ്ങി. അയാളെ കുററപ്പെടുത്തിയില്ല. വൎത്തമാനത്തിൽ പാരുഷ്യവും കാണിച്ചില്ല. അന്നങ്ങനെ ഗൃഹപ്പിഴ പററി. കടിഞ്ഞൂൽ പ്രസവത്തോടെ തള്ള മരിക്കുന്നില്ലേ? അതിവർഷം കൊണ്ടു് കൃഷിപ്പിഴ ഉണ്ടാകുന്നില്ലേ? ഇടിവെട്ടുകൊണ്ടു് ഓരോരുത്തർ ചാവുന്നില്ലേ? അങ്ങനെ ലോകത്തിൽ എന്തെല്ലാം സംഭവിക്കുന്നു? അതുപോലെ ഒരു സംഭവമായി ആ മാതാവു് പണ്ടത്തെ ആ വിക്രമങ്ങളേയും ചിത്രീകരിച്ചു. ഏതായാലും ഹാൻസ് ഇത്രയുമറിഞ്ഞ സ്ഥിതിക്കു് ശേഷം സംഭവങ്ങളും ചുരുക്കത്തിൽ പറഞ്ഞു കേരംപ്പിക്കാൻതന്നെ ആ അമ്മ തീരുമാനിച്ചു.

ആ 'സംഭവ'ത്തിനുശേഷം ജാനററി നാലാഴ്ചകരം ദീനപ്പായിൽതന്നെ ആയിരുന്നു. ഭയങ്കര പനിയും ശരീരമാകെ വേദനയും. പിച്ചും പേയും പറയുന്നതു കൂടിക്കൂടി വന്നപ്പോരം അവരംക്കു് ഭ്രാന്തുപിടിച്ചേക്കുമെന്നു് അവർ ഭയപ്പെട്ടു. ചിലപ്പോരം രണ്ടും മൂന്നും മണിക്കൂറുകരം ഇടവിടാതെയുള്ള കരച്ചിലാണു്. എന്തുചെയ്യാം? അടുത്തെങ്ങും ഒരു ഡോക്ടറെ കിട്ടാനില്ല. ആ ഗ്രാമത്തിലെ

ഡോക്ടർ യുദ്ധസേവനത്തിനു പോയി. സ്റേറ്സൺസ് നഗരത്തിൽപോലും രണ്ടു ഡോക്ടർമ്മാരേ ശേഷിച്ചിരുന്നുള്ളു. രണ്ടു വൃദ്ധന്മാർ! അവരെ ഗ്രാമത്തിൽ വരുത്തണമെങ്കിൽ വാഹനം വേണ്ടേ? അതുമില്ല. കൂടാതെ നഗരം വിടാൻ ഡോക്ടർമാക്ക് അനുവാദവുമില്ലായിരുന്നു. എന്നാൽ ഭാഗ്യംകൊണ്ടു് പനി ക്രമേണ കുറഞ്ഞു. എങ്കിലും കട്ടിലിൽനിന്നും എഴുന്നേൽക്കാൻ വീണ്ടും ദിവസങ്ങൾ കഴിയേണ്ടിവന്നു. ഒരുതരത്തിൽ ദീനം മാറി എഴുന്നേററപ്പോൾ ജാനററി, പാവം, ഒരസ്ഥിമാത്രമായിത്തീർന്നുപോയി. കണ്ടാൽ ആരും കരഞ്ഞുപോകും, അവൾ ആ മാസവും അടുത്ത മാസവും 'പുറത്തുമാറി'യില്ല. അല്ലെങ്കിലും ക്രമംതെററിയാണ് ചിലപ്പോഴെല്ലാം അവളുടെ കുളി. പോരാത്തതിന് പനിയുടെ കാഠിന്യംകൊണ്ടും ഇങ്ങനെ വരാമെന്ന് അമ്മ സമാധാനിച്ചു. എന്നാൽ മൂന്നാം മാസത്തിലും 'പുറത്തുമാറാ'തിരുന്നപ്പോൾ എന്തോ തകരാറു പററിയിട്ടുണ്ടെന്ന് അമ്മയാണ് ആദ്യം സംശയിച്ചതു്. അവൾ മകളോടു് കുളിമാറിയിട്ടു് എത്ര നാളായി എന്നു ചോദിച്ചു. ജനററി ഭയന്നുപോയി. അവൾക്ക് അങ്ങനെ ഒരു സംശയം ജനിച്ചിരുന്നില്ല. അമ്മയും മകളും മുട്ടിന്മേൽ തലയുംവച്ചു ചിന്തിച്ചുകൊണ്ടു് ഒന്നുമൊന്നും മിണ്ടാതെ ഏറെനേരം കഴിച്ചുകൂട്ടി. എങ്കിലും ഉറപ്പു പറയാറായിട്ടില്ല, അവർ സമാധാനിച്ചു. നാലാംമാസത്തിലും 'പുറത്താകാ'തിരുന്നപ്പോൾ സംശയങ്ങളെല്ലാം പമ്പകടന്നു. മകൾക്ക് ഗർഭമുണ്ടു്. തീർച്ചയായി.

അമ്മയുടെ സംഭാഷണത്തിൽനിന്നും വീണ്ടും ഏതാനും കാര്യങ്ങൾകൂടി ഹാൻസ് ഗ്രഹിച്ചു.

ജനററിയുടെ അച്ഛനു് ഒരു 'ചടാക്ക'ലോറിയുണ്ടായിരുന്നു. പണ്ടൊക്കെ ധാന്യവും കിഴങ്ങുകളും ഈ വണ്ടിയിൽ കയററിയിട്ടാണ് അദ്ദേഹം വില്പനയ്ക്കു് നഗരത്തിൽ കൊണ്ടുപോകാറു്. ജർമ്മൻകാർ ഇവിടെയെല്ലാം കീഴടക്കിയശേഷം വിൽക്കാൻ വിശേഷിച്ചു സാമാനങ്ങൾ ഇല്ലാതായി. പോരാത്തതിനു് പെട്രോൾ കിട്ടാനും

വിഷമം. അച്ഛൻ ഒരുതരത്തിൽ കുറച്ചു പെട്രോറം സമ്പാദിച്ചു. ജാനററിയേയുംകൊണ്ടു് അച്ഛനമ്മയും ഈ വണ്ടിയിൽ കയറി ഡോക്ടറെ കാണാൻ സോയ്സൺസിലേക്കു പോയി. വളരെക്കാലമായിട്ടു് അവർ അന്നാണു് നഗരം കണ്ടതു്. റോഡുകളിൽ എല്ലാം ജർമ്മൻകാരുടെ സൈനികവാഹനങ്ങളേ കാണാനുണ്ടായിരുന്നുള്ളു. പട്ടാളക്കാർ വഴിനീളെ ജയഭേരിയുമടിച്ചു് കവാത്തുചെയ്യുന്നു. തെരുവീഥികളിലെ ചൂണ്ടുപലകകളിൽ ജർമ്മൻഭാഷയിലുള്ള ലിഖിതങ്ങളാണു കണ്ടതു്. ഗവണ്മെൻറുസ്ഥാപനങ്ങളിലെ പുറംഭിത്തികളിൽ ഓരോരോ വിളംബരങ്ങറം കണ്ടിരുന്നു. അടിയിൽ ജർമ്മൻകമാൻഡറുടെ പേരും ഒപ്പും വലിയ അക്ഷരത്തിൽ രേഖപ്പെടുത്തിയിരുന്നു. മിക്ക ഫ്രഞ്ചുകടകളും പൂട്ടിയിരുന്നു. അങ്ങനെയിങ്ങനെ അവർ ജാനററിയേയുംകൊണ്ടു് അറിയാമായിരുന്ന ആ വൃദ്ധ ഡോക്ടരുടെ ബംഗ്ലാവിൽ എത്തി. മകളെ സംബന്ധിക്കുന്ന വിവരങ്ങളെല്ലാം ഒന്നും ഒളിച്ചുവെക്കാതെ ഡോക്ടറെ ധരിപ്പിച്ചു. അവരുടെ സംശയത്തെ ഡോക്ടർ സ്ഥിരീകരിച്ചു. അദ്ദേഹം മതവിശ്വാസിയായ ഒരു കത്തോലിക്കനായിരുന്നു. 'മററു തരത്തിലുള്ള' യാതൊരു സഹായവും അദ്ദേഹം ചെയ്യുകയില്ലെന്നു തീർത്തുപറഞ്ഞു. ഡോക്ടരുടെ മുമ്പിൽവച്ചു് അച്ഛനമ്മയും വാവിട്ടു കരഞ്ഞുപോയി. ഡോക്ടർ ഒരു പ്രവാചകൻെറ ഗൗരവത്തോടെ പറഞ്ഞു:

''ഇതിൽ കരയാനെന്തുള്ളു? നിങ്ങറംക്കു മാത്രമല്ല ഈ അനുഭവം. എത്രയോ പേക്കു്! അങ്ങനെയൊക്കെ സംഭവിക്കും. ഇതു യുദ്ധമാണു്''.

അവർ രണ്ടാമത്തെ ഡോക്ടറെയും ഒന്നു കണ്ടുകളയാമെന്നു വച്ചു. അദ്ദേഹത്തേയും അവക്കു പരിചയമുണ്ടായിരുന്നു. അവർ ബംഗ്ലാവിൽ എത്തി മണിയടിച്ചു. ഏറെനേരം കാത്തിരുന്നിട്ടും മറുപടിയില്ല. ഒടുവിൽ കറുത്ത വസ്ത്രം ധരിച്ച ഒരു വൃദ്ധ കതകു തുറന്നു. ഡോക്ടറെ കാണാനാണു് തങ്ങറം വന്നിരിക്കുന്നതെന്നു പറഞ്ഞപ്പോറം ആ വൃദ്ധ ഉറക്കെ കരഞ്ഞുതുടങ്ങി. ജർമ്മൻകാർ അദ്ദേഹത്തെ

അറസ്റ്റ് ചെയ്തുകൊണ്ടുപോയി. അദ്ദേഹം 'ഫ്രീമേസൺ' എന്ന സംഘടനയിലെ ഒരംഗമാണെന്ന കാരണത്തിൻെറ പേരിൽ, ഇപ്പോഴും തടങ്കലിൽ വച്ചിരിക്കുകയാണ്. അതിനൊരു കാരണവുമുണ്ട്. ജർമ്മൻ ഉദ്യോഗസ്ഥന്മാർ സമ്മേളിക്കാറുള്ള ഒരു ഹോട്ടലിൽ ഇന്നാൾ ഒരു ബോമ്പു പൊട്ടി. അവരിൽ രണ്ടുപേർ തൽക്ഷണം മരിച്ചു. പലർക്കും പരുക്കുപററി. ബോമ്പു പൊട്ടിച്ചവരെ കണ്ടുപിടിച്ചു ഏല്പിച്ചില്ലെങ്കിൽ ഡോക്ടറെ വെടിവച്ചുകൊല്ലുമെന്നു് അവർ പരസ്യമായി പറഞ്ഞിരിക്കുന്നു. ഇത്രയുംപറഞ്ഞു് വീണ്ടും ആ വൃദ്ധ കരഞ്ഞു. ഒടുവിൽ അവർ ഒട്ടു ശാന്തമായപ്പോൾ, തങ്ങൾ ഡോക്ടറെ അന്വേഷിക്കാനുള്ള കാരണം അവർ വൃദ്ധയോടു പറഞ്ഞു.

''മൃഗങ്ങൾ! മൃഗങ്ങൾ! ദുഷ്ടന്മാർ'' ആ വൃദ്ധ ആക്രോശിച്ചു. വളരെ ആർദ്രതയോടെ ജാനററിയുടെ പുറത്തു തടവിക്കൊണ്ടു് ''പാവം! എൻെറ കുഞ്ഞു പാവം'' എന്നു വിലപിച്ചു.

ആ വൃദ്ധ, നഗരത്തിലുള്ള ഒരു മിഡ്‌വൈഫിൻെറ അഡ്രസ്സ് കുറിച്ചുകൊടുത്തു. താൻ പറഞ്ഞയച്ചതാണെന്നു് മിഡ്‌വൈഫിനോടു പറയണമെന്നു് പ്രത്യേകം ചട്ടം കെട്ടി. മിഡ്‌വൈഫ് ജാനററിയെ പരിശോധിച്ചിട്ടു് എന്തോ ഒരു മരുന്നു കൊടുത്തയച്ചു. അതു കുടിച്ചു് അന്നു രാത്രി അവൾ ഉറങ്ങിയിട്ടില്ല. വയററിൽനിന്നും രണ്ടു മൂന്നു പ്രാവശ്യം ശക്തിയായി ഒഴിയുകയും ക്ഷീണം വദ്ധിക്കുകയും ചെയ്തു. ചത്തുപോകുമെന്നു് എല്ലാവരും ഭയപ്പെട്ടു. പക്ഷേ, വേറെ വിശേഷമൊന്നും സംഭവിച്ചില്ല. ജനററിയുടെ ഗർഭം ഇതുകൊണ്ടൊന്നും ഛിദ്രമായില്ല. ഇങ്ങനെയെല്ലാമുള്ള ചരിത്രങ്ങളാണു് ആ അമ്മ ഹാൻസിനെ പറഞ്ഞുകേൾപ്പിച്ചതു്. ഹാൻസ് ഇതെല്ലാം സശ്രദ്ധം കേട്ടു.

''നാളെ ഞായറാഴ്ചയാണല്ലൊ'' ഹാൻസ് പറഞ്ഞു. ''എനിക്കു വിശേഷിച്ചു് ജോലികളൊന്നുമില്ല. ഞാൻ ഇവിടെ വരാം. നമുക്കു വീട്ടിൽവച്ചു് കുറേ കാര്യങ്ങൾ

കൂടി പറയാനുണ്ടു്. ഞാൻ നല്ല ചില സമ്മാനങ്ങളും കൊണ്ടുവരാം''.

''ജാനററിക്കു തയ്ക്കാൻ സൂചികളില്ല. ഒരു മൂന്നാലെണ്ണം കൊണ്ടുവരാൻ പററുമോ?''

പറഞ്ഞതുപോലെ പിറേറന്നു ഞായറാഴ്ച ഹാൻസ് ജാനററിയുടെ വീട്ടിലേക്കു തിരിച്ചു. മോട്ടോർസൈക്കിളിലല്ല; സാധാരണ സൈക്കിളിൽ. എന്തുകൊണ്ടോ മോട്ടോർസൈക്കിളിൽ യാത്രചെയ്യുന്നതിന്നു് അയാൾക്കു് ഉത്സാഹം തോന്നിയില്ല. പതിവുപോലെ ആഹാരപദാർത്ഥങ്ങൾ എല്ലാം സീററിൻെറ പിന്നിൽ ഭദ്രമായി ബന്ധിച്ചു. സാധാരണയിൽ കവിഞ്ഞ ഒരു ചുമടുതന്നെയായിരുന്നു അതു്. കൂടുതലായി രണ്ടുകുപ്പി ഷാംപേനും കരുതിയിരുന്നു. ഏതാണ്ടു് സന്ധ്യയോടടുത്തപ്പോഴാണു് അയാൾ അവരുടെ വീട്ടിൽ എത്തിയതു്. കൃഷിസ്ഥലത്തുനിന്നു് വീട്ടുകാരെല്ലാം അപ്പോഴേക്കു തിരിച്ചെത്തിയിരിക്കുമെന്നു് ഹാൻസിന്നു നിശ്ചയമുണ്ടായിരുന്നു. അയാൾ നേരേ അടുക്കളയിലേക്കു കടന്നുചെന്നു. ജാനററിയുടെ അമ്മ അടുപ്പത്തു് എന്തോ പാകപ്പെടുത്തിക്കൊണ്ടിരുന്നു; അച്ഛൻ മേശയ്ക്കരികേ ഒരു കസേരയിൽ പത്രവായനയിലും. മേശയുടെഎതിർവശത്തായി ജാനററി സ്റ്റോക്കിംഗ്സ് തുന്നിച്ചു കൊണ്ടിരിക്കയായിരുന്നു.

ഹാൻസ്:-ദാ നോക്കൂ! ഞാൻ കുറേ നല്ലയിനം സൂചികൾ കൊണ്ടുവന്നിട്ടുണ്ടു്.

അയാൾ കെട്ടഴിച്ചു.

''ജാനററിക്കു് ഞാൻ കുറേപട്ടുവസ്ത്രങ്ങളുംകൊണ്ടുവന്നിട്ടുണ്ടു്; കേട്ടോ ജാനററീ''.

ജാനററി:—എനിക്കാവശ്യമില്ല.

ഹാൻസ്:—ആവശ്യമില്ല, അല്ലേ? കുഞ്ഞിന്നുവേണ്ടി ചിലതെല്ലാം കരുതിവയ്ക്കേണ്ടേ?

''അതു ശരിയാണു് ജാനററീ'', അമ്മ പറഞ്ഞു. ''നമുക്കു് ഇവിടെ ഒന്നുമില്ലല്ലോ. കാശുകൊടുത്താൽതന്നെ എവിടെ കിട്ടാനാണു്''.

ജാനററി തയ്ച്ചുകൊണ്ടിരുന്നതിൽതന്നെ ദൃഷ്ടികഠം ഉറപ്പിച്ചിരുന്നതേയുള്ളു.

ഹാൻസ് കെട്ടഴിച്ചപ്പോഠം അമ്മ ആത്തിയോടെ അതിലേ ഉള്ളടക്കത്തിലേക്കു നോക്കി. രണ്ടു കുപ്പി നിറയെ ഷാംപേൻ. അവർ ആഹ്ളാദംകൊണ്ടു മതിമറന്നു. അമ്മയുടെ പ്രസന്നമുഖം കണ്ടപ്പോഠം ഹാൻസിനും ആനന്ദമായി.

"ഷാംപേൻ കൊണ്ടുവരാൻ ഒരു കാരണമുണ്ട്. അതു ഞാൻ പിന്നെ പറയാം" എന്നു പറഞ്ഞുകൊണ്ടു് ഹാൻസ് ഒരു കസേര വലിച്ചു് ജാനററിയുടെ അരികിലേക്കു നീക്കി അതിൽ ഇരിപ്പായി. അനന്തരം ജാനററിയോടായി:

"എങ്ങിനെ തുടങ്ങേണ്ടു എന്നെനിക്കറിഞ്ഞുകൂടാ. അന്നു ഞാൻ ചെയ്ത പ്രവൃത്തി കുററകരമാണ്, അക്ഷന്തവ്യമാണ്. ജാനററീ! അതെൻെറ കുററം മാത്രമല്ല, ആ ചുററുപാടുകഠം അതായിരുന്നു. നീ എന്നോടു ക്ഷമിക്കണം".

ജാനററി, രോഷാകുലയായി ഹാൻസിൻെറ മുഖത്തേക്കു തന്നെ തുറിച്ചുനോക്കിയിട്ടു്:

"ക്ഷമയോ! ഒരുകാലത്തും ക്ഷമിക്കയില്ല. നിങ്ങഠം ഇനിയെങ്കിലും എനിക്കു സ്വൈരം തരില്ലേ? എൻെറ ജീവിതം നിശ്ശേഷം നശിപ്പിച്ചിട്ടും നിങ്ങഠംക്കു തൃപ്തി വന്നില്ല. അല്ലേ?"

ഹാൻസ്:—ശരി! അതുതന്നെയാണു ഞാൻ പറയാൻ വരുന്നതു്. ഞാൻ നിൻെറ ജീവിതം നശിപ്പിച്ചിട്ടില്ല. നീ ഗർഭിണിയാണെന്നു് അറിഞ്ഞ മാത്രയിൽ എൻെറ പ്രകൃതം ആകമാനം മാറിയിരിക്കുന്നു. നീ ഗർഭിണിയായതിൽ ഞാൻ എന്തെന്നില്ലാത്ത അഭിമാനംകൊള്ളുകയാണു്.

"അഭിമാനം കൊള്ളുന്നോ?" അവഠം പരുഷസ്വരത്തിൽ ചോദിച്ചു.

ഹാൻസ്:—ജാനററീ! നീ ഒരു കുഞ്ഞിനെ പ്രസവിക്കണം; അതു് എൻെറ ആവശ്യമാണു്. അലസിപ്പിക്കാനുള്ള ശ്രമങ്ങളെല്ലാം വിഫലമായതിൽ ഞാൻ സന്തോഷിക്കയാണു് ജാനററീ.

"നിങ്ങൾക്കത്തു് എങ്ങനെ പറയാൻ തോന്നി?"

"ഞാൻ പറയുന്നതു് ഒന്നു ശ്രദ്ധിച്ചു കേൾക്കു്. ഈ വസ്തുത ഗ്രഹിച്ചതു മുതൽ എൻെറ മനസ്സിൽ ഈ ഒരു വിചാരം മാത്രം. ഈ യുദ്ധം ഒരാറു മാസത്തിനുള്ളിൽ അവസാനിക്കും. അതു കഴിഞ്ഞാൽ ഉടമ്പടി ഉണ്ടാകും. ഇംഗ്ലീഷുകാരെ അടുത്ത രണ്ടുമാസത്തിനകം ഞങ്ങൾ മുട്ടുകുത്തിക്കും. അവൎക്കൊരു രക്ഷയുമില്ല. യുദ്ധം തീൎന്നാൽ ഞങ്ങളെ ഉടൻ പിരിച്ചുവിടും. കൂട്ടത്തിൽ ഞാനും സ്വതന്ത്രനാകും. ഞാൻ നിന്നെ വിവാഹം കഴിക്കുകയുംചെയ്യാം".

ജാനററി:—നിങ്ങളോ? എന്നെയോ? എന്തു പറഞ്ഞു?

ഹാൻസിൻെറ മുഖം വിളറിപ്പോയി. എങ്കിലും അയാൾ ധൈര്യമവലംബിച്ചു.

"ഞാൻ നിന്നെ നിർവ്യാജമായി സ്നേഹിക്കുന്നു". എന്നു പറഞ്ഞു. അയാൾ ജൎമ്മൻഭാഷയിലാണു് പറഞ്ഞതു്. ജൎമ്മൻഭാഷ കേട്ടു് അമ്മ മകളോടു ചോദിച്ചു.

"അതെന്താ? എന്താണിപ്പോൾ പറഞ്ഞതു്?"

മകൾ:—ഇയ്യാൾ എന്നെ സ്നേഹിക്കുന്നു, എന്നു്.

ഇത്രയും പറഞ്ഞു് ജാനററി തല പിന്നോട്ടു വെട്ടിച്ചു് ക്രൂരമായവിധം 'ഹ! ഹ! ഹ!' എന്നു് ഉറക്കെച്ചിരിച്ചു. ചിരിയുടെ ശബ്ദം ഒന്നിനൊന്നു കൂടിക്കൂടി വന്നു. ചിരി നിൽക്കുന്ന ലക്ഷണവും കണ്ടില്ല. ജാനററിയുടെ കണ്ണുകളിൽ വെള്ളം നിറഞ്ഞു. എന്നിട്ടും ചിരി നിറുത്തുന്നമട്ടില്ല. ഇത്രയുമായപ്പോൾ അമ്മ, മകളുടെ അടുത്തുചെന്നു് അവളുടെ രണ്ടുചെള്ളയ്ക്കും മാറിമാറി ഓരോ അടിവെച്ചുകൊടുത്തു.

അമ്മ:—നിങ്ങൾ ഇതിൽ ശ്രദ്ധിക്കേണ്ട. ഇതു് ഹിസ്റ്റീറിയ നിമിത്തമാണു്. ഗർഭിണികൾക്കു് ഈ ദീനം, ഈ ഘട്ടത്തിൽ സാധാരണയാണു്.

ജാനററി, വിമ്മിട്ടപ്പെട്ടു് ശ്വസിക്കുന്നതായി തോന്നി. ഒരുതരത്തിൽ അവൾ മനോനിയന്ത്രണം വീണ്ടെടുത്തു എന്നേ പറയേണ്ടൂ.

ഹാൻസ് പറഞ്ഞു: "ഞാൻ ഈ ഷാംപേൻ കൊണ്ടുവന്നതു് നാം തമ്മിലുള്ള വിവാഹനിശ്ചയം ആഘോഷിക്കാനാണു്."

ജാനററി:—ഇതാണു് എല്ലാററിലും കഷ്ടംകൈ! ഇത്തരം വിഡ്ഢികളാണു്, പടുവിഡ്ഢികളാണു്, ഫ്രഞ്ചുകാരെ തോല്പിച്ചതു്!

വീണ്ടും ഹാൻസ് ജർമ്മൻഭാഷയിൽ സംസാരം തുടങ്ങി. ടീച്ചർക്കു് ജർമ്മൻഭാഷ വശവുമായിരുന്നല്ലോ.

ഹാൻസ് വളരെ സ്നേഹപൂർവം പറഞ്ഞു: "ഓമനേ! ഞാൻ അറിഞ്ഞിരുന്നില്ല, ഞാൻ ഇത്രയേറെ നിന്നെ സ്നേഹിക്കുന്നുണ്ടെന്നു്. ദൈവത്തെ ഓർത്തു് എൻെറ സകല കുററങ്ങൾക്കും മാപ്പു നൽകുക. എന്നെ വിശ്വസിക്കുക".

"അങ്ങേരു് എന്താണു് പറയുന്നതു്?" അമ്മ ചോദിച്ചു.

ജാനററി:—ഓ! വിശേഷിച്ചൊന്നുമില്ല.

വീണ്ടും ഹാൻസ് ഫ്രഞ്ചുഭാഷയിൽ സംസാരംതുടന്നു. താൻ പറയാൻപോകുന്നതു് ജാനററിയുടെ മാതാപിതാക്കന്മാരും മനസ്സിലാക്കണമെന്നു് ഹാൻസിനു നിർബന്ധമുണ്ടായിരുന്നു.

"ഞാൻ ഇപ്പോൾതന്നെ നിന്നേ വിവാഹംകഴിക്കുമായിരുന്നു. എന്നാൽ അധികാരികൾ അതിനു് അനുവദിക്കുയയില്ല. എന്തുചെയ്യട്ടെ? ഞാൻ അത്ര നിസ്സാരനാണെന്നു് നീ ധരിക്കരുതു്. എൻെറ അച്ഛനു് നന്നായി കഴിച്ചിലിനുണ്ടു്. ഞങ്ങളുടെ ഗ്രാമത്തിൽ ഞങ്ങൾക്കു് ഒരു മാന്യമായ നിലയുമുണ്ടു്. ഞാൻ അച്ഛൻെറ മൂത്ത മകനാണു്. നമുക്കു് ഒന്നിനും യാതൊരു ബുദ്ധിമുട്ടുമുണ്ടാവില്ല."

"നിങ്ങൾ കത്തോലിക്കനാണോ?" അമ്മ എടുത്തു ചോദിച്ചു.

"അതേ! ഞാനൊരു ഒന്നാന്തരം കത്തോലിക്കനാണു്".

"അതൊരു മഹാഭാഗ്യമാണല്ലോ". ആ അമ്മ പ്രതിവചിച്ചു.

ഹാൻസ് തുടന്നു: "ഞങ്ങൾ താമസിക്കുന്ന ഗ്രാമം വളരെ സുന്ദരമാണു്. വളരെ ഫലപുഷ്ടിയുള്ളതുമാണു്

വളമുള്ള നല്ല മണ്ണു്. ആ ഗ്രാമത്തിൽ ഏററവും ഫലപുഷ്ടിയുള്ളതു് എൻെറ അച്ഛൻെറ തോട്ടങ്ങളാണു്. ഞങ്ങാംക്കു ഒരു കടബാദ്ധ്യതകളുമില്ല. എൻെറ മുത്തച്ഛനാണു് വസ്തുക്കളിൽ അധിക ഭാഗവും വാങ്ങിയതു്. അതു് 1870—ലെ യുദ്ധത്തിനുശേഷമാണുതാനും. ഞങ്ങാംക്കു് നല്ല ഒരു കാറും റേഡിയോയും ഉണ്ടു്. ഒരു ഫോൺ ഘടിപ്പിക്കാനുള്ള ഏർപ്പാടുകാം എല്ലാം അച്ഛൻ ചെയ്തുകൊണ്ടിരിക്കയാണു്.''

ഇത്രയും കേട്ടപ്പോാം ജാനററി തിരിഞ്ഞു് അച്ഛനോടായി പുച്ഛരസത്തിൽ ''ഈ മനുഷ്യൻ വലിയ തന്ത്രശാലിയാണു്; നയവഞ്ചകനാണു്'' എന്നു പറഞ്ഞു. ഹാൻസിനെ തുറിച്ചുനോക്കിക്കൊണ്ടു് ''എനിക്കുള്ള പദവികാം എത്ര വലുതു്! അന്യദേശത്തുകാരി! കീഴടങ്ങിയ രാജ്യത്തിലുള്ളവാം! വിവാഹത്തിനുമുമ്പേ ഒരു കുട്ടിയുടെ അമ്മയായിത്തീന്നവാം! എന്തു സുഖം! എന്തു ഭാഗ്യം! അല്ലേ അച്ഛാ! ഇതിൽപരം ഒരു ഭാഗ്യം വരാനുണ്ടോ?'' എന്നു് ആക്ഷേപസ്വരത്തിൽ മറുപടി പറഞ്ഞു.

അവളുടെ അച്ഛൻ ഏറെ സംസാരിക്കുന്ന പ്രകൃതക്കാരനല്ല. എങ്കിലും ഈ അവസരത്തിൽ രണ്ടുവാക്കു പറയണമെന്നു് അദ്ദേഹത്തിനു തോന്നി.

''ഹേ! ചെറുപ്പക്കാരാ! നിങ്ങളുടെ ഉദ്ദേശ്യം നല്ലതുതന്നെ. നിങ്ങളുടെ മുൻപ്രവൃത്തികളേയും ഞാൻ കുററപ്പെടുത്തുന്നില്ല. ഒന്നാം ലോകമഹായുദ്ധത്തിൽ ഞാനും ഒരു ഭടനായിരുന്നു. യുദ്ധകാലത്തു പട്ടാളക്കാരുടെ തോന്ന്യാസം കുറച്ചൊക്കെ എനിക്കുമറിയാം. സമാധാനകാലത്തു നാം ചിന്തിക്കാത്ത പലതും അന്നവർ ചെയ്യും. മനുഷ്യപ്രകൃതം, എന്നും മനുഷ്യപ്രകൃതംതന്നെ. അതു മാററാനൊക്കില്ല. എന്നാൽ നിങ്ങളുടെ ആഗ്രഹം നിറവേററാൻ ഒരു തടസ്സമുണ്ടു്. ഞങ്ങളുടെ മകനാണെങ്കിൽ മരിച്ചു. ആണും പെണ്ണുമായിട്ടു് ഞങ്ങാംക്കു് ഇവാം ഒരു കുട്ടിയേയുള്ളൂ. അവളെക്കൂടി ഉന്തിത്തള്ളി അയച്ചാൽ ഞങ്ങളെന്തു ചെയ്യും?''

ഹാൻസ്:—അതെ! ഞാനും അതു വിചാരിക്കാതെ ഇരുന്നില്ല. അതിനും എനിക്കു സമാധാനമുണ്ട്. ഞാൻ നിങ്ങളോടൊന്നിച്ച് ഇവിടെ പാത്തുകൊള്ളാം.

ജാനററി, ഹാൻസിനെ സൂക്ഷിച്ചുനോക്കി.

''നിങ്ങഠം എന്താണു പറയുന്നത്?'' ആ അമ്മ ഒന്നു കൂടി ആരാഞ്ഞു.

ഹാൻസ്:—എനിക്കു വീട്ടിൽ ഇളയ ഒരു സഹോദരനുണ്ട്. എൻെറ അച്ഛനെ സംരക്ഷിക്കാൻ അവൻ മതി. ഞാൻ നിങ്ങളുടെ ഈ ഗ്രാമം ഇഷ്ടപ്പെടുന്നു. ആത്മാർത്ഥമായി ജോലി എടുക്കുകയും എടുപ്പിക്കുകയും ചെയ്താൽ ഈ കൃഷിസ്ഥലത്തുനിന്നും ഒരു നല്ല ആദായം ഉണ്ടാക്കാം. യുദ്ധം കഴിയുമ്പോഠം അനേകം ജർമ്മൻഭടന്മാർ ഇവിടെത്തന്നെ സ്ഥിരവാസമാക്കും. ഇവിടുത്തെ കൃഷിഭൂമികളിൽ വേലചെയ്യാൻ വേണ്ടത്ര ഫ്രഞ്ചുകാരില്ലെന്നു് എല്ലാവക്കുമറിയാം. ഇന്നാഠം സോയ്സൺസിൽവച്ച് ഒരു ഫ്രഞ്ചുകാരൻ പ്രസംഗിക്കുന്നതു കേട്ടു, കൃഷിസ്ഥലങ്ങഠം ജോലിക്കു് ആളില്ലാതെ തരിശായി കിടക്കുന്നു എന്നു് അയാഠം സങ്കടപ്പെട്ടു.

ജാനററിയുടെ അച്ഛനമ്മമാർ അത്ഥഗർഭമായി അന്യോന്യം നോക്കി. ഹാൻസ് പറഞ്ഞ കാര്യങ്ങഠം അവക്കു് ചിന്താവിഷയമായിത്തീന്നെന്നു് ജാനററി ഗ്രഹിച്ചു. അവരോടൊരുമിച്ചു പാക്കാൻ തരപ്പെടുന്ന ഒരു ജാമാതാവിനുവേണ്ടി അവർ കാംക്ഷിച്ചിരുന്നു എന്നു് ജാനററിക്കറിയാം. അവക്കു് ക്ഷീണകാലമാകുമ്പോഠം കൃഷിക്കാര്യങ്ങളുടെ ചുമതല ഏറെറടുക്കാൻ പ്രാപ്തനായ ഒരാളാണു് മകഠംക്കു ഭത്താവായി വരേണ്ടതു് എന്നവർ കൂടെക്കൂടെ പറയാറുണ്ടായിരുന്നു. ജാനററിയുടെ അമ്മ പറഞ്ഞു:—

''ഇപ്പോഠം ഹാൻസ് പറഞ്ഞതു് ഗൌരവമായി ആലോചിക്കേണ്ട ഒരു സംഗതിയാണു്. സ്ഥിതിഗതികഠം പാടേ മാറിയിരിക്കയാണല്ലോ?''

ജാനററി:—അമ്മ ഒന്നു ചുമ്മാതിരിക്കു അമ്മേ.

അവഠം പരുഷസ്വരത്തിലാണു് പറഞ്ഞതു്.

അനന്തരം ജാനററി ഹാൻസിൻെറ നേരേ തിരിഞ്ഞു് ഉദ്വേഗത്തോടെ:

"ഹേ! ജമ്മൻകാരൻ! എൻെറ വിവാഹനിശ്ചയം കഴിഞ്ഞിരിക്കുകയാണ്. ഞാൻ പഠിപ്പിക്കുന്ന വിദ്യാലയത്തിലെ ഒരദ്ധ്യാപകനാണ് ആ മാന്യൻ. യുദ്ധംതീന്നാലുടൻ വിവാഹം നടക്കും. അദ്ദേഹം നിങ്ങളേപ്പോലെ തടിമാടനും സുന്ദരനുമല്ലായിരിക്കാം. ചടച്ച ഒരു കൊച്ചു മനുഷ്യനാണ്. പക്ഷേ, അദ്ദേഹത്തിൻെറ മുഖത്തു് സംസ്കാരത്തിൻേറയും ബുദ്ധിയുടേയും പ്രകാശമുണ്ടു്. കളങ്കമില്ലാത്ത ഒരാത്മാവാണ് എൻെറ കാമുകനുള്ളതു്. ആരും ഒരു കാടനോ കാട്ടാളനോ അല്ല. പരിഷ്കൃതനാണ്. ഒരായിരം വർഷത്തെ സംസ്ക്കാരപാരമ്പര്യത്തിൻെറ അവകാശിയാണ് അദ്ദേഹം. പോരാത്തതിന് ഞാൻ അദ്ദേഹത്തെ സ്നേഹിക്കുന്നു. എൻെറ ശരീരവും ആത്മാവും ഞാൻ അദ്ദേഹത്തിനുവേണ്ടി ഉഴിഞ്ഞുവെച്ചിരിക്കയാണ്."

ഹാൻസിൻെറ മുഖത്തിൽ ചോരയോട്ടംനിലച്ചതായി തോന്നി. അയാരം വിളറി വെളുത്തുപോയി. ഇത്തരം ഒരു ബന്ധത്തിൽ അവരം ഏർപ്പെട്ടിരുന്നു എന്ന കഥ, ഹാൻസ് ഇപ്പോരം മാത്രമാണറിയുന്നതു്.

ഹാൻസ് ധൈര്യം വീണ്ടെടുത്തു ചോദിച്ചു:

"അദ്ദേഹമിപ്പോരം എവിടെയാണ്?"

ജാനററി:—എവിടെ ആയിരിക്കുമെന്നാ നിങ്ങരംക്കു തോന്നുന്നതു്? നിങ്ങളുടെ നാട്ടിൽ—ജമ്മനിയിൽ,തടവുകാരനാണ്! അവിടെ പട്ടിണികിടന്നു ചാവുകയാണ്, നിങ്ങരം ഞങ്ങളുടെ രക്തവും മാംസവും കഴിച്ചു്, തടിച്ചു കൊഴുക്കുമ്പോരം. ദൈവമേ! എത്ര പ്രാവശ്യം ഞാൻ പറഞ്ഞു, ഞാൻ നിങ്ങളെ വെറുക്കുന്നു, വെറുക്കുന്നു, വെറുക്കുന്നു, എന്നു്. നിങ്ങരം എന്നോടു മാപ്പുചോദിക്കുന്നു! ഇല്ല മാപ്പുതരുകയില്ല, ക്ഷമിക്കുകയില്ല; ഇനി എന്നോടൊന്നും പറയേണ്ട.

ഇത്രയും പറഞ്ഞിട്ടു്, ജാനററി മുഖം തിരിച്ചുകളഞ്ഞു. വീണ്ടും പകുതി തന്നോടായിത്തന്നെ അവരം പറഞ്ഞു: "ഈ മഹാപാപി എൻെറ ജീവിതം നശിപ്പിച്ചു. പക്ഷേ, എൻെറ ഗാവിൻ എനിക്കു മാപ്പുതരാതിരിക്കയില്ല.

എന്നോടു സ്നേഹമുണ്ടു്; ഹൃദയാലുവാണു്. എങ്കിലും എന്നെ അദ്ദേഹം മററുതരത്തിൽ സംശയിച്ചേക്കുമോ എന്നാണെൻെറ ഭയം.. വെണ്ണയും ചീസും സ്റ്റോക്കിംഗ്സും കിട്ടാൻവേണ്ടി ഞാൻ ഇതിനു വഴിപ്പെട്ടു എന്നു്! അതാണെനിക്കു ഭയം. ആ വിചാരമാണു് എന്നെ ദഹിപ്പിക്കുന്നതു്. ഫ്രഞ്ചുവനിതകൾ പലരും അങ്ങനെ ചെയ്തിരിക്കാം.'' എന്നിട്ടു് ഹാൻസിനോടായി: ''എടോ, താനൊന്നു് ഓൎത്തുനോക്കു. ഞങ്ങളുടെ ജീവിതം എത്ര അസ്വാഭാവികമായിരിക്കുമെന്നു്. എൻെറ വയററിൽ കിടന്നു പിടയ്ക്കുന്ന ഈ കുഞ്ഞിനെ—ഒരുജൎമ്മൻകുഞ്ഞിനെ—സ്വന്തമെന്ന നിലയ്ക്കു് ഞങ്ങൾ വളൎത്തണം. വേണ്ടേ? തൻെറ തൽസ്വരൂപത്തിൽ തക്കിടിമുണ്ടനായ ഒരു കുഞ്ഞു്—ഹോ! എനിയ്ക്കോൎക്കാൻമേല! എൻെറ ദൈവമേ! എനിക്കു് ഇങ്ങനെ ഒരു വിധി വച്ചിരുന്നല്ലോ. ഞാൻ എന്തു തെററു ചെയ്തു?''

ജാനററി കരഞ്ഞുകൊണ്ടു് അവിടെനിന്നു് എഴുന്നേററു് അവളുടെ മുറിയിലേക്കു പോയി. ഹാൻസും അച്ഛനമ്മമാരും മാത്രം അടുക്കളയിൽ അവശേഷിച്ചു. ഹാൻസ് ആലോചനാമഗ്നനായി, ആ ഷാംപേൻകുപ്പിയിൽതന്നെ നോക്കിക്കൊണ്ടിരുന്നു. അനന്തരം ഒരു ദീൎഘശ്വാസം വിട്ടു് എഴുന്നേററു പുറത്തേയ്ക്കു പോയി. അമ്മ അയാളേ അനുഗമിച്ചു.

''നിങ്ങൾ എൻെറ മകളേ വിവാഹം ചെയ്യാമെന്നു പറഞ്ഞതു് നേരുതന്നെയോ?'' അവർ കുറേ പതുക്കെ, എന്നാൽ ഗൗരവത്തിൽ,ചോദിച്ചു.

''അതെ, എന്തിനു സംശയിക്കുന്നു? ഞാൻ പറഞ്ഞതു് അക്ഷരംപ്രതി സത്യമാണു്. ഞാൻ ജാനററിയെ നിൎവ്യാജം സ്നേഹിക്കുന്നു.''

അമ്മ:—വിവാഹംകഴിഞ്ഞാൽ അവളേ ജൎമ്മനിയിലേക്കു കൊണ്ടുപോകയില്ല, അല്ലേ? ഇവിടെ ഞങ്ങളുടെ കൂടെ പാൎത്തു് കൃഷികാൎയ്യങ്ങൾ നോക്കിക്കൊള്ളും,അല്ലേ?

ഹാൻസ്:—അമ്മ എന്തിനു് എന്നേ സംശയിക്കുന്നു? ഞാൻ ദൈവത്തെസാക്ഷിയാക്കി ഇതാകൈയ്യടിച്ചുസത്യം ചെയ്യുന്നു!

അമ്മ:—അങ്ങനെയോ! എൻെറ ഭത്താവിനു് ക്ഷീണമായിത്തുടങ്ങി. എപ്പോഴാ, എന്തോ, എന്നൊന്നും അറിഞ്ഞുകൂടാ. നിങ്ങൾക്കാണെങ്കിൽ നിങ്ങളുടെ വീട്ടിൽ അനുജനുണ്ടു്. അയാളും അച്ഛൻെറ സ്വത്തിനു് അവകാശിയാണല്ലോ. ഇവിടെയുള്ളതെല്ലാം നിങ്ങളുടേതാവും. എന്തു പറയുന്നു?

ഹാൻസ്:—അതും വളരെ ശരിയാണു്.

അമ്മ:—ഒരു രഹസ്യം പറയാം. എൻെറ മകൾ ആ 'ടീച്ചറെ' വിവാഹംകഴിക്കുന്ന കാര്യത്തിൽ ഞങ്ങൾക്കു തീരെ ഇഷ്ടമില്ലായിരുന്നു. ആ ആലോചന വന്നപ്പോൾ ഞങ്ങളുടെ മകൻ ജീവിച്ചിരിപ്പുണ്ടായിരുന്നു. അവൻ പറഞ്ഞു, അവൾക്കതാണിഷ്ടമെങ്കിൽ അങ്ങനെ നടക്കട്ടെ എന്നു്. ജാനററിക്കാണെങ്കിൽ ആ ടീച്ചർ എന്നു പറഞ്ഞാൽ ജീവനാണുതാനും. എന്നാൽ പാവം, എൻെറ മകൻ പോയല്ലോ. (അമ്മ കരഞ്ഞുതുടങ്ങി) ഇപ്പോൾ സംഗതികൾ ആകെപ്പാടേ മാറി. ടീച്ചർ തടവുപുള്ളിയായിത്തീൎന്നു. ജാനററി ഒററയ്ക്കു് ഈ കൃഷികാര്യങ്ങൾ എങ്ങനെ നടത്താനാണു്?

ഹാൻസ്:—ഏതായാലും ഇത്രനല്ല സ്ഥലം വില്ക്കാൻ ഇടവരുത്തുന്നതു് വളരെ കഷ്ടമാണു്. നമുക്കു് നമ്മുടേതു് എന്നു പറയാൻ ഈ ഭൂമി ഒന്നുമാത്രമേയുള്ളു.

വത്തമാനം പറഞ്ഞുപറഞ്ഞു് അവർ റോഡിലെത്തി. ഹാൻസ് സൈക്കിളിൽ കയറിയപ്പോൾ ആ അമ്മ ഹാൻസിൻെറ കൈപിടിച്ചു് മന്ദമായി ഒന്നമത്തി. ഹാൻസ് കുറച്ചുദൂരം പോയപ്പോൾ "വീണ്ടും വേഗം വരണേ", എന്നവർ വിളിച്ചുപറഞ്ഞു.

ജാനററിയുടെ അമ്മ തൻെറ പക്ഷത്താണെന്നു് ഹാൻസിനു ബോദ്ധ്യമായി. ഈ ഒരു വിശ്വാസമാണു് അയാൾക്കു് ആശ്വാസം നൽകിയതു്. ജാനററിക്കു് ഒരു കാമുകനുണ്ടെന്നുള്ളതു് വിഷമംപിടിച്ച ഒരു പ്രശ്നമാണു്.

എന്നാൽ ഭാഗ്യത്തിന് അയാൾ ജർമ്മനിയിൽ തടങ്കലി ലാണല്ലോ. അയാളെ അവിടെനിന്നും വിട്ടുതൽ ചെയ്യു ന്നതിനു മുമ്പായി അവൾ പ്രസവിക്കും. തൻെറ കുഞ്ഞി നേ കാണുമ്പോൾ തന്നോടുള്ള അവളുടെ മനോഭാവത്തിനും മാററം വരാവുന്നതാണ്. സ്ത്രീസ്വഭാവം എങ്ങിനെയെല്ലാം തിരിയുമെന്ന് മുൻകൂട്ടി വിധിക്കാനാവില്ലല്ലോ. കുഞ്ഞു ണ്ടാകുമ്പോൾ അവൾ തന്നേ സ്നേഹിക്കും. താൻ ചെയ്ത കുററത്തിൻെറ ഗൌരവം കുറയുന്നില്ലേ, താൻ അവളെ പൂണ്ണമനസ്സാലേ വിവാഹം ചെയ്യാമെന്നു സമ്മതിക്കു മ്പോൾ! അവൾ വിചാരിച്ചപോലെ താൻ കാടനോ കാട്ടാളനോ അല്ലെന്ന്, അവൾക്കു ബോദ്ധ്യമാകും. അയ്യോ! തന്നേപ്പററി സ്മരിക്കുമ്പോൾ അവളിൽ സ്ഫുരിക്കുന്ന കോപം! അല്ലാ, അതിനവളേ കുററപ്പെടുത്താനും തരമില്ല. മിടുക്കി! അവൾ എത്ര ഭംഗിയായി സംസാരിക്കുന്നു! ഹൃദയത്തിൽ തറയ്ക്കുന്നവിധം സംസാരിക്കാൻ ഈ ഫ്രഞ്ചു കാക്കുള്ള കഴിവ് അത്ഭുതാവഹമാണ്. തന്നേ ശകാരിച്ചു കൊണ്ടിരുന്നപ്പോൾപോലും അതു കേൾക്കുവാൻ എന്തു കൌതുകമായിരുന്നു! താനും കുറേയൊക്കെ വിദ്യാഭ്യാസം ചെയ്തവനാണ്. പക്ഷേ, സംഭാഷണത്തിൽ അവളുടെ വെട്ടത്തെങ്ങും നൽക്കുകയില്ല. വാസ്തവമാണ്, സംസ്കാരം, തനിസംസ്കാരം, അങ്ങിനെ ഒന്നുണ്ട്. അതാണ് അവ ളുടെ പെരുമാററങ്ങളിൽ കണ്ടതും.

അങ്ങിനെ സൈക്കിൾയാത്രയുടെ ഇടയ്ക്കിടയ്ക്കു ഹാൻസ് ആരോടെന്നില്ലാതെ ഉറക്കെപ്പറഞ്ഞുകൊണ്ടി രുന്നു ''ഞാൻ ഒരു കഴുതയാണേ! ഞാൻ ഒരു കഴുതയാണേ' എന്ന്.

ഹാൻസ് വീണ്ടും ഓർത്തു. താൻ തടിയനാണെന്നും സുന്ദരനാണെന്നും തൻെറ കണ്ണും മുടിയും മനോഹരമാ ണെന്നും മററും ജാനററി തൻെറ മുഖത്തു നോക്കിപ്പറ ഞ്ഞില്ലേ? തൻെറ സൌന്ദര്യം അവളെ ആകർഷിച്ചിരു ന്നില്ലെങ്കിൽ അങ്ങിനെ പറയുമായിരുന്നോ? വയററിൽ കിടക്കുന്ന കുഞ്ഞു് തൻെറ 'തൽസ്വരൂപ'ത്തിലായിരിക്കു മെന്ന് അവൾ പറഞ്ഞല്ലോ. ഏയ്! അവൾക്കു തന്നോട്

കുറുണ്ടാകാതിരിക്കാൻ തരമില്ല. കാത്തിരിക്കുകതന്നെ, ക്ഷമയോടെ. മനുഷ്യപ്രകൃതി, അതിൻേറതായ പ്രവൃത്തികരം ചെയ്യാൻ അനുവദിക്കുക. താൻ എന്തിനു് ധൃതികൂട്ടുന്നു? കാത്തിരിക്കതന്നെ!

ആഴ്ചകരം ഒന്നൊന്നായി ഇഴഞ്ഞുപോയി. സോയ്സൺസിൽ താവളമടിച്ചിരുന്ന ജമ്മൻസൈന്യത്തിൻെറ മേധാവി പ്രകൃത്യാ ഒരു അലസനായിരുന്നു. അത്യാവശ്യമില്ലാതെ പട്ടാളക്കാരേയിട്ടു് വട്ടംതിരിക്കാനും അദ്ദേഹം ആഗ്രഹിച്ചില്ല. നിരന്തരമായ വിമാനാക്രമണത്താൽ ഇംഗ്ലണ്ടു്, ചാമ്പലായിക്കൊണ്ടിരിക്കുന്ന വസ്തുത ജമ്മൻ പത്രങ്ങളിൽനിന്നും അവർ ഗ്രഹിച്ചു. ഇംഗ്ലീഷ്ജനത ഒന്നടങ്കം ഏറെ പരിഭ്രാന്തരായിക്കഴിഞ്ഞുകൂടുകയാണു്. ബ്രിട്ടീഷ് കപ്പലുകളെ ജമ്മൻ അന്തർവാഹിനികരം, ഡസൻ കണക്കിനാണു് വെള്ളത്തിൽ താഴ്ത്തുന്നതു്. വെറും പട്ടിണികൊണ്ടു മാത്രം ഇംഗ്ലീഷുകാർ മുട്ടുകുത്തുമെന്ന നിലവന്നു. രണ്ടുമൂന്നു മാസത്തിനകം, ജർമ്മൻകാർ ലോകത്തിൻെറതന്നെ നാഥന്മാരായിത്തീരും.

ഇതിനിടയ്ക്കു് ഹാൻസ് സ്വന്തം വീട്ടിലേയ്ക്കു് അച്ഛനു് എഴുത്തയച്ചുകഴിഞ്ഞിരുന്നു. താൻ ഒരു ഫ്രഞ്ചു വനിതയെ വിവാഹംചെയ്യാൻ പോകുന്നു, ധാരാളം കൃഷിസ്ഥലങ്ങളുടെ അവകാശി ആയിത്തീരും, വീട്ടിലുള്ള തൻെറ സ്വത്തുക്കരം ഒന്നുകിൽ അനുജൻതന്നെ എടുത്തോ, അല്ലെങ്കിൽ ആക്കെങ്കിലും തീറുകൊടുത്തോ, കിട്ടുന്ന സംഖ്യ ഇങ്ങോട്ടയയ്ക്കാനും, അച്ഛനുള്ള കത്തിൽ ഹാൻസ് ആവശ്യപ്പെട്ടിരുന്നു. ഫ്രാൻസിൽ ഭൂമി കിട്ടാനെളുപ്പമാണെന്നും, തൻെറ കൃഷിസ്ഥലങ്ങരം വർദ്ധിപ്പിക്കാൻ താൻ ആഗ്രഹിക്കുന്നു എന്നും മററുമുള്ള വിവരങ്ങളും കത്തിൽ പ്രതിപാദിച്ചിരുന്നു.

ഹാൻസും ജാനററിയുടെ അച്ഛനും തമ്മിലുള്ള കൂട്ടുകെട്ടു് ദൃഢതരമായി. അവർ ഒരുമിച്ചു് ആ കൃഷിസ്ഥലങ്ങരം ചുററിനടന്നു കണ്ടു. ഭൂമിയിൽ വരുത്തേണ്ട പരിഷ്ക്കാരങ്ങളേപ്പററി ഹാൻസിൻെറ വിദഗ്ദ്ധമായ അഭിപ്രായം, ഗൃഹനാഥൻ വളരെ കൗതുകത്തോടും ആദരവോടും

കൂടി കേട്ടു. താൻ ഒരു ജർമ്മൻ പടയാളിയാകയാൽ, പണിയായുധങ്ങളും യന്ത്രക്കലപ്പകളും മററും വിഷമം കൂടാതെ വാങ്ങാൻ സാധിക്കുമെന്നും അത്തരം നവീന സമ്പ്രദായങ്ങഠം സ്വീകരിച്ചാൽ ഇപ്പോഴത്തേക്കാഠം പത്തിരട്ടി ആദായമുണ്ടാക്കാൻ സാധിക്കുമെന്നും ഹാൻസ് ഉറപ്പിച്ചുപറഞ്ഞു.

പിന്നീടൊരവസരത്തിൽ, ജാനററിയുടെ അമ്മ, ഹാൻസിനോടു പറഞ്ഞു, ജാനററിയുടെ അച്ഛനു് അയാളെപ്പററി വലിയ മതിപ്പാണെന്നു്. ഹാൻസിൻെറ കൃഷികാര്യത്തിലുള്ള അറിവാണു്, അച്ഛനേ അത്ഭുതപ്പെടുത്തിയതു്. അങ്ങനെ ആ മാതാപിതാക്കളുടെ ഉററ ചങ്ങാതിയായിത്തീൎന്നു, ഹാൻസ്.

ഞായറാഴ്ചതോറും അവരുടെ ഉച്ചഭക്ഷണത്തിൽ പങ്കുകൊള്ളണമെന്നു് അവർ ഹാൻസിനേ നിർബ്ബന്ധിച്ചു. എന്നല്ല, ഹാൻസ് എന്ന ജർമ്മൻപേരു് ഫ്രഞ്ചുഭാഷയിലാക്കി, അവർ അയാളേ 'ജീൻ' എന്നു വിളിച്ചുംതുടങ്ങി. ആ വീട്ടിലേ അത്യാവശ്യജോലികഠം ഹാൻസ് സ്വമേധയാ ചെയ്യുന്നതിനും സന്നദ്ധത കാണിച്ചു. ജാനററിക്കാണെങ്കിൽ, ഓരോ ദിവസം കഴിയുന്തോറും ക്ഷീണം വർദ്ധിച്ചു വർദ്ധിച്ചുവരുന്നു. അതിനാൽ 'ജീനി'ൻെറ സാന്നിദ്ധ്യവും സഹായവും വീട്ടുകാർക്കു് വലിയ അനുഗ്രഹമായിട്ടുതോന്നി.

എന്നാൽ ജാനററിയുടെ വിദ്വേഷത്തിനു് ഒരു കുറവും വന്നില്ല. ഹാൻസ് വല്ലപ്പോഴും നേരിട്ടു് എന്തെങ്കിലും ചോദിച്ചാൽ ഒന്നോ രണ്ടോ വാക്കുകളിൽ വെട്ടിമുറിച്ചുപോലെ ഉത്തരം പറഞ്ഞിട്ടു് സ്ഥലംവിടും. ചുരുക്കത്തിൽ ഹാൻസിൻെറ അവിടെയുള്ള സാന്നിദ്ധ്യത്തെ അവഠം പാടേ അവഗണിക്കതന്നെ ചെയ്തു.

ജാനററി ഇപ്പോഠം പൂർണ്ണ ഗർഭിണിയായായി. മുഖത്തിൽ രക്തപ്രസാദവും അവയവങ്ങഠംക്കു് അഭ്രുതപൂൎവ്വമായ ഓജസ്സും ഉണ്ടായി. ഹാൻസിൻെറ നയനങ്ങഠം വളരെ തൃഷ്ണയോടെ ഈ രൂപസൗഭാഗ്യം നുകൎന്നു. മാതൃത്വത്തിൻെറ മുന്നോടിയായി അവളിൽ തെളിഞ്ഞുവന്ന

ഈ ലാവണ്യം, പാത്തും പതുങ്ങിയും ഹാൻസ് നോക്കി ആനന്ദിച്ചിരുന്നു. അങ്ങനെയിരിക്കെ, ഒരുദിവസം ഹാൻസ് നേരേ കൃഷിസ്ഥലത്തേക്കു പോയപ്പോൾ, ജാനററിയുടെ അമ്മ കൈകാട്ടി വിളിച്ചു.

"ഞാൻ ഒരു മണിക്കൂറായി കാത്തിരിക്കുന്നു. ഇന്നു വരികയില്ലെന്നു വിചാരിച്ചു. ഒരു നല്ല വാത്ത ലഭിച്ചിരിക്കുന്നു. ഗാവിൻ മരിച്ചുപോയി."

"ഈ 'ഗാവിൻ' ആരാണ്?"

"ജാനററിക്കു നിശ്ചയിച്ചിരുന്ന ആ ടീച്ചർ!"

ഹാൻസിൻെറ ഹൃദയം തുള്ളിച്ചാടി. ഭാഗ്യം, മഹാഭാഗ്യം! അങ്ങനെ തടസ്സങ്ങൾ ഒന്നൊന്നായി നീങ്ങിക്കിട്ടുന്നു. ദൈവം കരുണാശാലിയാണെന്നു് ഹാൻസിനു് ബോദ്ധ്യമായി.

"ജാനററി അറിഞ്ഞോ? അവൾ കരയുകയാണോ?" ഹാൻസ് ചോദിച്ചു.

അമ്മ:-അവൾ കരയുന്നുംമററുമില്ല. ഞാൻ സമാധാനിപ്പിക്കാൻ ചെന്നപ്പോൾ എന്നേ കടിച്ചുതിന്നാൻവന്നു. നിങ്ങൾ ഇന്നു് അവളുടെ അടുത്തെങ്ങുംപോകല്ലേ. കണ്ടാൽ അവൾ കഥ കഴിച്ചേക്കും.

ഹാൻസ്:—ഗാവിൻ മരിച്ചതു് എൻെറ കുററം കൊണ്ടോ? ഞാനെന്തു പിഴച്ചു? ഈ വിവരം അമ്മ എങ്ങനെ അറിഞ്ഞു?

അമ്മ:—ഗാവിൻെറ കൂട്ടുകാരനായ ഒരു തടവുകാരൻ, തടവു ചാടി, സ്വിററ്സർലണ്ടുവഴി ഫ്രാൻസിലെത്തി. അയാളാണു് ജാനററിക്കു് ഈ വിവരം കാണിച്ചു് കത്തിട്ടതു്. അവരുടെ തടങ്കൽ പാളയത്തിൽ ഒരു ലഹളയുണ്ടായിപോലും. പട്ടിണികൊണ്ടു് തടവുകാർ ലഹളകൂട്ടി. ലഹളത്തലവന്മാരെയെല്ലാം ജർമ്മൻകാർ വെടിവെച്ചു വീഴ്ത്തി. കൂട്ടത്തിൽ ഗാവിനും കൊല്ലപ്പെട്ടു.

ഹാൻസ് കുറേനേരം മൗനമവലംബിച്ചു. ലഹളത്തലവന്മാരെ വെടിവെച്ചതു് വേണ്ടതുതന്നെ എന്നായിരുന്നു ഹാൻസിൻെറ ദൃഢമായ അഭിപ്രായം. തടങ്കൽ പാളയം

സുഖമെടുക്കാനുള്ള സങ്കേതമാണോ? തടവുകാർ എന്നും തടവുകാർതന്നെ. ഈ വഴിക്കാണു് അയാളുടെ ചിന്ത പോയതു്.

വീണ്ടും അമ്മ തുടർന്നു:—"ജാനററിക്കു് കുറച്ചു സമയം അനുവദിക്കുക. അവറം ഈ ദുഃഖം ഒന്നനുഭവിച്ചുതീരട്ടെ. ഒട്ടൊന്നു ശമിക്കുമ്പോറം ഞാൻതന്നെ അവളോടു് നേരിട്ടു സംസാരിക്കാം. വിവരത്തിനു് ഞാൻതന്നെ സോയ്. സൺസിലേഴ്സ്സു് നിങ്ങളുടെ പേക്കു് എഴുതുകയും ചെയ്യാം. എല്ലാം നേരേയാവും. അതിനുള്ള ലക്ഷണങ്ങളാ കാണുന്നേ.''

ഹാൻസ്:—ശരി! അങ്ങിനെയാകട്ടെ. ഇക്കാര്യത്തിൽ അമ്മ എന്നേ തുണക്കണം.

അമ്മ:—അതു പ്രത്യേകം പറയണമോ? എൻെറ ഭത്താവിനും എനിക്കും ഇതിൽ പൂർണ്ണസമ്മതമാണു്. ഞങ്ങറം പലപ്പോഴും ഇക്കാര്യത്തെപ്പററി സംസാരിച്ചിട്ടുണ്ടു്. ഇപ്പോഴത്തേ നിലക്കു് നിങ്ങളുമായുള്ള വേഴ്ച എല്ലാംകൊണ്ടും നല്ലതാണെന്നു് ഞങ്ങറംക്കു നിശ്ചയമുണ്ടു്. എൻെറ ഭത്താവു് അത്ര മണ്ടനൊന്നുമല്ല. ജമ്മൻകാരുമായി സഹകരിച്ചാൽ മാത്രമേ ഫ്രാൻസിനു് രക്ഷയുള്ളു എന്നാണു് അദ്ദേഹത്തിൻെറ അഭിപ്രായം. പിന്നെ, ഞങ്ങറം നിങ്ങളേ വെറുക്കേണ്ട കാര്യമെന്തു്? നിങ്ങറം ആ ടീച്ചറേക്കാറം എൻെറ മകറംക്കു് നല്ല ഒരു ഭത്താവായിത്തീരുമെന്നാണു് ഞങ്ങളുടെ വിശ്വാസം. പോരാത്തതിനു്, അവറംക്കു് നിങ്ങളിൽ ഒരു കുഞ്ഞും കൂടിയാവുമ്പോറം.

അവർ ചെറുതായി പുഞ്ചിരിതൂകി.

ഹാൻസ്:—ഒരാൺകുഞ്ഞാവണമെന്നാണു് എൻെറ പ്രാത്ഥന.

അമ്മ:—അങ്ങനെതന്നെ, സംശയിക്കേണ്ട. ഞങ്ങറം അവറം അറിയാതെ നറുക്കിട്ടു നോക്കാറുണ്ടു്. എപ്പോഴും കയ്യിൽ കിട്ടുന്നതു് ആൺകുഞ്ഞു് എന്നെഴുതിയ നറുക്കാണു്.

ഹാൻസ്:—ഓ! ഞാൻ മറന്നുപോയേനെ. ഇതാ, ഈ പത്രങ്ങറം അപ്പനെ ഏല്പിച്ചേക്കുക.

ഹാൻസ് വീണ്ടും സൈക്കിളിൽ കയറി പോകയും ചെയ്തു.

പത്രവായനയിൽ ജാനററിയുടെ അച്ഛനു് വലിയ താല്പര്യമായിരുന്നു. കൃഷിസ്ഥലത്തുനിന്നും വന്നാൽ വൈകിട്ടു് പതിവായി വായിക്കും. ഹിററ്ലർ, യൂറോപ്പിൽ ഒരു പുതിയ വ്യവസ്ഥിതി നടപ്പാക്കാൻ പോകുന്നതായി അയാറം അറിഞ്ഞു. ഇംഗ്ളണ്ടിനേ മുട്ടുകുത്തിക്കാനുള്ള സകല പരിപാടികളും ആവിഷ്ക്കരിക്കപ്പെട്ടിട്ടുണ്ടെന്നും, അമേരിക്കയിൽനിന്നു് വലിയ സഹായങ്ങളൊന്നും ഈ അടുത്തകാലത്തു പ്രതീക്ഷിക്കാനില്ലെന്നും പത്രങ്ങളിൽ സയുക്തികം പ്രതിപാദിച്ചു ഫലിപ്പിച്ചിരുന്നു. ജർമ്മൻകാരോടു യോജിച്ചു പ്രവർത്തിച്ചാൽ, ഫ്രാൻസിനു് അതിൻെറ സ്ഥാനം വീണ്ടെടുക്കുവാൻ സാധിക്കുമെന്നും, ഈ വിഷയത്തിൽ ജർമ്മൻകാരുടെ സകലവിധമായ സഹായവും ഫ്രാൻസിനു ലഭിക്കുമെന്നു അയാറം വിശ്വസിച്ചു. ഈവിധമുള്ള ലേഖനങ്ങളിൽ ഭൂരിഭാഗവും വളരെ പ്രശസ്തരായ ഫ്റഞ്ചുകാർതന്നെ പേരുവച്ചു പ്രസിദ്ധപ്പെടുത്തുന്നതുമാണു്. എങ്ങനെ വിശ്വസിക്കാതിരിക്കും? പാവപ്പെട്ടവൻെറയും കൃഷിക്കാരൻെറയും ശുഭകാലം സമാഗതമായിരിക്കുന്നതായി വിവരിച്ചുകൊണ്ടുള്ള ഈ പത്രലേഖനങ്ങറം വായിച്ചു വായിച്ചു് ജാനററിയുടെ അച്ഛനു് ജർമ്മൻകാരോടുള്ള വിരോധം ഒട്ടുമുക്കാലും അസ്തമിച്ചിരുന്നു. ഒരുകണക്കിനു് ഈ ആക്രമണവും കീഴടക്കലും ഫ്റാൻസിൻെറ നല്ല ഭാവിക്കു് ആവശ്യമായിരുന്നു എന്നുപോലും അയാറംക്കു തോന്നിപ്പോയി.

ഗാവിൻ മരിച്ച വാർത്ത കിട്ടിയിട്ടു് പത്തുദിവസം കഴിഞ്ഞു. കുടുംബാംഗങ്ങറം എല്ലാം ഭക്ഷണവുംകഴിഞ്ഞു് ഒന്നിച്ചിരുന്നപ്പോറം ഭർത്താവും ഭാര്യയുംകൂടി മുൻകൂട്ടി തയ്യാറാക്കിയിരുന്ന പരിപാടിയനുസരിച്ചു്, ജാനററിയോടു് സംഭാഷണമാരംഭിച്ചു.

അമ്മ:—ജാനററീ! മകളേ! ഞാൻ രണ്ടുദിവസത്തിനു മുമ്പ് ഹാൻസിനു് ഒരു എഴുത്തയച്ചിട്ടുണ്ടു്. നാളെ ഇത്രടം ഒന്നു വരണമെന്നും പറഞ്ഞിട്ടുണ്ടു്.

ജാനററി:—അമ്മേ,അതു് മുൻകൂട്ടിപ്പറഞ്ഞതിനു വളരെ നന്ദി. ഞാൻ അയാൾ പോകുന്നതുവരെ എൻെറ മുറിയടച്ചു് അതിൽതന്നെ ഇരുന്നുകൊള്ളാം.

അമ്മ:—മിണ്ടാതിരി മകളേ! മണ്ടത്തരത്തിനും ഒരതിരുണ്ടു്. നടപ്പുള്ള കാര്യത്തെപ്പററി ആലോചിക്കു്. ഈ ദുരഭിമാനം അങ്ങു കളഞ്ഞേ. ഗാവിൻ മരിച്ചുപോയി. ഹാൻസ് നിന്നെ സ്നേഹിക്കുന്നു. അയാൾ കണ്ടാലും തരക്കേടില്ല. അയാളേ കിട്ടാൻ ഏതു പെണ്ണും ആഗ്രഹിക്കും. നമ്മുടെ കൃഷിസ്ഥലങ്ങൾ നന്നാക്കുന്നതിനു് പുതിയ ഉപകരണങ്ങൾ വാങ്ങിക്കുന്നതിനും മററും നമുക്കാരാണുള്ളതു്? അയാൾ സ്വന്തംപണംകൊടുത്തു് യന്ത്രക്കലപ്പകളും മററും വാങ്ങാമെന്നു് ഏററിട്ടുണ്ടു്. പഴയ സംഗതികളെല്ലാം പഴയതുകളായി. അതു് അങ്ങു മറന്നുകള.

ജാനററി:—അമ്മ വെറുതേ വായിലെ വെള്ളംവററിക്കാതെ. എനിക്കു് മററാരുടെയും തുണകൂടാതെ ജീവിക്കാനുള്ള തൻേറടമുണ്ടു്. ഇപ്പോഴുമുണ്ടു്, നാളെയും ഉണ്ടാകും. ഞാൻ ആ ജമ്മൻകാരനെ വെറുക്കുന്നു. അവൻെറ തണ്ടും അഹങ്കാരവും എല്ലാം. എനിക്കവനെ കൊന്നു കുഴിച്ചുമൂടിയാൽപോലും ദേഷ്യം തീരില്ല. ജീവനോടിരിക്കുമ്പോൾതന്നെ ഇഞ്ചിഞ്ചായി അവനേ മരിപ്പിക്കണമെന്നാണു് എൻെറ മോഹം. എന്നാൽ മാത്രമേ എൻെറ ആത്മാവു് സമാധാനപ്പെടൂ. എന്നെ, ആ നീചൻ എത്രമാത്രം ദണ്ഡിപ്പിച്ചുവോ അതു്, ഒന്നിനിരട്ടിയായി തിരിച്ചുകൊടുത്തു് അവനേ നീററി നീററി ദഹിപ്പിച്ചു ദഹിപ്പിച്ചു കൊല്ലിക്കണം. അതാണെൻെറ ആഗ്രഹം. ഞാൻ അതിനുവേണ്ടി കാത്തിരിക്കയാണു്.

അമ്മ:—എടീ പെണ്ണേ! നീ ഇങ്ങനെ പ്രാന്തു പറയാതെ.

അച്ഛൻ:—നിൻെറ അമ്മ പറഞ്ഞതു് ശരിയാണു് മകളേ! നാം കീഴടക്കപ്പെട്ടു. ഇനി കീഴടങ്ങാതെന്തു ഗതി? നാളത്തേയ്ക്കു ഗുണം വരുന്നതു് ഇന്നു നാം ചെയ്യണം. നമുക്കു് ജമ്മൻകാരേക്കാഠം സാമത്ഥ്യമുണ്ടു്. ചീട്ടുകഠം ബുദ്ധിപൂർവ്വം കളിച്ചാൽ ഇനിയും നമുക്കു് ജയിക്കാം. ഫ്റാൻസ് പുഴക്കുത്തു പിടിച്ചിരിക്കയായിരുന്നു. ഇങ്ങനെയൊക്കെ വരണം. നീ ഈ പത്രങ്ങഠം പതിവായി വായിക്കാറില്ല. അതാണു തരക്കേടു്.

ജാനററി:—ഈ പത്രങ്ങളിൽ എഴുതിവിടുന്ന ഒരക്ഷരം പോലും ഞാൻ വിശ്വസിക്കില്ല. അച്ഛാ! ഈ പത്രങ്ങളെല്ലാം ജമ്മൻകാരുടെ നിയന്ത്രണത്തിലാണു്. അതിലെഴുതുന്ന ഫ്റഞ്ചുകാർ, ജമ്മൻകാർ വിലയ്ക്കെടുത്ത കുലംകുത്തികളാണു്, കുതികാലുവെട്ടികഠം! രാജ്യദ്രോഹികഠം! ഇവരെയെല്ലാം ഫ്റഞ്ചുജനത കടിച്ചുചീന്തുന്നതു കണ്ടിട്ടു് മരിച്ചിരുന്നെങ്കിൽ. പീപ്പന്നികഠം! പീപ്പന്നികഠം!

ഇതെല്ലാം കേട്ടു് ആ അമ്മ മകളേ അമ്പരപ്പോടേ നോക്കി. എന്നിട്ടു്, "അതെല്ലാം കിടക്കട്ടെ. നിനക്കു് ഹാൻസിൻെറ പേരിൽ എന്തു കുററമാണു് ചൂണ്ടിക്കാണിക്കാനുള്ളതു്? അയാഠം ആദ്യം അക്രമം കാണിച്ചു. അതിനയാളാണോ കുററക്കാരൻ? അത്രയ്ക്കു മദ്യം കുടിച്ചു് ബോധം കെട്ടിട്ടല്ലേ? ഇങ്ങനെയൊക്കെ ഒരു പെണ്ണിനു സംഭവിക്കുന്നതു് ഇതാദ്യമോ അവസാനമോ അല്ല. അയാഠം നിൻെറ അച്ഛൻെറ തലയ്ക്കടിച്ചു വീഴ്ത്തി. അതും ശരിയാണു്. അതുകൊണ്ടു് ഇപ്പോഠം നിൻെറ അച്ഛനു് അയാളോടു വിരോധമുണ്ടോ? അങ്ങനെയാണു് ബുദ്ധിയുള്ളവർ. അതും നീ ആലോചിച്ചു നോക്കിയേ."

അച്ഛൻ:—ഓ! അങ്ങനെ എന്തെല്ലാം നടക്കും. യുദ്ധം യുദ്ധം തന്നെയാണു്. അടികൊണ്ടു് അന്നു് എനിക്കു ദേഷ്യംതോന്നി. പിന്നെ ഞാനതങ്ങു മറന്നു.

ജാനററി ആക്ഷേപസ്വരത്തിൽ കുറേ ഏറെനേരം ചിരിച്ചിട്ടു് പറഞ്ഞു:

“അച്ചൻ ഒരു പുരോഹിതനാകേണ്ട ആളാണ്. ക്രിസ്തുവിൻെറ ഉപദേശം അക്ഷരംപ്രതി അച്ചൻ പരിപാലിക്കുന്നു.”

അമ്മ:—അതെ! അങ്ങനെ ക്ഷമിച്ചതും സഹിച്ചതും കൊണ്ടു് വല്ല ദോഷവും വന്നോ? അയാഠം നമുക്കു് എന്തെല്ലാം കൊണ്ടുത്തന്നു? എടീ! നിൻെറ അച്ചൻ ഒരു കഷണം പുകലയ്ക്കു് എവിടെപ്പോകുമായിരുന്നു? നിൻെറ വല്ലോരുമിരിക്കുന്നോ കൊണ്ടുത്തരാൻ? വാസ്തവത്തിൽ പട്ടിണികിടന്നു ചാവാതിരുന്നതു് ആ ഹാൻസ് ഉണ്ടായിരുന്നതുകൊണ്ടാണു്. എന്തിനു്, ഉള്ളതു് ഇല്ലെന്നു പറയുന്നു?

ജാനററി:—നിങ്ങഠംക്കു് അഭിമാനമുണ്ടായിരുന്നെങ്കിൽ, അവൻ കൊണ്ടുവന്ന തീററിസാധനങ്ങഠം എടുത്തു് തോട്ടിലെറിയുമായിരുന്നു.

അമ്മ:—അപ്പോഠം നീയും അതിൻെറ പങ്കു പററിയതോ?

ജാനററി:—ഇല്ല, ഇല്ല. ഞാൻ പങ്കുപററിയിട്ടില്ല.

അമ്മ:—അപ്പറഞ്ഞതു കള്ളം! പച്ചക്കള്ളമാണെന്നു് നിനക്കുമറിയാം. അയാഠം കൊണ്ടുവന്ന വെണ്ണയും ചീസും മററും നീ തിന്നില്ല, അതു ശരി. പക്ഷേ, നീ കുടിക്കുന്ന ആ സൂപ്പിൽ ഇടുന്നതു് അയാഠം കൊണ്ടുവന്ന പന്നിമാംസമാണു്. നീ ഇന്നു തിന്ന ആ പൊരിച്ച റൊട്ടി, നമ്മുടേതാണു്. പക്ഷേ, അയാഠം കൊണ്ടുവന്ന എണ്ണയിലാണു് അതു പൊരിച്ചെടുത്തതു്. അതു നീ മനസ്സിലാക്കിയോ?

ജാനററി ദീർഘനിശ്വാസം ചെയ്തു. കൈകൊണ്ടു് തൻെറ നെററി തടവിക്കൊണ്ടു് അവഠം പറഞ്ഞു: “അതും മനസ്സിലാക്കി, അതിലപ്പുറവും മനസ്സിലാക്കി. പക്ഷേ, വിശന്നുപൊരിഞ്ഞാൽ ഞാനെന്തു ചെയ്യും? ഞാൻ അതും ഉപേക്ഷിക്കുമായിരുന്നു. പക്ഷേ, പക്ഷേ—എന്തുചെയ്യാം. അകത്തു കിടക്കുന്ന ഈ ദുർഭൂതം ‘കൊണ്ടുവാ കൊണ്ടുവാ’ എന്നു പറഞ്ഞു് വയററിൽ കിടന്നു തൊഴിക്കുമ്പോഠം ആ പിശാചിൻകുഞ്ഞിനു വേണ്ടിയാണു് ഞാനതെല്ലാം അകത്തേയ്ക്കു കടത്തിവിട്ടതു്.”

അമ്മ:—ഇപ്പറയുന്നതിൽ അത്ഥമൊന്നുമില്ല മോളേ! തിന്നതു തിന്നതുതന്നെ—അതു നീയുമാണു്.

ജാനററി:—അതേ! അത്ര ലജ്ജയോടെ—അത്ര നിരാശയോടെ. ജമ്മൻകാർ നമ്മുടെ ശക്തി ആദ്യം തകർത്തു, അവരുടെ ടാങ്കുകളും വിമാനങ്ങളുംകൊണ്ടു്. ഇപ്പോഠം പട്ടിണിക്കിട്ടു് നമ്മുടെ ആത്മാവിനേയും കൊല്ലാൻനോക്കുകയാണു്.

അമ്മ:—ഈ വേദാന്തമൊന്നും പറഞ്ഞതുകൊണ്ടു് കാര്യമായില്ല കുഞ്ഞേ! നിന്നെപ്പോലെ നാലക്ഷരം പഠിച്ച ഒരു പെണ്ണു് ഇങ്ങനെയൊന്നും പറയേണ്ടവളല്ല. പഴയതെല്ലാം മറക്കു്. വയററിൽ കിടക്കുന്ന കുഞ്ഞിനു് അച്ഛനുണ്ടാകട്ടെ. മറെറല്ലാം പോകട്ടെ. കൃഷി നോക്കാനും നന്നാക്കാനും ആരുമില്ലെങ്കിൽ വേണ്ടാ. ഞാൻ പറയുന്നതു കേഠക്കു്, നിൻെറ അമ്മ പറയുന്നതു കേഠക്കു്, കുട്ടിക്കു് അച്ഛനുണ്ടാകട്ടെ.

ജാനററി ദുസ്സഹവേദന അനുഭവിക്കുന്നതുപോലെ കസേരയിൽ ഇരുന്നു തിരിയുകയും പുളയുകയും ചെയ്തു. പ്രത്യുത്തരമൊന്നും പറയാതെ, എഴുന്നേററു് തൻെറ കിടപ്പുമുറിയിലേയ്ക്കു് വേഗത്തിൽ നടന്നുപോകയും ചെയ്തു.

ജാനററിയുടെ അമ്മയുടെ എഴുത്തനുസരിച്ചു് പിറേറ ദിവസം ഹാൻസ് വന്നു. ജാനററി പതിവിൻപടി പരുഷമായി അയാളേ നോക്കി. ഒരക്ഷരം മിണ്ടാതെ അവിടെത്തന്നെ നിന്നു. ഹാൻസ് പറഞ്ഞു: "ഓ ഇതത്ഭുതമാണല്ലോ. എന്നെ കാണുന്ന മാത്രയിൽ മുഖം വീർപ്പിച്ചുകൊണ്ടു് പുറംതിരിഞ്ഞു നടക്കുമെന്നാണു് ഞാൻ വിചാരിച്ചതു്. ഓടിപ്പോകാഞ്ഞതിനു് എൻെറ അകമഴിഞ്ഞ നന്ദി."

ജാനററി:—എനിക്കെല്ലാം മനസ്സിലായി. എൻെറ അച്ഛനമ്മമാർ നിങ്ങഠം വരണമെന്നു് ആവശ്യപ്പെട്ടിരുന്നു, അല്ലേ? അവർ അടുത്തുള്ള ഗ്രാമത്തിലേയ്ക്കു് പോയിരിക്കയാണു്. നമുക്കു കുറച്ചു കാര്യങ്ങഠം പറയാനുണ്ടു്. ഇവിടെ മററാരുമില്ലല്ലോ. ഇതു പററിയ അവസരമാണു്. അതാണു് ഞാൻ ഓടാതെ ഇവിടെത്തന്നെ നിന്നതു്. നിങ്ങഠം ഇവിടെ ഇരിക്കു.

ഹാൻസ് ഒട്ടൊന്നാശ്വസിച്ചു. കോട്ടും തൊപ്പിയും ഊരി മേശപ്പുറത്തു വച്ചിട്ട് അടുത്തുണ്ടായിരുന്ന കസേരയിൽ ഇരുന്നു. ജാനററി തുടർന്നു:

"എൻെറ മാതാപിതാക്കന്മാർക്കു് ഞാൻ നിങ്ങളെ വിവാഹം കഴിക്കണമെന്നു് ആഗ്രഹമുണ്ടു്. നിങ്ങൾ സുന്ദരനാണു്; മിടുക്കനാണു്. അവർക്കു് എന്തെല്ലാം സമ്മാനങ്ങൾ കൊടുത്തു; വാഗ്ദാനങ്ങൾ നൽകി! നിങ്ങൾ അവരെ വശീകരിച്ചുകളഞ്ഞു. നിങ്ങൾ കൊണ്ടുകൊടുക്കുന്ന പത്രങ്ങളിൽ കാണുന്നതെല്ലാം അച്ഛൻ വിശ്വസിക്കുന്നു. ഞാൻ ഒരുകാര്യം അവസാനമായി നിങ്ങളോടു പറഞ്ഞേക്കാം. ഞാൻ നിങ്ങളെ വിവാഹംകഴിക്കയില്ല. നിങ്ങളെ വെറുക്കുമ്പോലെ ഒരു മനുഷ്യജീവിയെ വെറുക്കാൻ എനിക്കു സാദ്ധ്യമാണെന്നു് ഞാൻ ഒരു കാലത്തും കരുതിയിരുന്നില്ല. നിങ്ങൾക്കു് ജർമ്മൻഭാഷ വശമുണ്ടല്ലോ. ഞാൻ ആ ഭാഷയിൽതന്നെ സംസാരിക്കാം."

ഹാൻസ്:—എനിക്കു് എൻെറ ഭാഷ നല്ലപോലെ വശമുണ്ടു്. രണ്ടുവർഷം ഒരു ട്യൂഷൻമാസ്റ്ററായി ജോലി നോക്കിയിട്ടുമുണ്ടു്.

ഇതയാൾ ജർമ്മൻഭാഷയിൽതന്നെയാണു് പറഞ്ഞതു്. അയാൾ ആ ഭാഷയിൽത്തന്നെ തുടന്നു: "ഞാൻ നിന്നെ സ്നേഹിക്കുന്നു; ആരാധിക്കുന്നു. ഇതു വെറുംവാക്കല്ല. നിൻെറ ആകൃതിയും പ്രകൃതിയും എൻെറ ആദരത്തെ അർഹിക്കുന്നു. എനിക്കു മനസ്സിലാക്കാൻ സാധിക്കാത്ത എന്തോ ഒരു ശക്തിവിശേഷംകൂടി നിന്നിലുണ്ടെന്നു് എനിക്കറിയാം. നീ എന്നെ വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്നില്ലെന്നും എനിക്കറിയാം. എന്നാൽ ഇപ്പോൾ ഗാവിൻ മരിച്ചുപോയല്ലോ.

ജാനററി:—അദ്ദേഹത്തേപ്പററി ഒന്നും ശബ്ദിക്കേണ്ട. അതുകൂടിആയാൽ എൻെറ അവസാനക്ഷമയും അസ്തമിക്കും, കേട്ടോ!

ഹാൻസ്:—ഗാവിൻ മരിച്ചുപോയതിൽ ഞാൻ നിന്നോടു സഹതപിക്കുന്നു എന്നു പറഞ്ഞതാണു്.

ജാനററി:—എന്തു പറഞ്ഞു? മരിച്ചുപോയെന്നോ! പച്ചനെ വെടിവച്ചു വീഴ്ത്തി, ആ ഘാതകന്മാർ.

ഹാൻസ്:—അതു മറക്കാൻ ശ്രമിക്കു. കുറേനാൾ കഴിയുമ്പോൾ നിൻെറ ദുഃഖം സഹിക്കത്തക്കനിലയിലെത്തും. പ്രിയപ്പെട്ടവർ മരിക്കുമ്പോൾ നമുക്കാദ്യം തോന്നും, ആ ദുഃഖത്തിൽനിന്നു് കരേറുവാൻ പററില്ലെന്നു്. പക്ഷേ സമയം ഒരു ഔഷധിയാണു്. ദുഃഖത്തിനു് ശമനം വരും. നിനക്കാകട്ടെ, ഒരു കുട്ടി ഉണ്ടാകുവാൻ പോകുന്നു. അതിൻെറ അച്ഛനെ എന്തുകൊണ്ടു സ്വീകരിച്ചുകൂടാ?

ജാനററി:—മററു കാര്യങ്ങൾ എല്ലാം മറക്കാമെന്നു് വയ്ക്കുക. എന്നാലും നിങ്ങൾ ഒരു ജമ്മൻകാരനും ഞാൻ ഒരു ഫ്റഞ്ചുകാരിയുമാണെന്നുള്ളതു് എങ്ങനെ മറക്കാൻ സാധിക്കും. നിങ്ങൾ സാധാരണ ജമ്മനകാരേപ്പോലെ ഒരു മണ്ടശിരോമണിയായിരിക്കണം. അല്ലെങ്കിൽ നിങ്ങൾക്കു തോന്നേണ്ടതാണു്, ഈ ജമ്മൻകുഞ്ഞു് എൻെറ ജീവാവസാനംവരെ എനിക്കൊരു കളങ്കമായിരിക്കുമെന്നു്. നിങ്ങൾ വിചാരിക്കുന്നോ എനിക്കു് സ്നേഹിതന്മാരും സ്നേഹിതകളുമില്ലെന്നു്. ഒരു ജമ്മൻപട്ടാളക്കാരൻെറ കുഞ്ഞിനേയും ഒക്കത്തുവച്ചുകൊണ്ടു നടക്കുന്ന ഞാൻ അവരുടെ ദൃഷ്ടിയിൽ എത്ര അപഹാസ്യയായിത്തീരും! എനിക്കു് ഒരഭ്യത്ഥനയേ നിങ്ങളോടു ചെയ്യുവാനുള്ളു. ഈ തീരാക്കളങ്കവുമായി എന്നെ എൻെറ പാട്ടിനു വിട്ടേക്കുക. പോകൂ—പോകൂ; ഈ കുഞ്ഞിനെ ഓർത്തു് ഇനി വീട്ടിൽ കടക്കാതെ—പോകൂ.

ഹാൻസ്:—പക്ഷേ, ആ കുഞ്ഞു് എൻേറതുംകൂടിയാണല്ലോ. എനിക്കു് ആ കുഞ്ഞിനെ വേണം.

ജാനററി:—നിങ്ങൾ എന്തു പറഞ്ഞു? നിങ്ങളുടെ കുഞ്ഞോ? കുടിച്ചു ലക്കില്ലാതെ തുമ്പുകേടു കാണിച്ചതു് കുഞ്ഞിനുവേണ്ടിയായിന്നോ? നിങ്ങൾക്കതു ചിന്തിക്കാനേ അവകാശമില്ല.

ഹാൻസ്:—ജാനററീ! നിനക്കു മനസ്സിലാകുന്നില്ല, എൻെറ ഉള്ളിലുള്ള ആഹ്ളാദം. ഞാൻ എത്ര അഭിമാനം കൊള്ളുന്നു എന്നു്. നീ ഗർഭിണി ആണെന്നു് അറിഞ്ഞ

മുഹൂർത്തം മുതൽ എനിക്കു നിന്നോടുള്ള സ്നേഹവും കട
പ്പാടും എത്ര വർദ്ധിച്ചിട്ടുണ്ടെന്നു് നീ ധരിക്കുന്നില്ല. ഇനി,
എൻെറ കുഞ്ഞാണു് എനിക്കു സർവ്വസ്വവും; നാടും വീടും
എല്ലാംതന്നെ. എന്താണു്, എങ്ങിനെയാണു്, പറയേ
ണ്ടതു് എന്നെനിക്കറിഞ്ഞുകൂടാ. ഇനി നിങ്ങളില്ലാത്ത
എൻെറ ജീവിതം ഒരു ജീവിതമേ അല്ല. നീ എനിക്കു്
മാപ്പു നൽകുക.

ജാനററി, ഹാൻസിൻെറ വാക്കുകഠം ശ്രദ്ധിച്ചുകേട്ടു.
കുഞ്ഞിനേപ്പററി പറയുമ്പോഠം ഹാൻസിനുണ്ടാകുന്ന പിട
പ്പും കിതപ്പും ആവേശവും അവളെ സന്തോഷിപ്പിച്ചു.
അവളുടെ കണ്ണുകളിൽ പതിവില്ലാത്ത ഒരു പ്രകാശം
മിന്നി. അവഠം വീണ്ടും ഹാൻസിനെ നോക്കി. എന്തോ
ഒരു വിജയം നേടിയവളേപ്പോലെയായിരുന്നു ആ നോട്ടം.
അവഠം ചെറുതായൊന്നു മന്ദഹസിക്കുകയും ചെയ്തു.

ജാനററി:—ജമ്മൻകാരായ നിങ്ങളുടെ മൃഗീയതയാണോ
ഞാൻ കൂടുതൽ വെറുക്കുന്നതു്, അതോ നിങ്ങളുടെ വികാര
തീക്ഷ്ണതയാണോ? ഞാൻ അത്ഭുതപ്പെടുകയായിരുന്നു.

അവഠം പറഞ്ഞതു്, ഹാൻസ് കേട്ടതായിപ്പോലും
നടിച്ചില്ല. ജാനററിയുടെ ഉദരത്തിലേയ്ക്കുതന്നെ നോക്കി
ക്കൊണ്ടു് "ജാനററീ! എൻെറ വിചാരം മുഴുവൻ ആ കൊച്ചു
മിടുക്കനേപ്പററിയാണു്."

ജാനററി:--മിടുക്കനോ? ആൺകുഞ്ഞാണെന്നു തീർച്ച
യാക്കിയോ?

ഹാൻസ്:—ആക്കി; എനിക്കു നിശ്ചയമുണ്ടു്.
അതൊരു ആൺകുട്ടിതന്നെയായിരിക്കും. അവനെ എൻെറ
കൈയിലെടുത്തു് എനിക്കു താലോലിക്കണം. പിച്ചവച്ചു
നടക്കാൻ ഞാൻതന്നെ അവനെ പഠിപ്പിക്കും. പഠിക്കാൻ
പ്രായമാകുമ്പോഠം കുതിരപ്പുറത്തു സവാരിചെയ്യാൻ പഠി
പ്പിക്കും. ഞാൻ അവനെ മിടുക്കനാക്കും. നായാട്ടിലും
വെടിവയ്പിലും അവനെ കേമനാക്കും. നിങ്ങളുടെ ഈ
തോട്ടിൽ മത്സ്യങ്ങഠം ധാരാളമുണ്ടോ? ചൂണ്ടയും വലയും

കൊണ്ടു് പെരുമാററാനും ഞാൻ അവനെ വിരുതനാക്കും. ലോകത്തിലേക്കും അന്തസ്സും അഭിമാനവുമുള്ള ഒരച്ഛനായി ത്തീന്നിരിക്കുന്നു ഞാൻ. നീ എന്നോടു ക്ഷമിക്കുക.

അവഠം ഹാൻസിനെ നിന്നിമേഷയായി, നിർവി കാരയായി നോക്കിക്കൊണ്ടേ നിന്നു. അവളുടെ മുഖത്തു് ഗൌരവവും വിദ്വേഷവും അപ്പോഴും നൃത്തംവച്ചു. എന്തോ ഒരു തീരുമാനം അവളുടെ ഹൃദയത്തിൽ രൂപംപ്രാപിക്കു ന്നുണ്ടെന്നു തോന്നും,ആ നിലയും നോട്ടവും കണ്ടാൽ.

ഹാൻസ്, ജാനററിയെ നോക്കി, അവളെ അടിപെ ടുത്തത്തക്കവണ്ണം മനോഹരമായി ഒന്നു മന്ദഹസിച്ചു. എന്നിട്ടു് പറഞ്ഞു: “ഒരുപക്ഷേ, എൻെറ കുട്ടപ്പനെ ഞാൻ എത്രയേറെ സ്നേഹിക്കുന്നു എന്നു് നീ മനസ്സിലാക്കു മ്പോഠം, നീയും എന്നെ സ്നേഹിക്കാതിരിക്കയില്ല. എനിക്കു് മനുഷ്യസ്വഭാവത്തിൽ വിശ്വാസമുണ്ടു്. പ്രിയ പ്പെട്ട ജാനററീ! ഞാൻ നിനക്കു് ഏററവും പ്രിയപ്പെട്ട ഒരു ഭത്താവായിരിക്കും.”

ജാനററി മറുപടി ഒന്നും പറഞ്ഞില്ല. അവഠം ആ പഴയനോട്ടം അതേപടി തുടന്നതേയുള്ളു.

ഹാൻസ്:—ഒരു നല്ല വാക്കുപോലും എന്നോടു നിനക്കു പറയാനില്ലേ, ജാനററീ?

അവളുടെ കവിളുകളിൽ രക്തപ്രവാഹം ഉണ്ടായി. കൈകഠംതമ്മിൽ കൂട്ടിത്തിരുമ്മിക്കൊണ്ടു് അവഠം പറഞ്ഞു: “മററുള്ളവർ എന്നെ അപഹസിച്ചേക്കാം. എന്നാൽ ഞാൻ സ്വയം ഒരപഹാസ്യയായിത്തീരുകയില്ലതന്നെ. നിങ്ങഠം എൻെറ ശത്രുവാണു്. ആജീവനാന്തം ഞാൻ അങ്ങനെ കരുതുകയും ചെയ്യും. ഞാൻ ജീവിക്കുന്നതുതന്നെ എൻെറ മാതൃഭൂമിയുടെ മോചനം കാണാനാണു്. അതു ണ്ടാകും. ഈ വർഷത്തിലോ അടുത്ത വർഷത്തിലോ അല്ലായിരിക്കാം. ഒരുപക്ഷേ, മുപ്പതു വർഷങ്ങഠം നീണ്ടു പോയേക്കാം; എങ്കിലും അതു സംഭവിക്കും. സംഭവിക്കുക തന്നെ ചെയ്യും. മററുള്ള ഫ്രഞ്ചുകാർ എന്തും ചെയ്തുകൊ ള്ളട്ടെ. രാജ്യദ്രോഹികഠം! എന്നാൽ എൻെറ രാജ്യം കൊള്ള

യടിച്ചവരുമായി ഞാൻ സഖ്യപ്പെടുകയില്ല. ഞാൻ നിങ്ങളേയും വെറുക്കുന്നു. നിങ്ങൾ സമ്മാനിച്ച—എൻെറ വയററിൽ കിടന്നു് കുത്തിമറിയുന്ന—ഈ കുഞ്ഞിനേയും വെറുക്കുന്നു. ഞങ്ങൾ കീഴടക്കപ്പെട്ടു. അതു ശരിതന്നെ. എന്നാൽ കുറേ കഴിയുമ്പോൾ ഞങ്ങൾ കീഴടങ്ങിയിട്ടില്ലെന്നു് നിങ്ങൾക്കു മനസ്സിലാകും. ദയവായി ഇപ്പോൾ പോവുക. ഞാൻ തീരുമാനിച്ചുകഴിഞ്ഞു. അവസാനത്തേ തീരുമാനം. ലോകത്തിലെ ഒരു ശക്തിക്കും അതു മാററി മറിക്കുവാൻ സാദ്ധ്യമല്ല.''

രണ്ടുമൂന്നു മിനിററു നേരത്തേയ്ക്കു് ഹാൻസ് ഒന്നും ശബ്ദിച്ചില്ല. അനന്തരം ചോദിച്ചു:

''ഡോക്ടറെ വരുത്താനുള്ള ഏർപ്പാടുകളെല്ലാം ചെയ്തു കഴിഞ്ഞോ? സകല ചെലവുകളും ഞാൻതന്നെ വഹിച്ചുകൊള്ളാം."

ജാനററി:—എനിക്കു പററിയ നാണക്കേടു് രാജ്യമൊട്ടുക്കു് കൊട്ടിഘോഷിക്കണമെന്നാണോ നിങ്ങളുടെ ആഗ്രഹം. എനിക്കു് ഡോക്ടറും മററും വേണ്ടാ. അമ്മ അടുത്തുണ്ടു്. അതു ധാരാളം മതി. ഒന്നു് സ്ഥലം ഒഴിഞ്ഞു തരുക.

ഹാൻസ്:—എന്തെങ്കിലും വിമ്മിട്ടമോ അസ്വാസ്ഥ്യമോ ഉണ്ടായി എന്നു വയ്ക്കുക.

ജാനററി:—നിങ്ങൾ നിങ്ങളുടെപാടുനോക്കി പോകുക എന്നു വയ്ക്കുക—

ഹാൻസ് ദീർഘനിശ്വാസം വിട്ടിട്ടു് അവിടെനിന്നും എഴുന്നേററു. അയാൾ റോഡിലേയ്ക്കു നടന്നുപോയപ്പോൾ, ജാനററി ഹാൻസിനെത്തന്നെ ദീർഘനേരം നോക്കിക്കൊണ്ടുനിന്നു. അവൻ ഫ്റഞ്ച്യകാരേപ്പററി പറഞ്ഞ ചില അഭിപ്രായങ്ങൾ അവളുടെ ഞരമ്പുകളിലെ രക്തം ചൂടുപിടിപ്പിച്ചു.

''ദൈവമേ, എനിക്കു ശക്തി തരേണമേ'' അവൾ പ്രാർത്ഥിച്ചു. ഹാൻസ് ഒട്ടൊന്നകന്നപ്പോൾ ജാനററിയുടെ മുത്തുമുത്തുക്കൻപട്ടി കുരച്ചുകൊണ്ടു് പിന്നാലേ ചാടിയെത്തി. പണ്ടും ഹാൻസിനെ കാണുമ്പോഴെല്ലാം ഈ പട്ടി മുരണ്ടു

കൊണ്ടു് ശല്യപ്പെടുത്താൻ ചെല്ലും. ഇന്നാകട്ടെ, പതിവിൽ കൂടുതൽ ശൗര്യത്തോടെ അതു കുരച്ചുകൊണ്ടു് പാഞ്ഞെത്തി. ഹാൻസിനു് സഹിക്കാൻവയ്യാത്ത കോപമുണ്ടായി. കാലുമടക്കി അതിൻെറ പിടലിക്കു് ഒരു വീക്കു കൊടുത്തു. പട്ടി അകലെത്തെറിച്ചുവീണു്, ഞൊണ്ടി ഞൊണ്ടി ദയനീയമായി നിലവിളിച്ചുകൊണ്ടു്, ജാനററിയുടെ അടുത്തേയ്ക്കു് മണ്ടിപ്പോയി.

"ദുഷ്ടൻ! ദുഷ്ടൻ! കണ്ടില്ലേ ആ പട്ടിയെ കൊല്ലാൻ തുടങ്ങിയതു്! കള്ളം! കള്ളം! പറഞ്ഞതെല്ലാം കള്ളം. അവൻ നല്ലവനാണെന്നു് ഇടയ്ക്കു ഞാൻ സംശയിച്ചുപോയി. വെറും മൃഗം! മൃഗം!" അവരം പറഞ്ഞു.

വാതലിനരികിലായി ഒരു മുഖക്കണ്ണാടി തൂക്കിയിരുന്നു. അവരം അതിൽ നോക്കി, ഒന്നു ചിരിക്കാൻ ശ്രമിച്ചു. പക്ഷേ, കണ്ട പ്രതിഫലനം പൈശാചികമായ ഒരു ക്രൂരച്ചിരിയുടേതാണു്.

മാർച്ചുമാസമായി. സോയ്സൺസ് പട്ടാളസങ്കേതം സജീവമായിത്തീൎന്നു. എപ്പോഴും പട്ടാളക്കാരുടെ കവാത്തു്, പരിശോധന, ബാൻഡു് തുടങ്ങിയ തകൃതി. അവരുടെ ഇടയിൽ ഒരു വാൎത്ത പരന്നു. അവർ എങ്ങോട്ടോ പോകാൻ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. എങ്ങോട്ടാണെന്നു് ആൎക്കുമാൎക്കും നിശ്ചയമില്ലതാനും. ഇംഗ്ലണ്ടു് കരമാൎഗ്ഗം ആക്രമിക്കാനുള്ള ഒരുക്കമാണെന്നു ചിലർ; 'ബാരംക്കൻസി'ലേയ്ക്കു് അയയ്ക്കാനാണെന്നു മററു ചിലർ; അതുമല്ല 'യുക്രൈൻ'പ്രദേശങ്ങളിലേയ്ക്കാണെന്നു് വേറേ ചിലരും ഓരോന്നു പറഞ്ഞുതുടങ്ങി. ഹാൻസിനു് പിടിപ്പതു ജോലിയുണ്ടായിരുന്നു.

രണ്ടാമത്തേ ഞായറാഴ്ചയാണു് ജാനററിയുടെ വീട്ടിലേയ്ക്കു പോകുവാൻ ഹാൻസിനു് സന്ദർഭം കിട്ടിയതു്. അന്നു് മഞ്ഞുപെയ്തുകൊണ്ടിരുന്ന ഒരു ദുർദ്ദിനമായിരുന്നു. ഹാൻസിനെ കണ്ടയുടൻ അമ്മ നേരമ്പോക്കായി ചോദിച്ചു:

"ഓ! ഇതാരു്? നിങ്ങളോ? ചത്തുപോയെന്നാണല്ലോ ഞങ്ങരം കരുതിയതു്."

ഹാൻസ്:–ഇതിനുമുമ്പ് വരാൻ തരപ്പെട്ടില്ല. ഏതു സമയത്തും ഞങ്ങറം സോയ്സൺസ് വിടുന്ന ലക്ഷണ മാണു കാണുന്നതു്. എന്നാണ്, എങ്ങോട്ടാണ് എന്നൊന്നും തീർച്ചയില്ല.

അമ്മ:–ഒരു സന്തോഷവാർത്ത. ജാനററി പ്രസവിച്ചു. ഇന്നു രാവിലേ ഏഴരമണിയായപ്പോറം.

ഹാൻസ്:–കുഞ്ഞു്?

അമ്മ:-ആൺകുഞ്ഞു്.

ഹാൻസിൻെറ ഹൃദയം മേല്പോട്ടു ചാടി. അമ്മയെ അയാറം കെട്ടിപ്പിടിച്ചു. അവരുടെ ഗണ്ഡസ്ഥലങ്ങളിൽ മാറിമാറി ചുംബിച്ചു.

ഹാൻസ് തിടുക്കത്തിൽ പറഞ്ഞു: ''അതും ഒരു ഞായ റാഴ്ച. അവൻ ഭാഗ്യമുള്ള കുഞ്ഞാണ്. നമുക്കു് ഈ ഷാംപേൻകുപ്പി പൊട്ടിക്കാം. ജാനററി എങ്ങനെ?''

അമ്മ:–വിശേഷിച്ചു് അസുഖങ്ങളൊന്നും ഇല്ല. പ്രസ വത്തിനു് ഒരു ക്ലേശവും നേരിട്ടില്ല. വേദനതന്നെ കഷ്ടി ച്ചു് ഒരു മണിക്കൂറേ ഉണ്ടായിരുന്നുള്ളു. ഇടിപിടിയെന്നു പ്രസവം കഴിഞ്ഞു.

കുടുംബനാഥൻ, വളരെ ഉല്ലാസവനായി പൈപ്പും വലിച്ചു് അടുപ്പിനരികേ ഇരിക്കയായിരുന്നു. ഹാൻ സിൻെറ സന്തോഷം കണ്ടു് ആ പിതാവു് അത്യധികം ആനന്ദിച്ചു. അദ്ദേഹം ഹാൻസിനോടായി പറഞ്ഞു: ''ഒരാറംക്കു് ആദ്യമായി ഒരു സന്താനമുണ്ടാകുമ്പോഴുള്ള ആനന്ദം എന്തു പറയട്ടെ.''

അമ്മ:–കുഞ്ഞിൻെറ തലയിൽ നിറച്ചു് പിരുപിരാ എന്നുള്ള മുടിയുണ്ടു്. നിങ്ങളുടെ നിറം. നീലക്കണ്ണുകറം. വളർന്നുവരുമ്പോറം അച്ഛൻ എവിടെപ്പോയി എന്നു ചോദിക്കേണ്ട.

ഹാൻസ്:–ഹായ് ദൈവമേ! ഞാൻ ഭാഗ്യവാ നാണു്. പ്രപഞ്ചം എത്ര സുന്ദരം! എനിക്കു് ജാനററിയെ ഒന്നു കണ്ടാൽ കൊള്ളാം.

അമ്മ:–നിങ്ങളേ കാണാൻ ഇപ്പോറം അവറംക്കു് സമ്മതമാണോ എന്നു സംശയം. അവളുടെ വികാരങ്ങളെ

ഇപ്പോഠം ക്ഷോഭിപ്പിക്കരുതു്; കുഞ്ഞിനു കുടിക്കാനുള്ള മുലപ്പാലിനെക്കരുതി.

ഹാൻസ്:—ഓ! ശരി. ഉള്ളതു്. ഉള്ളതുതന്നെ. അവളെ ക്ഷോഭിപ്പിക്കേണ്ട. എന്നാൽ അവളെ കാണേണ്ട. ആ കുഞ്ഞിനെ ഒരു മിനിററു നേരത്തെയ്ക്കു് ഒന്നു കണ്ടുകൊള്ളട്ടെ.

അമ്മ:—ആട്ടെ! ഞാൻ പോയി ആ കുഞ്ഞിനെ എടുത്തുകൊണ്ടുവരാം.

അമ്മ വേഗത്തിൽ ജാനററിയുടെ മുറിയിലേക്കു പോയി. പെട്ടെന്നുതന്നെ ഓടിക്കിതച്ചു് അടുക്കളയിലേക്കു വരികയും ചെയ്തു.

"ജാനററിയെ ആ മുറിയിൽ കണ്ടില്ല; കുഞ്ഞിനേയും കണ്ടില്ല. അയ്യോ ദൈവമേ!" എന്നു് അമ്മ മാറത്തടിച്ചു നിലവിളിക്കാൻ തുടങ്ങി.

അവർ മൂന്നുപേരും "ജാനററി, ജാനററി! ജാനററി!" എന്നു് ഉറക്കെനിലവിളിച്ചുകൊണ്ടു് ആ മുറിയിലും അവിടെയെല്ലാം പരക്കംപാഞ്ഞു് അന്വേഷിച്ചു. എവിടെ കാണാനാണു്.

"ജാനററീ! ജാനററീ! നീ എവിടെ?" എന്നു വിളിച്ചുകൊണ്ടു് ആ മാതാവു് ഇടനാഴികകളിലും അടുക്കളവശത്തുള്ള ചായ്പിലും കുളിമുറിയിലും മാറി മാറി ഓടി ഉഴന്നുനടന്നു.

"അവഠം ധാന്യപ്പുരയിലേക്കു പോയിരിക്കുമോ?" അമ്മ സംശയം പ്രകടിപ്പിച്ചു. ഓടിച്ചെന്നു് അവിടെയും നോക്കി. കാണുന്നില്ല. എന്തോ ആപത്തു പിണഞ്ഞിരിക്കുമെന്നു് എല്ലാവരും തീർച്ചപ്പെടുത്തി.

"ജാനററി മുറിയിൽനിന്നു് എങ്ങനെ പോകാനാണു്?" ഹാൻസ് ചോദിച്ചു.

"കണ്ടൂടേ, വാതിൽ തുറന്നുകിടക്കുന്നതു്" ആ അമ്മ പ്രതിവചിച്ചു.

"അതു ശരിയാണു്" ഗൃഹനാഥൻ ഒത്തുമൂളി.

അമ്മ:—ദൈവമേ! ദൈവമേ! ഈ തണുപ്പത്തു് അവഠം പുറത്തു പോയോ? ഇനി ചാവാനെന്തു വേണം?

ഹാൻസ്:—ഏതെങ്കിലും, നമുക്കു് അന്വേഷണം തുടരാം. എങ്ങോട്ടാണു പോകേണ്ടതു്?

അമ്മ:—അയ്യോ ദൈവമേ! നമുക്കു് ആ തോട്ടിൻെറ അരികേ നോക്കാം.

തോടു് എന്നു കേട്ടപ്പോഴം ഹാൻസ് ഒരു ഭ്രാന്തനേപ്പോലെ അങ്ങോട്ടേയ്ക്കു് ഓട്ടമായി.

"അയ്യോ! എനിക്കു പേടിയാകുന്നേ! പേടിയാകുന്നേ!" അമ്മ ഉച്ചത്തിൽ നിലവിളിച്ചു.

എട്ടുപത്തടി ഓടിയ ഹാൻസ് സ്തംഭിച്ചപോലെ പെട്ടെന്നു നിന്നു. ജാനററിയുണ്ടു്, നേരേ നടന്നുവരുന്നു. ശരീരമാസകലം നനഞ്ഞിരിക്കുന്നു. മുഖത്തു് ഒരുതുള്ളി ചോരയില്ല. അമ്മ ഓടിച്ചെന്നു് മകളേ രണ്ടു കൈകൊണ്ടും വാരിയെടുത്തു പുണർന്നു.

"നീ എവിടെപ്പോയി എൻെറ പൊന്നുമോളേ! നീ നനഞ്ഞിരിക്കുന്നല്ലോ. എന്തു പ്രാന്താണു് നീ കാണിച്ചതു്." അമ്മ വിലപിച്ചു.

ജാനററി അമ്മയുടെ പിടിവിടുവിച്ചുകൊണ്ടു് നീണ്ടു നിവർന്നുനിന്നു്,സ്തംഭിച്ചുനിൽക്കുന്ന ഹാൻസിനെനോക്കി.

ജാനററി:—വന്ദനം, നിങ്ങഠം തക്കസമയത്തു വന്നു ചേർന്നല്ലോ. കൊള്ളാം,വളരെ സന്തോഷം!

അമ്മ:—എടീ കുഞ്ഞെവിടേ?

ജാനററി:—അതിൻെറ കഥ വേഗത്തിൽ തീർത്തു അമ്മേ! താമസിച്ചുപോയാൽ എൻെറ മനക്കരുത്തു നഷ്ടപ്പെട്ടുമെന്നു് എനിക്കു തോന്നി!

അമ്മ:—എടീ!ധിക്കാരീ!നീ എന്തുചെയ്തു കുഞ്ഞിനെ?

ജാനററി:—ഞാൻ ചെയ്യേണ്ടതു ചെയ്തു. വെള്ളത്തിൽ മുക്കിക്കൊന്നു.

ഹാൻസ് "അയ്യോ! അയ്യോ!" എന്നു് ഉറക്കെ രണ്ടു മൂന്നലറി. കൈകൊണ്ടു് മുഖവും പൊത്തി ഒരു മുഴക്കുടിയനേപ്പോലെ തെന്നിത്തെറിച്ചുകൊണ്ടു് റോഡിലേയ്ക്കു നീങ്ങി. ജാനററി അടുക്കളയിലേ കസേരയിൽ വീണു് ഉറക്കെ കരയാനും തുടങ്ങി.

# സ്ക്കൂൾമാസ്റ്റർ മോർഗൻ

**പാരീസിലെ** അന്നത്തെ 'അഡ്വോക്കേററ്ജനറൽ' ഒരു സൽക്കാരപ്രിയനായിരുന്നു. എല്ലാ ഞായറാഴ്ചയും വൈകിട്ട് ഏതാനും ആത്മസുഹൃത്തുക്കൾ അദ്ദേഹത്തിൻെറ ബംഗ്ളാവിൽ ഒന്നിച്ചുകൂടും. ചായകുടിയാണ് പ്രധാന പരിപാടി. എങ്കിലും ചിലപ്പോഴെല്ലാം ഗൌരവകാര്യങ്ങളേപ്പററി അവർ വാദപ്രതിവാദം ചെയ്യുമായിരുന്നു. ഒരു ഞായറാഴ്ച, സ്വന്തം ഒരനുഭവകഥ നമ്മുടെ അഡ്വോക്കേററ്ജനറൽ കൂട്ടുകാരെ പറഞ്ഞുകേൾപ്പിച്ചു. അദ്ദേഹം ഇപ്രകാരം പറഞ്ഞുതുടങ്ങി:

—എൻെറ സ്നേഹിതന്മാരേ! നമ്മെ ഇരുത്തിച്ചിന്തിപ്പിക്കുന്ന ഒരു സംഭവത്തെപ്പററിയാണ് ഞാൻ പറയാൻപോകുന്നതു്. മനുഷ്യസ്വഭാവം—അതെത്ര വിചിത്രമാണ്, ആശ്ചര്യകരമാണ്! അക്കാലത്ത് പത്രങ്ങളിൽ വളരെ ഒച്ചപ്പാടുണ്ടാക്കിയ ഒരു കേസ്സിനേപ്പററിയാണ് ഞാൻ പറയാൻപോകുന്നതു്. 'സ്ക്കൂൾമാസ്റ്റർ മോർഗൻകേസ്സ്'. ആ കേസ്സിന്ന് ഞാനാണ് ഗവണ്മെൻറുഭാഗം വാദിച്ചതു്. കേസ്സിൻെറ സ്വഭാവം ഞാൻ ചുരുക്കിപ്പറയാം. 'സ്ക്കൂൾമാസ്റ്റർ മോർഗൻ' ആ നാട്ടുകാരുടെയെല്ലാം കണ്ണിലുണ്ണിയായിരുന്നു. വളരെ ബുദ്ധിമാനും ചിന്താശീലനുമായിരുന്ന അദ്ദേഹം. പള്ളിയിൽ പോകുന്നതിലും മതകർമ്മങ്ങൾ അനുഷ്ഠിക്കുന്നതിലും വളരെ ശ്രദ്ധാലുവാണ്. എല്ലാവിധത്തിലും ഒരു മാതൃകാപുരുഷനായിട്ടാണ് നാട്ടുകാർ അദ്ദേഹത്തെ കരുതിപ്പോന്നതു്. അദ്ദേഹം വിവാഹിതനായി

രുന്നു. ആ വിവാഹത്തിൽ അദ്ദേഹത്തിനു് മൂന്നു കുട്ടികളുമുണ്ടായി. രണ്ടാണും ഒരു പെണ്ണും. എന്നാൽ ഭാഗ്യദോഷമെന്നു പറയട്ടെ, കുട്ടികൾ ഒന്നൊന്നായി മൂന്നുപേരും ദീനംപിടിച്ചു ചത്തുപോയി. ഈ അത്യാഹിതം അടുത്തടുത്താണു് സംഭവിച്ചതു്. സ്വന്തം കുട്ടികളുടെ മരണത്തിനുശേഷം തൻെറ സ്നേഹസമ്പത്തു മുഴുവൻ, താൻ പഠിപ്പിച്ചുകൊണ്ടിരുന്ന കുട്ടികളിൽ അദ്ദേഹം ചൊരിഞ്ഞുകൊണ്ടിരുന്നു. ക്ലാസ്സിലെ മിടുക്കന്മാരായ വിദ്യാൎത്ഥികൾക്കു് സ്വന്തം കാശു ചെലവാക്കി സ്ളേററും പെൻസിലും പുസ്തകങ്ങളും സമ്മാനിക്കുക, കളിക്കോപ്പുകൾ കൊടുക്കുക, ഒന്നാംതരം മിഠായിയും പലഹാരങ്ങളും നൽകുക, ചിലപ്പോൾ സ്വന്തം വീട്ടിൽ കൊണ്ടുപോയി സൽക്കരിക്കുക ഇതെല്ലാം അദ്ദേഹത്തിൻെറ ഒരു പതിവായിത്തീർന്നു. നാട്ടുകാർ അദ്ദേഹത്തിൻെറ ഈ പ്രവൃത്തിയിൽ വളരെ സന്തോഷിച്ചു. പാവം വാദ്ധ്യാർ, സ്വന്തം കുട്ടികളിൽ ചൊരിയേണ്ട സ്നേഹവാത്സല്യമെല്ലാം ഇങ്ങനെ മററു കുട്ടികളിൽ വർഷിക്കയാണെന്നു് ഏവരും വ്യാഖ്യാനിച്ചു. സ്വന്തം കുട്ടികളെ ഓമനിച്ചുവളൎത്താനുള്ള ഭാഗ്യം അദ്ദേഹത്തിനില്ലാതെപോയെങ്കിലും, തൻെറ ബാലവിദ്യാൎത്ഥികളെ ആനന്ദിപ്പിക്കുന്നതിൽ അദ്ദേഹം സംതൃപ്തി ദർശിച്ചു. വളരെ കൃതാൎത്ഥനുമായി. അങ്ങനെ കുറേമാസങ്ങൾ കഴിഞ്ഞപ്പോൾ അദ്ദേഹത്തിനു് ഏററവും പ്രിയപ്പെട്ട അഞ്ചു കുട്ടികൾ പെട്ടെന്നു മരിച്ചുപോയി. ദീനത്തിൻെറ സൂക്ഷ്മസ്വഭാവം അജ്ഞാതമായിരുന്നു. വെള്ളത്തിൽനിന്നും പകരുന്ന ഒരു പകർച്ചവ്യാധിയാണു് കാരണമെന്നു് അവസാനം ഡോക്ടർമാർ വിധിച്ചു. അവർ അങ്ങിനെ വിധിച്ചു എന്നേയുള്ളു. യഥാൎത്ഥത്തിൽ ഈ ദീനത്തിൻെറ കാരണത്തേപ്പററി വൈദ്യന്മാൎക്കു് ഒരു തുമ്പും കിട്ടിയില്ല. ദീനത്തിൻെറ ലക്ഷണം ഇതാണു്: ആദ്യം വെറും ഒരു ക്ഷീണംതോന്നുക, ആഹാരത്തിനു് രുചിയില്ലാതാകുക, വയറു കത്തിക്കാളുന്നതുപോലെ വേദനിക്കുക, ഒടുവിൽ ഞെളിപിരികൊണ്ടു് അന്ത്യശ്വാസം വലിക്കുക. ഇതെന്തു ദീനമാണെന്നു കണ്ടുപിടിക്കുന്നതിനു് ഒടുവിൽ മരിച്ച കുട്ടിയുടെ മൃതദേഹം ശസ്ത്രക്രിയയ്ക്കു

വിധേയമാക്കി. അതിൻെറ പണ്ടവും കുടലുമെല്ലാം, വിദഗ്ദ്ധന്മാർ ശാസ്ത്രീയപരിശോധനയ്ക്കു വിധേയമാക്കി. എന്നിട്ടും വിശേഷവിധിയായി ഒന്നും കണ്ടുപിടിക്കാൻ അവക്കു സാധിച്ചില്ല.

"ഈ സംഭവം ഒരു പഴങ്കഥയായി. ഒരു വർഷത്തേക്കു കുട്ടികളുടെ ഇടയ്ക്കു് ആക്കും ഒരു സുഖക്കേടും പിടിപെട്ടില്ല. എന്നാൽ അടുത്തവർഷം സ്കൂൾ തുറന്നു് ഒരു മാസം കഴിഞ്ഞപ്പോൾ മോർഗന്നു് ഏററവും പ്രിയപ്പെട്ട മിടുക്കന്മാരായ മൂന്നു വിദ്യാത്ഥികൾ അടുത്തടുത്തു മരണംപ്രാപിച്ചു. അവർ രണ്ടുദിവസം മാത്രമേ ദീനമായിക്കിടന്നുള്ളു. കുഞ്ഞുങ്ങളുടെ ജഡം വീണ്ടും നിരീക്ഷണപരീക്ഷണങ്ങൾക്കു് വിധേയമാക്കി. പൊടിപൊടിപോലുള്ള കുപ്പിച്ചില്ലിൻെറ അവശിഷ്ടങ്ങൾ കുടലിൽ പററിപ്പിടിച്ചിരിക്കുന്നു എന്നു് ഒരു വിദഗ്ദ്ധൻ കണ്ടുപിടിച്ചു, അശ്രദ്ധമായി പാകംചെയ്ത ഭക്ഷണപദാത്ഥങ്ങൾ കഴിച്ചതുകൊണ്ടു് ഈ വിധം സംഭവിച്ചേക്കാം. കുടിക്കുന്ന പാലിൽ പൊട്ടിയ ഗ്ലാസിൻെറ പൊടി കലന്നാലും ഈവിധം വരാവുന്നതാണു്. ഡോക്ടർമാരുടെ അവസാനവിധി ഭക്ഷണത്തകരാറുനിമിത്തം ഈ മരണങ്ങൾ സംഭവിച്ചു എന്നായിരുന്നു.

"കുട്ടികളുടെ മരണത്തെക്കുറിച്ചുള്ള അന്വേഷണം ഇവിടെ അവസാനിക്കുമായിരുന്നു. എന്നാൽ, അടുത്ത ദിവസം മോർഗൻെറ വേലക്കാരിക്കു് ഇതേ ദീനം പിടിപെട്ടു. ഡോക്ടർമാർ അവളേയും പരിശോധിച്ചു. കുട്ടികൾക്കുണ്ടായ അതേ ലക്ഷണങ്ങൾതന്നെ വേലക്കാരിയിലും കാണപ്പെട്ടു. സുഖക്കേടിൻെറ വിവരത്തെപ്പററി വളരെ കൃത്യമായി ഡോക്ടർമാർ അവളേ ചോദ്യംചെയ്തു. തലേന്നാൾ കുട്ടികൾക്കുവേണ്ടി തൻെറ യജമാനൻ കൊണ്ടുവച്ചിരുന്ന പലഹാരത്തിൽ ഒരെണ്ണം അവൾ യജമാനൻ അറിയാതെ മോഷ്ടിച്ചതിന്നു എന്നവൾ സമ്മതിച്ചു.

"ഏതായാലും കോടതിയുടെ വിധിയനുസരിച്ചു് സ്കൂളും പരിസരവും പോലീസുകാർ പരിശോധിച്ചു.

സ്കൂളിലെ ഓഫീസുമുറിയിൽ കളിക്കോപ്പുകളും പലതരം പലഹാരങ്ങളും സൂക്ഷിച്ചിട്ടുള്ള ഒരു വലിയ ട്രങ്കുപെട്ടി അവർ കണ്ടുപിടിച്ചു. അതിലുണ്ടായിരുന്ന പലഹാരങ്ങൾ വിദഗ്ദ്ധന്മാരെക്കൊണ്ടു പരിശോധിപ്പിച്ചപ്പോൾ അവയിൽ ഗ്ലാസുപൊടിയും സൂചിയുടെ അററങ്ങളും ധാരാളം കലൎന്നിട്ടുള്ളതായി വെളിപ്പെട്ടു.

മോർഗനെ അറസ്റ്റ് ചെയ്തു് കോടതിയിൽ ഹാജരാക്കി. സ്കൂൾമാസ്റ്ററുടെ സാത്വികമായ മുഖഭാഗവും 'ഞാനേതുമറിഞ്ഞില്ല' എന്ന മട്ടിൽ പകച്ച നോട്ടവും കണ്ടപ്പോൾ, അദ്ദേഹത്തെ വിടുതൽ ചെയ്യുവാനാണു് ന്യായാധിപനു് ആദ്യം തോന്നിയതു്. എന്നാൽ പലഹാരത്തിൽ വിഷാംശം കലൎന്നിരിക്കുന്നു എന്ന അനിഷേദ്ധ്യമായ തെളിവുണ്ടാകയാൽ, ഗവണ്മെൻറുഭാഗം വാദിച്ചു ഞാൻ പരുങ്ങലിലായി. അദ്ധ്യാപകൻെറ സൽപേരു്, അദ്ധ്യാപനത്തിലുള്ള ശുഷ്ക്കാന്തി, കുട്ടികളോടുള്ള വാത്സല്യം, നാട്ടുകാർക്കുള്ള മതിപ്പു്, മതഭക്തി, എല്ലാത്തിനും പുറമേ കുലീനത്വമുള്ള ആ മുഖം, ഇതെല്ലാമോക്കുമ്പോൾ ഇദ്ദേഹത്തിൻെറ പേരിൽ ഈ കുററം എങ്ങനെ ആരോപിക്കാനാണു്?അദ്ദേഹംയാതൊരുദ്ദേശ്യവുമില്ലാതെ അകാരണമായി ഈ അരുമക്കുഞ്ഞുങ്ങളെ വഞ്ചിച്ചുകൊല്ലുകയോ? അദ്ദേഹത്തെപ്പോലെ ബാലന്മാരെ സ്നേഹിക്കുന്ന അദ്ധ്യാപകർ ദുർല്ലഭമാണു്. കിട്ടുന്ന ശമ്പളത്തിൽ ഏതാണ്ടു് പകുതിയോളം കുട്ടികളേ സന്തോഷിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും അദ്ദേഹം ചെലവിട്ടുപോന്നു. അദ്ദേഹം ഭ്രാന്തനാണെന്നു തെളിയിച്ചാൽമാത്രമേ ഈ കുററം അദ്ദേഹത്തിൽ ചുമത്തുവാൻ സാധിക്കയുള്ളു. എന്നാൽ മോർഗൻ വളരെ ശാന്തനും, വിവേകിയും, പഠിപ്പും സംസ്ക്കാരമുള്ളവനും, ആണെന്നല്ലാതെ ആരും പറയുകയില്ല. അദ്ദേഹം ഭ്രാന്തനാണെന്നു തെളിയിക്കുവാൻ അസാദ്ധ്യംതന്നെ.

"എന്നാൽ പെട്ടിയിലുണ്ടായിരുന്ന പലഹാരത്തിൽ ഈ കൃത്രിമം എങ്ങനെ കടന്നുകൂടി? അടുത്തും ഒട്ടകലെയുമുള്ള പലഹാരക്കടകളിൽനിന്നു് പലഹാരങ്ങൾ വരുത്തി

പരിശോധന നടത്തി. അവയിലൊന്നും ഈവിധം ഗ്ലാസുപൊടികളോ മററു ദോഷാംശങ്ങളോ കണ്ടതേ ഇല്ല.

"മോർഗനോട്ട് ചോദിച്ചപ്പോൾ അദ്ദേഹത്തിന്, ഒരു സമാധാനമേ പറയാനുണ്ടായിരുന്നുള്ളു. തൻെറ വല്ല ശത്രുക്കളും കള്ളത്താക്കോൽ ഉപയോഗിച്ച് ഈ വിഷാംശങ്ങൾ പലഹാരത്തിൽ കലർത്തിയതാവാം. അങ്ങനെ സംഭവിക്കാൻ ഒരു പ്രബലകാരണമുള്ളതും അദ്ദേഹം കോടതിയിൽ ബോധിപ്പിച്ചു. മോർഗന് ഏററവും പ്രിയപ്പെട്ട മരിച്ചുപോയ ശിഷ്യൻ ധാരാളം സ്വത്തിൻെറ ഉടമസ്ഥനായിരുന്നു. ആ കുഞ്ഞു മരിച്ചാൽ അതിൻെറ എല്ലാം അവകാശിയായിത്തീരുന്നതു് അകന്ന ബന്ധമുള്ള ഒരു കൃഷിക്കാരനാണ്. ആ പണം തട്ടിയെടുക്കാൻ ആ ദ്രോഹി ഇപ്രകാരം ഒരു സൂത്രം പ്രയോഗിച്ചതാവാം. ആ മഹാപാപി ഈ പ്രവൃത്തികൊണ്ട് ആ കുഞ്ഞിനെ മാത്രമല്ല, വേറേയും എത്ര അരുമക്കുഞ്ഞുങ്ങളുടെ ജീവൻ നശിപ്പിച്ചു എന്ന് മോർഗൻ ഖേദപൂർവ്വം കോടതിയെ അനുസ്മരിപ്പിക്കയുണ്ടായി.

"കഷ്ടം! ധനതൃഷ്ണ എന്തെന്തു കഠിനക്രിയകൾ മനുഷ്യരെക്കൊണ്ടു ചെയ്യിക്കുന്നില്ല!' ഞാൻ വിചാരിച്ചു. 'മോർഗൻ പറഞ്ഞതുസംഭവ്യമാണ്. അദ്ദേഹം ഒരിക്കലും കള്ളം പറയുകയില്ല.'

"മോർഗനെമോചിപ്പിക്കാനുള്ളഉത്തരവിടാൻ ഞാൻ ആലോചിച്ചുവരികയായിരുന്നു. അപ്പോഴുണ്ട്, വേറേ പ്രബലമായ തെളിവുകൾ 'മാസ്റ്റർ'ക്കെതിരായി കോടതിയിൽ ഹാജരാക്കപ്പെട്ടു. ഒന്ന് അദ്ദേഹത്തിൻെറ സ്വന്തം പൊടിക്കുപ്പിയായിരുന്നു. മോർഗൻെറ മേശപ്പുറത്തുള്ള ഒരു ഉള്ളറയിൽനിന്നാണ് അതു കണ്ടെടുത്തതു്. എന്നാൽ ആ കുപ്പി നിറയെ ഗ്ലാസുപൊടിയാണ് സംഭരിച്ചിരുന്നതു്. ഈ തെളിവും അദ്ദേഹം പ്രശാന്തനായി നിഷേധിച്ചു. തൻെറ ശത്രുവായ ആ പണക്കൊതിയൻ കൃഷിക്കാരൻെറ അവസാനതന്ത്രമാണിതെന്ന് അദ്ദേഹം യുക്തിയുക്തം വാദിച്ചു. തന്നേക്കൂടി ചതിച്ചുകൊല്ലുവാൻ ആ

പരമദ്രോഹി എടുത്ത അററകൈയാണിതെന്നു് മോർഗൻ ഗദ്ഗദസ്വരത്തിൽ കോടതിയിൽ നിവേദനം ചെയ്തു.

"അപ്പോഴുണ്ടു്, പോലീസ് മറെറാരു തെളിവു് ഹാജരാക്കിയിരിക്കുന്നു. സ്കൂളിൽനിന്നു് ഒരു നാഴിക അകലെ 'സോപ്പു, ചീപ്പു, കണ്ണാടി, വിൽക്കുന്ന കടയിൽനിന്നും മോർഗൻ പതിവായി നൂറുകണക്കിനു സൂചി വാങ്ങാറുണ്ടെന്നും വാങ്ങുന്നതിനുമുമ്പു് സൂചിയുടെ നൽപ്പു നോക്കുവാൻ അദ്ദേഹം ഒന്നു രണ്ടു സൂചികളെടുത്തു് ഒടിച്ചുനോക്കാറുണ്ടെന്നും കടക്കാരൻ കോടതിയിൽ മൊഴികൊടുത്തു. കൂടാതെ, മോർഗൻ ഇങ്ങനെ ചെയ്തിരുന്നു എന്നു തെളിയിക്കുവാൻ, ആ കടയിൽനിന്നു സാമാനങ്ങൾ വാങ്ങാറുള്ള ആറുപേരേക്കൂടി കടക്കാരൻ സാക്ഷികളാക്കി.

"ഇവയെല്ലാം പുറമേ, സ്കൂൾകുട്ടികളിൽനിന്നു ലഭിച്ച അറിവുകളും കേസ്സിൻെറ വിചാരണയിൽ വളരെ സ്വാധീനംചെലുത്തി. കുട്ടികളുടെ മൊഴിയിൽ, മാസ്റ്ററുടെ മുമ്പിൽവച്ചുതന്നെ പലഹാരം തിന്നണമെന്നു് അദ്ദേഹത്തിനു വലിയ നിർബ്ബന്ധമായിരുന്നു എന്നു തെളിഞ്ഞു. തിന്നതിൻെറ ശേഷം അവശിഷ്ടമായി വല്ലതും അവിടെയെങ്ങാനും കിടന്നാൽ, തൂത്തുവാരി അവിടം വെടിപ്പാക്കുന്നതിലും, അതെല്ലാംകൊണ്ടുചെന്നു്അകലെകളയുന്നതിലും മോർഗൻ വളരെ നിഷ്ക്കർഷിച്ചിരുന്നു.

"ഇതെല്ലാംകൂടിയായപ്പോൾ, പൊതുജനാഭിപ്രായം മോർഗനു് വിപരീതമായി കലാശിച്ചു. മാസ്റ്റർ ഭയങ്കര കുററം ചെയ്തിരിക്കുന്നു. കഠിനശിക്ഷതന്നെ നൽകണമെന്നു് ന്യായാധിപനു് ബോദ്ധ്യമായി.

"മോർഗനെ തൂക്കിലിടുവാൻതന്നെവിധിച്ചു. അയാൾ അപ്പീൽ ബോധിപ്പിച്ചു. എന്നാൽ അവിടെയും രക്ഷകിട്ടിയില്ല. അയാൾ തൂക്കിലിടപ്പെടുന്ന ദിവസവും കാത്തു ജയിലിൽ കിടക്കുകയാണു്.

"ഒരുദിവസം രാവിലേ ഞാൻ ആഫീസിൽ ജോലി ചെയ്തുകൊണ്ടിരുന്നപ്പോൾ, ജയിൽപുള്ളികളുടെ ആത്മീയ കാര്യങ്ങൾക്കു ചുമതല വഹിച്ചിരുന്ന ഒരു വൃദ്ധപുരോഹിതൻ, എൻെറ മുറിയിൽ തിടുക്കത്തിൽ പ്രവേശിച്ചു.

എനിക്കദ്ദേഹത്തെ നല്ലപോലറിയാമായിരുന്നു. മനുഷ്യ സ്വഭാവത്തിൻെറ വക്രതകളേപ്പററി നല്ല പരിജ്ഞാനമു ള്ളവനായിരുന്നു അദ്ദേഹം. എന്നല്ല മുഷ്ക്കരന്മാരുടേയും കൊലപാതകികളുടേയും മാനസികനിലപാടിനെ അപ ഗ്രഥിച്ചുകൊണ്ടു് ചില പ്രമാണഗ്രന്ഥങ്ങരംതന്നെ അദ്ദേ ഹം രചിച്ചിട്ടുണ്ടു്. ചക്രവത്തിയുടെ കൊട്ടാരത്തിൽ പോലും അദ്ദേഹത്തിനു് ഒരു മാന്യസ്ഥാനം നൽകി ബഹു മാനിക്കപ്പെട്ടിരുന്നു. എന്നെ കാണാൻ വന്നപ്പോരം അദ്ദേഹം വളരെ അസ്വസ്ഥനും, ചിന്താകുലനും, പരവശ നുമായി കാണപ്പെട്ടു. വേറേ ചില കാര്യങ്ങളേപ്പററി വത്തമാനം പറഞ്ഞിട്ടു് പോകാനെഴുന്നേററപ്പോരം അദ്ദേ ഹം പെട്ടെന്നു് എന്നോടു് ഈവിധം പറഞ്ഞു:

‟എൻെറ സ്നേഹിതാ! ഒരു കാര്യം. മോർഗനെ തൂക്കിലിട്ടാൽ, ഒരു നിരപരാധിയെ നിങ്ങരം മനഃപൂവ്വം കൊല്ലുകയായിരിക്കും; കേട്ടോ! ഞാൻ സകലതും അറി ഞ്ഞശേഷമാണു് ഇതു പറയുന്നതു്. ഓമ്മയിരിക്കട്ടെ.''

‟എന്നോടു യാത്രപോലും ചോദിക്കാതെ പുരോഹി തൻ സ്ഥലംവിട്ടു. അദ്ദേഹത്തിൻെറ ഭാവവും വാക്കുകളും എന്നെ വല്ലാതെ ചിന്തിപ്പിച്ചു. കോടതിയിൽ ഞാൻ നടത്തിയ വാദഗതി മുഴുവൻ ഞാൻ പുനഃപരിശോധനക്കു വിഷയമാക്കി. ത്യാഗിയും നിസ്വാത്ഥനുമായ പുരോഹിത വൃദ്ധനെ എങ്ങനെ അവിശ്വസിക്കുവാനാണു്!

‟ഞാൻ അന്നു വൈകുന്നേരം പാരീസ്സിൽ എത്തി. വളരെ പണിപ്പെട്ടതിനുശേഷം ചക്രവത്തിയുമായി ഒരു കൂടിക്കാഴ്ചക്കു് എനിക്കു് അനുവാദം ലഭിച്ചു. ഞാൻ ചക്ര വത്തിയെ കണ്ടു വണങ്ങി ‛മോർഗൻകേസ്സു്' സംബന്ധി ക്കുന്ന സകല വസ്തുതകളും തിരുമുമ്പിലുണത്തിച്ചു. ഒടുവിൽ പുരോഹിതവൃദ്ധൻെറ മുന്നറിയിപ്പും അദ്ദേഹത്തെ ധരി പ്പിച്ചു. ചക്രവത്തിക്കു് ഈ പുരോഹിതനെ വളരെ ബഹു മാനമായിരുന്നു എന്നു് നേരത്തേ പറഞ്ഞല്ലോ. ഞാൻ ഇതു പറഞ്ഞുകൊണ്ടിരുന്നപ്പോരം ചക്രവത്തിനി ധൃടുതി യിൽ ഞങ്ങളുടെ മുമ്പിലെത്തി. ചക്രവത്തിയോടായി:

'അങ്ങിനെയാണെങ്കിൽ മോർഗന്ന് ഉടൻ രാജകീയമാപ്പ് നൽകണം' എന്ന് നിർബന്ധപൂർവ്വം വാദിച്ചു. 'മോർഗൻ നിരപരാധിയാണ്! മോർഗൻ നിരപരാധിയാണ്!' രാജ്ഞി വീണ്ടും വീണ്ടും പറഞ്ഞുകൊണ്ടിരുന്നു.

'മഹാരാജ്ഞിയുടെ പെട്ടെന്നുള്ള വരവും മോർഗന്നു വേണ്ടിയുള്ള ശുപാർശയും എന്നെ തെല്ലൊന്നമ്പരപ്പിച്ചു. ഞാൻ മൂകനായി കല്പന പ്രതീക്ഷിച്ചുകൊണ്ടു നിന്നു. മഹാരാജ്ഞി വീണ്ടും ഭർത്താവിനോടായി: 'ഇതിൽ ഇത്ര ആലോചിപ്പാനെന്തുള്ളു? ഒരു കുററക്കാരൻ രക്ഷപ്പെടുന്നതോ ഒരു നിരപരാധി കൊല്ലപ്പെടുന്നതോ ഏതാണ് കൂടുതൽ പാപം?'

"രാജ്ഞിയുടെ ശുപാർശ ഫലിച്ചു. 'തൂക്കിലിടേണ്ടാ ജീവപര്യന്തം തടവ്!'' ഇതായിരുന്നു രാജകീയകല്പന.

"മോർഗൻ തടവിലുമായി. തടവുപുള്ളിയായ മോർഗൻെറ കൃത്യനിഷ്ഠ, സ്വഭാവശുദ്ധി, മതഭക്തി എന്നീ ഗുണങ്ങൾ കണ്ടു് വളരെ തൃപ്തനായ ജയിൽസൂപ്രണ്ടു്, അധികാരസ്ഥാനങ്ങൾ മുഖാന്തരം, അയാളുടെ ശിക്ഷ ലാഘവപ്പെടുത്തണമെന്ന് ചക്രവർത്തിയെ ഉണർത്തിച്ചു. അങ്ങനെ ജയിൽസൂപ്രണ്ടിൻെറ നോട്ടത്തിൽ അദ്ദേഹത്തിൻെറകൂടെ ഒരു കാര്യസ്ഥൻെറ മട്ടിൽ ജീവിച്ചുകൊള്ളുവാനുള്ള അനുവാദം മോർഗന്ന് നൽകപ്പെട്ടു.

"വീണ്ടും വർഷങ്ങൾ ആറുകഴിഞ്ഞു. ഉച്ചഭക്ഷണംകഴിഞ്ഞു് ഞാൻ തെല്ലൊന്നുവിശ്രമിക്കുമ്പോൾചെറുപ്പക്കാരനും സുമുഖനുമായ ഒരു പുരോഹിതൻ എന്നെ കാണുവാൻവന്നു. ഞാൻ അദ്ദേഹത്തെ അകത്തേയ്ക്കു വിളിച്ചു് ഇരിപ്പിടം നൽകി. ആസന്നമരണനായ ഒരാളുടെ നിർബന്ധപ്രകാരമാണ് പുരോഹിതൻ എന്നെ കാണുവാൻ വന്നതെന്നും, മരിക്കാൻ കിടക്കുന്ന ആൾക്കു് എന്നെ കണ്ടു് എന്തോ ധരിപ്പിക്കാനുണ്ടെന്നു് കൂടെക്കൂടെ പറയുന്നുണ്ടെന്നും, അതുകൊണ്ടു് ഞാൻകൂടെ പുരോഹിതനൊന്നിച്ചു് ചെല്ലണമെന്നുമാണ്, അദ്ദേഹം പറഞ്ഞതിൻെറ സാരം. ഇതിന്നു മുമ്പും വേറേ ചില ആളുകൾ മരിക്കാറാകുമ്പോൾ എന്നെ

കാണണമെന്ന് ആവശ്യപ്പെടാറുണ്ടായിരുന്നതുകൊണ്ട് ഈ അപേക്ഷയിൽ അതിശയമോ പുതുമയോ ഒന്നും എനിക്കു തോന്നിയില്ല.''

''ഞാൻ പുരോഹിതനെ അനുഗമിച്ചു. കൂലിപ്പണിക്കാർ താമസിക്കുന്നതരം ഒരു ചെറുകുടിലിലേക്ക് അദ്ദേഹം എന്നെ കൂട്ടിക്കൊണ്ടുപോയി. അതിനകത്ത് ഒരു വയ്ക്കോൽമെത്തയിൽ വളരെ പ്രാകൃതനായ ഒരാൾ കിടന്നിരുന്നു. എന്നെ കണ്ടപ്പോൾ പരിചയഭാവത്തിൽ അയാൾ അല്പം നിവർന്ന് ചുവരിലേക്കു ചാരിയിരുന്നു. അയാൾക്ക് ശ്വാസിക്കുവാൻ വിമ്മിട്ടമുള്ളതായി തോന്നി. എന്നെ കണ്ടമാത്രയിൽ അടഞ്ഞസ്വരത്തിൽ ആ മനുഷ്യൻ ചോദിച്ചു: ''അറിയുമോ?''

ഞാൻ:—ഓർമ്മ തോന്നുന്നില്ല.

''എൻെറ പേരു് മോർഗൻ എന്നാണ്.''

''ഓഹോ! സ്കൂൾമാസ്റ്റർ മോർഗൻ.''

''അതേ! ആ ആൾതന്നെ.''

''നിങ്ങൾക്കെന്തു പററി?''

''അതൊരു നീണ്ട കഥയാണ്. എല്ലാം പറയാൻ എനിക്കു സമയമില്ല. ഞാൻ മരണത്തിൻെറ വക്കത്തെത്തിയിരിക്കയാണ്. എൻെറ ഒരു കൂട്ടുകാരനാണ് ഈ നിൽക്കുന്ന പുരോഹിതനെ വരുത്തിയതു്. ഞാൻ ആവശ്യപ്പെട്ടിട്ടൊന്നുമല്ല; എനിക്ക് പുരോഹിതനോട്ട് ഏററു പറയേണ്ടതായിട്ടൊന്നുമില്ല. എന്നാൽ ഞാൻ ചെയ്ത ഒരു കുററം അങ്ങയോട്ട് ഏററുപറയേണ്ടതായിട്ടുണ്ട്. അങ്ങാണ് എൻെറ ജീവനെ അന്നു രക്ഷിച്ചതു്.''

അയാൾ മെത്തയുടെ വക്കിൽ ബലമായി പിടിച്ച് ഇടയ്ക്കിടെ കിതച്ചുകൊണ്ട് തട്ടിത്തടവി പറഞ്ഞുതുടങ്ങി:—

''ഞാൻ ഇവിടം വിടാറായി. അതിനുമുമ്പ് സത്യം അങ്ങയെ ധരിപ്പിക്കേണ്ടതു് എൻെറ കടമയാണ്.''

''ഞാനാണ് ആ കുട്ടികളെ കൊന്നതു്! എല്ലാവരേയും ഞാൻതന്നെ! അതൊരു പകരംവീട്ടലായിരുന്നു.''

''ദയവായി ഒന്നു ശ്രദ്ധിക്കൂ. ഞാൻ വളരെ മാന്യമായ രീതിയിൽ കഴിഞ്ഞുകൂടിയവനാണ്. തീർത്തും പരി

ശുദ്ധജീവിതമായിരുന്നു എൻേറതു്. എപ്പോഴും ദൈവത്തെ ഓർത്തും ഭയന്നും വിശ്വസിച്ചും പ്രാർത്ഥിച്ചും കഴിഞ്ഞുപോന്ന ഒരുവനായിരുന്നു ഞാൻ. സ്നേഹസ്വരൂപിയായ ദൈവത്തെയാണു ഞാൻ ആരാധിച്ചിരുന്നതു്. പരമകാരുണികനായ ദൈവത്തെയാണു ഞാൻ ആശ്രയിച്ചിരുന്നതു്. ഭക്തന്മാരെ പരിപാലിക്കുന്ന ദൈവത്തെയാണു് ഞാൻ പ്രാർത്ഥിച്ചിരുന്നതു്. അല്ലാതെ കൊള്ളക്കാരനും കൊലപാതകിയുമായ ദൈവമല്ലായിരുന്നു എൻെറ ആരാധനാമൂർത്തി. ഞാൻ ഒരു കുററവും ചെയ്തിരുന്നില്ല; ഒരു കുട്ടംകയ്യും കാണിച്ചിട്ടില്ല. പിറക്കാത്ത ശിശുവിൻേറതുപോലെ നിർദ്ദോഷമായിരുന്നു എൻെറ ജീവിതം.

ഞാൻ വിവാഹം കഴിച്ചു. എനിക്കു് മൂന്നു കുട്ടികളുമുണ്ടായി. മൂന്നാമത്തെ പ്രസവത്തോടെ ഭാര്യ മരിച്ചു. കുട്ടികളുടെ ഭാരം മുഴുവൻ എൻെറ തലയിലുമായി. കുട്ടികളെ ഞാൻതന്നെ വളർത്തി. എൻെറ ജീവിതം അവക്കായി ഉഴിഞ്ഞുവച്ചു. ഞാൻ അവരെ എങ്ങനെ സ്നേഹിച്ചു വളർത്തിയെന്നു് എനിക്കു മാത്രമേ അറിഞ്ഞുകൂടൂ. എന്തിനേറെ? എൻെറ ഓമനക്കുഞ്ഞുങ്ങൾ ഒന്നൊന്നായി ഏതോ ഒരു നടപ്പുദീനം പിടിപെട്ടു് മരിച്ചുപോയി. എന്തു്! എന്തു്! ഇതിൻെറയെല്ലാം അർത്ഥമെന്തു്? എനിക്കു പെട്ടെന്നു് ഒരുണർവുണ്ടായി. എൻെറ കുട്ടികളെ എന്നിൽനിന്നും വേർപെടുത്തിയതാരാണു്? ദൈവം! ദുഷ്ടനായ ദൈവം! അയാൾ എന്തിനങ്ങനെ ചെയ്തു? അയാൾക്കു് കൊല്ലുന്നതിലാണു താല്പര്യം. ദൈവം ഒരു ഘാതകനാണു്. ഓരോ ദിവസവും കുറേ എണ്ണത്തെ കൊല്ലാതെ അങ്ങേരടങ്ങുകയില്ല. എന്തിനിങ്ങനെ ചെയ്യുന്നു എന്നു ചോദിച്ചാൽ വിശേഷിച്ചൊന്നിനുമല്ല, ദൈവത്തിനു് ഒരു കളി, ഒരു നേരമ്പോക്കു്, ഒരു വിനോദം. നമുക്കോ നിത്യമായ നരകവേദന! ഈ കളി കളിക്കാൻ പലപല സൂത്രങ്ങളും അയാൾ കണ്ടുപിടിച്ചിട്ടുണ്ടു്. രോഗങ്ങൾ അപകടങ്ങൾ ഇതെല്ലാം ഈശ്വരനു വിനോദിക്കാൻവേണ്ടി മനുഷ്യരുടെ ഇടയിൽ വിതറുന്നു. ഈ വിദ്യകളിൽക്കൂടി കൊന്നുകൊന്നു മടുക്കുമ്പോൾ, ഇടിവെട്ടു്, ഭൂകമ്പം, പ്രളയം,

പകർച്ചവ്യാധികരം, പ്ലേഗ്, കോളറാ, മസൂരി ഇങ്ങനെ ചിലതിൻെറയെല്ലാം കൂട്ടുപിടിച്ച് മനുഷ്യരാശിയുടെ മദ്ധ്യത്തിൽ മാരകനൃത്തം വയ്ക്കുകയാണ് ഈ ഈശ്വരൻ.

നമ്മുടെ ഈശ്വരൻ അതുകൊണ്ടും തൃപ്തിപ്പെടുന്നില്ല. അന്യോന്യം ഭക്ഷിക്കുന്ന മനുഷ്യരെ അദ്ദേഹം സൃഷ്ടിച്ചു നോക്കി. എന്നിട്ടും മനുഷ്യർ നന്നായിവരുന്നതു കണ്ടപ്പോരം അവരെ ഭക്ഷിക്കാൻ കാട്ടുമൃഗങ്ങളെ അവൻ സൃഷ്ടിച്ചു. അതുപോരാ! ഒരുനിമിഷം ജീവിച്ച് അന്തരിക്കുന്ന അണുപ്രാണികളെ അവൻ സൃഷ്ടിച്ചു. നോക്കുക ഒരു നിമിഷം, ഒരു മണിക്കൂർ, ഒരു ദിവസം, ഒരു വർഷം ഇങ്ങനെ കാലാവധിവച്ച് ഊതിയാൽ പറന്നുപോകുന്ന ജീവികളെ കോടാനുകോടി ഉണ്ടാക്കി അവയുടെ തുരുതുരെയുള്ള മരണത്തിൽ ഉല്ലസിക്കുന്നവനാണ് എൻെറ ഈശ്വരൻ എന്നു ഞാൻ കണ്ടുപിടിച്ചു. ഇതെല്ലാം അദ്ദേഹത്തിനു് വിനോദം. ഇതു കണ്ടു രസിക്കുന്നു, ചിരിക്കുന്നു! ഇപ്രകാരം ചെയ്യുന്ന ആരം ദൈവമാണോ? അയാരം ഒരു കാട്ടുപോത്തല്ലേ? അതേയെന്നാണ് എനിക്കു് ഉറപ്പുവന്നതു്.

അതുകൊണ്ടു് എൻെറ ബഹുമാന്യ മിത്രമേ! ഞാനും ഒന്നു പരിശോധിച്ചുനോക്കി. ചില കുട്ടികളെ ഒന്നു കൊന്നുനോക്കി. ആ കുട്ടികളെ കൊന്നതു് അയാളല്ല, ഞാനാണ്. ഞാൻ ദൈവത്തെ ഒരു പാഠം പഠിപ്പിക്കുകയായിരുന്നു. എനിക്കും കൊല്ലാൻ സാധിക്കുമെന്നു ഞാൻ കാണിച്ചുകൊടുത്തു. ഞാൻ കുറേ എണ്ണത്തിൻെറ വകകൂടി വരുത്തുമായിരുന്നു. അപ്പോഴേക്കും ഞാൻ നിയമത്തിൻെറ കയ്യിൽ അകപ്പെട്ടു. ബാക്കി കഥകരം അങ്ങേയ്ക്കറിയാമല്ലോ?

ആദ്യം കോടതി എന്നെ തൂക്കാൻ വിധിച്ചു. അങ്ങിനെ സംഭവിച്ചിരുന്നുവെങ്കിൽ; ആ കൊള്ളക്കാരൻ—ആ ചെന്നായ്—ആ ദൈവം എത്ര സന്തോഷിച്ചേനേയെന്നോ? അപ്പോരം എനിക്കൊരു യുക്തിതോന്നി. ഇയാളെ ഒന്നുകൂടിപററിക്കണം. ആ വൃദ്ധപുരോഹിതനോടു് എല്ലാം ഏററുപറഞ്ഞു, പറഞ്ഞതോ പച്ചക്കള്ളം. ആ സാധു

എന്നെ വിശ്വസിച്ചു. അങ്ങനെ ഞാൻ മരണത്തെ അതി ജീവിച്ചു. ദൈവം ഒന്നു പകച്ചുകാണും.''

''എന്നാൽ ഇതാ ഇപ്പോഠ എല്ലാം കഴിഞ്ഞിരിക്കു ന്നു. അവസാനനിമിഷം അടുത്തു. ഇനി അയാളുടെ പിടിയിൽ അമരുകയേ നിവൃത്തിയുള്ളു. പക്ഷേ, ഞാൻ അയാളെ അശേഷം ഭയപ്പെടുന്നില്ല; അത്രമാത്രം എനി ക്കയാളോടു വെറുപ്പുണ്ട്.''

ഇതെല്ലാം കേട്ടുകൊണ്ടിരിക്കുക, എനിക്കു പരമദുസ്സ ഹമായിത്തോന്നി. ശ്വാസത്തിൻെറ തള്ളിച്ചകൊണ്ട് നിറുത്തിയും കഫക്കെട്ടുകളിൽക്കൂടി ഞെരുങ്ങിയുമാണ് ഇത്രയും കാര്യങ്ങഠ മോർഗൻ പറഞ്ഞുതീർത്തതു്. ഞാൻ വിചാരിച്ചു: 'അയ്യോ! ഈ മോർഗൻ എന്തൊരു ഭയങ്കര ജീവി.'

വീണ്ടും ഞാൻ ചോദിച്ചു: ''നിങ്ങഠക്കു കൂടുതലായി വല്ലതും പറയാനുണ്ടോ?''

''ഇല്ല.''

''എങ്കിൽ ഞാൻ പോകട്ടെ. ഇനി വല്ലപ്പോഴുമൊ രിക്കൽ....

ഞാൻ അടുത്തുനിന്നിരുന്ന പുരോഹിതനെ നോക്കി ചോദിച്ചു: ''അച്ചൻ ഇവിടെത്തന്നെ നിൽക്കുകയാണോ!''

''അതെ! നിങ്ങഠ പൊയ്ക്കൊള്ളു.''

പുരോഹിതൻ വിളറി വിറങ്ങലിച്ചവനേപ്പോലെ അവിടെത്തന്നെ നിലകൊണ്ടു. മോർഗൻ അതുകണ്ടു പറ യുകയാണ്: ''എൻെറ ശവം കാക്കകഠ കൊത്തിത്തിന്നു ന്നതു കണ്ടിട്ടേ ഇയാഠ ഇവിടെനിന്നു പോകയുള്ളു.''

എനിക്കാണെങ്കിൽ ധാരാളം മതിയായി. ഞാൻ പുറത്തുകടന്ന് ഒരോട്ടംവച്ചുകൊടുത്തു.

# കിളവനായ ജൂഡാസ്

ഒററനോട്ടത്തിൽതന്നെ ആ പ്രദേശം മുടിഞ്ഞുമുദ്ര കുത്തിയതാണെന്നു് ആരും സമ്മതിക്കും. കറുത്തിരുണ്ട വെള്ളം തടംകെട്ടിക്കിടക്കുന്ന സാമാന്യം വലിയ ഒരു തടാകം. നാലു ചുററുമുള്ള മൊട്ടക്കുന്നുകരം തടാകത്തിലേയ്ക്കു മടിഞ്ഞിറങ്ങി വീഴുന്നു. താഴ്‌വാരത്തിൽ കുററിക്കാടുകരം സമൃദ്ധിയായി പന്തലിച്ചു നിൽപ്പുണ്ടു്. തടാകത്തിൻെറ തീരത്തു് അങ്ങിങ്ങു് കോലിച്ച ഞാങ്ങണപ്പുല്ലുകളും മഞ്ഞമുളക്കൂട്ടങ്ങളും കാററത്തു് തലകുനിച്ചു ചാഞ്ചാടി നിൽക്കുന്നു.

പ്രായേണ നിർജ്ജീവമായ ഈ തടാകത്തിൻെറ ഒരററത്തായി ഒരു വീടുമാത്രം കാണാം. വീടെന്നു പറയാൻ മേല; ഒരു ചെററപ്പുര. മീൻകാരൻ ജോസഫിൻെറ പാർപ്പിടമാണതു്. ഞാൻ ജോസഫിനെ കാണുമ്പോരം അയാരം വൃദ്ധനായിക്കഴിഞ്ഞിരുന്നു. മത്സ്യംപിടിച്ചു് അടുത്ത ഗ്രാമത്തിൽ കൊണ്ടുചെന്നു വിററിട്ടാണു് അയാരം നിത്യവൃത്തി കഴിച്ചുപോന്നതു്. പതിവായി ഉണക്കമീനും പച്ചമീനും ചുമന്നുകൊണ്ടു് ആഴ്ചയിൽ മൂന്നുപ്രാവശ്യം അയാരം ഗ്രാമത്തിൽ പോകും. അതു വിററു് പകരം തനിക്കാവശ്യമുള്ള സാധനങ്ങളും വാങ്ങി സന്ധ്യ മയങ്ങുമ്പോരം ജോസഫ് തൻെറ തടാകക്കുടിലിനെ സമീപിക്കുകയും ചെയ്യും.

ഞാൻ ഇയ്യാളെ ഒരു ദിവസം എങ്ങനെയോ കണ്ടുമുട്ടി. എനിക്കയാളിൽ താല്പര്യം ജനിച്ചു. ജോസ

ഫിനു് എന്നിലും. ‟മീൻപിടിക്കാൻ കൂടെ വരുന്നോ" എന്നയാറം ചോദിച്ചു. ഞാൻ സന്തോഷപൂർവ്വം അതിനു സമ്മതിക്കുകയും ചെയ്തു.

അയാറംക്കു് ചെത്തുക്കിച്ച ഒരു തോണിയുണ്ടായിരുന്നു. അതിൻെറ രണ്ടററവും—തലയും വാലും—അടന്നു ദ്രവിച്ചു പോയിരിക്കുന്നു. അയാറം തൻെറ വലയും കൂടയും അതിൽ നിക്ഷേപിച്ചു. ഞങ്ങറം തോണിയിൽ കയറി. മെലിഞ്ഞുകോലിച്ച കൈകറംകൊണ്ടു് ജോസഫ് തുഴയാൻ തുടങ്ങി. മററു ചലനങ്ങറം ഒന്നുമില്ലാത്ത വെള്ളത്തിൽ കൂടി യാതൊരൊച്ചയും കൂടാതെ ഒരേ ക്രമത്തിൽ അയാറം അങ്ങനെ തുഴ വലിച്ചുപോയപ്പോറം ഏതോ ഒരു പുതിയ ലോകത്തിലാണു ഞാൻ എന്നെനിക്കു തോന്നിപ്പോയി. കഴിഞ്ഞുപോയ ഏതോ ഒരു യുഗത്തിൽ ജീവിക്കുന്നവൻെറ ഒരനുഭവമാണു് ഈ തോണിയാത്ര എന്നിൽ ജനിപ്പിച്ചതു്. ജോസഫിനു് അതു നിത്യത്തൊഴിലാണു്. തടാകത്തിൻെറ ഒരു പ്രത്യേക സ്ഥാനത്തെത്തിയപ്പോറം അയാറം വള്ളം കരയ്ക്കടുപ്പിച്ചു് വല വീശി. ഒററയ്ക്കുതന്നെ വല കരയ്ക്കടുപ്പിച്ചു. ധാരാളം മത്സ്യങ്ങറം അയാളുടെ കാൽച്ചോട്ടിൽ കിടന്നു പിടയുന്നു. വലുതും ചെറുതുമായവ. അയാറം അതെല്ലാം പെറുക്കി കൂടയിൽ ഇട്ടുകൊണ്ടിരുന്നപ്പോറം ഞാൻ ഉദാസീനനായി തടാകത്തിൻെറ മറുകരയ്ക്കു നോക്കി. കുററിക്കാടുകളുടെ ഇടയ്ക്കു് ജീർണ്ണിച്ചു് താറുമാറായ ഒരു കുടിലും അതിനു നേരേ മുകളിലായി ചുവന്ന നിറത്തിലുള്ള വലിയ ഒരു കുരിശും കണ്ടു. ആറംപ്പാർപ്പില്ലാത്തതാണു് ആ വീടെന്നു് അതിൻെറ ജീർണ്ണാവസ്ഥ വ്യക്തമാക്കി. രക്തനിറത്തിലുള്ള ഈ കുരിശു് ഈ വിജനപ്രദേശത്തു സ്ഥാപിച്ചതാരു്? ഞാൻ അത്ഭുതപ്പെട്ടു.

ഈ കുരിശിനെപ്പററി ഞാൻ ജോസഫിനോടു് ചോദിച്ചു.

തൽക്ഷണം അയാറം നെഞ്ചിനു നേരേയായി കുരിശു വരച്ചിട്ടു് ‟അതോ! അവിടെക്കിടന്നാണു് നമ്മുടെ ജൂഡാസു മരിച്ചതു്" എന്നുത്തരം പറഞ്ഞു.

എനിക്കൊരത്ഭുതവും തോന്നിയില്ല. 'ഈ സ്ഥലത്ത് എന്തും സംഭവിക്കാം, ഇതും ഇതിലപ്പുറവും! ഞാൻ വീണ്ടും ചോദിച്ചു. ''ജൂഡാസോ? ഏതു ജൂഡാസ്?''

ജോസഫ്: ഹായ്! അറിയില്ലേ, ആ നാടോടിജൂ—തന്നെ! തെണ്ടിത്തിരിഞ്ഞു നടന്നിരുന്ന ജൂഡാസിനെ നിങ്ങൾ അറിയില്ലേ?

—എനിക്കു് ഈ ജൂഡാസിനെ പരിചയമുണ്ടെന്നുള്ള മട്ടിലാണ് ജോസഫിൻെറ സംസാരം.

''എനിക്കയാളെപ്പററി യാതൊന്നും അറിഞ്ഞുകൂടാ'' ഞാൻ പറഞ്ഞു: ''ഓഹോ! ഞാൻ പറയാമല്ലോ. ഇന്നലെ കഴിഞ്ഞപോലെ എല്ലാം എനിക്കോർമ്മയുണ്ടു്. അയാൾ മരിച്ചിട്ട് അത്രയധികം കാലമൊന്നുമായില്ല. പണ്ടെല്ലാം ദിവസത്തിൽ ഒരിക്കൽ ഞാൻ കാണാറുള്ള ആളല്ലേ!''

ഞാൻ: അപ്പോൾ വെറും കെട്ടുകഥയൊന്നുമല്ല—അല്ലേ.

ജോസഫ്: കൊള്ളാം, കെട്ടുകഥയോ? ഞാൻ പറഞ്ഞിട്ടു വിശ്വാസം വരുന്നില്ലെങ്കിൽ, ആ ഗ്രാമവാസികളോടു ചോദിക്കൂ.

''അതൊന്നും വേണ്ട! ജോസഫ്തന്നെ പറഞ്ഞാൽ മതി. അയാളുടെ ചരിത്രം കേൾക്കട്ടെ.''

ജോസഫ് വളരെഉന്മേഷത്തോടുകൂടി കഥആരംഭിച്ചു. ''ആ വീട്ടിൽ ആദ്യം പാർത്തിരുന്നതു വളരെ പ്രായം ചെന്ന ഒരു കിഴവിയായിരുന്നു. ചടച്ചു് വളരെ പൊക്കമുള്ള ഒരു കിഴവി; ഗ്രാമത്തിൽ പോയി പിച്ചതെണ്ടിയാണ് അവൾ കഴിഞ്ഞുപോന്നതു്. ചിലപ്പോഴെല്ലാം ഞാനവൾക്കു് മീൻ ചുമ്മാ കൊടുത്തിട്ടുണ്ടു്. അവൾ ഇവിടെ പാർപ്പാക്കിയതു് എന്നാണെന്നു് ആർക്കും ഒരു നിശ്ചയവുമില്ല. ഒരു ദിവസം ഒരു മുതുമുത്തുക്കൻ ഇവളുടെ കുടിലിൽ എത്തി ധർമ്മം ചോദിച്ചു. ഒരു നൂറുവയസ്സു കഴിഞ്ഞിരിക്കും. നരച്ചു നീണ്ട താടി പൊക്കിൾവരെ ഊന്നുകിടക്കും. വളരെ വിഷമിച്ചാണു് നടക്കുന്നതുതന്നെ.''

തെണ്ടിജീവിക്കുന്ന ആ കിഴവി, മുതുക്കനോടു പറഞ്ഞു: ''അപ്പാ! അപ്പനു് എൻെറ അപ്പൻെറ പ്രായമുണ്ടല്ലോ. എന്താ ഇത്ര ക്ഷീണം? ഇരിക്കൂ ഇവിടെ. എനി

കളുള്ളതെല്ലാം എല്ലാവക്കുമുള്ളതാണ്. എല്ലാവരിൽനിന്നുമാണ് എനിക്കുള്ള വക കിട്ടിക്കൊണ്ടിരിക്കുന്നതു്.''

ഇതു കേട്ടപ്പോഠം ജൂഡാസ് വളരെ സന്തോഷിച്ചു. മുററത്തു കിടന്നിരുന്ന ഒരു കല്ലിൽ അയാഠം ഇരുന്നു. അവർ അന്യോന്യം ഇഷ്ടപ്പെട്ടു.

അന്നു മുതൽ ജൂഡാസ് ആ കുടിലിൽതന്നെ താമസമാക്കി. പിന്നവിടം വിട്ടു് അയാഠം ഒരിടത്തും പോയിട്ടില്ല. അയാളുടെ നാടുതോറുമുള്ള തെണ്ടിത്തിരയൽ ഇവിടംകൊണ്ടു നിറുത്തി.

''ജോസഫ് തുടന്നു: ''സ്നേഹിതാ! ഇതു് കന്യമറിയത്തിൻെറ കരുണയായിരിക്കണം. അയാഠംക്കു് മററാരുണ്ടു് ഈ വയസ്സുകാലത്തു് ഒരാശ്രയം?''

''ആദ്യം അടുത്തുള്ള ഗ്രാമവാസികഠം അയാളെപ്പററി ഒന്നും അറിഞ്ഞിരുന്നില്ല. ക്ഷീണം മാറിത്തുടങ്ങിയപ്പോഠം, അയാഠം അവളോടൊന്നിച്ചു ഗ്രാമത്തിൽ എത്തിപിച്ചതെണ്ടിത്തുടങ്ങി. അന്നുള്ള ആഹാരത്തിനു വകയുണ്ടെങ്കിലും അയാഠംക്കങ്ങനെ ചെയ്യണം. അതൊരു ശീലമായിപ്പോയി.

ഗ്രാമവാസികഠം ആദ്യം ഊഹിച്ചു. പിന്നീടവർക്കു് നിശ്ചയവുമായി, ഇയാഠം ഒരു കിളവിയുടെകൂടെ പാർപ്പാണെന്നു്. കിളവിയെ ഗ്രാമക്കാർ വിളിച്ചിരുന്നതു് 'ജൂതത്തി' എന്നാണു്. അവഠം പള്ളിയിൽ പോകുന്നതു് ആരും കണ്ടിട്ടില്ല. അവഠം ഏതെങ്കിലും വീട്ടിൽ ഭിക്ഷയ്ക്കു ചെല്ലുമ്പോഠം ദൂരെനിന്നുതന്നെ കൊച്ചുകുട്ടികഠം വിളിച്ചു പറയും, ''അമ്മേ, അമ്മേ, ജൂതത്തി വന്നിരിക്കുന്നേ!'' എന്നു്.

കിളവനും കിളവിയുംകൂടെയുള്ള വരവു് ഗ്രാമത്തിൽ ഒരു നിത്യസംഭവമായി. 'ഈ കിളവനും കിളവിക്കും വല്ലതുംതന്നേ' എന്നു് ദീനമായി യാചിക്ക, ചുമച്ചു ചുമച്ചു് പാരവശ്യം കാണിക്കുക, ഓരോ 'പരാപൂരം' പറയുക, കിട്ടുന്നതുംകൊണ്ടു പടികടക്കുക, ഈ ചിട്ട മുറതെററാതെ, ഒരു സ്ഥലത്തല്ലെങ്കിൽ, വേറൊരിടത്തു് അവർ ഇരുവരും ചേർന്നു് കൃത്യമായി പാലിച്ചുപോന്നു. പകൽ മുഴുവൻ

ഗ്രാമത്തിൽ ചുററിത്തിരിയും. മുക്കിനും മൂലയിലും പെരുവഴിയിലും ഇടവഴികളിലുംവച്ച് ഇവരെ കാണാം. നട്ടുച്ചസമയത്ത് ഏതെങ്കിലും മരത്തിൻെറ തണൽപററി ഇവർ വിശ്രമിക്കും. കയ്യിലുള്ള അപ്പക്കഷണമോ മറേറാ തിന്നുകൊണ്ട് നിശ്ശബ്ദരായി അവിടെ കിടക്കും. വെയിലാറുമ്പോൾ വീണ്ടും തെണ്ടാനിറങ്ങും.

ഗ്രാമീണർ കിഴവനെ, 'കിളവൻ ജൂഡാസ്' എന്നു വിളിച്ചുപോന്നു. ഒരു ദിവസം ജൂഡാസ് തൻെറ കുടിലിൽ തിരിച്ചെത്തിയത് ഒരു ചുമടുംകൊണ്ടായിരുന്നു. രണ്ടു പന്നികളെ ചാക്കിൽ കെട്ടി കൊണ്ടുവന്നിരിക്കുന്നു. അത് അയാൾക്ക് ഒരു കൃഷിക്കാരൻ സമ്മാനിച്ചതാണ്. കൃഷിക്കാരനു പിടിപെട്ട എന്തോ ഒരു ദീനം ജൂഡാസ് ഭേദമാക്കിപോലും! അല്ലെങ്കിലും ഇത്തരക്കാർക്ക് ചില പൊടിമരുന്നുകളും ഒററമൂലികളും മററും വശമുണ്ടല്ലോ. ഏതായാലും പന്നിക്കുട്ടികളുടെ വരവ് അയാളുടെ ജീവിതരീതിക്ക് ഒരു മാററംവരുത്തി. പതിവുള്ള തെണ്ടൽ അങ്ങുനിത്തി. ജൂതത്തി ഒററയ്ക്കായി പോക്ക്. ജൂഡാസ് തൻെറ ഓരോനാഴികയും ഈ പന്നിക്കുഞ്ഞുങ്ങളെ തീററാൻ ചെലവാക്കി. അടുത്തുള്ള പുൽമേടുകളിലും മരച്ചുവടുകളിലും തടാകത്തിൻെറ തീരത്തുമെല്ലാം ഈ കുഞ്ഞുങ്ങളേയും മേച്ചുകൊണ്ട് അയാൾ അങ്ങനെ നടക്കും. വൈകിട്ട് ജൂതത്തി കൊണ്ടുവരുന്നതും കഴിച്ച് ഇരുവരും കിടന്നുറങ്ങുകയും ചെയ്യും.

ജൂഡാസ് ഒരിക്കലും പള്ളിയിൽ പോയിരുന്നില്ല. പള്ളിക്കു മുമ്പിൽ എത്തുമ്പോൾ കുരിശുവരയ്ക്കുന്ന പ്രകൃതംപോലും അയാൾക്കില്ലായിരുന്നു. ഇതു് ആ ഗ്രാമീണരെ അത്ഭുതപ്പെടുത്തി. അവർ പറഞ്ഞു: 'പള്ളിയിൽ പോകാത്ത കിളവനും കിളവിയും ഒന്നിച്ചുകൂടി.'

അങ്ങിനെയിരിക്കെ, ഒരു ദിവസം കിളവി കിടപ്പിലായി. നല്ല പനി. ഒഴുക്കത്തു ചുള്ളി വിറയ്ക്കുമ്പോലെ അവൾ വിറച്ചു വിറച്ച് ചുരുണ്ടുകൂടി കിടന്നതേയുള്ളൂ. ജൂഡാസ് വൈദ്യനെ തേടി ഗ്രാമത്തിൽ പോയി ചില

മരുന്നുകളുമായി തിരിച്ചെത്തി. ആറുദിവസം ജൂഡാസ്, അവളുടെ കൂടെത്തന്നെ ആ മുറിയിൽ കഴിച്ചുകൂട്ടി. പുറത്തെങ്ങും അയാരം ഇറങ്ങിയതേയില്ല.

ജൂതത്തി മരിക്കാറായി എന്ന വിവരം എങ്ങനെയോ ആ ഗ്രാമത്തിലെ പാതിരി ഗ്രഹിച്ചു. അന്ത്യകൂദാശകരം നൽകി അവളുടെ ആത്മാവിനെ ഉദ്ധരിക്കാനായി പാതിരി ഈ കുടിലിൽ എത്തി. അവരം ഒരു ജൂതത്തിതന്നെയാണോ? പാതിരിക്കു് ഒരു നിശ്ചയവുമില്ല. ആണെങ്കിലും അല്ലെങ്കിലും ഈ അന്ത്യനിമിഷത്തിൽ ഒരു മനുഷ്യാത്മാവിനെ കരകയറേറണ്ടതു് തൻെറ കടമയായി ആ പുരോഹിതൻ വിശ്വസിച്ചു.

അദ്ദേഹം ആ കുടിലിൻെറ വാതിൽക്കൽ മുട്ടി. ജൂഡാസ് വാതിൽ തുറന്നു നോക്കിയതു് അച്ചൻെറ മുഖത്തേയ്ക്കാണു്. കിളവൻ കലികൊണ്ടു തുള്ളമ്പോലെ വിറ തുടങ്ങി. കണ്ണുകരം പുറത്തേയ്ക്കു തള്ളി തീപ്പൊരി തുപ്പുന്നോ എന്നു തോന്നി. നരച്ച താടിമീശ കിടന്നു കുലുങ്ങികുലുങ്ങിപ്പിടയ്ക്കുന്നു. ജൂഡാസ് വല്ലാതെ കിതച്ചുകൊണ്ടു് പാതിരിക്കു മനസ്സിലാകാത്ത ഒരു ഭാഷയിൽ തുരുതുരാ അസഭ്യങ്ങരം വർഷിക്കയാണു്. അയാരം പാതിരിയുടെ മുഖത്തിനു നേരേ കൈചൂണ്ടി അദ്ദേഹത്തെ തള്ളിനീക്കുവാൻ ഭാവിച്ചു.

പാവം! പാതിരി! എന്തെല്ലാമോ പറയാൻ ശ്രമിച്ചു. പോക്കററിൽനിന്നും കുറേ പണമെടുത്തു നീട്ടിക്കൊടുത്തു. അതാരു വാങ്ങുന്നു? എന്തെല്ലാമായിട്ടും കിഴവൻ കൂട്ടാക്കിയില്ല. കൂടുതൽ ഉച്ചത്തിൽ പുലഭ്യം പറഞ്ഞു. തറയിൽനിന്നും കല്ലെടുത്തു് പാതിരിയെ എറിയാനുള്ള വട്ടങ്ങളും തുടങ്ങി.

പാതിരി കുറച്ചുനേരം പകച്ചുനിന്നു. കാര്യം പന്തിയല്ലെന്നു കണ്ടപ്പോരം അദ്ദേഹം സ്ഥലംവിട്ടു. പാതിരി നടന്നുനീങ്ങിക്കൊണ്ടിരുന്നപ്പോഴം ജൂഡാസിൻെറ തെറിവാക്കുകരം അദ്ദേഹത്തിൻെറ ചെവിക്കല്ലുകളെ തകർത്തുകൊണ്ടേയിരുന്നു.

പിറേറന്നു് ജൂഡാസിൻെറ കൂട്ടുകാരി അന്തരിച്ചു. അയാൾ ഒററയ്ക്കു് ആ കിഴവിയെ കുഴിച്ചിട്ടു. കുടിലിൻെറ നേരേ മുററത്തുതന്നെ. ആരുമാരും ഇതിൽ ഇടപെട്ടതുമില്ല.

ജൂഡാസ് വീണ്ടും തൻെറ പന്നിക്കുട്ടികളെതീററാനായി തടാകതീരത്തു നടന്നുതുടങ്ങി. ചിലപ്പോഴെല്ലാം തനിയേ ഗ്രാമത്തിൽ വന്നു തെണ്ടാനും തുടങ്ങി. എന്നാൽ അപ്പോഴേയ്ക്കും ഗ്രാമത്തിലുള്ളവർ, കിഴവനെ വെറുത്തുതുടങ്ങിയിരുന്നു. അയാളേപ്പററി ഉള്ളതും ഇല്ലാത്തതും പലതും ഇവിടെ പ്രചരിച്ചു. പാതിരിയെ ചീത്തപറഞ്ഞു് ആട്ടിയോടിച്ചതും ഗ്രാമത്തിൽ ഒരു അങ്ങാടിപ്പാട്ടായിത്തീന്നിരുന്നു. അയാളുടെ പ്രായത്തെ കരുതി ആരും പ്രഹരമേല്പിച്ചില്ലെന്നേയുള്ളു.

അങ്ങനെ നമ്മുടെ ജൂഡാസ് ഗ്രാമത്തിലേയ്ക്കുള്ള പോക്കിനും ഒരു വിരാമമിട്ടു. പിന്നീടൊരിക്കലും അയാൾ പുറത്തിറങ്ങിയിട്ടേയില്ല.

ആ വർഷവും പീഡാനുഭവവാരം പതിവുപോലെ എത്തി. ഈസ്റ്റർദിവസം തിങ്കളാഴ്ച രാവിലെ ഗ്രാമത്തിൽ നിന്നും കുറേ കുട്ടികൾ തടാകതീരംവരെ ഒരു വിനോദയാത്ര നടത്തി. ജൂതത്തിയുടെ കുടിലിൽനിന്നും 'ഖുർ ഖുർ' എന്ന ശബ്ദവും തട്ടും മുട്ടും എല്ലാം കേട്ടു് കുട്ടികൾ അവിടെയെത്തി. വാതിൽ അടഞ്ഞുകിടക്കുന്നു. കുട്ടികൾ അതു തള്ളിത്തുറന്നു. തുറന്നപാടേ, രണ്ടു പന്നിക്കുട്ടികൾ മാൻകിടാങ്ങളേപ്പോലെ ചാടിപ്പാഞ്ഞു് ഒരു പോക്കു്! അവററയെ പിന്നെ കണ്ടിട്ടേയില്ല.

കുട്ടികൾ ആ മുറിയിൽ കയറി. ഭയങ്കര ദുർഗ്ഗന്ധം! അതു വകവയ്ക്കാതെ അവർ അവിടം പരിശോധിച്ചു. കീറിപ്പറിഞ്ഞ കുറേ പഴന്തുണി അങ്ങിങ്ങു ചിതറിക്കിടക്കുന്നു. മിക്കതിലും കറുത്തിരുണ്ട ചോര ഉണങ്ങി പററിപ്പിടിച്ചിരിക്കുന്നു. കിഴവൻെറ തൊപ്പി ഒരു മൂലയിൽ. കുറേ എല്ലിൻകഷണങ്ങൾ, അങ്ങിങ്ങു കടിച്ചുപറിച്ചു് ഉണക്കച്ചോരയും ചേന്ന തലയോട്ടി ഇവയെല്ലാം മുറിയുടെ നടുക്കും. കുട്ടികൾ പേടിച്ചു് ആ സ്ഥലംവിട്ടു.

മീൻകാരൻ ജോസഫ് കഥ ഉപസംഹരിച്ചതിപ്രകാരമാണ്. ''സ്നേഹിതാ! എന്തുപറയട്ടെ. ജൂഡാസിൻെറ പന്നിക്കുട്ടികരം ജൂഡാസിനെ തിന്നു. ഇതെല്ലാം നടന്നതു് ആ ദു:ഖവെള്ളിയാഴ്ചയാണ്; ഉച്ചതിരിഞ്ഞു് കൃത്യം മൂന്നുമണി സമയത്തു്!!"

ഞാൻ ചോദിച്ചു: ''അതു് നിങ്ങരംക്കു് എങ്ങനെയറിയാം?''

ജോസഫ്: 'അതിൽ സംശയിക്കാനൊന്നുമില്ല. തീർച്ചയാണ്.'

പക്ഷേ എനിക്കു് സമ്മതംതോന്നിയില്ല. പന്നികളായിരിക്കയില്ല ജൂഡാസിനെ കൊന്നതു്. പട്ടിണികിടന്നു പാവം പെട്ടെന്നു മരിച്ചിരിക്കും. പന്നികരം പന്നീടായിരിക്കും അവനെ ഭക്ഷിച്ചതു്. എന്നാൽ എൻെറ അഭിപ്രായം ജോസഫിനോടു പറഞ്ഞാൽ വിലപ്പോകുകയില്ലെന്നു് എനിക്കറിയാമായിരുന്നു. ഒരു വാദപ്രതിവാദത്തിനു ഞാൻ തയ്യാറുമല്ലായിരുന്നു. ഞാൻ വീണ്ടും ചോദിച്ചു: ''അപ്പോരം ആ കുരിശോ?''

ജോസഫ്: ''ഓ! അതു പറഞ്ഞില്ലല്ലോ. ഒരു ദിവസം നേരംവെളുത്തു നോക്കുമ്പോഴുണ്ടു് അതവിടെ അങ്ങനെ തിളങ്ങുന്നു. കുരിശിനു് ഈ രക്തനിറം കൊടുത്തതാരോ? ആക്കുമറിഞ്ഞുകൂടാ. അവിടെക്കിടന്നാണ് മുത്തുമുത്തുക്കൻ ജൂഡാസ് അന്ത്യശ്വാസം വലിച്ചതു്. കുരിശാണ് അതിനു സാക്ഷ്യം.''

ഞാൻ കുറേ നേരത്തേയ്ക്കെങ്കിലും ജോസഫിൻെറ കഥ വിശ്വസിച്ചു.

# ഇല്ലാത്ത അക്രമിയുടെ വല്ലാത്ത കൂത്താട്ടം

അക്കാണുന്ന തോട്ടമുണ്ടല്ലോ, ആ കൊച്ചു പൂന്തോട്ടം. അതു കുട്ടിക്കാലത്തു് ഞങ്ങളുടെ ആകെത്തുക പ്രപഞ്ചമായിരുന്നു. കഷ്ടിച്ചു് ഇരുപതു ചുവടുകൾ വച്ചാൽ തോട്ടം തീർന്നു. അത്രയ്ക്കു ചെറുതു്. പക്ഷേ, അന്നെല്ലാം എത്രയെത്ര ആനന്ദങ്ങളാണു് ഈ കൊച്ചുതോട്ടം ഞങ്ങൾക്കു പ്രദാനം ചെയ്തിരുന്നതു്? ആയിരമായിരം! ചിലപ്പോഴെല്ലാം ഒട്ടൊരു മനശ്ശല്യത്തിനും ആ തോട്ടം കാരണമാക്കിയിട്ടുണ്ടു്. അതു വഴിയേ പറയാം.

ഒരു ദിവസം തയ്യൽവേലയിൽ ഏർപ്പെട്ടിരുന്ന എൻെറ സഹോദരി ചുണ്ടമർത്തിച്ചിരിച്ചുകൊണ്ടു് എന്നോടു ചോദിച്ചു:

''ലൂസിയൻ! നീ 'പൂട്ടോയി'യെ മറന്നുപോയോ?'

''പൂട്ടോയിയെ മറക്കുകയോ? അതു സാദ്ധ്യമാണോ? എൻെറ മനസ്സിൽ ഇത്ര വ്യക്തമായി പതിഞ്ഞിട്ടുള്ള ഒരു മനുഷ്യൻ വേറേയില്ല. അവൻെറ ആ മുഖവും വളഞ്ഞു കൂനിപ്പിടിച്ചുള്ള ആ നിൽപ്പും, എൻെറ കൺമുമ്പിൽ ഞാൻ കാണുന്നു. പൂട്ടോയിയുടെ ആ സ്വഭാവം, അതെത്ര വിചിത്രം! കോഴിമുട്ടയുടെ ആകൃതിയിലുള്ള നീണ്ടുരുണ്ട ആ തല.''

"തീരെ വീതികുറഞ്ഞ ആ നെററി" അപ്പറഞ്ഞതു് സഹോദരിയാണു്.

ഇതിനേത്തുടൻു് ആ സഹോദരീസഹോദരന്മാർ ഇടവിട്ടു് ഓരോന്നു പറഞ്ഞു് പൂട്ടോയുടെ ഒരു ആകൃതി പ്രകൃതിവർണ്ണന നടത്തുകയുണ്ടായി.

അവൻെറ രണ്ടു കണ്ണുകാംക്കും രണ്ടു നിറമാണു്.

ആ കള്ളദൃഷ്ടി! കൃഷ്ണമണികാം എപ്പോഴം ഇളക്കിക്കൊണ്ടിരിക്കും.

ചുക്കിച്ചുളിഞ്ഞ ആ കവിാംത്തടങ്ങാം.

കവിളിലെ എല്ലുകാം ഉന്തി, ചുകന്നു്, എപ്പോഴം മിനുമിനാ മിന്നിക്കൊണ്ടിരിക്കും.

വക്കില്ലാത്ത ആ ചെവികാം അങ്ങനെ പരന്നടിച്ചു് തലയിൽ പററിച്ചിരിക്കയാണോ എന്നു തോന്നും.

ഒരു വികാരമില്ലാത്ത മുഖം.

കൈകാം എപ്പോഴം ഇളക്കിക്കൊണ്ടിരിക്കും. അവൻ എന്തെങ്കിലും ചിന്തിക്കുമ്പോാം ഇതാണു പ്രകൃതം.

കണ്ടാൽ 'ഒരശ്ശു' വളരെ ചടച്ചു്. വിശേഷാൽ ഒരു ക്ലനം. അശേഷം ശേഷിയില്ലെന്നു തോന്നും കണ്ടാൽ.

എന്നാൽ സത്യമോ? സാധാരണയിൽ കവിഞ്ഞ കരുത്തു്.

തള്ളവിരലിനും ചൂണ്ടുവിരലിനും ഇടയ്ക്കുവച്ചു് അവൻ ഒരിരുമ്പുതുട്ടു വളയ്ക്കുമായിരുന്നില്ലേ?

ഓ! അവൻെറ വിരലുകളുടെ വണ്ണം; കൈയ്ക്കു ചേന്ന വിരലുകളല്ല.

അവൻെറ നീട്ടിവലിച്ചുള്ള സംസാരമോ?

വെറും പാവത്താനെപ്പോലെ! പച്ചപ്പാവമാണെന്നു തോന്നും സംസാരം കേട്ടാൽ.

പെട്ടെന്നു് 'ലൂസിയൻ' ആവേശത്തോടെ ഉറക്കെപ്പറഞ്ഞു:

"അയ്യോ! സോദരീ! ഒന്നു മറന്നുപോയി. അവൻെറ തലയിൽ അങ്ങിങ്ങു കണ്ടിരുന്ന ആ അഞ്ചെട്ടു പൂടകാം. ഛേ! നമുക്കു് പൂട്ടോയിയുടെ ആകൃതി ആദ്യംമുതൽ പറഞ്ഞുതുടങ്ങാം.''

ലൂസിയന്റെ കൊച്ചുമകൾ ഈ സംഭാഷണം കേട്ടുകൊണ്ടു് അടുത്തുനിന്നിരുന്നു. അച്ഛനും അമ്മാവിയുംകൂടി കാണാപ്പാഠം ഉരുവിടുന്ന മട്ടിൽ ഇങ്ങനെ തുരുതുരാ പറഞ്ഞതു് അവളെ വളരെ അത്ഭുതപ്പെടുത്തി. ഈ 'പൂട്ടോയ്' ഏതെന്നു് മകൾ, അച്ഛനോടന്വേഷിച്ചു.

ലൂസിയൻ വളരെ ഗൗരവഭാവത്തിൽ പറഞ്ഞു: "മകളേ! നീ ഇപ്പോൾ കേട്ട വാക്കുകൾ, നമ്മുടെ കുടുംബത്തിലെ ദിവ്യമന്ത്രമാണെന്നു കരുതിക്കോ. വേദപുസ്തകത്തിലെ വാക്കുകൾപോലെതന്നെ ആരാധിക്കപ്പെടേണ്ടവ. ഈ ചരിത്രം അടുത്ത തലമുറയിലേയ്ക്കു പകർന്നുകൊടുക്കാൻ ഞങ്ങൾ ബാദ്ധ്യസ്ഥരാണു്. അല്ലെങ്കിൽ ഞങ്ങളുടെ മരണത്തോടുകൂടി, ഈ ചരിത്രവും അസ്തമിച്ചുപോകും. നിന്റെ മുത്തച്ഛൻ—എന്റെ അച്ഛൻ—അത്ര നിസ്സാരനൊന്നുമല്ലായിരുന്നു. അദ്ദേഹവും, ഈ പൂട്ടോയ്ചരിത്രം ഒരു അമൂല്യനിധിപോലാണു കരുതിപ്പോന്നതു്. അതിന്റെ ഉത്ഭവത്തിനു് അത്രമേൽ മഹത്വമുണ്ടു്. പൂട്ടോയിയുടെ ശരീരശാസ്ത്രം എന്നാണു് നിന്റെ മുത്തച്ഛൻ ഈ ചരിത്രത്തെപ്പററി പറഞ്ഞുപോന്നിരുന്നതു്. ലോകപ്രശസ്തരായ ശരീരശാസ്ത്രജ്ഞന്മാരുടെ സിദ്ധാന്തങ്ങൾ നിന്റെ മുത്തച്ഛനു് മനപ്പാഠമായിരുന്നു. എന്നാൽ അതിനേക്കാളെല്ലാം അദ്ദേഹം വിലവച്ചിരുന്നതു് 'പൂട്ടോയിയുടെ ശരീരശാസ്ത്ര'മാണു്. ദുർഗ്രഹങ്ങളായ സാങ്കേതികപദങ്ങൾ ഇട്ടു പന്താടുകയാണു് ഈ പ്രസിദ്ധ ശാസ്ത്രജ്ഞന്മാർ. എന്നാൽ 'പൂട്ടോയിയുടെ ശരീരശാസ്ത്രം' ലളിതവും സാധാരണ വാക്കുകൾകൊണ്ടു കൈകാര്യം ചെയ്യപ്പെടുന്നതുമാണു്."

"അച്ഛാ! ഇപ്പറയുന്നതൊന്നും എനിക്കു മനസ്സിലാകുന്നില്ല." മകൾ പറഞ്ഞു.

"ശരി, അതിനു കാരണമുണ്ടു്. നിനക്കു പൂട്ടോയിയെ അറിഞ്ഞുകൂടായിരുന്നു. നീ ഒന്നു മനസ്സിലാക്കണം. എന്റേയും നിന്റെ ഈ അമ്മാവിയുടേയും കുട്ടിക്കാലത്തു ഞങ്ങൾ ദിവസവുമെന്നപോലെ കണ്ടിരുന്നവനാണു് ഈ പൂട്ടോയി. നിന്റെ മുത്തച്ഛനുള്ളപ്പോൾ, ഇവൻ ഒരു

നിത്യസംഭാഷണവിഷയമായിരുന്നു. എല്ലാവരും അവനെ കണ്ടിട്ടുണ്ടു്. എല്ലാവക്കും അവൻ പരിചിതനുമായിരുന്നു.''

''എന്നാൽ പറയൂ, ആരാണു് ഈ പൂട്ടോയി?''

ലൂസിയനാകട്ടെ, അമ്മായിയാകട്ടെ ഇതിനുത്തരം പറഞ്ഞില്ല. ലൂസിയൻ ഉറക്കെച്ചിരിച്ചു. അമ്മാവി, തയ്യൽവേലയിൽനിന്നും മുഖമുയത്താതെഅമത്തിച്ചിരിച്ചു.

മകാം അച്ഛനേയും അമ്മാവിയേയും മാറിമാറി നോക്കി. രണ്ടുപേരും ഒരുപോലെ ചിരിക്കുന്നതു കണ്ടപ്പോരം മകാം കൂടുതൽ അത്ഭുതപ്പെട്ടു. സാധാരണ അച്ഛനേയും അമ്മാവിയേയും ഭിന്നപ്രകൃതക്കാരായിട്ടാണു് അവരം കണ്ടിട്ടുള്ളതു്. അപൂവ്വമായിട്ടുമാത്രമേ ഏതെങ്കിലും ഒരു കാര്യത്തിനു് അവർ യോജിച്ചുകാണാറുള്ളു.

''അച്ഛാ! എന്നോടു സത്യം പറയൂ. ആരാണു് ഈ പൂട്ടോയി? ആ ചരിത്രം ഞാൻ അറിഞ്ഞിരിക്കണമെന്നും അച്ഛൻ പറഞ്ഞല്ലോ. അതുകൊണ്ടു് വിസ്തരിച്ചു പറയൂ.''

''മകളേ! പൂട്ടോയി ഒരു തോട്ടക്കാരനായിരുന്നു. അന്തസ്സായി ജീവിച്ചിരുന്ന ഒരു കർഷകകുടുംബത്തിലാണു് അവൻെറ ജനനം. ചെടികളും ഒട്ടുമാവുകളും വച്ചുപിടിപ്പിച്ചു് കച്ചവടം ചെയ്താണു് അവൻ ആദ്യമൊക്കെ ജീവിച്ചുപോന്നതു്. എന്നാൽ അതത്ര ഗുണമായില്ല. എന്തുകൊണ്ടോ പററുവരവുകാക്കു് അവൻെറ പ്രകൃതം പിടിച്ചില്ല. ആ തൊഴിൽ നഷ്ടത്തിലായി. അവൻ അതു കളഞ്ഞിട്ടു് തോട്ടം കൂലിപ്പണിക്കു് ഇറങ്ങി. അവിടേയും പൂന്തോട്ടമുടമസ്ഥരുമായി അവൻ ഇടയാറുണ്ടു്.''

ലൂസിയൻ, ഇത്രയും പറഞ്ഞപ്പോരം അമ്മാവി ചിരിച്ചുകൊണ്ടു് ഇടയ്ക്കുകയറിപ്പറഞ്ഞു.

''ലൂസിയൻ! നീ ഒരു കാര്യം ഓക്കുന്നുണ്ടോ, അച്ഛൻ മേശപ്പുറത്തും അകത്തും എല്ലാം തപ്പിനോക്കാറുള്ളതു്. മഷിക്കുപ്പിയോ, പേനായോ, പശയോ, കത്രികയോ മററോ കാണാതാകുമ്പോരം എല്ലായിടത്തും തപ്പിനോക്കി,

കണ്ടിട്ടില്ലെങ്കിൽ അവസാനം, 'നമ്മുടെ പൂട്ടോയി' ഇവിടെ വന്നേച്ചുപോയിരിക്കണം എന്നു പറയാറില്ലേ? നീ അതു് ഓർക്കുന്നോ?''

''ഹായ്! തീർച്ചയായും ഞാൻ ഓർക്കുന്നു. പൂട്ടോയി, കൊഞ്ചം കൃഷിയും കൊഞ്ചം മോഷണവും എന്ന തരക്കാരനായിരുന്നില്ലേ?''

''ഇത്രയുമേ ഞാൻ അറിയാനുള്ളോ?'' മകരം ജിജ്ഞാസയോടെ ചോദിച്ചു.

''അല്ല, എന്റെ മകളെ അല്ല! പൂട്ടോയിയേപ്പററി പറയത്തക്ക ഒരു ചരിത്രംതന്നെയുണ്ടു്. ഞങ്ങൾ അവനെ വളരെ അടുത്തറിഞ്ഞിരിക്കുന്നു—എങ്കിലും."

ലൂസിയന്റെ സഹോദരിയാണു് ആ വാചകം മുഴമിപ്പിച്ചതു്. 'അവൻ ജീവിച്ചിരുന്നില്ല.'

അപ്പറഞ്ഞതു് പിടിക്കാത്ത മട്ടിൽ സഹോദരൻ, സഹോദരിയെ നോക്കി.

''സഹോദരീ! നീ എന്താണീ പറഞ്ഞതു്? ആ ചരിത്രത്തിന്റെ ദിവ്യത്വത്തെ ചോദ്യം ചെയ്യുന്നോ? നിനക്കു് അങ്ങനെ പറയാൻ തോന്നുന്നോ? പൂട്ടോയി, ജീവിച്ചിരുന്നില്ലെന്നു്! നീ യഥാർത്ഥത്തിൽ അങ്ങനെ വിശ്വസിക്കുന്നോ? ഒരാൾ ജീവിച്ചിരുന്നു എന്നു പറയുവാൻ ഏതേതു മാർഗ്ഗങ്ങളാണു് സ്വീകരിക്കുന്നതു് എന്നു് ആലോചിക്കുന്നുണ്ടോ? ഉവ്വ്— ഞാൻ പറയുന്നു, പൂട്ടോയി ജീവിച്ചിരുന്നു. എന്നാൽ അതു് ഒരു പ്രത്യേകതരം ജീവിതവുമായിരുന്നു.''

''എനിക്കൊന്നും മനസ്സിലാകുന്നില്ല. എന്തൊക്കെയോ പറയുന്നു.'' മകരം അമ്പരപ്പോടെ ആവലാതിപ്പെട്ടു.

''പയ്യെപ്പയ്യെ നിനക്കെല്ലാം മനസ്സിലാകും, മകളെ! എന്നാൽ ഇപ്പോൾ നീ ഒരു കാര്യം ഗ്രഹിക്കണം. പൂട്ടോയി, മദ്ധ്യവയസ്സായപ്പോൾ ആണു് നമ്മുടെ മണ്ണിൽ കാലുകുത്തിയതു്. അന്നു് ഞാനൊരു കൊച്ചുകുട്ടിയായിരുന്നു. നിന്റെ അമ്മായിക്കു് എന്നേക്കാൾ രണ്ടുവയസ്സു

കൂടുതലുണ്ട്. ഗ്രാമത്തിലെ വൃത്തിയുള്ള ഒരു ചെറിയ വീട്ടിലാണ് അന്നു ഞങ്ങൾ പാർത്തിരുന്നതു്. വളരെ ഒതുങ്ങിയ ഒരു ജീവിതമായിരുന്നു എൻെറ അച്ഛൻേറതു്. അങ്ങനെയിരിക്കെ ഞങ്ങളുടെ ജീവിതത്തിൽ ഒരു പരിവർത്തനമുണ്ടായി. അതു വിശേഷിച്ചൊന്നുമല്ല. പഴയ ഒരു ബന്ധുത്വവും സ്ഥാപിച്ചുകൊണ്ട്, അഞ്ചുമൈലകലെ പാർത്തിരുന്ന ഒരു സ്ത്രീയുടെ ആഗമനമായിരുന്നു അതു്. എൻെറ അമ്മയുടെ മുത്തമ്മയുടെ ഒരമ്മയുമായി അവർക്ക് രക്തബന്ധമുണ്ട് എന്നവർ ശപഥം ചെയ്തു. ഈ ബന്ധുത്വത്തിൻെറ പേരിൽ എല്ലാ ഞായറാഴ്ചയും അവരോടൊന്നിച്ചു ഭക്ഷണം കഴിക്കണമെന്ന് അവർ നിർബ്ബന്ധിച്ചുപോന്നു. അന്യവീട്ടിൽ ഭക്ഷണംകഴിക്കുന്നതിന് അച്ഛനമമ്മയ്ക്കും തീരെ തൃപ്തിയുണ്ടായിരുന്നില്ല. എന്നാൽ ഈ പുതിയ ബന്ധു--മദ്ധ്യവയസ്സുകഴിഞ്ഞ ഒരു സ്ത്രീ—വിൻെറ നിർബ്ബന്ധപൂർവ്വമായ ക്ഷണത്തെ നിരസിക്കുന്നതിനും അവർ ശക്തരായില്ല. ആഴ്ചയിൽ ഒരിക്കലെങ്കിലും കുടുംബാംഗങ്ങൾ ഒന്നിച്ചുകൂടി ഭക്ഷണംകഴിക്കുന്ന സമ്പ്രദായം അനുകരണീയവും അനുഷ്ഠിക്കപ്പെടേണ്ടതുമാണെന്ന് ഈ പുതിയ ബന്ധു ശഠിച്ചു. അങ്ങനെ എൻെറ അച്ഛനും അമ്മയും ഒരിക്കൽ പോയി, രണ്ടുതവണ പോയി. പിന്നത്തെ ഞായറാഴ്ചയും ചെന്നു. അച്ഛന് ഈ പോക്കും അപ്പോഴത്തെ നടപടിക്രമങ്ങളും തീരെ ദുസ്സഹമായിട്ടു തോന്നി. അച്ഛൻ തൻെറ പെരുമാററങ്ങളിലും ഭാവങ്ങളിലും അതു വെളിപ്പെടുത്തുകയും ചെയ്യാറുണ്ട്. എന്നാൽ പുതിയ ബന്ധു ഇതൊന്നും മനസ്സിലാക്കുവാൻ കെൽപ്പുള്ളവളല്ലായിരുന്നു. അച്ഛൻ, അവരുടെ മുമ്പിൽവച്ച് കരയുന്ന ഭാവംപോലും കാണിച്ചിട്ടുണ്ട്. ഒരു ഫലവുമില്ല. അമ്മയ്ക്കും ഈ അന്യവീട്ടിലെ ഭക്ഷണക്രമവും നടപടികളും തീരെ പിടിച്ചിരുന്നില്ല. എങ്കിലും അമ്മ ഇതെല്ലാം ഒഴിച്ചുകൂടുവാൻ വയ്യാത്ത ഒരു ഗ്രഹപ്പിഴയായിക്കരുതി. എല്ലാം മനസ്സിൽ ഒതുക്കി. ഇതെല്ലാം സന്തോഷമെന്ന മട്ടിൽ പുറമേ, ചിരിച്ചും ഉല്ലാസത്തോടും കഴിച്ചു. പക്ഷേ, അവരുടേയും മനസ്സിൽ തീരാദുഃഖമുണ്ടായിരുന്നു.''

''സ്ത്രീകളായി ജനിക്കുന്നതുതന്നെ ദുഃഖിക്കാൻവേണ്ടിയാണല്ലോ.'' സഹോദരി അഭിപ്രായം പറഞ്ഞു.

''സഹോദരീ! സ്ത്രീകളെന്നല്ല, ലോകത്തിൽ സകലരും ദുഃഖം അനുഭവിച്ചേ തീരൂ. അതു നിൽക്കട്ടെ. എൻെറ മാതാപിതാക്കന്മാർ ഈ സൽക്കാരത്തിൽനിന്നും രക്ഷകിട്ടാൻ ആവതു യത്നിച്ചു. ഞായറാഴ്ചയായോ നമ്മുടെ പുതിയ ബന്ധുവിൻെറ കുതിരവണ്ടിയുണ്ട് നമ്മുടെ വീടിൻെറ നടയിൽ. എങ്ങനെ പോകാതിരിക്കും? അവർ പോകും. വളരെ വിമ്മിട്ടത്തോടെ ഭക്ഷണവും മററും കഴിഞ്ഞു് തിരിച്ചെത്തും. എന്നാൽ ഏതുവിധത്തിലും ഈ പോക്കുനിറുത്തണമെന്നു് അച്ഛനുമമ്മയും തീരുമാനിച്ചു. എന്തു വഴിയാണുള്ളതു്. എന്തെങ്കിലും ഒരു വഴക്കെട്ടെത്തിട്ടാലോ? ഒരു കലഹകാരണം കണ്ടുപിടിക്കണമല്ലോ. അതിനൊന്നും ഈ പുതിയ ബന്ധു വഴികൊടുത്തതുമില്ല. ഒടുവിൽ അച്ഛൻ അവസാനമായങ്ങു തീരുമാനിച്ചു. 'എന്തും വന്നുകൊള്ളട്ടെ. ഇനിയും ഞാൻ സൽക്കാരത്തിൽ പങ്കുകൊള്ളുകയില്ല' എന്നു്. അദ്ദേഹം ഈ നിശ്ചയം മൂന്നുതരം ഉറപ്പിക്കുകയും ചെയ്തു. അതിനു് എന്തെങ്കിലും ഒഴികഴിവു കണ്ടുപിടിക്കാനുള്ള ഭാരം അമ്മയിൽ സമർപ്പിക്കയും ചെയ്തു. ഈ ഭാരമേൽക്കാനുള്ള തൻേറടം എൻെറ അമ്മയ്ക്കു് അശേഷമില്ലായിരുന്നു. കളവു പറയുന്നതിനോ മററുള്ളവരെ ചതിക്കുന്നതിനോ അമ്മ ശീലിച്ചിരുന്നില്ല.''

അപ്പോഠം സഹോദരി പറഞ്ഞു: ''ശീലത്തിൻെറ കാര്യമല്ല പ്രധാനം. അമ്മ അതു് ഇഷ്ടപ്പെട്ടിരുന്നില്ല. ഇഷ്ടപ്പെട്ടിരുന്നെങ്കിൽ, മററുള്ളവരേപ്പോലെ കുറിക്കുകൊള്ളുംവിധം കളവു് അമ്മയ്ക്കും പറയാനൊക്കും.''

ലൂസിയൻ തുടന്നു:

''അതു ശരിയാകാം—പക്ഷേ, ന്യായമായ കാരണങ്ങഠം പറയാനുണ്ടെങ്കിൽ അമ്മ അതാണു് ഇഷ്ടപ്പെട്ടിരുന്നതു്. കള്ളങ്ങഠം കെട്ടിയുണ്ടാക്കിപ്പറയാനല്ല. സോദരീ! നീ ഓക്കുന്നില്ലേ, നിനക്കു വില്ലൻചുമയുടെ ഉപദ്രവമുണ്ടായപ്പോഠം അമ്മ പറഞ്ഞതു്. അയ്യോ എന്തനുഗ്രഹമായി

ഇനി കുറേ ഞായറാഴ്ച നമുക്കു് സൽക്കാരത്തിൽനിന്നും രക്ഷ പ്രാപിക്കാമെന്നു്,''

''അമ്മ പറഞ്ഞതു ശരിയായിരുന്നോ? എനിക്കു വില്ലൻചുമയായിരുന്നല്ലോ.''

''സോദരീ! അതുതന്നെ ഞാൻ പറഞ്ഞതും. പക്ഷേ, നിനക്കു ദീനം വേഗം ഭേദമായി. അതു നീ ഓക്കുന്നില്ലേ? പിന്നെ ഞായറാഴ്ച നമ്മുടെ പുതിയ ബന്ധു അങ്ങോട്ടേയ്ക്കു് അച്ഛനേയുമമ്മയേയും നിർബ്ബന്ധമായി ക്ഷണിച്ചില്ലേ? അന്നു് അമ്മ അതിനു മറുപടി പറഞ്ഞതു് ഒരു പച്ചക്കള്ളമായിരുന്നു. അമ്മ പറഞ്ഞു: 'വരാൻ ഒരു നിവൃത്തിയുമില്ല, ചേടത്തീ! വീട്ടിൽ ആരുമില്ല; തോട്ടക്കാരൻ വരുന്ന ദിവസമാണു്'' എന്നു്.''

''അന്നു് നമ്മുടെ ബന്ധു ജനലിൽക്കൂടി പുറത്തേയ്ക്കു നോക്കി, പൂന്തോട്ടം കണ്ടു. കാടുകയറി താറുമാറായിക്കിടന്നിരുന്ന ആ കൊച്ചുതോട്ടം ചെടികളെല്ലാംതന്നെ വെട്ടിമുറിക്കലും കത്രിപ്പു് ഏൽക്കാതെ നാനാവിധമായി വളന്നിരുന്നു. അവർ അമ്മയോടു ചോദിച്ചു: നിങ്ങ൦ തോട്ടക്കാരനെ പ്രതീക്ഷിക്കുന്നു അല്ലേ? എന്തിനു്?"

"തോട്ടത്തിൽ പണിയെടുക്കാൻ" എന്നമ്മ മറുപടിയും പറഞ്ഞു.

ഇത്രയും പറഞ്ഞിട്ടു് അമ്മ കുറേ ആകാംക്ഷയോടെ തോട്ടത്തിലേയ്ക്കു നോക്കി. തൻെറ കളവു ഫലിക്കാതിരിക്കയില്ലെന്നു സ്വയം സമാധാനിക്കുകയും ചെയ്തു. എന്തെന്നാൽ ആ കൊച്ചുതോട്ടം അത്രമാത്രം അലങ്കോലപ്പെട്ടാണു കിടന്നിരുന്നതു്. എങ്കിലും അമ്മയ്ക്കു് സംശയമുണ്ടായി. ഈ പുതിയ ബന്ധു അതു വിശ്വസിച്ചില്ലെങ്കിലോ?

അമ്മയുടെ ന്യായം കേട്ടപ്പോ൦, അവർ പറഞ്ഞു. ''തോട്ടക്കാരനു് തിങ്കളാഴ്ചയോ, ചൊവ്വാഴ്ചയോ വന്നു പണി എടുത്തുകൂടേ? അതായിരിക്കും നല്ലതു്. ഞായറാഴ്ച പണിയെടുക്കുന്നതു നല്ലതുമല്ല. ഇതിനെ നേരിടാൻ അമ്മ തൽക്ഷണം ഒരു യുക്തി തട്ടിവിട്ടു. തോട്ടക്കാരനു

മററെല്ലാ ദിവസവും പിടിപ്പതു ജോലിയാണ്. ഞായറാഴ്ച മാത്രമേ സൗകര്യം കിട്ടുകയുള്ളു.''

''ചിലപ്പോഠം നമ്മഠം പറയുന്ന ചില കഴമ്പില്ലാത്ത കൊച്ചുന്യണകഠം വിചാരിക്കുന്നതിനേക്കാഠം കൂടുതലായി എതിരാളികളിൽ വിശ്വാസം ജനിപ്പിക്കാറുണ്ടു്. മക്കടെ മുഷ്ടിക്കാരിയും നിർബ്ബന്ധശീലയുമായ ആ പുതിയ ബന്ധു ഈ ന്യായങ്ങളുടെ മുമ്പിൽ മുട്ടുകുത്തിപ്പോയി. കസേരയിൽനിന്നും എഴുന്നേററിട്ടു് അവർ അമ്മയോടു ചോദിച്ചു: "നിങ്ങളുടെ തോട്ടക്കാരൻെറ പേരെന്തു്?''അശേഷം കൂസാതെ അമ്മ മറുപടി പറഞ്ഞു: ''പൂട്ടോയി!' അതാണവൻെറ പേരു്.''

'അങ്ങിനെ ഒരു തോട്ടക്കാരനുണ്ടായി. അവനൊരു പേരുമുണ്ടായി 'പൂട്ടോയി!' ആ പുതിയ ബന്ധു ഗത്യന്തരമില്ലാതെ ഞങ്ങളുടെ വീട്ടിൽനിന്നും നിരാശയോടെ പോകാൻ ഭാവിച്ചു. അപ്പോഴും അവർ മന്ത്രിച്ചിരുന്നു. 'പൂട്ടോയി! പൂട്ടോയി' ആ പേരു് ഞാൻ കേട്ടിട്ടുള്ളതുപോലെ തോന്നുന്നല്ലോ. വെറും തോന്നലല്ലാ ഞാൻ കേട്ടിട്ടുണ്ടു്. 'പൂട്ടോയി' പക്ഷേ എവിടെവച്ചു്? എങ്ങിനെ? എന്നൊന്നും വ്യക്തമായി ഓക്കുന്നില്ല.'' ''അവൻ എവിടെയാണാവോ താമസം" അവർ അമ്മയോടു ചോദിച്ചു. ''അവൻ വീടുകഠംതോറും ചുററിത്തിരിഞ്ഞു് ജോലി ചെയ്യുന്നവനാണ്. ജോലി ചെയ്യുന്ന വീട്ടിൽ അറിയിച്ചാൽ അവൻ വന്നുകൊള്ളും. അതാണു പതിവ്" അമ്മ പറഞ്ഞു. ''ഓഹാ! ഞാനും അങ്ങനെതന്നെ വിചാരിച്ചു. അവൻ ഒരു നാടോടി, അലഞ്ഞുതിരിഞ്ഞു നടക്കുന്നവൻ. ഒരു തെണ്ടിയാവണം. അനിയത്തി അവനെ വളരെ സൂക്ഷിച്ചുകൊള്ളേണമേ!''

"അങ്ങിനെ പൂട്ടോയിക്കു് ഒരു സ്വഭാവവും ആവിഷ്കൃതമായി."

ലൂസിയൻ, മകളോടു യാത്രയുടെ വിവരങ്ങഠം പറഞ്ഞു തീന്നപ്പോഠം, രണ്ടു സ്നേഹിതന്മാർ വീട്ടിൽ കടന്നുചെന്നു

സംഭാഷണവിവരം ആ സുഹൃത്തുക്കളോടും ഒന്നു ചുരുക്കിപ്പറയാൻ ലൂസിയൻ നിർബ്ബന്ധിതനായി. അയാഠം തുടന്നു:—

''എൻെറ അമ്മ പിറവി നൽകി പേരുമിട്ടു. ആ തോട്ടക്കാരനേപ്പററി ഞങ്ങഠം പറഞ്ഞുകൊണ്ടിരിക്കയായിരുന്നു. അന്നു മുതൽ അവനും ജീവനോടിരിക്കുന്ന ഒരു മനുഷ്യൻതന്നെ.''

സ്നേഹിതന്മാർ ഏകസ്വരത്തിൽ പറഞ്ഞുപോയി 'ഞങ്ങഠംകൂടി ആ ചരിത്രം ഒന്നു കേട്ടുകൊള്ളട്ടെ.'

ലൂസിയൻ: ''ഒരു വിരോധവുമില്ല. അങ്ങനെയൊരു തോട്ടക്കാരനുമില്ല; അങ്ങനെയൊരുത്തൻ ജീവിച്ചിരുന്നുമില്ല. എന്നാൽ ഒരുദിവസം എൻെറ അമ്മ പറഞ്ഞു, ഞാൻ തോട്ടക്കാരനെ കാത്തിരിക്കുന്നു എന്നു്. അന്നുമുതൽ അവൻ ജനിച്ചു; ജീവിച്ചു; പ്രവത്തിച്ചു. സ്നേഹിതന്മാരിൽ ഒരുവൻ ചോദിച്ചു: "അതെങ്ങനെ സംഭവിക്കും? ഇല്ലാത്ത ഒരു മനുഷ്യൻ ജീവിച്ചുപ്രവത്തിച്ചു എന്നു പറഞ്ഞാൽ അതെങ്ങനെ വിശ്വസിക്കാനാണു്."

,,വെറും ഭാവനയിലുള്ള ഒരു ജീവിതം, അല്ലേ എന്നു് മറേറ സ്നേഹിതനും ചോദ്യമിട്ടു."

ലൂസിയൻ:—അതെന്തു്? വെറും ഭാവനയിലുള്ള ജീവിതം അത്ര നിസ്സാരമായി തള്ളിക്കളയാവുന്നതാണോ? നമ്മുടെ ഇതിഹാസങ്ങളിലെ കഥാപാത്രങ്ങളേപ്പററി എന്തു പറയുന്നു? അവർ മാനവസമുദായത്തിനു് വഴികാട്ടികളായി അംഗീകരിക്കപ്പെടുന്നില്ലേ? അവരുടെ ചിത്തവൃത്തികളും പ്രവൃത്തികളും മാനവസംസ്ക്കാരത്തെ ഗണ്യമായ നിലയിൽ ബാധിച്ചിട്ടുണ്ടെന്നുള്ളതു് ഒരു വാസ്തവം മാത്രമാണു്. പൂട്ടോയി ജീവിച്ചിരുന്നില്ല; എന്നാൽ പൂട്ടോയിയേപ്പോലെതന്നെ ജീവിക്കാത്ത മനുഷ്യർ, എല്ലാസ്ഥലത്തും, എല്ലാക്കാലത്തും ഉണ്ടായിരുന്നു. ഇല്ലാത്ത ഈ മനുഷ്യർ യഥാത്ഥത്തിൽ ജീവിക്കുന്ന മനുഷ്യരെ, സ്നേഹവും ദ്വേഷവും പഠിപ്പിച്ചു; അവരിൽ ആശയും നിരാശയും അങ്കുരിപ്പിച്ചു. കൊലപാതകം, കൈക്കൂലി, അക്രമം തുടങ്ങിയ കൊള്ളരുതായ്മകഠംക്കെല്ലാം മാതൃകാപാഠം, ജീവിക്കുന്ന മനുഷ്യർക്കു സംഭാവന ചെയ്തതു് ഈ

ജീവിക്കാത്ത മനുഷ്യരാണെന്നോക്കണം. എന്തിനേറെ. ജീവിക്കുന്നവക്കായുള്ള നിയമസംഹിതയും ആചാരമര്യാദകളും കാഴ്ചവച്ചതു് ഈ ഇല്ലാത്ത മനുഷ്യരാണു്. ഈ ഇതിഹാസപുരുഷന്മാരെ നാം എത്രയേറെ ബഹുമാനിക്കുന്നു. അവരേപ്പോലെ സമുന്നതരായ പുരാണപുരുഷന്മാരുടെ കൂട്ടത്തിൽ ഞങ്ങളുടെ പൂട്ടോയിക്കു് സ്ഥാനമില്ലെന്നു ഞാനും സമ്മതിക്കുന്നു. എന്നാൽ ആ വർഗ്ഗത്തിലെ ഏററവും താഴ്ന്ന പടിയിൽ—ആരുമാരും അറിയാതെ ശ്രദ്ധിക്കാതെ—കഴിച്ചുകൂട്ടുവാനുള്ള അവൻെറ അവകാശം എന്തിനു നിഷേധിക്കുന്നു? മനുഷ്യൻെറ തലയും മൃഗത്തിൻെറ ഉടലുമുള്ള ബീഭത്സരൂപങ്ങരം എത്രയോ ചിത്രകാരന്മാരുടേയും കഥാകൃത്തുകളുടേയും തൂലികകൾക്കു് വിഷയമായിട്ടുണ്ടു്. ഷേക്സ്പീയറുടെ കഥാപാത്രങ്ങളെല്ലാം ജീവിച്ചിരുന്നവരോ? കവികളുടേയും ചിത്രകാരന്മാരുടേയും ലാളനക്കു പാത്രമാകാനുള്ള മഹാഭാഗ്യം പൂട്ടോയിക്കു് ഇല്ലായിരിക്കാം—അവൻ അത്രക്കു് ഉദ്ധതനോ, വികൃതനോ ആയിരുന്നില്ല. മഹാന്മാരുടെ ദൃഷ്ടിക്കു് ആകർഷിക്കത്തക്ക പ്രത്യേകതകരം ഒന്നും ആ രൂപത്തിൽ കണ്ടെന്നുവരികയില്ല. എഴുതാനും വായിക്കാനുംമാത്രം അറിയാവുന്ന സാധാരണക്കാരുടെ സങ്കല്പത്തിൽ മാത്രമാണു ഞങ്ങളുടെ പൂട്ടോയി ഉയിരെടുത്തതു്. അവൻ സങ്കല്പലോകത്തിലെ ചക്രവത്തിയുമല്ല. സ്നേഹിതന്മാരേ! ഇപ്പറഞ്ഞതിൽനിന്നും ഊഹിക്കാമല്ലോ, പൂട്ടോയിയുടെ സത്യാവസ്ഥ എന്തെന്നു്.

ഒരു ഭസ്നേഹിതൻ: ഓ ഇപ്പോരം എനിക്കു് അവൻെറ രൂപം ഏതാണ്ടു മനസ്സിലായിത്തുടങ്ങി.

ലൂസിയൻ വീണ്ടും ചരിത്രം തുടന്നു:

"പൂട്ടോയി, ജീവിച്ചിരുന്നു. ഞാൻ ഇതാ ശപഥം ചെയ്യുന്നു. അവൻ ജീവിച്ചിരുന്നു. സ്നേഹിതന്മാരേ! കാര്യങ്ങരം യുക്തിയുക്തം ആലോചിച്ചു നോക്കു. ജീവിക്കാൻ ഒരു ശരീരം കൂടിയേ തീരൂ എന്നില്ല."

ഒരു സ്നേഹിതൻ: ഗഹനകാര്യങ്ങളേപ്പററിയുള്ള ചച്ച പിന്നീടാകാം. പൂട്ടോയിയുടെ ചരിത്രം കേരംക്കട്ടെ.

ലൂസിയൻ:—അതു ശരിയാണു്. എന്നാൽ കേട്ടുകൊള്ളു. പത്തൊമ്പതാം നൂററാണ്ടിൻെറ ഉത്തരാർദ്ധത്തിൽ, പൂട്ടോയി ഈ ഗ്രാമത്തിൽ ജനിച്ചു. അവൻ എട്ടുപത്തു നൂററാണ്ടുകാംകു മുമ്പേ, ഒരു മഹാവനത്തിലോ, പർവ്വതഗുഹയിലോ ജനിച്ചിരുന്നെങ്കിൽ, അവനെ ഒരു പിശാചോ ഭൂതമോ ആയി മനുഷ്യർ പരിഗണിക്കുമായിരുന്നു. സാധാരണ ഭൂതമായിട്ടല്ല, ഒരു ദുർഭൂതമായിട്ടുതന്നെ.

"ഞാൻ രണ്ടു കപ്പു ചായ കൊണ്ടുവരാം." മകാം ഇടയ്ക്കു പറഞ്ഞു. സ്നേഹിതൻ ചോദിച്ചു: "അപ്പോറം പൂട്ടോയി ഒരു ദുർഭൂതമാണോ?"

ലൂസിയൻ:—ആണെന്നും, അല്ലെന്നും പറയാം. ദുർഗ്ഗുണങ്ങളുടെ മൂർത്തികളായ ചില പിശാചുക്കാം ഇല്ലേ? പക്ഷേ, അവയെ അടുത്തറിഞ്ഞാൽ അവയ്ക്കും ചില നല്ല ഗുണങ്ങളുണ്ടെന്നു മനസ്സിലാക്കാം. പൂട്ടോയിയുടെ ലോകം അനീതി കാണിച്ചിരിക്കുന്നു എന്നാണു് എൻെറ അഭിപ്രായം. അവൻെറ പേരു കേട്ടപ്പോഴേ, ഞങ്ങളുടെ പുതിയ ബന്ധു, അവൻ ഒരക്രമിയും കൊള്ളക്കാരനും കുടിയനുമാണെന്നു് മുദ്രയടിച്ചു. വീട്ടിൽ കയറി പാത്തുപതുങ്ങിക്കക്കുന്നവൻ എങ്കിലും ഞങ്ങളുടെ പുതിയ ബന്ധു മറെറാരു തരത്തിൽ സമാധാനിച്ചു. കഷ്ടിച്ചു് കഴിച്ചുകൂട്ടുവാൻമാത്രം വകയുള്ള ഞങ്ങാം അവനെ വേലയ്ക്കു നിർത്തുന്നതുകൊണ്ടു് അവൻ അല്പസ്വല്പംകൊണ്ടു തൃപ്തിപ്പെടുന്നവനാകണം. അങ്ങനെയെങ്കിൽ, പണക്കാരിയായ അവക്കു് എന്തുകൊണ്ടു് ഇവനെ തോട്ടംപണിക്കു് ഏർപ്പെടുത്തിക്കൂടാ? അവരുടെ ഇപ്പോഴത്തെ തോട്ടക്കാരൻ ആളു മിടുക്കനാണെങ്കിലും എത്ര കൊടുത്താലും തൃപ്തിയാകാത്ത ഒരു ദുരാഗ്രഹിയാണു്. തോട്ടത്തിൽ കളപറിച്ചു് വളമിടേണ്ട സമയം അടുത്തിരിക്കുന്നു. പണമില്ലാത്ത എൻെറ അമ്മ കൊടുക്കുന്ന അല്ലറചില്ലറകൊണ്ടു് പൂട്ടോയി തൃപ്തിപ്പെടുന്നെങ്കിൽ, പണക്കാരിയായ താൻ, അതിലും കുറച്ചുകൊടുത്താൽ അവൻ തൃപ്തി

പ്പെട്ടുകൊള്ളുമല്ലോ. അല്ലെങ്കിലും പണക്കാർ, പാവങ്ങളേക്കാൾ കുറച്ചേ കൂലികൊടുക്കേണ്ടതുള്ളൂ. അങ്ങനെ ഞങ്ങളുടെ പുതിയ ബന്ധു അവരുടെ ഭാവനയിൽ കണ്ടുതുടങ്ങി. വിശേഷിച്ചു ചെലവുചെയ്യാതെ അവരുടെ തോട്ടം, ഒരു പുതുജീവിതം ആരംഭിക്കുന്നതു്. അവർ വീണ്ടും ആത്മഗതം ചെയ്തു. പൂട്ടോയി മടിപിടിച്ചിരിക്കാതെ ഞാൻ നോക്കിക്കൊള്ളാം. എൻെറ വീട്ടിൽനിന്നും എന്തെങ്കിലും കക്കാൻ ഞാൻ സമ്മതിക്കയില്ല. എനിക്കു് ഈ ഏർപ്പാടിൽ ഒന്നും നഷ്ടപ്പെടാൻപോകുന്നില്ല; എല്ലാം ലാഭമായിരിക്കയും ചെയ്യും. ഇത്തരം തെണ്ടികൾ, സാധാരണ ജോലിക്കാരേക്കാൾ അദ്ധ്വാനശീലരായിട്ടാണു കണ്ടുവരാറു്. അങ്ങനെ പൂട്ടോയിയെ ഒന്നു പരീക്ഷിച്ചുനോക്കാമെന്നു് ഞങ്ങളുടെ പുതിയ ബന്ധു മനസ്സുകൊണ്ടുറച്ചു. എന്നിട്ടു് അവർ എൻെറ അമ്മയെ വിളിച്ചുപറഞ്ഞു:— ''എൻെറ അനിയത്തി! ഈ പൂട്ടോയിയെ എൻെറ വീട്ടിലേയ്ക്കും ഒന്നയയ്ക്കണം; തോട്ടം നന്നാക്കാൻ; എന്താ? സമ്മതിച്ചോ?'' അമ്മ അപ്രകാരം ഏൽക്കുകയും ചെയ്തു. അതു സാദ്ധ്യമായിരുന്നെങ്കിൽ, അമ്മ അതു സന്തോഷത്തോടേ ചെയ്യുമായിരുന്നു. പാവം, ഞങ്ങളുടെ ബന്ധു, പൂട്ടോയി അവിടെ ചെല്ലുമെന്നു കരുതി ഏതാനും നാൾ കഴിച്ചുകൂട്ടി. വീണ്ടും വീട്ടിൽ വന്നപ്പോൾ അവർ അമ്മയോടു് ആവലാതിപ്പെട്ടു. ''പൂട്ടോയിയെ എന്തുകൊണ്ടാണു് അയയ്ക്കാഞ്ഞതു്?'' അതിനു് അമ്മയുടെ മറുപടി നേരമ്പോക്കുള്ളതായിരുന്നു. ''ഞാൻ അന്നേ പറഞ്ഞില്ലേ, ഞാൻ അവനെ കാത്തുകൊണ്ടിരിക്കയാണെന്നു്. ഒരു നെറിയും കുറിയുമില്ലാത്ത കൂട്ടത്തിലാണവൻ.'' അതിനവരുടെ മറുപടി ''ഓഹോ! അത്തരക്കാരെ എനിക്കു ധാരാളമറിയാം. പറയുന്നതൊന്നു്, പ്രവൎത്തിക്കുന്നതൊന്നു്; ഈ പൂട്ടോയി അത്തരക്കാരനാണു്. പക്ഷേ, എൻെറ വീട്ടിൽ ജോലിക്കു നിൽക്കാൻ അവനു മടിതോന്നേണ്ട കാര്യമില്ലല്ലോ. ഒരു മാതിരിക്കാൎക്കെല്ലാം എൻെറ വീടറിയാം. അവനും പരിചയം കാണും. അവൻ അവിടെ ജോലിക്കു വന്നേ മതിയാകൂ. അനിയത്തി എന്നോടു പറഞ്ഞേച്ചാൽമതി, അവൻ

എവിടെയാ പാക്കുന്നതെന്നു്. ഞാൻ ആളയച്ചു് വരുത്തി ക്കൊള്ളാം.'' അമ്മ പറഞ്ഞു: ''അവൻെറ പാർപ്പിടമെ നിക്കറിഞ്ഞുകൂടല്ലോ. എന്നല്ല, അവൻെറ പാർപ്പിടത്തേ പ്പററി ആർക്കും ഒന്നും അറിഞ്ഞുകൂടാതാനും. അറിഞ്ഞിട ത്തോളം അവനു് വീടും കുടിയും ഉണ്ടെന്നു തോന്നുന്നില്ല. അങ്ങനെ പറഞ്ഞെങ്കിലും, ഞാൻ ഇന്നുവരെ അവനെ കണ്ടിട്ടില്ല, അവൻ ഒളിച്ചുകളിക്കയാണെന്നാ എനിക്കു തോന്നുന്നതു്.''

''സ്നേഹിതന്മാരേ! ഇതിൽ കൂടുതൽ ഭംഗിയായിട്ടു്, എങ്ങനെ ആർക്കു പറയാൻ സാധിക്കും, പൂട്ടോയിയെ പ്പററി! എൻെറ അമ്മ അതു സാധിച്ചു. എന്നാൽ എന്തു കൊണ്ടോ ഞങ്ങളുടെ പുതിയ ബന്ധുവിനു് ഇപ്പറഞ്ഞ തിൽ അത്ര വിശ്വാസം തോന്നിയില്ല. അമ്മ പറഞ്ഞതു് ഒരു തട്ടിപ്പാണെന്നു് അവർക്കു തോന്നി. ഒരിക്കൽ കൈ വിട്ടാൽ പൂട്ടോയിയെപ്പിന്നെ കിട്ടുകയില്ലെന്ന വിചാരം കൊണ്ടു് അമ്മ സൂത്രം പറയുന്നതാകണം. അല്ലെങ്കിൽ അവൻ കൂലി കൂടുതലിനുവേണ്ടി തക്കം പുറപ്പെടുവിച്ചു കൊണ്ടിരിക്കയാവാം. ഏതായാലും എൻെറ അമ്മ തൻ കാര്യക്കാരിയാണു്, സ്വാർത്ഥമതിയാണു് എന്നെല്ലാമാണു് അവർ ധരിക്കാനിടയായതു്. ലോകം അംഗീകരിച്ചതും ചരിത്രം രേഖപ്പെടുത്തിയതുമായ എത്രയോ തീരുമാനങ്ങ ളാണു്, ഇത്തരം തെററായ അനുമാനങ്ങളിൽ അധിഷ്ഠിത മായിട്ടുള്ളതു്. അതുപോലെ ഇതും.''

''അതെത്രയും ശരിയാണു്'' മകരം ഇടക്കു പറഞ്ഞു.

''എന്തോന്നു്, എത്രയും ശരി?'' ലൂസിയൻെറ സഹോ ദരി ഉറക്കംതൂങ്ങിക്കൊണ്ടു ചോദിച്ചു.

മകരം:—ചരിത്രത്തിലെ വിധികരം പലപ്പോഴും തെ ററാണെന്നുള്ളതു്, ഇന്നാരം അച്ഛൻ ഒരു സ്ത്രീയേപ്പററി പറഞ്ഞതു ഞാൻ ഓക്കുന്നു. വെറും സാധുപ്രകൃതക്കാരി. അവർ കുററക്കാരിയല്ലെന്നുള്ളതിനു് ഭാവിതലമുറയെ അവർ സാക്ഷിയാക്കി. അവരം ഓർത്തില്ല, അവളുടെ തല ചീത്തയാണെങ്കിൽ, ഭാവിതലമുറ നന്നാകുമെന്നു വിചാരി ക്കാൻ അവരംക്കു് ഒരു ന്യായവുമില്ലെന്നു്.

''എടീ! പെണ്ണേ!'' സഹോദരി ദ്വേഷ്യസ്വരത്തിൽ പറഞ്ഞു. ''നീ ഇപ്പറഞ്ഞതിനും, പൂട്ടോയിയുടെ കഥയ്ക്കും തമ്മിൽ എന്താണു ബന്ധം?''

''വളരെ അടുത്ത ബന്ധമുണ്ട്'' എന്നു മകരം.

''സോദരീ ഞാൻ, ഒരു ബന്ധവും കാണുന്നില്ല.''

ലൂസിയനു് ഒരു പ്രകൃതമുണ്ട്. ഒരു വിഷയത്തിൽ നിന്നും സംഭാഷണം മറെറാരു വിഷയത്തിലേക്കു പകരുന്നതു് അയാൾക്കിഷ്ടമുള്ള കാര്യമാണു്." ലൂസിയൻ പറഞ്ഞു:

''സകല അനീതികൾക്കും പരിഹാരം ഇവിടെത്തന്നെ ലഭിക്കുമെങ്കിൽ, മനുഷ്യർ മറെറാരു ലോകത്തേപ്പററി സങ്കല്പിക്കുകപോലും ചെയ്യുകയില്ല. മരിച്ചവരേപ്പററി ഭാവിതലമുറ എങ്ങനെയാണു് വിധിയെഴുതുന്നതു്. ശവകുടീരങ്ങളിൽ കടന്നുചെന്നു്, മരിച്ചവരോടു ചോദിക്കാമെന്നു വച്ചാൽ എന്തു ഫലം? അവർ ഉത്തരം പറയുമോ? മരിച്ച ഒരാളേപ്പററി ന്യായവിധിക്കു് ഒരുത്തൻ തയ്യാറാകുമ്പോഴേക്കും, അങ്ങനെയൊരാൾ ജീവിച്ചിരുന്ന കഥതന്നെ ലോകം വിസ്മരിക്കുന്നു. പിന്നെ ഒരാൾക്കു് മറെറാരാളേപ്പററി നീതിപൂർവ്വം വിധിക്കുവാൻ സാദ്ധ്യമാണോ? ഇനി, ഈ നീതിപൂർവ്വമായ വിധി എന്നു വച്ചാൽ എന്താണു്? അതു കിടക്കട്ടെ, ഒടുവിൽ എന്റെ അമ്മ പറഞ്ഞതെല്ലാം അപ്പാടെ വിശ്വസിച്ചു് പൂട്ടോയിയെ ഇതുവരേയും കണ്ടുകിട്ടിയില്ലെന്നുള്ള വിചാരത്തോടെയാണു് ഞങ്ങളുടെ പുതിയ ബന്ധു വീട്ടിൽനിന്നും യാത്രയായതു്.''

''ഞങ്ങളുടെ പുതിയ ബന്ധു സ്വമേധയായി പൂട്ടോയിയെ തിരഞ്ഞുപിടിക്കുവാനുള്ള ശ്രമം തുടർന്നുകൊണ്ടേയിരുന്നു. അവർ, ഈ തോട്ടക്കാരനേപ്പററി ബന്ധുക്കളോടു ചോദിച്ചു. സ്നേഹിതന്മാരോടന്വേഷിച്ചു: കച്ചവടക്കാരോടും, ഭൃത്യജനങ്ങളോടും, അയൽവാസികളോടും അവർ പൂട്ടോയിയെപ്പററി തിരക്കി. ഇങ്ങനെ വിവിധതരക്കാരുടെ ഇടയിൽ അന്വേഷിച്ചതിൽ രണ്ടുപേർമാത്രമേ അവർ 'പൂട്ടോയിയെ അറിയുകയില്ലെന്നു് തീർത്തുപറഞ്ഞുള്ളു. ചോദിച്ചവരിൽ ബഹുഭൂരിപക്ഷത്തിനും,

'പൂട്ടോയി'യെ സംബന്ധിച്ച ചിലതു പറയാനുണ്ടായിരുന്നു. ഒരു ഭൃതൻ പറയുകയുണ്ടായി; 'ഞാൻ ആ പേരു കേട്ടിട്ടുണ്ട്. പക്ഷേ, മുഖം ഓക്കുന്നില്ല.' വഴിതുപ്പുകാരൻ കുറേക്കൂടി ഉറപ്പിച്ചു പറഞ്ഞു. 'പൂട്ടോയിയോ! ഞാൻ അവനെ അടുത്തറിയും. പക്ഷേ, വീടും മററും എവിടെ എന്നു നിശ്ചയമില്ല.' കുറേക്കൂടി വിശ്വസിക്കാൻകൊള്ളാവുന്ന ഒരു വക്കീൽ ദൃഢസ്വരത്തിൽ പറഞ്ഞു: 'ങാ ഹാ! പൂട്ടോയി ഞാൻ അവനെ വിറകുവെട്ടുവാൻ നിത്തിയിരുന്നല്ലോ. ഞങ്ങളുടെ പറമ്പിൽ ഒരാഴ്ച അവനു ജോലിയുണ്ടായിരുന്നു—നല്ല ജോലിക്കാരൻ.'

"ഒരു ദിവസം രാവിലെ ഞങ്ങളുടെ പുതിയ ബന്ധു കുറേ ആവേശത്തോടെ അച്ഛൻെറ ഇരുപ്പുമുറിയിൽ കയറിച്ചെന്നു. ഹയ്യോ! ഞാൻ ഒരുവിധത്തിൽ പൂട്ടോയിയെ കണ്ടു! ഞാൻ അവനെ നേരേ കണ്ടു. തീർച്ചതന്നെ."

അച്ഛൻ:—കണ്ടോ? ഉള്ളതോ? പൂട്ടോയിതന്നെയാണോ?

പുതിയ ബന്ധു:—പൂട്ടോയിതന്നെ. അതിൽ സംശയിക്കാനില്ല. അവൻ ഞങ്ങളുടെ അയൽപക്കത്തുള്ള ഒരു വീട്ടിലെ മതിൽ ചാടിക്കടന്നു വരികയായിരുന്നു. പെട്ടെന്നവൻ ഇടത്തോട്ടുവഴിയിൽക്കൂടി അതിവേഗം നടന്നു മറഞ്ഞുകളഞ്ഞു. പിന്നൊട്ടു കണ്ടതുമില്ല.

അച്ഛൻ:—അവൻതന്നെയാണെന്നു് എന്തു നിശ്ചയം?

പുതിയ ബന്ധു:—അതിൽ സംശയിക്കാനൊന്നുമില്ല. അതുതന്നെ പൂട്ടോയി. ഒരമ്പതു വയസ്സു പ്രായംവരും. നന്നാ ചടച്ച് വളഞ്ഞുകൂനിയ ഒരുത്തൻ. കണ്ടാൽതന്നെ അറിയാം അവനൊരു തെണ്ടിയാണെന്നു്.

അച്ഛൻ:—നിങ്ങൾ ഇപ്പോൾ പറഞ്ഞ വിവരണം പൂട്ടോയിക്കു ചേന്നതുതന്നെ.

പുതിയ ബന്ധു:—അതുതന്നെ. ഞാൻ തീത്തുപറയുന്നു. അതിനും പുറമേ, ഞാൻ പൂട്ടോയി, പൂട്ടോയി എന്നു് ഉറക്കെ വിളിച്ചു. അവൻ തിരിഞ്ഞുനോക്കുകയും ചെയ്തു. ഇതിൽ കൂടുതൽ തെളിവെന്തിനു്?

അച്ഛൻ:—അതാണു്. പോലീസുകാർ പിടികിട്ടാപ്പുള്ളികളെ കണ്ടുപിടിക്കാൻ ഉപയോഗിക്കുന്ന തന്ത്രം.

പൃ. ബ:—അങ്ങനെ ഞാൻ നിങ്ങളുടെ പൂട്ടോയിയെ കണ്ടുപിടിച്ചു. ആള കൂലിക്കാരനാവാൻ യോഗ്യൻതന്നെ. പക്ഷേ, അവന്റെ മുഖഭാവം എനിക്കത്ര പിടിച്ചില്ല. അവനെ ജോലിക്കാക്കുന്നതു വളരെ സൂക്ഷിച്ചുവേണം. ഒരാളുടെ മുഖത്തു നോക്കിയാൽ അയാൾ ഇന്ന പ്രകൃതക്കാരനാണെന്നു പറയാൻ എനിക്കൊരു വിഷമവുമില്ല. ഞാനവന്റെ പുറവശംമാത്രമേ കണ്ടുള്ളു. എങ്കിലും അവനൊരു പഠിച്ച കള്ളനാണെന്നു് ഒററനോട്ടത്തിൽ എനിക്കു മനസ്സിലായി. കള്ളൻ മാത്രമല്ല, അവൻ ഒരു കൊലപാതകിയുമാണു് തീർച്ച. തലയോടു പററിച്ചേൎന്ന വക്കില്ലാത്ത ചെവിയാണു് അവന്റേതു്. അതു് കൊലപാതകികളുടെ ലക്ഷണവുമാണു്.

അച്ഛൻ:—ങാഹാ! അവന്റെ ചെവിയും നിങ്ങൾ സൂക്ഷിച്ചോ?

പൃ. ബ:—എന്റെ കണ്ണിൽപെടാത്തതായി ഒന്നുമില്ല. എന്റെ പ്രിയപ്പെട്ട ലൂസിയൻ! നിങ്ങളെല്ലാം ദുർമ്മരണം പ്രാപിക്കാതിരിക്കണമെങ്കിൽ, ദൈവത്തെ ഓർത്തു് പൂട്ടോയിയെ ഈ പടിക്കകത്തു കടത്തല്ലേ. പിന്നെ ഒന്നുകൂടി ഞാൻ ഗുണദോഷിക്കാം. സകല മുറികളുടേയും പൂട്ടും താക്കോലും മാററി ഉണ്ടാക്കുകയും വേണം.

"ഇത്തരം ഉപദേശങ്ങളും തന്നു് ഞങ്ങളുടെ പുതിയ ബന്ധു സ്ഥലംവിട്ടു. മൂന്നുദിവസം കഴിഞ്ഞുകാണും, ഞങ്ങളുടെ പുതിയ ബന്ധുവിന്റെ വീട്ടിലെ കൃഷിത്തോട്ടത്തിൽനിന്നും മൂന്നു മത്തങ്ങാ ആരോ അപഹരിക്കയുണ്ടായി. കള്ളൻ ആരാണെന്നു് ഒരു നിശ്ചയവുമില്ല. ആരേയും നിർദ്ദേശിക്കാൻ സാധിക്കാതായപ്പോൾ, അവക്കു് പൂട്ടോയിയേപ്പററി സ്മരണയുണ്ടായി. അവൻതന്നെയാണു് മോഷ്ടാവു് എന്നവർ തീർച്ചപ്പെടുത്തി. അവർ പോലീസിൽ അറിവുകൊടുത്തു. പോലീസുകാർ തിരുതകൃതിയായി അന്വേഷണം നടത്തി. ഞങ്ങളുടെ പുതിയ ബന്ധുവിന്റെ സംശയം പൂട്ടോയിയാണു് മത്തങ്ങാമോഷ്ടിച്ചതെന്നായിരുന്നു എന്നു പറഞ്ഞല്ലോ. അന്വേഷണഫലമായി പോലീസുകാർ ആ അഭിപ്രായം സ്ഥിരീകരിച്ചു.

വേറേയും ചില വസ്തുതകൾ അവരുടെ അന്വേഷണത്തിൽ തെളിഞ്ഞു. ആ ഗ്രാമത്തിലെ അസംഖ്യം കൃഷിത്തോട്ടങ്ങളിൽനിന്നും കായ്കനികൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഒരുസംഘം കള്ളന്മാർ ഈ പ്രവൃത്തിയിൽ മുഴുകിയിരിക്കുകയാണ്. എന്നാൽ ഈ മത്തങ്ങാമോഷണം ഒററയ്ക്കു് ഒരു കള്ളൻെറ പ്രവൃത്തിയാണ്. അതവൻ വളരെ സമത്ഥമായി നിവ്വഹിക്കയും ചെയ്തിരിക്കുന്നു. എങ്ങനെയാണ് അവൻ തോട്ടത്തിൽ പ്രവേശിച്ചതു് എന്നുള്ളതിനോ, മത്തങ്ങയും മോഷ്ടിച്ചുകൊണ്ടു് എങ്ങനെ ചാടി രക്ഷപ്പെട്ടു എന്നുള്ളതിനോ യാതൊരടയാളവും അവൻ അവശേഷിപ്പിച്ചിട്ടില്ല. അതുകൊണ്ടു് സമത്ഥനായ ഈ തസ്കരൻ പൂട്ടോയി അല്ലാതെ മററാരുമാകാൻ തരമില്ല. പോലീസ്മേധാവിയുടെ സുചിന്തിതമായ അഭിപ്രായമായിരുന്നു അതു്. പൂട്ടോയിയേപ്പററിയും അവൻെറ അക്രമങ്ങളേപ്പററിയും ആ പോലീസ്മേധാവി ധാരാളം കേട്ടിട്ടുണ്ടു്. അദ്ദേഹത്തിൻെറ ഡയറിയിൽ പല വിവരങ്ങളും പൂട്ടോയിയേപ്പററി കുറിച്ചിട്ടുണ്ടുപോലും! അവനെ ഒരിക്കൽ അദ്ദേഹത്തിൻെറ കൈയിൽ കിട്ടുമെന്നും അന്നു് ശരിപ്പെടുത്തിക്കൊള്ളാമെന്നും ദൃഢനിശ്ചയം ചെയ്തിരിക്കയാണ്.

"എന്തിനേറെ? ആ ഡിസ്ട്രിക്ടിലെ പ്രമുഖ പത്രത്തിൽ അതിപ്രധാന വാത്തയായി ഞങ്ങളുടെ പുതിയ ബന്ധുവിൻെറ വീട്ടിലെ മത്തങ്ങാമോഷണവും, റിപ്പോർട്ടർമാരിൽനിന്നും ലഭിച്ച വിശദവിവരങ്ങളും പ്രത്യേക ലേഖകൻേറതായി പ്രസിദ്ധീകരിക്കപ്പെട്ടു. ഭാവനാസമ്പന്നനായ ഒരു ചിത്രകാരൻ കിട്ടിയിടത്തോളം അറിവുകൾ വച്ചുകൊണ്ടു് പൂട്ടോയിയുടെ ഒരു സജീവചിത്രവും ആ വാത്തയുടെ മദ്ധ്യത്തിൽ ചേക്കുകയുണ്ടായി. രണ്ടുകോളം നിറയെയുണ്ടായിരുന്ന ആ വാത്തയുടെ ഒരുഭാഗത്തു് പൂട്ടോയിയുടെ നെററി തീരെ വിസ്താരമില്ലാത്തതെന്നു തോന്നുമെങ്കിലും സമീപദൃഷ്ടിക്കു് അതു് അത്ര ശരിയാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. കള്ളദൃഷ്ടി അവൻെറ കൂടെപ്പിറപ്പാണ്. ചുക്കിച്ചുളിഞ്ഞ കവിൾത്തടങ്ങൾ,

ഉന്തിത്തുറിച്ചുനോക്കുന്ന കവിളെല്ലുകരം, വക്രമായ ഗാത്ര വിശേഷം ഇവയെല്ലാംകൊണ്ടു് അനുഗൃഹീതനാണു്, ഈ തസ്ക്കരപ്രമാണിയായ പൂട്ടോയി. കാഴ്ചയിൽ ദുർബ്ബലനെന്നു തോന്നാമെങ്കിലും അവൻ അസാമാന്യമായ ശാരീരികശക്തിയുള്ളവനാണെന്നു പറയപ്പെടുന്നു. വിരലുകരംക്കിടയിൽവച്ചു് ഒരു ഇരുമ്പുതുട്ടു വളയ്ക്കുവാൻ അവനു് നിഷ്പ്രയാസം സാധിക്കുമത്രേ. അവൻ അനേക നാളായി പലവിധത്തിലുള്ള മോഷണങ്ങരം, ഈ ഗ്രാമത്തിലും തൊട്ടടുത്ത ഗ്രാമങ്ങളിലും ചെയ്തുവരാറുണ്ടെന്നു് ഇപ്പോരം നിസ്സന്ദേഹം തെളിയിക്കപ്പെട്ടിരിക്കുന്നു. അതിൽ അവൻ കാണിക്കുന്ന വൈദഗ്ദ്ധ്യം പോലീസ് മേധാവികളേപ്പോലും അമ്പരപ്പിക്കുവാൻ പോരുന്നവയത്രേ!

പത്രവാർത്ത വന്നതോടുകൂടി പൂട്ടോയി ഗ്രാമവാസികളുടെ സംഭാഷണവിഷയമായിത്തീർന്നു. എവിടെച്ചെന്നാലും രണ്ടുപേരു കൂടുന്ന ദിക്കിൽ എല്ലാം പൂട്ടോയിയും അവൻെറ അക്രമങ്ങളും തീവ്രചർച്ചകരംക്കും വാദപ്രതിവാദങ്ങരംക്കും ഇടയാക്കി. ഒരാഴ്ചയ്ക്കുള്ളിൽ മററൊരു വൃത്താന്തം നാടൊട്ടുക്കു പരന്നു. പൂട്ടോയി അറസ്റ്റ്ചെയ്യപ്പെട്ടെന്നും ഇരുമ്പഴികരംക്കുള്ളിൽ അടയ്ക്കപ്പെട്ടെന്നും. പക്ഷേ, ജനങ്ങളുടെ ആഹ്ളാദവും ആശ്വാസവും അധികം മാസത്തേക്കു നീണ്ടുനിന്നില്ല. എന്തെന്നാൽ അറസ്റ്റ് ചെയ്യപ്പെട്ടവൻ, സാധുവായ ഒരു പഞ്ചാംഗവില്പനക്കാരനാണെന്നു് പിന്നീടുണ്ടായ പോലീസ് അന്വേഷണത്തിൽ തെളിഞ്ഞുപോയി. പോലീസുകാർക്കു് അവൻെറ പേരിൽ ഒന്നും തെളിയിക്കാൻ സാധിക്കാതിരുന്നതുകൊണ്ടു് പതിനാലു മാസത്തെ തടങ്കലിനുശേഷം അവൻ ഒരു സുപ്രഭാതത്തിൽ മോചിപ്പിക്കപ്പെട്ടു.

പൂട്ടോയിയെ സംബന്ധിക്കുന്ന അന്വേഷണം വീണ്ടും തുടർന്നു. അങ്ങനെയിരിക്കെ ഞങ്ങളുടെ പുതിയ ബന്ധുവിൻെറ വീട്ടിൽ, ഗ്രഹപ്പിഴയെന്നേ പറയേണ്ടൂ, രണ്ടാമതും ഒരു മോഷണം നടന്നു. അതു് കുറേക്കൂടി ഗൗരവമുള്ള ഒരു മോഷണവുമായിരുന്നു.

പൂട്ടിവച്ചിരുന്ന അലമാരിയിൽനിന്നും മൂന്നു വെള്ളി ക്കരണ്ടികളാണ് ഇത്തവണ നഷ്ടപ്പെട്ടതു്. പുതിയ ബന്ധു വല്ലാതെ അമ്പരന്നുപോയി. ഇക്കണക്കിന്നു് എന്തുതന്നെ സംഭവിക്കയില്ല! അവർ ചില കരുതൽനടപടികൾ, വീടിൻെറ ചുററും ചെയ്തുതീർത്തു. അക്കൂട്ടത്തിൽ ഒരു ഇരു മ്പുചങ്ങലകൊണ്ടു് കിടപ്പുമുറിയുടെ ഭദ്രതയും അവർ ഉറപ്പു ണ്ടാക്കി. എങ്കിലും രാത്രിയിൽ അവരുടെ ഉറക്കം, കൂടെ ക്കൂടെ ഭഞ്ജിക്കപ്പെട്ടിരുന്നു.

ലൂസിയൻെറ 'പൂട്ടോയിചരിതം' നീണ്ടുനീണ്ടുപോക യാണു്. രാത്രി മണി പത്താകാറായി. ഉറക്കംതൂങ്ങുക യാൽ മകൾ കിടക്കാൻപോയി. അപ്പോൾ സഹോദരി ലൂസിയനോടായി "പിന്നെ ഒരു കാര്യം പറയാൻ മറക്ക രുതു്. നമ്മുടെ പുതിയ ബന്ധുവിൻെറ വേലക്കാരിയെ പൂട്ടോയി വശപ്പെടുത്തിയതു്. അതും പറയണം കേട്ടോ."

ലൂസിയൻ:—സഹോദരീ ഞാനതു മറന്നിട്ടില്ല. അതു വിട്ടുപോയാൽ പിന്നെ ഈ ചരിത്രത്തിൽ എന്തോന്നാണു് രസിക്കാനുള്ളതു്? പക്ഷേ, ഓരോന്നും അതാതിൻെറ സന്ദർഭം വരുമ്പോൾ പറഞ്ഞുകൊള്ളാം. അങ്ങനെ സ്നേഹി തന്മാരെ; ഞാൻ പറഞ്ഞല്ലോ പൂട്ടോയിയെ പിടിച്ചേഅട ങ്ങൂ എന്നൊരു വാശി പോലീസുകാർക്കു് മൂത്തു. പോലീ സുകാർക്കു മാത്രമല്ല, ആ ഗ്രാമത്തിലെ ഓരോ പുരുഷനും ഓരോ സ്ത്രീയും ഈ അക്രമിയെ കണ്ടുപിടിച്ചു് പോലീ സിൽ ഏല്പിക്കുന്നതു് പ്രശംസാർഹമായ ഒരു കൃത്യമായി തന്നെത്താൻ കരുതുകയും ചെയ്തു. സൂത്രശാലികളായ ഏതാനും പേർ അവനെ കണ്ടുപിടിക്കുന്നതിൽ വിജയി ക്കയും ചെയ്തു. . പക്ഷേ, അവരെല്ലാം ഈ പൂട്ടോയിയെ, ഏകനിമിഷത്തിൽ വിവിധ സ്ഥലങ്ങളിൽവച്ചു കണ്ടുപി ടിച്ചതായിട്ടുണ്ടു് റിപ്പോർട്ടു്. ചിലർ രാവിലെ ഒമ്പതു മണിക്കു് കാട്ടിൽവച്ചു്, ചിലർ ആ സമയത്തുതന്നെ തെരു വിൽവച്ചു്, ചിലർ ആ മുഹൂർത്തത്തിൽ വയലിൽവച്ചു! എന്തത്ഭുതം!

ഈവിധം മറെറാരു ലക്ഷണവുംകൂടി പൂട്ടോയിയുടെ സ്വഭാവത്തിൽ പററിച്ചേർന്നു. അവൻ ഒരു മായാവി

കൂടിയാണ്. കുളത്തിൽ മുങ്ങിയാൽ കരയിൽ പൊങ്ങുന്നവൻ. ഒരു ഞൊടിയിടയിൽ അനേകം കാതം സഞ്ചരിക്കാൻ കഴിവുള്ളവൻ, മയക്കുവിദ്യയും മന്ത്രവാദവും ശീലിച്ചവൻ. ഭയങ്കരൻ; പൂട്ടോയി എന്നുള്ള പേരുപോലും ഗ്രാമവാസികൾ വളരെ ഭയത്തോടേ മന്ത്രിക്കുക എന്ന നിലയായി. ഞങ്ങളുടെ പുതിയ ബന്ധുവിന് സന്ദേഹമേ ഉണ്ടായില്ല; പൂട്ടോയിയാണ് ആ മൂന്നു മത്തങ്ങകളും ആ മൂന്നു വെള്ളിക്കരണ്ടികളും മോഷ്ടിച്ചത്. ആ മായാവി അവ മോഷ്ടിച്ചത് പട്ടാപ്പകലുമായിരിക്കണം. ഈ പൂട്ടോയി അവരെ കൊന്നേക്കുമെന്ന് അവർ ഭയപ്പെട്ടുതുടങ്ങി. പുതിയതരം സാക്ഷകൾ, പൂട്ടുകൾ, ഇരുമ്പുകമ്പികൾ തുടങ്ങിയവ അവരുടെ വീട്ടിലേക്കു പ്രവഹിക്കുവാൻ തുടങ്ങി. അവരെ സംബന്ധിച്ചിടത്തോളം പൂട്ടോയി എന്ന പേരു് ഭയങ്കര ക്രൗര്യത്തിന്റേയും സകലവിധമായ തട്ടിപ്പിന്റേയും പര്യായപദമായിത്തീൎന്നു. അവരുടെ അഭിപ്രായത്തിൽ സാക്ഷയിട്ടു് അടച്ചു മുദ്രവച്ച വാതിലുകളുടെ പഴുതിൽക്കൂടി ആരുമാരും കാണാതെ നിഷ്പ്രയാസം കടക്കുവാൻ പൂട്ടോയിക്കു കഴിഞ്ഞിരുന്നു. ഈവിധമെല്ലാം അവർ പൂട്ടോയിയെ ഭയന്നുകൊണ്ടിരുന്നപ്പോഴാണ് മറക്കാനാവാത്ത ഒരു സംഭവം അവരുടെ വീട്ടിൽ നടന്നതു്. അതു് ഞങ്ങളുടെ പുതിയ ബന്ധുവിന്റെ സംശയങ്ങളെ നീക്കുപോക്കില്ലാതെ സ്ഥിരപ്പെടുത്തി. സംഭവം മറെറാന്നുമല്ല. വശീകരിക്കപ്പെട്ട അവരുടെ വേലക്കാരി പൂൎണ്ണഗർഭിണിയായി. ഒന്നുമൊന്നുംകൊണ്ടു് മറക്കാൻ സാധിക്കാത്ത പതനത്തിൽ അവൾ എത്തിയിരിക്കുന്നു. എത്ര നിർബ്ബന്ധിച്ചു ചോദിച്ചിട്ടും ഭൃത്യ ആളേപ്പറയുന്നില്ല. ഇതു് എന്തുകൊണ്ടായിരിക്കാം. പൂട്ടോയി അല്ലെങ്കിൽ പിന്നെ അവൾ പറയാൻ മടിക്കുന്നതെന്തു്? പുതിയ ബന്ധുഹൃദയം നീറുന്ന ചിന്തയിൽപെട്ടു. ലൂസിയൻ ഇതു പറഞ്ഞപ്പോൾ സഹോദരി ഓർമ്മിപ്പിച്ചു.

"ആ വേലക്കാരിയുടെ പേരു് ഓർക്കുന്നില്ലേ? 'ഗ്രുഡൂ ല്' എന്നായിരുന്നു."

ലൂസിയൻ തുടൎന്നു:

"അതെ, അവളുടെ പേരു് ഗ്രുഡൂലാ എന്നുതന്നെ സോദരീ! നിൻെറ ഓൎമ്മ കടുകട്ടിയാണു്. ഗ്രുഡൂലയെ വശീകരിക്കാനും പുരുഷന്മാരുണ്ടാകുമെന്നു് ആരും സ്വപ്നേപി വിചാരിച്ചിരുന്നില്ല. മുഖത്തു് അങ്ങിങ്ങു നീണ്ട രോമങ്ങളുള്ള ഒരു സ്ത്രീയെ ഏതു പുരുഷൻ കാമിക്കാനാണു്? കുബേരപദവിയിലിരിക്കുന്ന സ്ത്രീകരംപോലും, മീശകിളുത്താൽ കന്യകമാരായി ആജീവനാന്തം കഴിക്കാൻ നിൎബന്ധിതകളായിത്തീരുന്നതു സഹജമാണല്ലോ. ഗ്രുഡൂലയുടെ മീശയാണെങ്കിൽ കുട്ടിക്കാലംമുതൽ തഴച്ചു വളരുന്നതുമാണു്. അവളെ പ്രേമിക്കാൻ ഒരാളുണ്ടാകുമെന്നു ഞങ്ങളുടെ പുതിയ ബന്ധു എങ്ങനെ വിചാരിക്കാനാണു്? അവർ, വേലക്കാരിയെ വളരെ നിൎബന്ധിച്ചു നോക്കി സത്യം പറയാൻ. വിളിച്ചു കൎശനമായി ചോദിക്കുമ്പോഴെല്ലാം ഗ്രുഡൂല മാറത്തടിച്ചു കരയും. ഒരക്ഷരം മറുപടി പറയുകയില്ല. അപേക്ഷിച്ചു നോക്കി; ഭീഷണിപ്പെടുത്തി നോക്കി. ഒരു പ്രയോജനവുമില്ല. അങ്ങനെയായാൽ പററുകയില്ല; ഗ്രുഡൂലയുടെ ഈ രഹസ്യക്കാരനെ കണ്ടുപിടിക്കണമെന്നൊരു സിദ്ധാന്തബുദ്ധിയാണു് പിന്നീടു് ഞങ്ങളുടെ പഴയ ബന്ധുവിനുണ്ടായതു്. അവർ അയൽക്കാരോടന്വേഷിച്ചു. വഴിപ്പുകാരനോടു്, പീടികക്കാരോടു്, തോട്ടപ്പണിക്കാരോടു്, പോലീസുകാരോടു്. എന്നാൽ ആൎക്കും ഈ വിഷയത്തിൽ ഒരാളെ ചൂണ്ടിക്കാണിക്കാൻ സാദ്ധ്യമല്ലതന്നെ. ഇത്രയായിട്ടും ഞങ്ങളുടെ പുതിയ ബന്ധുവിൻെറ മനസ്സു മടിച്ചില്ല. അവർ ഭൃത്യയേക്കൊണ്ടു് എങ്ങനേയും കുററം സമ്മതിപ്പിക്കണമെന്നു തീരുമാനിച്ചു. അവർ പറഞ്ഞു: "ഗ്രുഡൂലാ—നീ നിൻെറ നന്മയെ മാത്രം ഓൎത്തെങ്കിലും സത്യം എന്നോടു പറയുക.'' ഇതിനും അവരം മൗനംദീക്ഷിച്ചതേ ഉള്ളു. പെട്ടെന്നു ഞങ്ങളുടെ പുതിയ ബന്ധു അലറി.

''എടീ! എനിക്കു കാര്യമൊക്കെ മനസ്സിലായി. നിന്നെ പിഴപ്പിച്ച ആ ദ്രോഹി മററാരുമല്ല. ആ പൂട്ടോയിയാണു്.''

ഇതു കേട്ടപ്പോഠം വേലക്കാരി ഉറക്കെക്കരഞ്ഞു. ഒരക്ഷരം ഉരിയാടിയതുമില്ല. അപ്പോഠം യജമാനത്തിക്കു് പൂർണ്ണബോദ്ധ്യമായി. ''ഈ നീചപ്രവൃത്തി ചെയ്തതു് പൂട്ടോയിതന്നെ. ച്ഛേ! ഞാനിതു നേരത്തേ ഊഹിച്ചില്ലല്ലോ കഷ്ടം! പാവം! പാവം! ഗുഡൂലാ'' എന്നവർ ആവർത്തിച്ചു പറഞ്ഞുകൊണ്ടിരുന്നു.

തൻെറ ഭൃത്യയുടെ കുഞ്ഞിൻെറ തന്ത പൂട്ടോയിയാണെന്നു് അവർ ദൃഢമായി വിശ്വസിച്ചു. ഗുഡൂലയെ അറിയാത്തവരായി ആ ഗ്രാമത്തിൽ ആരുമില്ലായിരുന്നു. മജിസ്ട്രേട്ടു മുതൽ തോട്ടിവരെ ഗുഡൂലയേയും അവളുടെ സാമാനക്കൂടയേയും നിത്യേന കണ്ടു പരിചയിച്ചിട്ടുള്ളവരാണു്. പൂട്ടോയി അവളോടു കാണിച്ച ചതി ചിലക്കു് അനുകമ്പയും മററു ചിലർക്കു് ചിരിക്കാനുള്ള വകയും ഉണ്ടാക്കി. പൂട്ടോയിയിൽ, ഒരു മുഷ്ക്കരനേയും വിഷയാസക്തനേയും ഒരുമിച്ചു ചിലർ ദർശിച്ചു. ആ ഗ്രാമത്തിൽ ആയിടയ്ക്കു് അച്ഛൻ ആരെന്നു തിട്ടപ്പെടുത്തുവാൻ സാധിക്കാത്ത ആറു കുഞ്ഞുങ്ങഠം അങ്ങിങ്ങു ജനിച്ചു. ഈ കുട്ടികളുടെയെല്ലാം പിതൃത്വം സംശയലേശമെന്യേ പൂട്ടോയിയിൽ ആരോപിതമായി. ഈ കുഞ്ഞുങ്ങളുടെ തള്ളമാരിൽ, ഒരുവഠം ഒരു ഹോട്ടലിൽ ജോലിക്കു നിൽക്കുന്നവളാണു്. മറെറാരുവഠം, ഒരു അപ്പക്കടയിൽ; ഇനിയുമൊരുവഠം പൂട്ടോയിയേപ്പോലെതന്നെ കൂനിപ്പിടിച്ച ഒരമ്പതുകാരി. ഇവരെല്ലാം ഈ കുടുക്കിൽപ്പെട്ടതു് പൂട്ടോയിക്കു സ്ത്രീകളെ മയക്കാനുള്ള വൈദഗ്ദ്ധ്യം ഒന്നുകൊണ്ടു മാത്രമായിരുന്നു. എല്ലാവരും പൂട്ടോയിയെ ഭയങ്കരമായി വെറുത്തു. 'രാക്ഷസൻ! രാക്ഷസൻ!' ഗ്രാമീണരുടെ നാവിൽ നിന്നും ഈ പദമാണു് പൂട്ടോയിയെ സംബന്ധിച്ചു് ഏകകണ്ഠമായി ഉയന്നതു്. ഈ മായാവിയുടെ തെമ്മാടിത്തരങ്ങളിൽ ഗ്രാമവൃദ്ധന്മാർ കുപിതരായി. അവരുടെ നീണ്ട

ആയുഷ്ക്കാലത്തിൽ, ആ ഗ്രാമത്തിലെ സ്ത്രീകൾ ഇങ്ങനെ പിഴച്ചുപോയിട്ടുള്ളതായി ഒരറിവുമില്ല. സദ്‌വൃത്തകളായിരുന്ന ഈ സ്ത്രീകളെ വഞ്ചിച്ച ആ രാക്ഷസനെ എങ്ങിനേയും സംഹരിക്കണമെന്നുതന്നെ അവർ ശപഥം ചെയ്തു.

"പണ്ടത്തെപ്പോലെ പൂട്ടോയിയെ അവിടെവച്ചും ഇവിടെവച്ചും കണ്ടിട്ടുള്ളവരും കാണുന്നവരും ധാരാളമാണ്. അങ്ങനെയൊക്കെയാണെങ്കിലും ഞങ്ങളുടെ വീടുമായിട്ടാണ് ഒരു ന്യൂതരത്തിൽ അഭേദ്യമായ ഒരു ബന്ധം അവൻ സ്ഥാപിച്ചുപോന്നതു്. ഞങ്ങളുടെ പടിവാതിൽ കൽക്കൂടി കടക്കുന്നതും, തോട്ടത്തിലെ ചുമരുകൾ കയറി ഇറങ്ങിപ്പോകുന്നതും കണ്ടിട്ടുള്ളവർ പലരുമുണ്ടു്. എന്നാൽ ആരും നേരേചൊവ്വേ മുഖത്തോടുമുഖം അവനെ ഒട്ടുകണ്ടിട്ടില്ല. ഞങ്ങൾതന്നെ, ഒരു ദിവസം സന്ധ്യാസമയത്തു് ഞങ്ങളുടെ വീടിൻെറ ഒരു മൂലതിരിഞ്ഞു് അവൻ വേഗത്തിൽ നടന്നുപോകുന്നതു കാണുകയുണ്ടായി. ഞങ്ങൾക്കു് അവനേപ്പററി ആദ്യമുണ്ടായിരുന്ന ഭീതി ക്രമേണ കുറഞ്ഞുതുടങ്ങി. അവൻ ദുഷ്ടനും പാപിയുംതന്നെ. പക്ഷേ, അവൻ കെട്ടുകഥകളിലെ ഒരു കഥാപാത്രത്തിൻെറ സ്ഥാനത്തേയ്ക്കു് എൻേറയും സോദരിയുടേയും ഭാവനയിൽ പരിവർത്തനം ചെയ്യപ്പെട്ടു. ചെറുതരം ശല്യങ്ങൾ ചെയ്യുന്ന ഒരു കുട്ടിച്ചാത്തനേപ്പോലെ ഞങ്ങൾ അവനേ കരുതി. ഞങ്ങളുടെ കളിപ്പാവകളിൽ കരികൊണ്ടു മീശ വരയ്ക്കുക, ഞങ്ങൾ ഉറങ്ങാൻ കിടക്കുമ്പോൾ ഓരോ കഥ പറഞ്ഞു് ഞങ്ങളെ മയക്കുക, പുറപ്പുറത്തു് പൂച്ച 'ങ്യാവൂ ങ്യാവൂ' കരയുമ്പോൾ അതിനോടൊത്തു കരയുക, പട്ടി കുരയ്ക്കുമ്പോൾ അതേ രീതിയിൽ കുരയ്ക്കുക, കുടിയന്മാരുടെ സംഭാഷണരീതി അനുകരിക്കുക ഇങ്ങനെ ഒരു ന്യൂതരത്തിൽ അവൻ ഞങ്ങളുടെ വീട്ടിൽ ഞങ്ങളുടെ ചുററിലുമായി സ്വൈരവിഹാരം ചെയ്തിരുന്നു എന്നു് ഞങ്ങൾക്കു തോന്നുകയില്ല. ഞങ്ങൾ വിശ്വസിക്കുകതന്നെ ചെയ്തു. പൂട്ടോയിയുമായി ബന്ധപ്പെട്ട വസ്തുക്കളുമായിട്ടാണ് കുട്ടികളായ ഞങ്ങൾ ദിവസേന പെരുമാറിവന്നിരുന്നതു്. സോദരിയുടെ പാവകൾ എൻെറ പുസ്തകങ്ങൾ-പല രീതിയിലേയും താളുകൾ

പൃട്ടോയി, ചീന്തിക്കളഞ്ഞിരുന്നു—ഞങ്ങളുടെ പൂന്തോട്ടത്തിൻെറ മതിൽ—ആ മതിലിനു വെളിയിൽ കിടന്നുകൊണ്ടു് അവൻ അവൻെറ മിന്നിത്തിളങ്ങുന്ന കണ്ണുകറം ഞങ്ങളുടെ നേർക്കു് തൊടുത്തുവിട്ടിരുന്നു—ചായക്കോപ്പകറം—ഒന്നുരണ്ടെണ്ണം തവിടുപൊടിയാക്കിയതു് അവനാണു്—എന്നുവേണ്ട, അവിടെയുള്ള മരങ്ങളും, ബഞ്ചുകളും, കസേരയും എല്ലാം പൃട്ടോയിയുമായി ഏതെങ്കിലും ഒരുവിധത്തിൽ ബന്ധപ്പെട്ടിട്ടുണ്ടെന്നാണു് ഞങ്ങറം സങ്കല്പിച്ചുപോന്നതു്. ചുരുക്കത്തിൽ അവൻ, ഞങ്ങളുടെ രഹസ്യലോകത്തിലെ ഒരു സാങ്കല്പികജീവിയായി ഞങ്ങളുടെ ദൈനംദിനജീവിതത്തിൽ പങ്കുകൊണ്ടു. അങ്ങനെ പകുതി മനുഷ്യനും പകുതി ദൈവവും എന്ന ഉയൎന്ന പദവിയിലേയ്ക്കു് പൃട്ടോയി, ആരോഹണം ചെയ്യപ്പെട്ടു.

"ഞങ്ങളുടെ അച്ഛൻ മററൊരു രീതിയിലാണു് അവനെ വീക്ഷിച്ചതു്. അദ്ദേഹം സ്വതേ ഒരു തത്വചിന്തകനായിരുന്നു. എന്തിൻേറയോ എല്ലാം ഒരു സജീവചിഹ്നമായി അദ്ദേഹം പൃട്ടോയിയെ കണക്കാക്കിപ്പോന്നു. സഹജീവികളോടു് വളരെ കാരുണ്യമുള്ള കൂട്ടത്തിലായിരുന്നു എൻെറ അച്ഛൻ. മൊത്തത്തിൽ മനുഷ്യരെ അത്ര ബുദ്ധിയുള്ളവരായി അദ്ദേഹം ഗണിച്ചിരുന്നില്ല. അവരുടെ കുററങ്ങളും കുറവുകളും കണ്ടു് അദ്ദേഹം മന്ദസ്മിതം തൂകാറുണ്ടു്. ഇപ്രകാരമുള്ള സഹജീവികളുടെ ആചാരവിശ്വാസങ്ങളുടെ ഒരു ആകെത്തുകയായിട്ടാണു് അദ്ദേഹം പൃട്ടോയിയെ ദർശിച്ചതു്. നിന്ദാഗർഭമായ പുച്ഛരസത്തോടുകൂടിയാണു് അദ്ദേഹം മനുഷ്യരുടെ ചെയ്തികളെ സമീക്ഷിച്ചിരുന്നതു്. അങ്ങനെയുള്ള എൻെറ അച്ഛനും പൃട്ടോയി യഥാൎത്ഥത്തിൽ ജീവിക്കുന്ന ഒരു മനുഷ്യനായിത്തന്നെ അംഗീകരിച്ചുപോന്നു. പൃട്ടോയിയെപ്പററി പറയുമ്പോഴെല്ലാം, അവൻെറ ആകൃതിയെപ്പററി പറയുമ്പോഴെല്ലാം, അവൻെറ ആകൃതിയുടെ സൂക്ഷ്മാശയങ്ങളിലേയ്ക്കുപോലും കടന്നു് വൎണ്ണിക്കാൻ അദ്ദേഹം ഔൽസുക്യം പ്രദർശിപ്പിച്ചിരുന്നു. ഇതുകണ്ടു് എൻെറ അമ്മ ഒരു ദിവസം "ഇതെന്തു്! ഇത്ര ഗൗരവത്തിൽ അവനെ ഇങ്ങനെ വൎണ്ണിക്കുന്നതു്!

അവൻ യഥാൎത്ഥത്തിൽ ഉള്ളവനാണെന്ന് കേരംവിക്കാർ വിചാരിച്ചുപോകുമല്ലോ. അങ്ങേയ്ക്ക് നല്ലപോലെ അറിയാമല്ലോ, അവൻ ഒരു വെറും........'' അപ്പോരം എൻെറ അച്ഛൻ ഗൗരവം വിടാതെ മറുപടി പറയും. ''ഈ ഗ്രാമത്തിലെ ആബാലവൃദ്ധം ജനങ്ങളും അവൻ ജീവിക്കുന്ന ഒരു വ്യക്തിയാണെന്ന് വിശ്വസിക്കുന്നു. ഈ ഗ്രാമവാസികളിൽ ഒരുവനായ ഞാൻ അവൻെറ ആസ്തിക്യത്തെ എങ്ങനെ നിഷേധിക്കുവാനാണ്? ജനസാമാന്യം വിശ്വസിച്ചുപോരുന്ന ഒരു പ്രമാണത്തെ തകിടംമറിക്കുന്നതു് വളരെ സൂക്ഷിച്ചുവേണ്ടിയിരിക്കുന്നു.''

''എൻെറ അച്ഛൻ പൊതുജനാഭിപ്രായത്തിനു വഴങ്ങിക്കൊടുക്കുന്ന പ്രകൃതക്കാരനായിരുന്നു. അതുകൊണ്ടാണ് അച്ഛനും ആ ഗ്രാമവാസികളോടൊപ്പം പൂട്ടോയിയുടെ ചരിത്രത്തെ പൂൎണ്ണമായി വിശ്വസിച്ചതു്. എന്നാൽ ഞങ്ങളുടെ പുതിയ ബന്ധുവിൻെറ വീട്ടിലെ മോഷണങ്ങരംക്ക് പൂട്ടോയി ഉത്തരവാദിയാണെന്ന് അദ്ദേഹം ഒരുകാലത്തും സമ്മതിക്കുകയുണ്ടായില്ല. പൂട്ടോയിയുടെ വ്യക്തിത്വത്തെ അംഗീകരിക്കവേതന്നെ, അവൻെറ കോമാളിത്തരങ്ങളും അക്രമങ്ങളും അദ്ദേഹം കണ്ടില്ലെന്നു വയ്ക്കുകയാണു ചെയ്തതു്.''

''എൻെറ അമ്മയാണെങ്കിൽ, പൂട്ടോയിയെ സൃഷ്ടിച്ചതിൽ തന്നെത്താൻ സങ്കടപ്പെടുകയും കുററപ്പെടുത്തുകയും ചെയ്തു. അതിനു കാരണവുമുണ്ടല്ലോ. അമ്മയുടെ ഒരു ചെറിയ കള്ളംപറച്ചിലിലാണ് പൂട്ടോയി ജനിച്ചതു്. ഷേക്‌സ്പീയർ ചില കഥാപാത്രങ്ങളെ സൃഷ്ടിച്ചിട്ടില്ലേ? അതുപോലെതന്നെ. എന്നാൽ ആ മഹാകവിയുടെ ചില കഥാപാത്രങ്ങളോളം നിന്ദ്യനോ നീചനോ ആയിരുന്നില്ല, അമ്മയുടെ ഈ ഭാവനാസൃഷ്ടി. എങ്കിലും അമ്മ ക്രമാധികം അമ്പരന്നുപോയി. ആ കൊച്ചു കള്ളം വളർന്നു വികസിക്കുന്നതു കണ്ടു്! ഗ്രാമത്തേയും അതിക്രമിച്ചു്

ഡിസ്ട്രിക്റ്റിലും, ഡിസ്ട്രിക്റ്റിനേയും അതിക്രമിച്ച് രാജ്യമാകയും, രാജ്യത്തേയും അതിക്രമിച്ച് ലോകമാകയും ഈ വാൎത്ത പ്രചരിച്ച് പല പല ദൂഷ്യങ്ങളും വരുത്തിവയ്ക്കുമെന്ന ദിക്കായി.''

''എന്നല്ല ഒരു ദിവസം, ഇതിനെല്ലാം മകുടംചാൎത്തും വണ്ണം ഈ കൊച്ചുകള്ളം പത്തിയുയൎത്തി എന്റെ അമ്മയെ തിരിഞ്ഞുകടിക്കതന്നെ ചെയ്തു. അമ്മ വിളറി മോഹാലസ്യപ്പെട്ടുപോയി. വീട്ടിൽ പുതുതായി വേലയ്ക്കെത്തിയ ഒരു ഭൃത്യ—അവൾ അന്യദിക്കുകാരിയായിരുന്നു—അവൾ വന്നതിന്റെ രണ്ടാംദിവസം, അമ്മയെ തിരക്കി ഒരാൾ വന്നിരിക്കുന്നു എന്ന് അറിയിച്ചു. അമ്മ അതു് ആരാണെന്നു ചോദിച്ചു.'' ഭൃത്യ പറഞ്ഞു: ''ഒരു കൂലിക്കാരനെപ്പോലിരിക്കുന്നു. കീറിപ്പറിഞ്ഞ ഒരുടുപ്പ് ഇട്ടിട്ടുണ്ടു്.''

അമ്മ:—അവന്റെ പേരെന്തെന്നു ചോദിച്ചില്ലേ?

ഭൃത്യ:—ഞാൻ ചോദിക്കാതെതന്നെ ഇങ്ങോട്ടു പറഞ്ഞു.

അമ്മ:—എന്താ പേരു്?

ഭൃത്യ:—പൂ ട്ടോയി.

അമ്മ:—എന്തു്?

ഭൃത്യ:—പൂ ട്ടോയി എന്നു്.

അമ്മ:—അവൻ അവിടെത്തന്നെ നിൽക്കുന്നുണ്ടോ?

ഭൃത്യ:—ഉണ്ടു്, അവൻ അടുക്കളയ്ക്കരികേ നില്ക്കുന്നുണ്ടു്.

അമ്മ:—നീ അവനെ നേരേ കണ്ടോ?

ഭൃത്യ:—കണ്ടു.

അമ്മ:—അവനെന്തു വേണം?

ഭൃത്യ:—അതൊന്നും അവൻ പറഞ്ഞില്ല. അമ്മയെ കാണണമെന്നു മാത്രംപറഞ്ഞു.

അമ്മ:—അവനോടു പോയി ചോദിക്കു്; അവനെന്താണാവശ്യം എന്നു്.

ഭൃത്യ അടുക്കളയിൽ തിരിച്ചെത്തിയപ്പോഴും ആളെ കാണുന്നില്ല. ഇതെങ്ങനെ സംഭവിച്ചു എന്നു് ആർക്കും ഒരു തുമ്പുമില്ല. എങ്കിലും അന്നുമുതൽ എൻെറ അമ്മയ്ക്കു് താൻ പറഞ്ഞതു കള്ളമായിരിക്കയില്ലെന്നും, പൂട്ടോയി യഥാർത്ഥത്തിൽ ഉള്ള ഒരാളായിരിക്കണമെന്നും വിശ്വാസം വന്നെന്നാണു തോന്നുന്നതു്.

---

# ഒരു ജർമ്മൻഭടൻെറ സൈന്യസേവനം

ഫ്രാൻസിൻെറ അതിർത്തി ഭേദിച്ചുകൊണ്ടു് ആ ജർമ്മൻസൈന്യം കുതിച്ചുകേറുകയാണു്. ആ സൈന്യത്തിലെ ഒരു ഭടനാണു് 'വാൾട്ടർ'. അയാൾക്കു് ഈ വിജയത്തിലൊന്നും ഒരുന്മേഷവും തോന്നിയില്ല. ഭടവൃത്തി, അയാൾ അശേഷം ഇഷ്ടപ്പെട്ടിരുന്നില്ല. കുറേ സ്ഥൂലിച്ച ഒരു ശരീരപ്രകൃതിയാണു് വാൾട്ടറുടേതു്. പട്ടാളച്ചിട്ടയൊപ്പിച്ചു് നടക്കാൻപോലും അയാൾ വിഷമിച്ചിരുന്നു. വേഗത്തിൽ അണയ്ക്കുന്ന പ്രകൃതം. കാലിലെ പടന്നുപന്തലിച്ച വിരലുകൾ ബൂട്ട്സിൽ തള്ളിക്കേററുവാൻതന്നെ അയാൾ എത്ര പാടുപെടാറുണ്ടെന്നോ?

എന്നാൽ പുറമേ ഈ വിഷമങ്ങൾ ഒന്നും വാൾട്ടർ കാണിച്ചില്ല. കാണിച്ചാൽ തല പോകുമല്ലോ. 'നാഴ്ക്കോലം കെട്ടിയാൽ കുരയ്ക്കണം' എന്നയാൾ സമാധാനിച്ചു. വാൾട്ടർ ഒരു ഭീരുവല്ലെന്നു് കൂട്ടുകാർക്കും സമ്മതം തന്നെ. വലിയ ധീരപ്രവൃത്തിയൊന്നും ചെയ്തിട്ടില്ലെങ്കിലും അയാളെ ഒരു ധീരനായിത്തന്നെ എല്ലാവരും കൊണ്ടാടി.

അയാറം നാലു കുട്ടികളുടെ പിതാവാണ്. വളരെ സ്നേഹവതിയും സൽഗുണസമ്പന്നയുമായ ഒരു ഭാര്യയും, കഷ്ടിച്ച് കാലക്ഷേപത്തിനുള്ള വകയും അയാറംക്കുണ്ടു്. രാത്രിയിൽ വിശ്രമിക്കാൻ ഒരുങ്ങുമ്പോഴെല്ലാം നമ്മുടെ ഭടൻ വീട്ടുകാരേപ്പററി ഓർത്തുകൊണ്ടേയിരിക്കും. വീട്ടിലാണെങ്കിൽ അയാറം നേരത്തേ കിടക്കും. നേരം പുലൎന്നു കുറേ ഏറെക്കഴിഞ്ഞിട്ടേ, കിടക്കവിട്ട് എഴുന്നേൽക്കു. ഒരു മാതിരി നല്ല ആഹാരം കഴിക്കും. ഭക്ഷണത്തിനു കുറേ അധികം സമയം എടുക്കും. വൈകിട്ടു് അയാളുടെ ഒരു ഉററചങ്ങാതിയുമൊരുമിച്ച് മദ്യശാലയിൽ പോകും. എന്നാൽ കുടിച്ചു ലക്കില്ലാതാകുന്ന പ്രകൃതക്കാരനല്ലായിരുന്നു വാറംട്ടർ.

സൈന്യത്തിൽ ചേൎന്നതോടേ, തൻെറ ജീവിതസുഖങ്ങളെല്ലാം തകൎന്നു തരിപ്പണമാകുന്നതായി വാറംട്ടർക്കു തോന്നി. പീരങ്കികറം, വൻതോക്കുകറം, കൈത്തോക്കുകറം, വാളുകറം, കുന്തങ്ങറം എന്നിങ്ങനെയുള്ള മാരകായുധങ്ങറം കാണുമ്പോറം അയാറം തന്നെത്താൻ ശപിക്കാറുണ്ടു്. ഈ ഉപകരണങ്ങളേക്കൊണ്ടു പെരുമാറുന്നതിൽ അയാറംക്കു വലിയ പരിശീലനവുമില്ലായിരുന്നു.

രാത്രിയിൽ വെളിസ്ഥലത്തു് കൂടാരത്തിൽ കിടക്കുമ്പോഴെല്ലാം,തൻെറ കൂട്ടുകാരായ ഭടന്മാർ ഇത്ര വേഗത്തിൽ കൂൎക്കംവലി തുടങ്ങുമ്പോഴെല്ലാം അയാറം അത്ഭുതപ്പെടാറുണ്ടു്. ഇവൎക്കാർക്കും വീടും കുടിയുമില്ലേ? അമ്മപെങ്ങന്മാരോ, കളത്രപുത്രാദികളോ ഇല്ലേ? തനിക്കാണെങ്കിൽ ഉറക്കംവരുന്നില്ല. ജൎമ്മനിയിൽ താമസിക്കുന്ന കുടുംബത്തെ ഓർത്തു്, രണ്ടര വയസ്സു പ്രായമായ ഇളംകുഞ്ഞിനെ ഓർത്തു്, ഇനി അവരെയൊക്കെ കാണാൻ ഒക്കുമോ? യുദ്ധത്തിൽ എന്തുതന്നെ സംഭവിക്കയില്ല? ദൈവമേ ശത്രുക്കളുടെ വെടിയേററു മരിക്കാൻ ഇടവരുമോ? കൂട്ടുകാർ എത്രയോ എണ്ണം തൻെറ കൺമുമ്പിൽവച്ച് ചത്തുമലയ്ക്കുന്നു! നാളെ എൻെറ മുറയാകും! ഇപ്പോറം തങ്ങറം കുതിച്ചുകയറുന്നുണ്ടെങ്കിലും ഫ്രഞ്ചുകാർ പ്രത്യാക്രമണ

ത്തിന്നു് ഒരുങ്ങുന്നതായി വാർത്ത പരന്നിട്ടുണ്ടു്. അങ്ങനെ വന്നാൽ—അയ്യോ! താൻ ചത്തുപോയാൽ തൻെറ കുടുംബത്തിൻെറ സ്ഥിതിയെന്തു്? കുട്ടികളെ രക്ഷിക്കുന്നതാരു്? ഇങ്ങനെയെല്ലാം ചിന്തിച്ചു ചിന്തിച്ചു് വാൾട്ടർ ചില രാത്രികളിൽ ആരുമാരും കാണാതെ ഏങ്ങിഏങ്ങിക്കരയാറുണ്ടു്. ച്ഛേ! താനും യുദ്ധവുമായിട്ടു് ഒരു ബന്ധവുമില്ല. തനിക്കതിൽ ഒരു രസവുമില്ല. സത്യം പറഞ്ഞാൽ യുദ്ധമെന്നു കേട്ടാൽ ഭയമാണു്. ഈ യുദ്ധത്തിൻെറ ആദ്യഘട്ടത്തിൽ തനിക്കുണ്ടായ ഒരനുഭവം വാൾട്ടർ ഓർത്തുപോയി. ഒരു യുദ്ധക്കളത്തിൽവച്ചു് ജർമ്മൻസൈന്യം ഫ്രഞ്ചുസൈന്യവുമായി കൂട്ടിമുട്ടി—അയ്യോ! അന്നു താൻ അനുഭവിച്ച പ്രാണവേദന! വെടിയുണ്ടകൾ ചൂളംവിളിച്ചുകൊണ്ടു് നാലുപാടും പാഞ്ഞപ്പോൾ തൻെറ മുട്ടുകൾ തളന്നു പോകുമ്പോലെ തോന്നി. വാൾട്ടർ നിന്നനിലയ്ക്കു് അവിടെ വീഴുമായിരുന്നു. പക്ഷേ, താൻ വീണാൽ കൂട്ടുകാർ ഒന്നൊന്നായി തന്നെ ചവിട്ടി മെതിച്ചു ചമ്മന്തിപ്പരുവമാക്കുമല്ലോ എന്നയാൾ ഭയപ്പെട്ടു. ഈ ഭയം ഒന്നുമാത്രമാണു് അയാളുടെ കാലുകൾ നിന്നനിലയ്ക്കു് അയാളെ നിർത്തിയതു്.

ഇപ്പോൾ ഒരു വാർത്ത പരന്നിരിക്കുന്നു. തൻെറ സൈന്യവിഭാഗം അടുത്ത പടിയായി 'നോർമൻഡി' പിടിക്കാൻ പോകുന്നെന്നു്. എന്നല്ല, അതിൻെറ പ്രാരംഭമായി പരിസരങ്ങൾ ചികഞ്ഞുനോക്കുമ്പോൾ നിയുക്തമായ സംഘത്തിൽ തന്നേക്കൂടി ഉൾപ്പെടുത്തിയിരിക്കുന്നുപോലും! ഇതെന്തു വയ്യാവേലി. പിറേറന്നു പ്രഭാതത്തിൽ പുറപ്പെടണം. മടിച്ചാലോ കഥകഴിഞ്ഞു.

പിറേറന്നു പ്രഭാതമായപ്പോൾ മനസ്സില്ലാമനസ്സോടെ എന്നാൽ പുറമേ ഉല്ലാസവും ചൊടിചൊടിപ്പും കാണിച്ചു് വാൾട്ടറും നിരീക്ഷണസംഘത്തെ അനുഗമിച്ചു. അവർ അയൽപ്രദേശമെല്ലാം സൂക്ഷ്മമായി പരിശോധിച്ചു. ഭാഗ്യത്തിന്നു് അവിടെയെങ്ങും ശത്രുക്കളുടെ സാന്നിദ്ധ്യമുള്ളതിന്നു് ഒരു തെളിവും കിട്ടിയില്ല. സന്ധ്യയോടടുത്തപ്പോഴും ഈ ജർമ്മൻസംഘം നിരീക്ഷണം തുടർന്നുകൊണ്ടേയിരുന്നു.

അതൊരു മലയിടുക്കായിരുന്നു. എവിടെനിന്നോ വെടിയുടെ ശബ്ദം കേട്ടു—കോക്കുകമാത്രമല്ല, സംഘത്തിലുണ്ടായിരുന്ന ഇരുപതു പേരിൽ അഞ്ചെണ്ണം തൽക്ഷണം നിലംപൊത്തി. ദൈവകൃപയാൽ വാരംട്ടറിനു വെടികൊണ്ടില്ല. ഫ്രഞ്ചു് ഒളിപ്പോരുകാരുടെ ഒരു സംഘം ദൂരെനിന്നു് ഇരമ്പിപ്പാഞ്ഞു തങ്ങളുടെ നേരേ വരുന്നു. കൂട്ടുകാർ നാലുപാടും ചിതറി ഓടി രക്ഷപ്പെടുന്നു. താനെന്തു ചെയ്യേണ്ടു? ഓടിയാലോ?

തനിക്കൊരു രക്ഷയും കിട്ടുകയില്ല. ഈ തടിയും വലിച്ചിഴച്ചുകൊണ്ടു് ആമയെപ്പോലെ നീങ്ങിയാൽ എന്തു രക്ഷ? കുതിരയെപ്പോലെ കുതിച്ചു പാഞ്ഞുവരുന്ന ഫ്രഞ്ചുഭടന്മാർ, വേഗത്തിൽ തന്നെ പിടികൂടും. വാരംട്ടർ അടുത്തുമുന്നിൽ നോക്കിയപ്പോരം ഒരു പടുകുഴി കണ്ടു, ചെടികരംകൊണ്ടു് പ്രായേണ മൂടപ്പെട്ട ഒന്നായിരുന്നു ആ കുഴി. വാരംട്ടർ ഒരു ചാട്ടം കൊടുത്തു. പാലത്തിൽനിന്നു് ആററിലേയ്ക്കു ചാട്ടംപോലെ. കുഴിക്കു് എത്ര താഴ്ചയുണ്ടെന്നും മററും വാരംട്ടർ ചിന്തിച്ചതേയില്ല. ചിന്തിക്കാനുള്ള സമയമല്ലല്ലോ അതു്. വളന്നു തഴച്ചുകിടന്നിരുന്ന വള്ളികളേയും ചെടികളേയും ഛേദിച്ചുകൊണ്ടു് നമ്മുടെ ഭടൻെറ ശരീരപിണ്ഡം കുഴിച്ചോട്ടിലെ പാറക്കല്ലിൽ വീണു. എന്നാൽ കാലുകുത്തിത്തന്നെ കുഴിയിൽ നിപതിക്കാൻ ഇടയായതു് ഒരു വലിയ രക്ഷയായി. ചില്ലിക്കമ്പുകരംകൊണ്ടു് കോട്ടു് കീറുകയും മുഖം അല്പം മുറിപ്പെടുകയും ചെയ്തതൊഴിച്ചാൽ അയാരംക്കു് യാതൊരാപത്തും പററിയില്ല. ചാട്ടത്തിൽ താൻ ഉണ്ടാക്കിയ പഴുതിൽക്കൂടി അയാരം മേല്പോട്ടു നോക്കി. സന്ധ്യാസമയത്തെ മങ്ങിയ വെളിച്ചത്തിൽ കുഴി ഒന്നു പരിശോധിച്ചു. കൈയും കാലും കുത്തി ആ തടിച്ച ശരീരവും പേറിക്കൊണ്ടു് വള്ളികളുടേയും ചെടികളുടേയും ഇടയിൽക്കൂടി അയാരം ആനകളി തുടങ്ങി. യുദ്ധമേഖലയിൽനിന്നും എത്രയും ഒഴിഞ്ഞുമാറണമെന്ന കരുതലോടെ കുഴിയുടെ അങ്ങേഅററത്തുള്ള ഒരു കോണിൽ പുല്ലുകരംക്കിടയിൽ മുയലുകരം പതിയിരിക്കുംപോലെ കുഞ്ഞിക്കൂടി കിതച്ചുകൊണ്ടു് ഇരിപ്പുമായി.

കുറേ നേരത്തേയ്ക്കുകൂടി വെടിയുടെ ശബ്ദം അയാളുടെ കാതുകളിൽ അലച്ചു. പിന്നീടതു് അകന്നകന്നു് പോകയും ഒടുവിൽ എല്ലാം പണ്ടത്തേപ്പോലെ പ്രശാന്തമാകയും ചെയ്തു.

പെട്ടെന്നു് ഏതോ ഒരനക്കം, തലയ്ക്കു മുകളിലായി. അയാളുടെ നെഞ്ചു കിടന്നു് പിടയ്ക്കുന്ന ശബ്ദം വെടിയുടെ ശബ്ദത്തേക്കാൾ വ്യക്തമായി അയാൾ കേട്ടു. ചേക്കേറാൻ വന്ന ഒരു കൊച്ചുപക്ഷിയുടെ ചലനമായിരുന്നു അതു്. കുറേ മണിക്കൂറുകൾ വേണ്ടിവന്നു വാൾട്ടറുടെ നെഞ്ചിടിപ്പു് മന്ദഗതിയിലാകാൻ.

ഇരുളു് ആക്രമിച്ചുതുടങ്ങി. വാൾട്ടർ തൻെറ ചിന്തയും തുടങ്ങി.

ഇനി താനെന്താണു ചെയ്യേണ്ടതു്? തിരിച്ചു ചെന്നു് തൻെറ സൈന്യത്തിൽ ഹാജർ കൊടുക്കുന്നതു് നല്ലതോ? തൻെറ സൈന്യം നോർമൻഡിയിലേയ്ക്കു് തിരിച്ചിരിക്കുമോ? തൻെറ സൈന്യത്തെ അന്വേഷിച്ചു് ഒരു തരത്തിൽ കണ്ടുപിടിച്ചു എന്നുതന്നെ വയ്ക്കുക. ഫലം? വീണ്ടും ഈ പേടിയും തീതിന്നലും ഈ നടപ്പും വെടിയും കൊലയും ആവർത്തിക്കാനല്ലേ — ഇല്ല! ഇനി എന്നേക്കൊണ്ടതു സാധിക്കില്ല. തനിക്കതിനു കരുത്തില്ല; ഉന്മേഷമില്ല. യുദ്ധം യുദ്ധംപോലും! അതു് അതിൻെറ പാട്ടിനു പോകട്ടെ. തനിക്കു തോന്നിയപോലെ താൻ ചെയ്യും.

പക്ഷേ, താനിനി എന്താണു ചെയ്യേണ്ടതു്? യുദ്ധമെല്ലാം തീർന്നു് സമാധാനയുമ്പടിക്കു് ഒപ്പുവയ്ക്കുന്നവരെ ഈ കുഴിയിൽത്തന്നെ കഴിച്ചുകൂട്ടുവാൻ തരപ്പെടുമോ? അതൊരിക്കലും പററില്ല. താൻ മനുഷ്യനാണു്. വിശപ്പും ദാഹവുമുള്ള ഒരു ജന്തുവാണു്. വെള്ളം കുടിക്കണം, ഭക്ഷണം കഴിക്കണം. അതിവിടെ ക്രമത്തിനു കിട്ടിക്കൊണ്ടിരുന്നെങ്കിൽ, പോകട്ടെ, യുദ്ധാവസാനംവരെ ഈ കുഴി തന്നെ ശരണമായിക്കരുതാമായിരുന്നു—ഇപ്പോൾത്തന്നെ ദാഹിക്കുന്നു, വിശക്കുന്നുമുണ്ടു്.

നേരംവെളുത്താൽ എവിടെപ്പോകും? ശത്രുസങ്കേതത്തിൽ, ജർമ്മൻഭടൻെറ ഉടുപ്പും തൊപ്പിയും ധരിച്ച തന്നെ വല്ലവരും കണ്ടു പിടികൂടിയാലോ? വാറംട്ടറുടെ ശരീരം വിറച്ചുതുടങ്ങി. പെട്ടെന്നു് അയാറംക്കു് മറെറാരു ബുദ്ധി തോന്നി. ശത്രുക്കറംക്കു കീഴടങ്ങിയാലോ? ഒരു തടവുകാരനാക്കപ്പെട്ടാൽ ഹായി! എന്തൊരനുഗ്രഹം! സുഖം! ദൈവമേ! അതിനിടവരുത്തണമേ എന്നയാറം അകമഴിഞ്ഞു പ്രാർത്ഥിച്ചു. ഒന്നുമില്ലെങ്കിൽ ജയിൽമുറിയിൽ കിടന്നുറങ്ങാമല്ലോ. ഒരുവിധം തരക്കേടില്ലാത്ത ആഹാരവും കിട്ടും. വെടിയുണ്ടയും വാളും ഒന്നും പേടിക്കേണ്ട. തന്നെ നോക്കാൻ ഭടന്മാർ കാവലുണ്ടാകും. അയ്യ! ഒരു തടവുകാരൻ! എന്തു മഹാഭാഗ്യം.

ഉടൻ വാറംട്ടർ തീരുമാനിച്ചു "ഞാൻ ഇപ്പോറംതന്നെ ഈ കുഴിയിൽനിന്നും കയറി ഫ്രഞ്ചുകാർക്കു് കീഴടങ്ങുന്നുണ്ടു്.'' എന്നല്ല, അപ്രകാരം ചെയ്യാൻ അയാറം എഴുന്നേററുകഴിഞ്ഞു. എന്നാൽ കുറച്ചാലോചിച്ചപ്പോറം വരട്ടേയെന്നു കരുതി സ്വസ്ഥാനത്തിരുന്നു. കീഴടങ്ങാൻ പോകേണ്ട സ്ഥലം ഏതു്? ഈ ഇരുട്ടിൽ അതെങ്ങനെ കണ്ടുപിടിക്കും. പോകുന്ന പോക്കിൽ ശത്രുക്കളിൽ ആരെങ്കിലും തൻെറ കൂർത്തമുനയുള്ള തൊപ്പി കണ്ടാൽ അവൻ തൽക്ഷണം തൻെറ കഥ കഴിക്കുകയില്ലേ? ആ പാമ്പൻ ഒച്ചവയ്ക്കും. ഒരു പത്തു പേരെങ്കിലും ഒന്നിച്ചുകൂടും. അവരുടെ കൈയിൽ തോക്കും കുന്തവും ഒന്നും കാണുകയില്ലായിരിക്കും—എന്നാൽ വടം, തടി, കല്ലു്, പിച്ചാത്തി ഇതെല്ലാം കൊണ്ടു് അടിച്ചും ഇടിച്ചും കുത്തിയും വെട്ടിയും പേപ്പട്ടികളെ ശരിപ്പെടുത്തുമ്പോലെ തന്നെ തല്ലിക്കൊല്ലും. തന്നെ നേരിട്ടറിയില്ലെങ്കിലും ഈ ഫ്രഞ്ചുകാക്കു് ജർമ്മൻകാരോടു് അത്ര പകയുണ്ടു്. തീർത്താലും തീരാത്ത പക. അതെല്ലാം തന്നോടു് അവർ വീട്ടുകയും ചെയ്യും!

അതുമല്ലെങ്കിൽ മുന്നേപ്പോലെയുള്ള ഒളിപ്പോരുകാരും, വഴിയിൽ പതുങ്ങിയിരുപ്പുണ്ടെങ്കിലോ? അവർ നേരുംനെറിയുമുള്ള കൂട്ടരല്ല. വെറും തോന്ന്യാസികറം. ശത്രുവാണെന്നു കണ്ടാൽ വെറും വിനോദത്തിനു വേണ്ടി

പ്പോലും അവർ വെടിവയ്ക്കും. ഫ്രെഞ്ചുകാർ പത്തുപന്ത്രണ്ടു പേരൊരുമിച്ചുണ്ടെങ്കിൽ അവർ തന്നെ ഒരു ചുമരിൽ ചാരിനിത്തും. പന്ത്രണ്ടു തോക്കുകളുടെ നിറ ഒന്നൊന്നായി ഒഴിക്കും. അയ്യോ! ഓക്കാൻപോലും വയ്യാ!

ചിലപ്പോഠം, തന്നെ ഒരു ജർമ്മൻ ചാരനാണെന്നു വല്ല വരും തെററിദ്ധരിക്കാനും മതി. തൻേറടിയും മുഷ്കനും ധീരനുമായ ഒരു ജർമ്മൻ ചാരൻ ഒററയ്ക്കു ശത്രുസങ്കേതത്തിൽ കടന്നു രഹസ്യങ്ങഠം ശേഖരിക്കുന്നു! ഒന്നുകിൽ വെടി വയ്ക്കുക, അല്ലെങ്കിൽ ജീവനോടെ കുഴിച്ചുമൂടുക, അതുമല്ലെ ങ്കിൽ കൈകാലുകഠം വെട്ടി ദൂരെ കളഞ്ഞിട്ടു തൻെറ ഉടലും തലയും കിടന്നു പിടയുന്നതു നോക്കി രസിക്കുക. ചിന്ത ഇത്രയുമായപ്പോഠംതന്നെ അങ്ങനെയെല്ലാം സംഭ വിക്കുന്നതായി വാഠംട്ടർക്കു തോന്നിപ്പോയി. ഓരോരുത്തർ തൻെറ അവയവങ്ങഠം കഷണം കഷണം നുറുക്കുമ്പോഴുള്ള വേദനകൊണ്ടു അയാഠം ഞെരിപിരികൊണ്ടു. എല്ലാം കൊണ്ടും നിരാശനായി കൈയിൽ തലയുംതാങ്ങി അയാഠം കണ്ണുമടച്ചിരുന്നു—എന്നാൽ ഉറങ്ങിയില്ല. ഇവിടെനിന്നു എങ്ങനെ രക്ഷപ്പെടേണ്ടൂ? അയാഠംക്കു ഒരു മാർഗ്ഗവും തോന്നിയില്ല.

അങ്ങനെയിരിക്കുമ്പോഠം വല്ല ജന്തുക്കളും കുഴിയുടെ മേൽഭാഗത്തുകൂടി പാഞ്ഞുപോകുന്ന ശബ്ദം കേഠംക്കും. പേടിച്ചു വിറച്ചുകൊണ്ടു ഒന്നുകൂടി കുഞ്ഞിക്കൂടിയിരിക്കും. മൂങ്ങായുടെ മൂളലാണു അയാളെ ഏററവും പേടിപ്പിച്ചതു. അറപ്പുവാഠംകൊണ്ടു ശരീരം രണ്ടായി പിളർക്കപ്പെട്ട മ്പോലെ ഒരനുഭവം. കുഴിയിൽനിന്നും ഓടി രക്ഷപ്പെട ണമെന്നു ഒരു നൂറു പ്രാവശ്യം അയാഠം വിചാരിച്ചു. എങ്ങോട്ടോടാനാണു? ശബ്ദമൊന്നുമില്ലാതിരുന്നപ്പോഠം പോലും, എന്തോ ചില ശബ്ദങ്ങഠം കേഠംക്കുന്നുണ്ടെന്നു അയാഠം ശങ്കിച്ചുകൊണ്ടേയിരുന്നു.

അങ്ങനെ ഇരുന്നും പേടിച്ചും വിറച്ചും ചിന്തിച്ചും മണിക്കൂറുകഠം പലതും കഴിഞ്ഞപ്പോഠം വെട്ടം വീശുന്ന തിൻെറ ലക്ഷണം വാഠംട്ടർ കണ്ടു മനം തണുത്തു. സമാ

ധാനമായി ഒന്നു കണ്ണടച്ചു. അതു് ഒരു നീണ്ട ഉറക്കത്തിൽ കലാശിച്ചു.

ഉണർന്നുനോക്കിയപ്പോഠം നട്ടുച്ച. ആവിയുമില്ല, അനക്കവുമില്ല. കോട്ടുവാവിട്ടു് എഴുന്നേൽക്കാൻ നോക്കി. വയററിൽ വല്ലാത്ത അള്ളിപ്പിടിത്തം. വയറു് ഇത്രയും ഒഴിഞ്ഞുകിടക്കുന്നതു് ജീവിതത്തിൽ ആദ്യമായിട്ടാണു്. എഴുന്നേററു കുഴിയിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നുനോക്കി. കാലുകഠം ഉറയ്ക്കുന്നില്ല. വീണ്ടും ഇരുന്നു. ഇരുന്നാലോചന തുടങ്ങി. എല്ലാം വഴിപിഴച്ച ആലോചനകഠം! ഒരു തീരുമാനത്തിലും എത്തുന്നില്ല. ച്ഛേ! ഇതെന്തു കഷ്ടം!

വാഠംട്ടർ അവസാനമായി ഒന്നു തീരുമാനിച്ചു. ഏതിനും ഒരു തീരുമാനം വേണമല്ലോ. കുഴിയിൽ നിൽക്കുന്ന ബലമുള്ള ഒരു ചെടിയിൽ പിടിച്ചു കയറി. തൊപ്പിയും കൈയിൽ പിടിച്ചുകൊണ്ടു് മലഞ്ചെരുവിലെ പാതയിലേയ്ക്കു് നിന്നിമേഷനായി നോക്കിനിന്നു—പാവത്തെപ്പോലെ തോന്നുന്ന ഏതെങ്കിലും ഒരു ഫ്രഞ്ചുകാരൻ വഴിപോകുന്നെ കണ്ടാൽ തൽക്ഷണം കൈകഠം ഉയർത്തിപ്പിടിച്ചുകൊണ്ടു് അയാഠംക്കു് കീഴടങ്ങുകതന്നെ—കൊള്ളാം-അതുതന്നെ പററിയ മാർഗ്ഗം. അയാഠം അങ്ങനെ വളരെ കരുതലോടെ തലയും നീട്ടിക്കൊണ്ടു് വളരെനേരം നോക്കിനിന്നു. ഒരു മനുഷ്യജീവിയേയും കണ്ടില്ല. അകലെയായി ഒരു വീടിന്റെ പുകക്കുഴലിൽനിന്നും പുക പൊങ്ങുന്നതു് വാഠംട്ടർ കണ്ടു. അതു് അടുക്കളയിൽനിന്നുമായിരിക്കണം! എന്തെല്ലാം ഭക്ഷണങ്ങളായിരിക്കും അവിടെ പാകപ്പെടുത്തുന്നതു്! ഇപ്പോഠം തന്റെ ഭാര്യ തന്റെ വീട്ടിൽ എന്തെല്ലാമാണോ പാകപ്പെടുത്തുന്നതു്? അയാഠം മണംപിടിച്ചു നോക്കും. പൊരിക്കുന്ന മാംസത്തിന്റെ മണം മൂക്കിൽ തുളച്ചുകയറുന്നോ? ച്ഛേ! ഒന്നുമില്ല; ഒരു തോന്നൽ മാത്രം.

അങ്ങനെ നോക്കി നോക്കി സന്ധ്യ കഴിഞ്ഞിരിക്കുന്നു. കാക്കകഠം ചേക്കേറാൻ കൂട്ടം കൂട്ടമായി പറന്നു പോകുന്നു. വയറു കിടന്നു് ഇരമ്പിക്കത്തി മറിയുന്നു. ആ സമയത്തു് പുറത്തിറങ്ങിയാൽ ആപത്തിലുംആപത്താണു്.

പകലാണെങ്കിൽ വെട്ടവും വെളിച്ചവുമുണ്ടല്ലോ. ഒന്നോടേണ്ടിവന്നാൽത്തന്നെ ഒരുകൈ നോക്കാം. രാത്രിയിലോ? ഞാനെന്തു ചെയ്യും? ഏതായാലും ആ രാത്രികൂടി കുഴിയിൽ കഴിച്ചുകൂട്ടുകതന്നെ. കുഴി തനിക്കു പരിചയപ്പെട്ടുകഴിഞ്ഞതാണല്ലോ. നേരത്തെ കിടന്നു നല്ലപോലൊന്നുറങ്ങാം. തലയ്ക്കു മീതെ പക്ഷിയുണ്ടാവും. അതവിടെ ഇരിക്കട്ടെ. അതു നല്ലപോലെ വയറുനിറയെ തിന്നിരിക്കും. എന്നിട്ട് ഇന്നലത്തെപ്പോലെ തൻെറ മേൽ കാഷ്ഠിക്കയും ചെയ്യും. അസത്ത്. ഏതായാലും ഒന്നുറങ്ങട്ടെ. നല്ല ഒരുറക്കം കിട്ടിയാൽതന്നെ ക്ഷീണം ഒന്നുപാതി പോകും. നേരം വെളുത്തിട്ട് ആലോചിക്കാം, എന്താണു ചെയ്യേണ്ടതെന്ന്.

വാറംട്ടറിന് ശരിക്കു് ഉറക്കംവന്നില്ല. തിരിഞ്ഞും മറിഞ്ഞും കിടന്നു. പല പല സ്വപ്നങ്ങളും കണ്ടു. ഒരു തരത്തിൽ ആ രാത്രി ഉന്തിത്തള്ളി നീക്കി. പ്രഭാതമായപ്പോഠംത്തന്നെ എഴുന്നേററ് തൊപ്പിയും ഊരി കൈയിൽ പിടിച്ച് കുഴിയുടെ മീതെ തലയും നീട്ടി നോക്കിയിരുന്നു. തലേദിവസത്തെ അതേ അനുഭവംതന്നെ. ആ പ്രദേശമെങ്ങും ഒരാളെ കണികാണ്മാനില്ല. കഷ്ടം! പട്ടിണി കിടന്നു മരിക്കാനാണോ തൻെറ യോഗം. തൻെറ ഭാര്യ തന്നെപ്പററി ഇപ്പോഠം എന്തു വിചാരിക്കുന്നോ? അയാഠം വ്യക്തമായി കണ്ടു; പട്ടിണി കിടന്ന് കൈയും കാലും അടിച്ച് അയാഠം കുഴിയിൽ കിടന്ന് അന്ത്യശ്വാസം വലിക്കുന്ന ചിത്രം!

അതാ, കാട്ടുമൃഗങ്ങഠം ഒന്നൊന്നായി തൻെറ ചുററും വട്ടമിടുന്നു. തുടയിലെ മാംസവും വയററിലെ കുടലും കടിച്ചുപറിച്ചുകൊണ്ട് അവ കുഴിയിൽ അങ്ങോട്ടുമിങ്ങോട്ടും പായുന്നു—ഇതാ ഒരു മലങ്കാക്ക വന്ന് തൻെറ കണ്ണു കൊത്തിപ്പറിക്കുന്നു—തുടർന്ന് ചിന്തിക്കുവാൻ വാറംട്ടർ അശക്തനായി. അയ്യോ! അയ്യോ! എന്നയാഠം അറിയാതെ നിലവിളിച്ചുപോയി. ച്ഛേ! താൻ എന്തെല്ലാമാണ് ചിന്തിക്കുന്നത്. അങ്ങിനെ ഒന്നും വരികയില്ല. അല്ലെങ്കിൽ വരുന്നതു വരട്ടെ—ഇവിടെനിന്നും കരകേറണം. ആ പുക കണ്ട വീട്ടിലേക്കുതന്നെ പോകണം—അങ്ങനെ ഒരു ഭീരുത്വമുണ്ടോ? അയാളുടെ അവസാന തീരുമാനമായി

രുന്നു—എന്തും വരട്ടെ—വഴിയിൽവീണു ചാവട്ടെ—ശത്രുക്കരം പച്ചയോടെ തിന്നട്ടെ. ഏതായാലും ഈ കിടപ്പു കിടന്നാൽ ചാവും നിശ്ചയം. അയാരം കുഴിയിൽനിന്നും കരസ്ക്കു കയറാൻ ആയുകയും രണ്ടു കൃഷീവലന്മാർ തൂമ്പയും തോളത്തേന്തി നടന്നുപോകുകയും ഒപ്പം. അയ്യോ! അവരുടെ കൈയിൽ ആയുധം—നീട്ടിയ തല വാരംട്ടർ അകത്തേക്കുതന്നെ വലിച്ചു.

കൃഷിക്കാർ നടന്നുപോയിക്കഴിഞ്ഞു. വയററിലെ മൂളൽ അസഹ്യമായിത്തുടങ്ങി. സന്ധ്യ ആയതോടെ വാരംട്ടർ കുഴിയിൽനിന്നും രണ്ടുംകല്പിച്ച് വെളിക്കു ചാടി. ചങ്കിടിപ്പ് ഭയങ്കരം! എങ്കിലും വേച്ചുവേച്ച് മുൻപു കണ്ട ആ വീടിനെ ലക്ഷ്യമാക്കി നടന്നുതുടങ്ങി. പക്ഷേ, ആ വീട്ടിലായിരിക്കാം ഫ്റഞ്ച്ഭടന്മാർ താവളമുറപ്പിച്ചിരിക്കുന്നത്. എന്തുമാകട്ടെ! അവിടെച്ചെന്നു കീഴടങ്ങാം.

വാരംട്ടർ നടന്നു സമീപിക്കുന്തോറും വീട്ടിലെ മുറികളിൽനിന്നുള്ള പ്രകാശം കൂടിക്കൂടിവന്നു—അയാരം ആ ഭവനത്തെ സമീപിച്ചു—മിക്ക ജനലുകളും തുറന്നിരിക്കുന്നു—അവിടെല്ലാം ആരംപെരുമാററത്തിൻെറ ലക്ഷ്യങ്ങളുണ്ടു്. ഭടന്മാരായിരിക്കണം. ഭക്ഷണം പാകംചെയ്യുന്നതിൻെറ ഹൃദ്യമായ മണം അയാളുടെ നാസാരന്ധ്റങ്ങളെ ഭേദിച്ച് ആത്മാവിനെപ്പോലും ഇക്കിളി കൊള്ളിക്കുന്നു. അടുക്കള വശം അയാരം മണത്തറിഞ്ഞു. ശ്വാസോച്ഛ്വാസം ദ്രുതഗതിയിലായി. ഒററക്കുതിപ്പിൽ അയാരം അടുക്കളയുടെ ജനലരികിൽ എത്തി, അകത്തേക്കു് ഒരു എത്തിനോട്ടം!

അഞ്ചെട്ടുപേർ ആ ഭക്ഷണമുറിയിൽ ഇരുന്നു സുഖമായി അത്താഴം കഴിക്കുകയാണു്. അതൊരു സത്രമായിരുന്നു. വിളമ്പിക്കൊണ്ടിരുന്ന ഭൃത്യയാണു് ജനലരികെ കൂത്തമുനയുള്ള ജമ്മൻതൊപ്പി ആദ്യമായി കണ്ടതു്. അവളുടെ കൈയിൽനിന്നും പാത്രം താഴെ വീണു. അയ്യോ! ജമ്മൻകാർ! എന്നൊരു വിളി. എല്ലാവരും അങ്ങോട്ടു നോക്കി.

അവർ എല്ലാം വാരംട്ടറുടെ ആ ജമ്മൻതൊപ്പി കണ്ടു. തൊട്ടടുത്തു്. എല്ലാംകൂടി കൂട്ടവിളി. „ജമ്മൻകാർ

സ്ഥലം വളഞ്ഞിരിക്കുന്നേ!" എന്നുള്ള ശബ്ദം അവിടെങ്ങും മുഴങ്ങി. തുടർന്നു് പലരും പല വഴികളിൽകൂടി ചാട്ടവും ഓട്ടവും. സവ്വത്ര ബഹളം! ബഹളം! ബഹളം! കസേരകൾ വീഴുന്നു, പാത്രങ്ങൾ ഉടയുന്നു, വിളക്കുകൾ അണയുന്നു. കൂക്കുവിളി, കരച്ചിൽ! അഞ്ചുമിനിററു കഴിഞ്ഞപ്പോൾ എല്ലാം ശാന്തം. സത്രത്തിൽ കൂടിയ വഴിപോക്കർ നാലുവഴിക്കും പാഞ്ഞുപോയി. ഒഴിഞ്ഞ പടക്കളംപോലെ സവ്വത്ര ശൂന്യം. വാൾട്ടർ സ്തബ്ധനായി അവിടെത്തന്നെ നിന്നു. അകത്തേക്കു നോക്കിയപ്പോൾ മേശപ്പുറത്തു നിരത്തിവച്ചിരിക്കുന്ന നല്ല ഭക്ഷണപദാത്ഥങ്ങൾ. ആരുമാരുമില്ല. വിളക്കു കത്തുന്നുണ്ടു്. വാൾട്ടർ കുരിശുവരച്ചു് ദൈവത്തിനു സ്തോത്രം പറഞ്ഞു.

എങ്കിലും പെട്ടെന്നകത്തേക്കു കടക്കാൻ അയാൾ ധൈര്യപ്പെട്ടില്ല. ഏതാണ്ടു് ഒരുറപ്പെല്ലാം വന്നപ്പോൾ, ശരീരവും പൊക്കിയെടുത്തു് ജനൽവഴി ഒരു ചാട്ടം കൊടുത്തു. അടുത്ത നിമിഷത്തിൽ വാൾട്ടർ ഭക്ഷണമുറിയിൽ. കൺമുമ്പിൽ കണ്ട സാധനങ്ങൾ അയാൾക്കു വിശ്വസിക്കാൻ സാധിച്ചില്ല. ഇത്രയേറെ നല്ല സാധനങ്ങൾ യാതൊരായാസവും കൂടാതെ തനിക്കു ലഭിച്ചിരിക്കുന്നു.

'താൻ പാതി ദൈവം പാതി'യെന്നുണ്ടല്ലോ. ദൈവത്തിൻെറ പാതിയാണതു്. ഇനിയും ഒരു വിട്ടുവീഴ്ചയും പാടില്ല. തൻേറതായ പാതി, തൻേറടം, താൻ കാണിക്കണം. കസേര വലിച്ചിട്ടു് ഇരുന്നു് അയാൾ ആഹാരപദാത്ഥങ്ങൾ ഓരോന്നായി വെട്ടിവിഴുങ്ങിത്തുടങ്ങി. എത്ര വേഗത്തിൽ അകത്താക്കുന്നുവോ അത്രയും മിടുക്കു്. ആരെങ്കിലും എപ്പോഴെങ്കിലും ചാടിവീഴാം. അയാൾ തൻെറ പെരുവയററിലേക്കു് ആഹാരസാധനങ്ങൾ രണ്ടു കൈകൊണ്ടും കടത്തിവിട്ടുകൊണ്ടിരുന്നു. 'സ്പൂണോ' ഫോക്കോ' ഉപയോഗിക്കേണ്ട സന്ദർഭമല്ലിതു്. ചവയ്ക്കാൻപോലും അയാൾ കൂട്ടാക്കിയില്ല. ഒരരമണിക്കൂർ കഴിഞ്ഞപ്പോൾ വയറങ്ങു പറപോലെ വീർത്തു. പള്ള പൊട്ടിപ്പോകുമോ എന്നയാൾ ഭയന്നു—അടുത്തുണ്ടായിരുന്ന

മദ്യഭരണിയിൽനിന്നും പതഞ്ഞുപൊങ്ങുന്ന പാനീയം കുടുകുടാ കുടിച്ചു് അയാരം തൊണ്ടയും വയറുമെല്ലാം ശുദ്ധി വരുത്തി.

അങ്ങനെ അവിടെ എട്ടുപേർക്കു നിരത്തിവച്ചിരുന്ന ഭക്ഷണപദാൎത്ഥങ്ങളും ലഹരിപാനീയവും അയാരം ഒററയിരുപ്പിൽ ഏകനായി അകത്താക്കി. ലഹരിസാധനം സാവധാനത്തിൽ തലച്ചോറിനെ കടന്നു പിടിച്ചുതുടങ്ങി. ശ്വാസംമുട്ടുംപോലെ തോന്നുകയാൽ വാരംട്ടർ കോട്ടിൻേറയും ഷർട്ടിൻേറയും ബട്ടനെല്ലാം അഴിച്ചു. ഓൎമ്മ പതറിത്തുടങ്ങി. കണ്ണടഞ്ഞുപോകുന്നു. ഒരടി നീങ്ങാൻ ശക്തിയില്ല. തൊപ്പി ഒരു കസേരയിൽ വച്ചിട്ടു് ആ മേശപ്പുറത്തുതന്നെ മലൎന്നു കിടന്നു് ക്രൂക്വുമായി.

നേരം വെളുക്കാൻ തുടങ്ങുന്നു. ചന്ദ്രിക അല്പമായി പ്രകാശിക്കുന്നുണ്ടു്. വാരംട്ടർ ഒന്നു തിരിഞ്ഞുകിടന്നു. അപ്പോരം ഇടിനാദംപോലെ ഒരു ആജ്ഞ കേരംക്കായി—"ഭടന്മാരേ! മുന്നേറുക! ഒററയിടിക്കു് കീഴടക്കുക, മുന്നേറുക."

ഒരു നിമിഷത്തിൽ ആ സത്രത്തിൻെറ സകല വാതിലുകളും ജനാലകളും തല്ലിപ്പിളർക്കുന്ന ശബ്ദം. പടപടെ ചടപെടെ എന്നുള്ള ചവിട്ടിക്കയററം. കസേരകരം മേശകരം തുടങ്ങിയവ തട്ടിമുട്ടി നിലംപൊത്തുന്ന ശബ്ദം. എന്തിനു്, അമ്പതുപേരുള്ള ഒരു സംഘം ഫ്റഞ്ചുപട്ടാളക്കാർ തോക്കും ചൂണ്ടിക്കൊണ്ടു് വാരംട്ടർ കിടന്നിരുന്ന അടുക്കളമുറിയിൽ. അവർ തടിമാടനായ ഈ ജർമ്മൻ ഭടനെ കടന്നുപിടിച്ചു. ഉരുട്ടിയിട്ടു് കൈയുംകാലുംവരിഞ്ഞുകെട്ടി ഒരുത്തൻ വിനോദരൂപത്തിൽ തോക്കിൻെറ ചട്ടപ്പാത്തികൊണ്ടു് തലയ്ക്കു് ഒരടിയും കൊടുത്തു.

വാരംട്ടർ എതിർക്കുവാൻ പോയില്ല. ഇനി എന്തുണ്ടാകുവാൻ പോകുന്നു എന്നു ഭയന്നു് ആ കിടപ്പു കിടന്നതേയുള്ളു. പെട്ടെന്നു് ആ സൈന്യവിഭാഗത്തിൻെറ മേധാവിയാണെന്നു് തോന്നുന്ന-വേഷംകൊണ്ടു് ഒരു 'കേണൽ' ആണെന്നു് വാരംട്ടറിനു തോന്നി—അയാളുടെ വലതുകാൽ

വാൾട്ടറിൻെറ നെഞ്ചത്തമത്തിക്കൊണ്ടു് 'നിന്നെ തടവുകാരനാക്കിയിരിക്കുന്നു—കീഴടങ്ങുന്നോ ഇല്ലയോ,—എന്നു് ഗജ്ജിച്ചു.

വാൾട്ടർ കൈയുയത്തി തലകുലുക്കി, സമ്മതം! സമ്മതം! സമ്മതം! എന്നു് ഉരുവിട്ടുകൊണ്ടേ ഇരുന്നു—ആ ഒററ വാക്കേ, ഫ്റഞ്ചുഭാഷയിൽ അയാൾക്കറിയാമായിരുന്നുള്ളു.

വാൾട്ടറെ സത്രത്തിലെ മറെറാരു മുറിയിലേയ്ക്കു് എട്ടു പേർ ചേർന്നു് ചുമന്നുകൊണ്ടുപോയി. ഈ പരാക്രമത്തിൻെറ കാഠിന്യത്താൽ ഫ്റഞ്ചുഭടന്മാർ കിതയ്ക്കുന്ന ചെന്നായ്ക്കളെപ്പോലെ രൂപാന്തരപ്പെട്ടിരുന്നു—എല്ലാവരും വാൾട്ടരുടെ ചുററുംനിന്നു് അയാളെ ക്രൂരദൃഷ്ടിയോടെ നോക്കിത്തുടങ്ങി.

വാൾട്ടർ ഒന്നു പുഞ്ചിരിതൂകുകമാത്രം ചെയ്തു. അയാൾക്കു വളരെ സമാധാനമായി. ഇതിൽ കൂടുതൽ ഒരു മഹാഭാഗ്യം അയാൾ ആശിച്ചതുമില്ല. ദൈവം കരുണയുള്ളവനാണു്. അയാൾ ഒരു തടവുകാരനായി. അപ്പോഴേയ്ക്കും ഒരു ഫ്റഞ്ചുഭടൻ കേണലിൻെറ മുമ്പിൽ എത്തി സൈനികമുറയിൽ സല്യൂട്ടു ചെയ്തു. അയാൾ കേണലിനോടു് താഴ്മയായി നിവേദനം ചെയ്തു.

"കേണൽ! നാം ശത്രുക്കളെ പരാജയപ്പെടുത്തിയിരിക്കുന്നു--ശത്രുക്കൾ നാലുപാടും ചിതറിക്കപ്പെട്ടു—നാം അനവധിപേരെ മുറിവേല്പിച്ചു—എട്ടെണ്ണത്തിനെ വെടിവച്ചു വീഴ്ത്തി. സത്രം നാം തിരിച്ചു പിടിച്ചിരിക്കുന്നു."

ആ തടിമാടൻകേണൽ നെററിയിൽനിന്നും വിയർപ്പു തുടച്ചിട്ടു് "അതേ ജയം! ജയം! ജയം!" എന്നു് ഉറക്കെ വിളിച്ചുപറഞ്ഞു. അനന്തരം കേണൽ തൻെറ പോക്കററിൽനിന്നും ഒരു ഡയറി എടുത്തു് ഇപ്രകാരം എഴുതി.

"ഒരു ഭയങ്കര യുദ്ധത്തിൽ നാം ജമ്മൻകാരെ തിരിച്ചോടിച്ചു. മുറിവേററവരേയും വെടികൊണ്ടു വീഴ്ത്തപ്പെട്ടവരേയും അവർ കൂടെക്കൊണ്ടുപോയി. ചുരുങ്ങിയതു് ഒരു നൂറുപേരെങ്കിലും കൊല്ലപ്പെട്ടിരിക്കണം. കുറേപ്പേരെ നാം തടവുകാരാക്കിയിട്ടുണ്ടു്."

(ഒപ്പു്)

മുൻകരുതലുള്ള മററൊരു ഭടൻ ചോദിച്ചു: "കേണൽ! ഇനി നാം എന്തു ചെയ്യുന്നു?"

കേണൽ പറഞ്ഞു: "തൽക്കാലം നാം ഇവിടെനിന്നും പിൻവാങ്ങണം. ജർമ്മൻകാർ കൂടുതൽ ഭടന്മാരോടും ആയുധങ്ങളോടുംകൂടി ഒരു പ്രത്യാക്രമണം നടത്താൻ വഴിയുണ്ടു്."

കേണൽ സൈന്യസംഘത്തെ പുന:സംവിധാനം ചെയ്തു. ആ വീട്ടിൽനിന്നും സാവധാനത്തിൽ പിൻവാങ്ങിത്തുടങ്ങി. വാറംട്ടറിനെ ഒരു മഞ്ചത്തിൽ എടുത്തിട്ടു. ആറു് ആയുധധാരികളായ ഭടന്മാർ തോക്കും ചൂണ്ടി വാറംട്ടറെ അകമ്പടി സേവിച്ചു.

നേരംവെളുത്തപ്പോഠം ഫ്റഞ്ചുസൈന്യം നഗരത്തിലുള്ള അവരുടെ താൽക്കാലികസങ്കേതത്തിൽ എത്തി.

നഗരവാസികഠം ഈ ആക്രമണസാഹസത്തെപ്പററി രാത്രിതന്നെ അറിഞ്ഞിരുന്നു. യുദ്ധവാൎത്തയും കാത്തുകൊണ്ടു് അനേകം പേർ ഉറക്കവുമിളച്ചു് ആ പട്ടാളസങ്കേതത്തിൻെറ പരിസരങ്ങളിൽ കാത്തുകെട്ടി നിൽപ്പായിരുന്നു. അപ്പോഴേക്കും അതാ ദൂരെനിന്നു ഭടന്മാർ വരുന്ന കാലൊച്ച കേഠക്കുന്നു. അടുത്തു വന്നപ്പോഠം ഒരു ജർമ്മൻ ഭടൻെറ കൂൎത്ത തൊപ്പി മഞ്ചത്തിനിടയിൽക്കൂടി പുരവാസികഠം കണ്ടു് ആകാശഭേദിതമായ 'ജയജയ'ഘോഷം കൊണ്ടു് ആ നഗരം മുഖരിതമായി. സ്ത്രീജനങ്ങഠം കൈവീശി ആൎത്തുവിളിച്ചു. വൃദ്ധന്മാർ സന്തോഷാശ്രുപൊഴിച്ചു. ഒരു പടുകിഴവൻ ഇട്ടിരുന്ന ബൂട്ട്സ് ഊരി തടവുകാരൻെറ നേക്കു് വലിച്ചെറിഞ്ഞു. അതു് ഒരു ഫ്റഞ്ചുഭടൻെറ മൂക്കിൽ കൊണ്ടു. കേണൽ ഒരു സിംഹഗൎജ്ജനം ചെയ്തു.

"കാവൽഭടന്മാരേ! ജാഗ്രതയായിരിപ്പിൻ! തടവുകാരൻെറ രക്ഷ ഭദ്രമായിരിക്കണം."

അങ്ങനെ വാറംട്ടറിനേയും പേറിക്കൊണ്ടു് അവർ നഗരത്തിലെ ടൗൺഹാളിൽ എത്തിച്ചേൎന്നു. ടൗൺഹാഠം ഒരു താൽക്കാലിക കാരാഗൃഹമായി മാററപ്പെട്ടിരുന്നു. തടവുകാരനെ അതിനകത്താക്കി. കൈകാലുകളിലെ കെട്ടുകഠം അഴിച്ചു. വാറംട്ടർ ആഹ്ളാദംകൊണ്ടു തുള്ളിച്ചാടി.

കൈകാലുകാം യഥേഷ്ടം അനക്കാം; മടക്കാം; നിവത്താം; എന്തൊരു സുഖം!

73010

കേണലിൻെറ ആജ്ഞപ്രകാരം അശ്വാരൂഢരായ ഇരുപത്താറു പട്ടാളക്കാർ ഈ കാരാഗൃഹത്തിനു ചുററും കാവൽക്കാരായി നിയോഗിക്കപ്പെട്ടു.

വാാംട്ടർക്കു് ദഹനക്കേടിൻെറ ശല്യം അല്പമുണ്ടായിരുന്നു. എന്നാൽ അയാാം അതു കൂട്ടാക്കിയില്ല. ആഹ്ളാദം കൊണ്ടു മതിമറന്നു് ആ മുറിക്കുള്ളിൽ തുള്ളിച്ചാടി നൃത്തം വച്ചുകൊണ്ടേ ഇരുന്നു.

''ഞാൻ രക്ഷപ്പെട്ടു; ഞാൻ രക്ഷപ്പെട്ടു; തടവുകാരൻ! തടവുകാരൻ!'' അയാാം ഉറക്കെ പറഞ്ഞുകൊണ്ടിരുന്നു.

അങ്ങനെ അന്നത്തെ പോരിൽ ഫ്റഞ്ചുസൈന്യത്തിൻെറ അഭിപ്രായത്തിൽ ജമ്മൻസൈന്യത്തിനു് ആറു മണിക്കൂർ നേരം മാത്രമേ ആ സത്രം കൈവശപ്പെടുത്താൻ സാധിച്ചുള്ളു. ധീരപരാക്രമിയായ കേണൽ ഒരു ചെറു സംഘം സൈന്യത്തെ നയിച്ചു് അത്ഭുതകരമായി അതു് തിരിച്ചു പിടിച്ചിരിക്കുന്നു! നാട്ടിലെങ്ങും അതു് പ്രധാന വാത്തയായി. വൃത്താന്തപത്രങ്ങാം വലിയ തലക്കെട്ടു കൊടുത്തു് ഈ വാത്ത പ്രസിദ്ധീകരിച്ചു. രണ്ടു ദിവസം കഴിഞ്ഞപ്പോാം ഒരു വലിയ സൈനികസദസ്സിൽവച്ചു് സൈനികമേധാവി കേണലിനെ അഭിനന്ദിച്ചുകൊണ്ടു് ഒരു 'സുവണ്ണ കീത്തിമുദ്ര' കേണലിൻെറ ഉടുപ്പിൽ കുത്തിപ്പിടിപ്പിക്കുകയും ചെയ്തു.

ജമ്മനിയും ഫ്റാൻസും തമ്മിലുണ്ടായ വലിയ യുദ്ധം തീർന്നു. സമാധാനഉടമ്പടിക്കു് ഒപ്പുവയ്ക്കുകയും ചെയ്തു. വാാംട്ടർ അങ്ങനെ വിമുക്തനായിത്തീർന്നു. 'ഒരു ജമ്മൻ ഭടൻ ശത്രുമദ്ധ്യത്തിൽ' എന്ന പേരിൽ വാാംട്ടർ ഒരു സമര ചരിത്രം ആത്മകഥാരൂപത്തിൽ എഴുതി പ്രസിദ്ധപ്പെടുത്തി. പ്രസിദ്ധീകരണശാലക്കാർ വമ്പിച്ച ഒരു തുക പ്രതിഫലം കൊടുത്തതിനുശേഷംമാത്രമേ വാാംട്ടർ പ്രസിദ്ധീകരണാനുവാദം കൊടുത്തുള്ളു. 'തൻെറ ധീരപ്രവൃത്തി

കൾ' ചാരവൃത്തി, പതിയിരുന്നു നടത്തിയ ശത്രുസംഹാരം, ശത്രുമദ്ധ്യത്തിൽനിന്നും രക്ഷപ്രാപിച്ച വിധങ്ങൾ, ശത്രുക്കൾ ഒരു പാലം കടന്നപ്പോൾ ഏകനായി ആ പാലം തകർത്തു് അഞ്ഞൂറുപേരുടെ കഥ ഒററയടിയ്ക്കു കഴിച്ചതു്, ആറുപ്രാവശ്യം തടവിലാക്കപ്പെട്ടതു്, അവിടെനിന്നും രക്ഷപ്പെട്ടതു്, ഒരു ഫ്റഞ്ചുവനിതയെ പ്രേമിച്ചതു്, അവളിൽനിന്നും ശത്രുക്കളുടെ യുദ്ധരഹസ്യങ്ങൾ മനസ്സിലാക്കിയതു്. ഇങ്ങനെ ഒരു നൂറുകൂട്ടം കാര്യങ്ങൾകൊണ്ടു് നിറഞ്ഞിരുന്നു വാൾട്ടറുടെ ഗ്രന്ഥം. സമരചരിത്രങ്ങളിൽ പ്രഥമസ്ഥാനം അതിനു ലഭിച്ചു. അനവധി പതിപ്പുകൾ വിററഴിഞ്ഞു. വാൾട്ടർ മരിച്ചുപോയി. എങ്കിലും ആ ഗ്രന്ഥത്തിൽനിന്നുള്ള വരുമാനംകൊണ്ടു് വാൾട്ടറുടെ കുട്ടികൾ ഇപ്പോഴും പ്രഭുജീവിതംതന്നെ നയിച്ചുപോരുന്നു.

# തൂവെണ്ണിലാവ്

അവർ ജ്യേഷ്ഠാനുജത്തിമാരായിരുന്നു. എലിസബേത്ത് ജ്യേഷ്ഠത്തിയും, മേരി അനുജത്തിയും. ഒരേ ഞെട്ടിലുണ്ടായ രണ്ടു പൂക്കൾ. ഈ കഥ നടക്കുന്ന കാലത്ത് ജ്യേഷ്ഠത്തിക്ക് ഇരുപത്തിനാലു വയസ്സുണ്ട്. അനുജത്തി മേരിക്ക് ഇരുപത്തിരണ്ടും. ഇരുവരുടേയും വിവാഹം നടന്നിട്ട് വർഷങ്ങൾ മൂന്നിൽപരമായി.

അന്നൊരു ദിവസം ജൂൺമാസത്തിൽ മാഡം മേരി സ്വഭവനത്തിൽ ജ്യേഷ്ഠത്തിയുടെ വരവും കാത്തുകൊണ്ടിരിക്കയായിരുന്നു. ഏതാണ്ട് ആറാഴ്ചകൾക്കു മുമ്പ് ജ്യേഷ്ഠത്തി സ്വിററ്സർലണ്ടിൽ സുഖമെടുക്കുവാൻപോയതാണ്. അനുജത്തിയുടെകൂടെ പാരീസിൽ കുറച്ചു ദിവസം താമസിക്കുന്നതാണെന്നു കാണിച്ച് ജ്യേഷ്ഠത്തി അവിടെ നിന്നും നേരത്തേതന്നെ ഒരു കത്തിട്ടിരുന്നു.

എലിസബേത്ത് അവളുടെ ഭർത്താവും ഒന്നിച്ചാണ് സ്വിററ്സർലണ്ടിലേയ്ക്കു യാത്രതിരിച്ചത്. എന്നാൽ സ്വന്തം എസ്റ്റേററു സംബന്ധിക്കുന്ന ചില അടിയന്തിര കാര്യങ്ങൾക്കായി ഭർത്താവായ റാബർട്ട് ഏതാനും ദിവസത്തെ പാർപ്പിനുശേഷം അദ്ദേഹത്തിൻെറ എസ്റ്റേററിലേക്കു തിരിച്ചുപോയി. ഇപ്പോഴാകട്ടെ ആറാഴ്ചകൾക്കു ശേഷം ജ്യേഷ്ഠത്തി അനുജത്തിയെ കാണാൻ പാരീസിലേക്കു തിരിച്ചിരിക്കുകയാണ്.

അന്നു സന്ധ്യ കഴിഞ്ഞിരിക്കുന്നു. ജ്യേഷ്ഠത്തിയുടെ ആഗമനം പ്രതീക്ഷിച്ച് മാഡം മേരി അക്ഷമയോടെ ജനലിൽക്കൂടി പുറത്തേക്കു നോക്കിക്കൊണ്ടിരിക്കയാണ്. ഇടയ്ക്കിടയ്ക്ക് ഒരു് പുസ്തകം മറിച്ചുനോക്കുന്നുണ്ടെങ്കിലും അവളുടെ ശ്രദ്ധ അതിലല്ലായിരുന്നു. വെളിക്ക് എന്തെങ്കിലും ശബ്ദം കേൾക്കുന്നുണ്ടോ എന്നറിയാം ചെവിയോർത്തുകൊണ്ടേയിരുന്നു.

വാതിൽക്കൽ മണിയടിക്കുന്ന 'കിണികിണിനാദം' മുഴങ്ങി. അതാ, ജ്യേഷ്ഠത്തി അവളുടെ മുമ്പിൽ എത്തിക്കഴിഞ്ഞു. വഴിയാത്രയ്ക്കു ചേരുന്ന വസ്ത്രവിധാനങ്ങളാണ് എലിസബേത്തു് ഈയവസരത്തിൽ അണിഞ്ഞിരുന്നതു്. ഇത്തരം അവസരങ്ങളിൽ സാധാരണ ചോദിക്കാറുള്ള കുശലപ്രശ്നങ്ങൾ ഒന്നും കൂടാതെ തമ്മിൽ കണ്ടുകൂടിയ മാത്രയിൽ ജ്യേഷ്ഠാനുജത്തിമാർ അന്യോന്യം ഗാഢമായി പരിരംഭണം ചെയ്തു. കൂടെക്കൂടെ ഇടവിട്ടിടവിട്ടു് ഈ പരിരംഭണക്രിയയിൽ അവർ വ്യാപൃതരായി.

കുറേ കഴിഞ്ഞിട്ടു മാത്രമാണ് സഹോദരികൾ തമ്മിൽ കുശലപ്രശ്നമാരംഭിച്ചതു്. ആദ്യം ഓരോരുത്തരുടേയും സുഖസ്ഥിതിയേപ്പററി തുടന്നു. വീട്ടുവത്തമാനം, നാട്ടുവത്തമാനം, കണ്ടതും കേട്ടതും, അതുമിതുമെല്ലാം അവർ സംഭാഷണവിഷയമാക്കി. ജ്യേഷ്ഠത്തി തൻെറ ഉടുപ്പുകൾ മാറുന്നതിനിടയിൽപ്പോലും പലതും ഉറക്കെ അനുജത്തിയോടു് ചോദിച്ചുകൊണ്ടിരുന്നു.

രാത്രി ഇരുട്ടിത്തുടങ്ങി. വിളക്കു കൊണ്ടുവരുവാൻ മേരി തൻെറ ഭൃത്യയോടാജ്ഞാപിച്ചു. വിളക്കിൻെറ പ്രകാശത്തിൽ അവൾ ജ്യേഷ്ഠത്തിയുടെ മുഖം ഉററുനോക്കി. ഒന്നുകൂടി കെട്ടിപ്പുണരുന്നതിനു് മുന്നോട്ടാഞ്ഞു് കൈകൾ ഉയത്തി. പെട്ടെന്നാരോ പിടിച്ചുനിത്തിയതുപോലെ അവൾ കണ്ണും തുറിച്ച് നിന്നനിലയ്ക്കു നിന്നുപോയി. ജ്യേഷ്ഠത്തി നരച്ചിരിക്കുന്നു. നരച്ച ഓരോ പിടിത്തലമുടി നെററിത്തടംവഴി കവിളുകളുടെ ഓരോ പാർശ്വത്തിലേയ്ക്കും ഊന്നുവീണുകിടക്കുന്നു. മേരി വല്ലാതെ അമ്പരന്നുപോയി. ശേഷം തലമുടി പണ്ടേപ്പോലെതന്നെ· കറുപ്പും

തിളക്കമുള്ളതുമാണ്. രണ്ടു വശത്തുമുള്ള മുടി ഇങ്ങനെ വെള്ളിനൂലുപോലെ വെളുത്തുപോയതെന്തു്? തന്റെ ജ്യേഷ്ഠത്തിക്കു വയസ്സ് ഇരുപത്തിനാലേ ആയിട്ടുള്ളല്ലോ. മുടിയുടെ ഈ നിറംമാററം പെട്ടെന്നു സംഭവിച്ചതായിരിക്കണം. സുഖവാസത്തിനായി സ്വിററ്സർലണ്ടിലേക്കു പോയപ്പോഠം ജ്യേഷ്ഠത്തിയുടെ തലയിൽ ഒരു നരപോലുമില്ലായിരുന്നു. ഇത്രവേഗത്തിൽ ഇതു് എങ്ങനെ സംഭവിച്ചു?

മേരി നിശ്ചേഷ്ടയായി വായുംപിളൎന്നു് ജ്യേഷ്ഠത്തിയെത്തന്നെ നോക്കിക്കൊണ്ടുനിന്നു. അവളുടെ കണ്ണുകളിൽ വെള്ളം നിറഞ്ഞു, കാഴ്ച മങ്ങി. എന്തു്, ഇരുപത്തിനാലാമത്തെ വയസ്സിൽ തന്റെ ജ്യേഷ്ഠത്തി നരയ്ക്കുകയോ?

''എന്തു പററി? എന്തു പററി? എന്തു പററി, പറയൂ! പറയൂ'' കണ്ണും തുടച്ചുകൊണ്ടു് മേരി അഭ്യൎത്ഥിച്ചു. അവഠം വീണ്ടും വീണ്ടും അതേ ചോദ്യം ആവൎത്തിച്ചുകൊണ്ടിരുന്നു.

വേദനിക്കുന്ന ഒരു നേരിയ പുഞ്ചിരിയോടെ ജ്യേഷ്ഠത്തി പറഞ്ഞു:—

''ഛേ! പേടിക്കാനൊന്നുമില്ല. ചുമ്മാതിരിക്കു', പരിഭ്രമിക്കേണ്ടാ! നീ എന്റെ നരച്ച മുടി കണ്ടു അല്ലേ?"

മാഡം മേരി ജ്യേഷ്ഠത്തിയുടെ തോളുകളിൽ പിടിച്ചു കുലുക്കിക്കൊണ്ടു്, അവളെ തുറിച്ചുനോക്കിക്കൊണ്ടു് വീണ്ടും ചോദിച്ചു.

''എന്തു പററിയെന്നു പറയൂ ചേടത്തി, സത്യംപറയൂ. എന്നെ ഒളിക്കാൻ ശ്രമിക്കേണ്ടാ. പറഞ്ഞില്ലെങ്കിൽ ഞാൻ സത്യം കണ്ടുപിടിക്കും.''

ജ്യേഷ്ഠത്തിയും അനുജത്തിയും മുഖത്തോടുമുഖം നോക്കി മിഴിച്ചുകൊണ്ടു് കുറച്ചുനേരം നിന്നു. എലിസബേത്തിന്റെ മുഖം വിളറുന്നതായും അവഠം മോഹാലസ്യപ്പെടാൻ പോകുന്നതായും മേരിക്കു തോന്നി. അതോ ജ്യേഷ്ഠത്തി കരയാൻ ഭാവിക്കുന്നോ? മേരി വീണ്ടും അവളുടെ അപേക്ഷ ആവൎത്തിച്ചു.

"ചേടത്തി പറയൂ,പറയൂ, ഞാനല്ലേ ചോദിക്കുന്നതു്. എന്നോടല്ലാതെ ആരോടു പറയാനാണു്, ചേടത്തിക്കു് എന്തു പററി?"

വളരെ നേരിയ സ്വരത്തിൽ ജ്യേഷ്ഠത്തി മേരിയുടെ ചെവിയിൽ മന്ത്രിച്ചു:— "എനിക്കു് ഒരു കാമുകനുണ്ടു്, ഒരു കാമുകൻ." ഇത്രയും പറഞ്ഞുകൊണ്ടു് എലിസബേത്തു് ഏങ്ങിയേങ്ങി കരഞ്ഞുതുടങ്ങി.

കരഞ്ഞു കരഞ്ഞു് മനസ്സിനു് അല്പം സമാധാനം കിട്ടിയപ്പോഴും നെഞ്ചിടിപ്പിൻെറ ശക്തി തെല്ലൊന്നു കുറഞ്ഞപ്പോഴും അനുജത്തിയോടു സകലതും തുറന്നു പറഞ്ഞു് തൻെറ ഹൃദയഭാരത്തെ ലഘൂകരിക്കുവാൻ എലിസബേത്തു് തീർച്ചയാക്കി.

ജ്യേഷ്ഠാനുജത്തിമാർ അവരുടെ കൈകരം ബലമായി കോർത്തുപിടിച്ചുകൊണ്ടു് കോണിലിട്ടിരുന്ന ഒരു സോഫായിൽ അമർന്നുവീണു. ജ്യേഷ്ഠത്തിയുടെ തോളിൽ കൈചേർത്തുകൊണ്ടു് മേരി ഈ രഹസ്യകഥനം കണ്ണിമയ്ക്കാതെ കേട്ടുകൊണ്ടിരുന്നു.

"എൻെറ പ്രിയപ്പെട്ട മേരീ! എൻെറ പൊന്നനുജത്തീ! ഞാൻ ചെയ്തുപോയതു് ആക്കും ഒരിക്കലും ക്ഷമിക്കാവുന്നതല്ല. അതെനിക്കു നല്ലപോലറിയാം. നീ എനിക്കു മാപ്പു തരണം. ശപിക്കപ്പെട്ട ആ ദിവസം മുതൽ ഞാൻ ഭ്രാന്തുപിടിച്ചവളേപ്പോലെയായി. എൻെറ ഓമനേ! നീയെങ്കിലും ഇനി സൂക്ഷിച്ചോ. എൻെറ അനുഭവം നിനക്കൊരു പാഠമായിരിക്കട്ടെ. അബലകളായ നമ്മുടെ ഹൃദയം വളരെ മൃദുലമാണു്. നാം വേഗത്തിൽ അടിമപ്പെട്ടുപോകും. ഹൃദയത്തെ അടിമുടി എടുത്തു കുടയുന്ന ചില ഭയങ്കര മുഹൂർത്തങ്ങളുണ്ടു്. നാം അറിയാതെതന്നെ ഓക്കാപ്പുറത്തു് അത്യുൽക്കടമായ ഒരഭിനിവേശം നമ്മെ വിഴുങ്ങുന്നു. നാം കൊതിക്കുന്നു, കൈകരം നീട്ടുന്നതിനു്, ഒന്നാലിംഗനം ചെയ്യുന്നതിനു്, ഒന്നു പ്രേമിക്കുന്നതിനു്, സ്ത്രീകളായ നാമെല്ലാം ചില സന്ദർഭങ്ങളിൽ ആ വികാരത്തിൻെറ കളിപ്പാവകളാണു്.

KOTTAYAM. ✦ LIBRARY

''എൻെറ മേരീ! നിനക്കെൻെറ ഭർത്താവിനെ നല്ല പോലറിയാമല്ലോ, എത്ര അഗാധമായി എൻെറ റോബർട്ടിനെ ഞാൻ സ്നേഹിക്കുന്ന എന്നും നിനക്കറിവുള്ളതാണു്. പക്ഷേ, അദ്ദേഹം വളരെ പക്വമതിയാണു്, കേവലം ലൗകികനാണു്, വ്യവസായശീലനാണു്. അദ്ദേഹത്തിനെന്നോടു നിർവ്യാജമായ സ്നേഹവുമുണ്ടു്. പക്ഷേ എന്നെ സംബന്ധിച്ചിടത്തോളം അതൊരു വലിയ 'പക്ഷേ' ആണു്. യുവതിയായ ഒരു സ്ത്രീയുടെ നേരിയ ഹൃദയചലനങ്ങരം അറിവാനുള്ള കഴിവു്, കഷ്ടം! അദ്ദേഹത്തിനില്ലാതെപോയി. അദ്ദേഹം എപ്പോഴും അദ്ദേഹംതന്നെ—ഒരേ ആരംതന്നെ. എപ്പോഴും ഒരുവിധമുള്ള പെരുമാററം. മന്ദസ്മിതം പൊഴിച്ചുകൊണ്ടു് കരുണാശീതളമായിത്തന്നെ എന്നോടെപ്പോഴും പെരുമാറും. എൻെറ സുഖസൗകര്യങ്ങളിൽ സർവ്വദാ ശ്രദ്ധാലുവാണു്. എന്തെങ്കിലും ഒരു കുററം ആരോപിക്കാൻ വയ്യാത്തവിധം സൽസ്വഭാവിയാണെൻെറ പ്രിയപ്പെട്ട റോബർട്ടു്.''

''ദൈവമേ! ഞാൻ ചില സന്ദർഭങ്ങളിൽ എത്ര ആഗ്രഹിച്ചിട്ടുണ്ടെന്നോ അദ്ദേഹത്തിൽനിന്നും ഒരാലിംഗനസുഖം അനുഭവിക്കുന്നതിനു്! രണ്ടാത്മാക്കളും കെട്ടുപിണഞ്ഞു് ഏകീഭവിക്കുന്ന ഒരനുഭൂതി കൈവരുത്തുന്നതിനു്! മധുരചുംബനങ്ങരംകൊണ്ടു് അദ്ദേഹം എന്നെ അഭിഷേകം ചെയ്യുന്നതിനു്, മൂകമായ ആ പരമനിർവൃതിയിൽ മൂർഛപ്രാപിക്കാൻ എത്ര പ്രാവശ്യം ഞാൻ കൊതിച്ചിട്ടുണ്ടു്!!

''എൻെറ ഭർത്താവു് ഒരു ക്ഷീണചിത്തനും സ്വന്തം കാര്യങ്ങളിൽ അശ്രദ്ധനും ആയിത്തീരണമേ എന്നുപോലും ഞാൻ കാംക്ഷിച്ചിട്ടുണ്ടു്.- എന്തിനു്? ഞാനദ്ദേഹത്തിനു് ഒരാവശ്യമാകണം; എൻെറ ശുശ്രൂഷകരംക്കും എൻെറ കണ്ണുനീരിനും എൻെറ പ്രേമത്തിനും യഥേഷ്ടം കൂത്തടിക്കുവാനുള്ള ഒരു രംഗമായിത്തീരണമദ്ദേഹമെന്നു്!

ഇപ്പറയുന്നതെല്ലാം വെറും ചാപല്യമാണെന്നു് നീ വിചാരിച്ചേക്കാം. പക്ഷേ ദൈവം നമ്മെ അങ്ങനെയാണു് സൃഷ്ടിച്ചിട്ടുള്ളതു്. നാം എന്തുചെയ്യും?

എങ്കിലും എൻെറ പ്രിയപ്പെട്ട റോബർട്ടിനെ വഞ്ചിക്കുക എന്നുള്ളതു് എനിക്കൂഹിക്കുവാൻപോലും സാദ്ധ്യമായിരുന്നില്ല. അങ്ങനെ ഒരു ദുർവിചാരം എൻെറ മനസ്സിൽ കടന്നുകൂടിയതേയില്ല. എന്നാൽ അതുണ്ടായി. ഞാനദ്ദേഹത്തെ വഞ്ചിച്ചു. മററാരേയും പ്രേമിക്കാതെ പ്രത്യേക കാരണമൊന്നും കൂടാതെ ഞാനദ്ദേഹത്തെ വഞ്ചിച്ചു. അതിനുശേഷം ഇന്നോളം പശ്ചാത്താപാഗ്നിയിൽ ഞാൻ ഇഞ്ചിഞ്ചായി നീറി ദഹിച്ചുകൊണ്ടിരിക്കയാണു്. നരച്ചതിൻെറ കാര്യം ഇപ്പോഠം മനസ്സിലായോ? അന്നു് ആ വഞ്ചന എങ്ങനെ സംഭവിച്ചു? എന്തെങ്കിലും ഹേതു ഉണ്ടോ? ഒന്നുമില്ല. അന്നു നല്ല നിലാവുള്ള ഒരു രാത്രിയായിരുന്നു എന്നുമാത്രം പറയാം. നല്ല നിലാവു് ഒരു കാരണമാകുമോ? ആകാം എന്നു മാത്രമേ എനിക്കു പറയാനുള്ളു.

ഞാനുമെൻെറ റോബർട്ടുംകൂടി പലപ്പോഴും ആ സുഖവാസകേന്ദ്രത്തിൽ പ്രകൃതിസൗന്ദര്യം കാണുന്നതിനു് വിനോദയാത്ര ചെയ്തുകൊണ്ടിരിക്കാറുണ്ടു്. അപ്പോഴെല്ലാം എൻെറ ഭർത്താവു് വെറും ഒരു അരസികൻെറ മട്ടിൽ എൻെറ— സൗന്ദര്യബോധത്തെ— ആസ്വാദനശേഷിയെ കെടുത്തിക്കൊണ്ടിരുന്നു. എൻെറ ഭാവനാവിലാസത്തിൽ പുക പരത്തി, കരി പുരട്ടി, എൻെറ മധുരസ്വപ്നങ്ങളെയെല്ലാം അദ്ദേഹം ഒരു ഉദാസീനൻെറ മട്ടിൽ മാത്രമേ വീക്ഷിച്ചുള്ളു. ഇതു് എൻെറ ഹൃദയത്തെ വല്ലാതെ നൊമ്പരപ്പെടുത്തി.

''മേരീ! നീ കേഠംക്കു്. ഒരു ദിവസം നാലു കുതിരയെ പൂട്ടിയ വണ്ടിയിൽ ഞങ്ങഠം മലഞ്ചെരുവുകളിൽകൂടി പ്രഭാതസവാരി ചെയ്കയായിരുന്നു. വെള്ളപ്പട്ടു കുമിച്ചുകൂട്ടിയപോലെ മഞ്ഞു തങ്ങിനിൽക്കുന്ന കുന്നുകളുടെ മുകഠംപ്പരപ്പിൽകൂടി ബാലസൂര്യൻെറ കിരണകന്ദളങ്ങഠം ഞങ്ങളെ ആശ്ലേഷിച്ചപ്പോഠം അവൎണ്ണനീയമായ അഭിരാമതകൊണ്ടു് എൻെറ ഹൃദയം ആനന്ദനൃത്തം വച്ചു. പരിസരത്തിലെ പ്രകൃതിരാമണീയകം എന്തു പറയട്ടെ! ആ താഴ്വരകളും, ആ പൂഞ്ചോലകളും, ആ തരുലതാദികളും

അവിടവിടെ വജ്റമണിഞ്ഞു തുടിച്ചുതകർക്കുന്ന ആ രംഗം—ആ ചിത്രം—ഇപ്പോഴും എന്നെ പുളകംകൊള്ളിക്കുന്നു. ആഹ്ളാദത്തിരത്തള്ളൽകൊണ്ടു ഞാൻ ഇളകിമറിഞ്ഞുപോയി. ഞാൻ എന്നെത്തന്നെ മറന്നു. അടുത്തിരുന്ന ഭർത്താവിൻെറ കൈകരം അമർത്തിപ്പിടിച്ചുകൊണ്ടു് റോബർട്ടു് എൻെറ പ്രിയപ്പെട്ട റോബർട്ടു് ''നോക്കൂ, കണ്ണും കരളും കവരുന്ന ഈ കാഴ്ച നോക്കൂ. ദയവായി എനിക്കൊരു ചുംബനം തരിക'' എന്നു പ്രാർത്ഥിച്ചു. ഫലം എന്തായിരുന്നു? എൻെറ സകല നാഡിഞരമ്പുകളേയും മരവിപ്പിക്കുമാറു് അദ്ദേഹം നിർവ്വികാരനായി,നിരുന്മേഷനായി മ്ളാനമായ ഒരു പുഞ്ചിരി തൂകിക്കൊണ്ടു് പറയുകയാണു്:— ''ഈ പ്രകൃതിസൗന്ദര്യം നിനക്കു് ഇഷ്ടപ്പെടുന്നു. ശരി. കൊള്ളാം, അതുകൊണ്ടു് ഞാൻ ഈ വണ്ടിക്കകത്തുവച്ചു് ഇപ്പോഠം നിന്നെ ചുംബിക്കേണ്ടതിൻെറ ആവശ്യമെന്തു്?'' ഇതായിരുന്നു എൻെറ പ്രാർത്ഥനയ്ക്കു ലഭിച്ച മറുപടി.

ഈ മറുപടി കേട്ടപ്പോഠം എൻെറ ഹൃദയം സ്ഥാനം വിട്ടു് കീഴോട്ടമർന്നുപോകുന്നതുപോലെ എനിക്കു തോന്നി. അവിടെയെല്ലാം ഒരു ശൂന്യത വ്യാപിച്ചപോലെ. സ്ത്രീപുരുഷന്മാരുടെ അന്യോന്യപ്രേമം ഇത്തരം പ്രകൃതിസൗഭാഗ്യങ്ങളുടെ മദ്ധ്യത്തിൽവച്ചു് അവർ അറിയാതെതന്നെ പ്രകടിതമായിപ്പോകുമെന്നാണു് എൻെറ വിശ്വാസം. മേരീ! നീ എന്തു വിചാരിക്കുന്നു?

എൻെറ ഹൃദയത്തിൽ പതഞ്ഞുപൊങ്ങിത്തിളച്ചു മറിഞ്ഞിരുന്ന ആനന്ദപ്രവാഹത്തെ എൻെറ ഭർത്താവു് നിർദ്ദാക്ഷിണ്യം തടഞ്ഞുനിർത്തി. അപ്പോഠം എനിക്കുണ്ടായ കടുത്ത നൈരാശ്യം—ജീവിതവ്യർത്ഥതാബോധം—നിനക്കു സാധിക്കുമെങ്കിൽ ഊഹിച്ചുകൊള്ളുക. ബലമായി അടപ്പിട്ടു് മുദ്രവച്ച—നീരാവി സംഭരിച്ച—ഒരു പാത്രംപോലായി എൻെറ അന്തരംഗം.

മൂന്നാലു ദിവസം കഴിഞ്ഞു് ഒരു സായാഹ്നത്തിൽ എൻെറ ഭർത്താവു് നേരത്തെ ഭക്ഷണം കഴിച്ചു. ചിലപ്പോഴെല്ലാം അദ്ദേഹത്തെ പിടികൂടാറുള്ള ആ പഴയ തലവേദന

അന്നുമുണ്ടായി. നേരത്തെ ശയനമുറിയെ അഭയംപ്രാപി ക്കയും ചെയ്തു. ഞാനാകട്ടെ പതിവുസമയത്തു് ഭക്ഷണവും കഴിച്ചു് അടുത്തുള്ള തടാകത്തിൻെറ തീരപ്രദേശത്തു് ഉലാത്തുവാനും പോയി.

അഹോ! ആ രാവിൻെറ സമ്മോഹനത്വം! പ്രകൃതി യുടെ ഈ കലാവിരുതിനു മുമ്പിൽ കവികളും ചിത്രകാര ന്മാരും ഗായകന്മാരും അവരുടെ കഴിവുകളിൽ സ്വയം ലജ്ജിച്ചു തലതാഴ്ത്തും. ദേവതകളെ സംബന്ധിക്കുന്ന ചില കെട്ടുകഥകളിൽ ചില മനോഹരരാവുകൾ വർണ്ണി ച്ചിട്ടില്ലേ? ആ വർണ്ണനയും അതോടു കിടനിൽക്കുകയി ല്ലെന്നു തീർച്ചയാണു്. മുഴുതിങ്കൾ ആകാശമദ്ധ്യത്തിലേയ്ക്കു സാവധാനം ഇഴഞ്ഞുനീങ്ങുന്നു. മഞ്ഞുകൊണ്ടുള്ള പുതപ്പും പുതച്ചു് വെള്ളിക്കിരീടവുമണിഞ്ഞു് നീണ്ടുനിവന്നുനിൽ ക്കുന്നു മലകൾ. വെള്ളിയുരുക്കിയൊഴിച്ചതുപോലെ തടാകജലം മിന്നിത്തിളങ്ങുന്നു. ജലപ്പരപ്പിലെ ചെറു കല്ലോലമാലകളിൽ പൂർണ്ണേന്ദുവും പൊൻതാരകകളും തത്തിക്കളിക്കുന്നു. വർണ്ണപ്പകിട്ടാന്ന ചെറുതരംഗങ്ങൾ എന്നെ മാടി മാടി വിളിച്ചുകൊണ്ടു്, എൻെറ ചെവികളെ ഉരുമ്മിക്കൊണ്ടു് ഉമ്മവയ്ക്കുന്നു. അങ്ങു് ദൂരത്തായി ചക്ര വാളം ആകാശവുമായി കെട്ടുപിണയുന്നോ എന്നു തോന്നും. മന്ദമായി വീശിക്കൊണ്ടിരുന്ന വായു എൻെറ മേനിയെ തലോടി മയക്കുന്നതായിട്ടെനിക്കു തോന്നി. മാദകമായ ഒരു ദൗർബല്യം എന്നെ ഗ്രസിച്ചുകഴിഞ്ഞു. ഞാൻ അശ ക്തയായി, ദുർബലയായി.

തടാകതീരത്തു് വെളുത്തു മിന്നുന്ന ആ പച്ചപ്പട്ടിൽ ആനന്ദത്താൽ മതിമറന്നുകൊണ്ടു് ഞാനിരുന്നു. അതിൻെറ കാന്തി അല്പാല്പമായി നുകൻു പാനംചെയ്തുകൊണ്ടു് പെട്ടെന്നു് ഒരു പ്രബലവികാരം എൻെറ ഹൃദയത്തെ ഇള ക്കിമറിച്ചു. പ്രേമിക്കാനുള്ള ഒരഭിവാഞ്ഛ, ചൈതന്യ രഹിതമായ എൻെറ ജീവിതത്തിൽനിന്നും കുതറിപ്പായു വാനുള്ള ഒരു തൃഷ്ണ! എന്തു്? അഴകൊഴുകുന്ന ഈ പരി സരങ്ങളിൽ ഈ വെണ്ണിലാവിൻെറ പുതുപ്പുഞ്ചിരി ദേഹ മാസകലം പൂശിക്കൊണ്ടു് എൻെറ പ്രേമഭാജനത്തിൻെറ

ആലിംഗനസൗഭാഗ്യം അനുഭവിക്കുവാനുള്ള മഹാഭാഗ്യം ദൈവം എനിക്കു വിധിച്ചിട്ടില്ലെന്നോ! പ്രേമിക്കുന്ന സ്ത്രീപുരുഷന്മാർ അന്യോന്യം കൈമെയ് മറന്നു് പുണർന്നും ചുംബിച്ചും സ്വർഗ്ഗീയസുഖം അനുഭവിക്കാൻവേണ്ടി ഈശ്വരൻ സ്നേഹപുരസ്സരം ലോകർക്കു കാഴ്ചവയ്ക്കുന്ന ചന്ദ്രികാചർച്ചിതമായ ഇത്തരം രാത്രികൾ പാഴാക്കിക്കളയാനാണോ എന്റെ ദുർവ്വിധി? സ്നേഹമസൃണമായ ഉറച്ച ഒരു ആലിംഗനത്തിനുവേണ്ടി ഞാൻ കൊതിച്ചു.

എന്തെന്നില്ല, ഉത്തരക്ഷണത്തിൽ സുബോധമില്ലാത്തവളെപ്പോലെ ഞാൻ ഏങ്ങലടിച്ചു കരഞ്ഞുതുടങ്ങി. അപ്പോഴുണ്ടു്, ആരോ ഒരാൾ പിന്നിൽക്കൂടി നടന്നുവരുന്ന ഒച്ച കേട്ടു. ഞാൻ തിരിഞ്ഞുനോക്കി. ആഗതൻ എന്നെ ഉററുനോക്കി. അദ്ദേഹത്തിനു് എന്നെ മനസ്സിലായി. എന്റെ അടുത്തു വന്നു ചോദിച്ചു:

"ഭവതി എന്തിനാണു് കരയുന്നതു്?''

അദ്ദേഹം ചെറുപ്പക്കാരനായ ഒരഭിഭാഷകനായിരുന്നു. എന്റെ ഭർത്താവും ഞാനും യാത്രചെയ്തിരുന്ന അതേ തീവണ്ടിയിൽ അതേ മുറിയിൽ ഇദ്ദേഹവും ഇദ്ദേഹത്തിന്റെ അമ്മയുംകൂടി യാത്രചെയ്തിരുന്നു. അവരും സുഖവാസത്തിനായി ഇവിടെ എത്തിയിരിക്കയാണു്. വണ്ടിയിൽ വച്ചുതന്നെ ഞങ്ങൾ പരിചയപ്പെട്ടിരുന്നു.

യുവാവിന്റെ ഈ ചോദ്യം കേട്ട ഞാൻ ആകെപ്പാടെ സംഭ്രമിച്ചു. എന്തു പറയേണ്ടു എന്നോ, എന്തു ചെയ്യേണ്ടു എന്നോ ഒരെത്തും പിടിയുമില്ലാതെ ഉഴന്നുകൊണ്ടു് അവിടെത്തന്നെ നിന്നുപോയി, ഒടുവിൽ.

''എനിക്കു നല്ല സുഖം തോന്നുന്നില്ല'' എന്നു ഞാൻ പറഞ്ഞു.

''അദ്ദേഹം എന്നെ അനുഗമിച്ചു, ഒരു മാന്യനു് ചേർന്ന വിധത്തിൽ—വളരെ സ്വാഭാവികമായ രീതിയിൽ. തീവണ്ടിയാത്രയിൽ ഞങ്ങൾ കണ്ട മനോഹരദൃശ്യങ്ങളെ ഒരു സായാഹ്നസമയത്തിന്റെ സങ്കല്പസമ്പത്തോടുകൂടി അദ്ദേഹം എന്നെ വർണ്ണിച്ചുകേൾപ്പിച്ചു. എന്റെ ഹൃദയം

വീണ്ടും ഉന്മിഷിതമായി. എൻെറ ഹൃദയത്തിൽ എന്തെന്തു സൗന്ദര്യാനുഭൂതികഠം ഉദയം ചെയ്തുകൊണ്ടിരുന്നുവോ അവയെല്ലാം വ്യക്തമായ രൂപവും ഭാവവും വശ്യവാക്കായ ഈ അഭിഭാഷകയുവാവു് നൽകുകയുണ്ടായി. വീണ്ടും എൻെറ ഇന്ദ്രിയസമസ്തത്തേയുംമൂർഛരിപ്പിക്കുമാറുള്ള ഒരു ലാവണ്യത്തള്ളൽ എന്നിൽ തുടിച്ചുപൊങ്ങുന്നതായി എനിക്കനുഭവപ്പെട്ടു. ഇത്തരം പ്രകൃതിസൗകര്യത്തെ വാഴ്ത്തിപ്പാടിയിട്ടുള്ള മഹാകവികളുടെ മനോഹരപദ്യങ്ങഠം അദ്ദേഹം സ്വരമാധുരിയോടെ എന്നെ പാടിക്കേഠപ്പിച്ചുകൊണ്ടിരുന്നു. ഞാൻ ആനന്ദലഹരികൊണ്ടു് സർവ്വവും മറന്നു, എന്നെത്തന്നെ മറന്നു.''

''അങ്ങനെ ഒരു മായാവിഭ്രാന്തിയിൽപ്പെട്ടു് ഒരു സ്വപ്നനാടകത്തിലെന്നപോലെ അതു സംഭവിച്ചു എന്നേ പറയേണ്ടൂ. എന്തിനു്? എങ്ങനെ? എന്നൊന്നും എന്നോടു ചോദിക്കേണ്ട. എനിക്കതിനുത്തരമില്ല.

ഞങ്ങഠം തമ്മിൽ പിരിഞ്ഞപ്പോഠം അദ്ദേഹത്തിൻെറ മേൽവിലാസം അച്ചടിച്ച കാർഡു് എനിക്കു തരികയുണ്ടായി. ഇതാ നോക്കു്.''

ഇത്രയും പറഞ്ഞിട്ടു് അനുജത്തിയുടെ കൈകളിൽ അവഠം തലചാച്ചു. വീണ്ടും ഏങ്ങലടിച്ചുകരഞ്ഞുതുടങ്ങി.

അനുജത്തി കാര്യങ്ങളെല്ലാം ശരിയായി ഗ്രഹിച്ചവളേപ്പോലെ വളരെ ശാന്തമായി പറഞ്ഞു:—

''ജ്യേഷ്ഠത്തീ! ഞാൻ പറയാം. പലപ്പോഴും നാം ഒരു പുരുഷനെയല്ല സ്നേഹിക്കുന്നതു്. നാം സ്നേഹമെന്ന ആശയത്തെയാണു് സ്നേഹിക്കുന്നതു്. അന്നു രാത്രി ജ്യേഷ്ഠത്തിയുടെ യഥാർത്ഥ കാമുകൻ മററാരുമല്ല, ആ തൂവെണ്ണിലാവായിരുന്നു.''

—ഠഠ✻ഠഠ—

KOTTAYAM PUBLIC LIBRARY

KOTTAYAM

Cl. No. MF 9 RAM J Acc. No 73010

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 24 AUG 1993 | | |

MF9 73010

RAM. J

രാമൻനായർ. സി. ഐ

ജയിച്ചു. പക്ഷെ തോററു